കലാകൗമുദി

1053
നവംബർ 19, 1995
വില : 6 രൂപ



കവർ: എം.എഫ്. ഹുസൈൻ കണ്ടെത്തുന്ന മാധുരി (ചിത്രം :ശ്രീ. അനിൽദിവാകർ)
ഡിസൈൻ : ശ്രീ. ഭട്ടതിരി

ഞാനും എന്റെ ജീവിതവും

കലാകൗമുദിയിലെ "ഞാനും എന്റെ ജീവിതവും" എന്ന പരമ്പര 1050-ാം ലക്കം അവസാനിക്കുന്നത്. "മാത്രമല്ല. കോൺഗ്രസ്സിനു രണ്ടോ മൂന്നോ സീറ്റു മാത്രം" എന്ന വാചകത്തോടുകൂടിയാണ്.

1051-ാം ലക്കത്തിൽ ആ പരമ്പര തുടങ്ങുന്നത് "അന്നു പനമ്പിള്ളിക്കെതിരേ മന്നത്തെ ചൊടിപ്പിച്ചത് ജോൺ സാറായിരുന്നു...." എന്ന വാചകത്തോടെയാണ്. 1050-ാം ലക്കത്തിൽ "മാത്രമല്ല രണ്ടോ മൂന്നോ സീറ്റു മാത്രം" എന്ന വാചകത്തിന്റെ തുടർച്ചയായി ഇതുകൂടെ ചേർത്താലേ ആശയം ശരിയാകൂ:- ..... മാത്രം. 1952-ലെ തിരഞ്ഞെടുപ്പിൽ കിട്ടിയ മലബാർ പ്രദേശം തിരു-കൊച്ചിയോടു ചേർക്കുകയും ചെയ്തു. അങ്ങനെയാണ് 1957-ൽ സ്വതന്ത്രന്മാരെ കൂട്ടുപിടിച്ച് ഒരു മന്ത്രിസഭയുണ്ടാക്കാൻ കമ്മ്യൂണിസ്റ്റിനു കഴിഞ്ഞത്. തിരു-കൊച്ചി മാത്രം കണക്കിലെടുത്താൽ കോൺഗ്രസ്സിനു മാത്രം മന്ത്രിസഭ രൂപീകരിക്കാൻ കഴിയുമായിരുന്നു എന്നാണ് എന്റെ ഓർമ്മ. മലബാർ പ്രദേശത്തുപോലും 1952-നെക്കാൾ കൂടുതൽ സീറ്റുകൾ കോൺഗ്രസ്സിനു നേടിയെടുക്കാൻ കഴിഞ്ഞു. ശ്രീ. കെ. എ. ദാമോദരമേനോനും കേളപ്പജിയുംകൂടെ കമ്മ്യൂണിസ്റ്റുകാരോടു ചേർന്നു കുറേക്കാലം അവിടെ പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ മലബാറിലും കോൺഗ്രസ്സിന്റെ നില വളരെ മെച്ചപ്പെടുമായിരുന്നു.

ഇങ്ങനെയാണ് 1050-ാം ലക്കത്തിലെ അവസാന ഖണ്ഡിക അവസാനിക്കേണ്ടത്. അല്ലെങ്കിൽ കാര്യം വ്യക്തമാവില്ല.

എ.പി. ഉദയഭാനു



എന്തിന് ഇത്ര അസൂയ?

ശ്രീ.ടി.വി.ചന്ദ്രന്റെ മഹത്തായ കലാസൃഷ്ടിക്ക് ഓസ്ക്കാർ അവാർഡ് തന്നെ കിട്ടും. ആരും സംശയിക്കേണ്ട. ഫിലിംപെട്ടി ഇന്ത്യയിൽനിന്ന് കടത്തിവിടാൻ ആരെങ്കിലുമൊന്ന് സഹായിക്കുക. സാക്ഷാൽ സ്റ്റീഫൻ സ്പിൽബർഗും. ബർട്ടലൂച്ചിയും ശ്രീ.ടി.വി.ചന്ദ്രന്റെ 'ഓർമ്മകളുണ്ടായിരിക്കണം' എന്ന സിനിമ കാണുമ്പോൾ മൂക്കത്ത് വിരൽവയ്ക്കും. ഏതായാലും സത്യജിത്ത് റേ മൺമറഞ്ഞാലും നമുക്ക് ഓസ്ക്കാർ അവാർഡ് വാങ്ങിത്തരുവാൻ ഒരു ടി.വി.ചന്ദ്രനുണ്ടല്ലോ. 'ഹാവൂ ആശ്വാസം.' ഇന്ത്യൻ സിനിമ ഇനി ടി.വി.ചന്ദ്രനിലൂടെ മാത്രം അറിയപ്പെടും. പാവം അടൂർ. പാവം മൃണാൾസെൻ. എന്നാലും വിമോചന സമരകാലത്തെ കമ്മ്യൂണിസ്റ്റുകാർ എന്തൊരാഭാസന്മാർ. ചന്ദ്രനിക്കാര്യം ഇപ്പോഴെങ്കിലും പറഞ്ഞത് നമ്മുടെ മഹാഭാഗ്യം (ഇപ്പോൾ മനസ്സിലായി വിമോചനസമരം ആ കാലത്ത് ആവശ്യം തന്നെയായിരുന്നു എന്ന്). കലാകൗമുദിയുടെ സിനിമാലേഖകന് അസൂയ ഇത്രയധികം പാടില്ല. ആ പാവം എങ്ങനെയെങ്കിലും ഒരു 'ഓസ്ക്കാർ' തരപ്പെടുത്തിക്കോട്ടെ. ആ മഹാന്റെ കഞ്ഞിയിൽ ഇനിയും മണ്ണ് വാരിയിടരുത്.

സഹദേവൻ കൊൾമൊട്ട
പി.ഒ.പാശ്ശിനിക്കടവ്
കണ്ണൂർ ജില്ല-670 563.

ഇടതുപക്ഷത്തെക്കുറിച്ചുള്ള ചർച്ച

ഇടതുപക്ഷ പ്രസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു ചർച്ച സംഘടിപ്പിക്കാൻ കലാകൗമുദി തുനിഞ്ഞത് അവസരോചിതമായി. ഇത്തരമൊരു ചർച്ച വളരെക്കാലമായി ആഗ്രഹിച്ചതാണ്. വായനക്കാരെക്കൂടി പങ്കെടുപ്പിച്ചാലേ ഈ ചർച്ച പൂർണ്ണമാകൂ. കൂട്ടത്തിൽ പറയട്ടെ, ചോദ്യാവലിയിലെ ചോദ്യങ്ങൾ പലതും ലോഡഡ് ക്വസ്റ്റ്യൻസ് ആണെന്നൊരു ന്യൂനതയുണ്ട്. ഇത് ചർച്ചയെ പരിമിതപ്പെടുത്തുന്നു. ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ സംഭവിച്ചിട്ടുള്ള മൂല്യച്യുതിയും അതിനുള്ള പരിഹാരമാർഗ്ഗങ്ങളുമെന്ന നിലയ്ക്ക് ചർച്ച പുരോഗമിച്ചാൽ അത് രാഷ്ട്രീയ കേരളത്തിന് കലാകൗമുദി നല്കുന്ന മികച്ച സംഭാവനയായിരിക്കും.

സുനിൽ കുമാർ കെ.ജി.
കോസ്റ്റ് ഫോർഡ്-കുംഭം
അരുവാക്കോട്

ഞങ്ങളെന്തു തെറ്റു ചെയ്തു?

1051-ാം ലക്കം "സുധീരനെ കണ്ടവരുണ്ടോ?" അസലായിരിക്കുന്നു. എ.കെ. ആന്റണി മുഖ്യമന്ത്രിയാകുകയും. വി.എം. സുധീരൻ മന്ത്രിയാകുകയും ചെയ്തപ്പോൾ ഏറെ സന്തോഷിച്ചവരാണു ഞങ്ങളൊക്കെ. എന്തുകണ്ടാലും. പ്രതികരിക്കുന്ന ആദർശധീരനായ സുധീരനും. ഭരണത്തിന്റെ എല്ലാ വശങ്ങളേയും. വിമർശിക്കണമെന്നു കുട്ടികളോടുപോലും ആവശ്യപ്പെട്ട മുഖ്യമന്ത്രിയും! അണ്ടിയോടടുത്തപ്പോൾ പുളിച്ചു. ഗോപീകൃഷ്ണന്റെ കാർട്ടൂൺ ഓർമ്മ വരുന്നു. 'മന്ത്രിക്കഷായം കുടിച്ചപ്പോൾ സുധീരന്റെ ആദർശവേദന മാറിക്കിട്ടി.' ശിവഗിരി സംഭവത്തെക്കുറിച്ച് മന്ത്രിസ്ഥാനം പോയിക്കഴിയുമ്പോഴെങ്കിലും സുധീരൻ അഭിപ്രായം പറയുമായിരിക്കും.

ഒരു കാര്യം കൂടി എഴുതാനുണ്ട്. കഴിഞ്ഞ മെഡിക്കൽ എൻട്രൻസ് പരീക്ഷയെഴുതി എം.ബി.ബി.എസ്സിന് പ്രവേശനം കിട്ടിയ ഒരു വിദ്യാർത്ഥിയുടെ പിതാവാണ് ഞാൻ. മെഡിക്കൽ സമരം തുടങ്ങിയിട്ട് മൂന്നുമാസമാകുന്നു. സ്വകാര്യകോളേജുകൾക്കെതിരേ നടത്തുന്ന ഈ സമരം അനാവശ്യമാണെന്നു മന്ത്രി തീർത്തും പറഞ്ഞിരിക്കുന്നു. അതുകൊണ്ട് വിദ്യാർത്ഥികളുമായി ഒരു ഒത്തുതീർപ്പിനും തയ്യാറല്ലതാനും. ഈ ആദർശക്കുട്ടപ്പന്മാരായ നേതാക്കന്മാർ നടത്തിയിട്ടുള്ള സമരങ്ങളും, അഭിപ്രായപ്രകടനങ്ങളുമെല്ലാം ശരിയായിരുന്നിരിക്കുമോ? സമരത്തിലെ ന്യായാന്യായങ്ങൾ കീറിമുറിക്കാതെ എത്രയും പെട്ടെന്ന് പ്രശ്നം പരിഹരിക്കുമെന്നാണ് ശ്രീ. വി.എം.സുധീരനെപ്പോലെയുള്ള മന്ത്രിമാരിൽ നിന്നു ജനങ്ങൾ പ്രതീക്ഷിച്ചിരുന്നത്. ഞാനുൾപ്പെടെ അനേകം രക്ഷാകർത്താക്കൾ സമാധാനമായി കുട്ടികളെ കോളേജിൽ വിടാനാഗ്രഹിക്കുന്നവരാണ്. പക്ഷേ, മെഡിക്കൽ കോളേജുകളിൽ അതിനിപ്പോൾ ക്ലാസ്സുകൾ നടക്കുന്നില്ല-ഞങ്ങളൊക്കെ എന്തു തെറ്റു ചെയ്തിട്ടാണ്. മെഡിക്കൽ കോളേജുകളിൽ ക്ലാസ്സുകൾ നടത്താൻ ഗവൺമെന്റിന് യാതൊരു ഉത്തരവാദിത്വവുമില്ലേ?

'സുധീരനെ കണ്ടവരുണ്ടോ?' പോര. "എ.കെ. ആന്റണിയെയും സുധീരനെയും കണ്ടവരുണ്ടോ?"

ആർ. സദാശിവൻ, കാർത്തിക
അമലഗിരി. കോട്ടയം.

കവിതാമത്സരം

അനിയാവ സാഹിത്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ നവ പ്രതിഭകളെ കണ്ടെത്തുന്നതിനുവേണ്ടി ഒരു കവിതാരചനാമത്സരം നടത്താനുദ്ദേശിക്കുന്നു. ഒന്നാം സമ്മാനം 1000 രൂപ. രണ്ടാം സമ്മാനം 500 രൂപ. മൂന്നാം സമ്മാനം 300 രൂപ.

സെക്രട്ടറി
അനിയാവ സാഹിത്യസംഘം
വർക്കല.

സംസ്ഥാനതല മാധ്യമശില്പശാല

സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി വകുപ്പിന്റേയും, ബോംബെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റേയും, നെറ്റ്‌വർക്ക് ടെലിവിഷന്റേയും സഹകരണത്തോടെ മാധ്യമപഠന കേന്ദ്രം, ഡിസംബർ അവസാനം തിരുവനന്തപുരത്തുവച്ച് ത്രിദിന സംസ്ഥാനതല മാധ്യമശില്പശാല സംഘടിപ്പിക്കുന്നു.

പരിസ്ഥിതി-വിദ്യാഭ്യാസം-വികസനം എന്നീ മേഖലകളിൽ ടെലിവിഷൻ-വീഡിയോ മാധ്യമത്തെ ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാം എന്നതിനെക്കുറിച്ചാണ് ശില്പശാല. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവികളും, കഴിഞ്ഞ അന്താരാഷ്ട്ര വീഡിയോ മേളയിൽ രണ്ടു വിഭാഗങ്ങളിലുള്ള പുരസ്കാരം നേടുകയും ചെയ്ത ശ്രീമതി അഞ്ജലി മൊണ്ടെയ്റോ, കെ.പി.ജയശങ്കർ എന്നിവരാണ് ശില്പശാലയുടെ കോഴ്സ് കോർഡിനേറ്റേഴ്സ്. ചലച്ചിത്ര നിരൂപകൻ എം.എഫ്.തോമസ് ക്യാമ്പ് ഡയറക്ടറും, നെറ്റ്‌വർക്ക് ടെലിവിഷൻ ഡയറക്ടർ ലീൻ-ബി.ജെസ്മസ് ക്യാമ്പ് സഹഡയറക്ടറുമായിരിക്കും.

ശില്പശാലയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, സ്വന്തം മേൽവിലാസമെഴുതിയ രണ്ടുരൂപ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം വിശദമായ ബയോഡാറ്റയും അപേക്ഷയും ഡോ.ടി.ഷിറാസ്ഖാൻ, ഡയറക്ടർ, മാധ്യമ പഠനകേന്ദ്രം, യു.പി-4/759, പോങ്ങുംമൂട്, മെഡിക്കൽ കോളേജ്-പി. ഒ., തിരുവനന്തപുരം-11 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.



എം.പി. നാരായണപിള്ള

ഓപ്പിയം വാറിന്റെ തുടർച്ച

ലോകചരിത്രത്തിലെ ഏറ്റവും നീചമായ യുദ്ധം ഏതാണെന്നറിയാമോ?

ചൈനയുടെ പുറത്ത് ബ്രിട്ടീഷുകാർ നടത്തിയ "ഓപിയം വാർ" എന്ന യുദ്ധമായിരുന്നു. [വിശദാംശങ്ങൾ വല്ല ചരിത്ര പുസ്തകത്തിലും വായിക്കുക.] ഗുട്ടൻസ് മാത്രം: ചൈനയിൽനിന്നു സിൽക്ക് തുണികൾപോലെയുള്ള വിലപ്പെട്ട പല സാധനങ്ങളും ബ്രിട്ടീഷുകാർക്കാവശ്യമുണ്ടായിരുന്നു. എന്നാൽ, പകരം വില്ക്കാനായി ചൈനാക്കാർക്കു താത്പര്യമുള്ള ചരക്കുകളൊന്നും സായിപ്പന്മാരുടെ നാട്ടിലില്ലായിരുന്നു. പിന്നെങ്ങനെ കച്ചവടം നടക്കും?

ഇന്ത്യയിൽ ബ്രിട്ടീഷുകാർ ആധിപത്യം സ്ഥാപിച്ച കാലമായിരുന്നു. ചൈനാക്കാർക്കു വില്ക്കാൻ പറ്റിയ ഒരു ചരക്ക് ഇന്ത്യയിൽ കിട്ടി. കറുപ്പ്. ചീനക്കാരെ കറുപ്പു തീറ്റിച്ചു തുടങ്ങിയാൽ അവർക്ക് അത് ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യമാകുമെന്ന് സായിപ്പന്മാർ കണ്ടുപിടിച്ചു. ഇതിനപ്പുറം പ്രോത്സാഹിപ്പിക്കാവുന്ന ഒരു കയറ്റുമതിയുണ്ടോ? തെക്കൻ ചൈനയിൽ കറുപ്പു വില്പനയാരംഭിച്ചു.

പത്തുനാലായിരം വർഷം പഴക്കമുള്ള ഒരു സംസ്കാരവും ഭരണസംവിധാനവും ചൈനയ്ക്കുണ്ട്. അവർ കറുപ്പു കച്ചവടത്തിന്റെ ആപത്തു മനസ്സിലാക്കിയവരായിരുന്നു. കറുപ്പിന്റെ വില്പന ചൈനീസ് അധികാരികൾ നിരോധിച്ചു.

ആ നിരോധനം മാറ്റാനും ചൈനയിലെ ജനങ്ങളെ കറുപ്പിന് അടിമയാക്കാനുമുള്ള ഒരു ധർമ്മയുദ്ധം സായിപ്പന്മാർ ആരംഭിച്ചു. യുദ്ധത്തിൽ ചൈന തോറ്റു. കറുപ്പു വില്ക്കാനുള്ള സ്വാതന്ത്ര്യം വിദേശികൾക്കു കിട്ടി. ബ്രിട്ടീഷുകാരും ഇന്ത്യാക്കാരുമായ പല വ്യാപാരികളും കോടീശ്വരന്മാരായി. (ചൈനയിലേക്ക് കറുപ്പ് അയച്ചിരുന്നവരുടെ പേരും മേൽവിലാസവുമൊക്കെ തപ്പിയാൽ ഇന്ത്യയിലെ പല വലിയ വ്യവസായ കുടുംബങ്ങളിലേയും അംഗങ്ങളെ വീട്ടിനകത്തു കയറ്റാൻ കൊള്ളില്ലെന്നു നമുക്കു മനസ്സിലാകും.)

"ഓപിയം വാറി"ന്റെ ധാർമ്മികമൂല്യം എന്താണ്? മദ്യവും മയക്കുമരുന്നും വില്ക്കാനുള്ള അവകാശത്തിനുവേണ്ടി യുദ്ധം ചെയ്യാം. വേണ്ടെന്നു പറയുന്നവരുടെ പുറത്ത് പട്ടാളത്തിന്റെയും പൊലീസിന്റെയും അധികാരമുപയോഗിച്ച് അവരുടെ അഭിപ്രായം മാറ്റിക്കാം. അതാണല്ലോ ഫ്രീ ട്രേഡ്.

ഇതു പഴയ കഥ.

പക്ഷേ. ചൈനയിലെ "ഓപിയം വാറി"ന്റെ ധാർമ്മികമൂല്യങ്ങൾ ഇപ്പോഴും സംരക്ഷിച്ചുപോരുന്ന ഒരു രാജ്യമുണ്ട്-കേരളം.

ഈയിടെ ഒരു പത്രവാർത്ത വന്നതു കണ്ടോ?

മദ്യഷാപ്പുകൾ അനുവദിക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾക്കു കൊടുത്തിട്ടുള്ള ഏതോ അധികാരങ്ങൾ തിരിച്ചെടുക്കാൻ പോവുകയാണത്രേ. കാരണം, ഒരു തുറയിൽ രണ്ടു ഭരണം പറ്റില്ലത്രേ.

ഇതിന്റെയർത്ഥം. ഒരു പഞ്ചായത്തിനകത്ത് മദ്യഷാപ്പുകൾ വേണ്ടെന്നാണ് പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും. പഞ്ചായത്ത് അംഗങ്ങളിൽ ബഹുഭൂരിപക്ഷത്തിന്റെയും അഭിപ്രായം എന്നിരിക്കട്ടെ.

ഗവൺമെന്റ സമ്മതിക്കില്ല. ഓരോ വാർഡിലും ഓരോ മദ്യഷാപ്പ്-അല്ലെങ്കിൽ ഉപഷാപ്പെങ്കിലും വേണം. കുടിക്കാത്തവരേയുംകൂടി കുടി പഠിപ്പിക്കണം. പഠിപ്പിച്ചാൽ മാത്രം പോരാ. അതവർക്ക് ശീലമാകണം. ഒരു സ്മാൾ അടിച്ചില്ലെങ്കിൽ വിറയൽ മാറില്ല എന്ന നിലയിലാക്കണം ജനങ്ങളെ. എന്നാൽ മാത്രമേ സംസ്ഥാന ഗവൺമെന്റിന്റെ റവന്യൂവിന്റെ മുപ്പതു ശതമാനം സംരക്ഷിക്കാൻ പറ്റൂ. അതുകൊണ്ട് മദ്യഷാപ്പുകൾ ആവശ്യമില്ലെന്നു പറയുന്ന പായിപ്ര പഞ്ചായത്തിൽ നിർബന്ധമായി മദ്യഷാപ്പുകൾ നടത്തണം. കാരണം ജനങ്ങളുടെ നന്മയെക്കാൾ വിലപ്പെട്ടതാണ് സർക്കാരിന്റെ നിലനില്പ്.

ഇതുതന്നെയായിരുന്നു "ഓപിയം വാർ" നടത്തിയപ്പോൾ ബ്രിട്ടീഷുകാർ പറഞ്ഞതും. ലോകവാണിജ്യം ശക്തിപ്പെടണമെങ്കിൽ, ലോകം പുരോഗമിക്കണമെങ്കിൽ. ചൈനാക്കാർ കറുപ്പു തിന്നണം. ചൈനയിലെ ഗവൺമെന്റ് അതു നിരോധിക്കുന്നത് ലോകവാണിജ്യത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുകയാണ്.

പഞ്ചായത്തുകൾ മദ്യഷാപ്പുകൾക്കെതിരേ തിരിഞ്ഞാൽ അവരുടെ അധികാരം എടുത്തുമാറ്റും. വില്പനയ്ക്കു തടസ്സമുണ്ടാക്കിയാൽ പൊലീസിനെ വിടും. കാരണം ജനങ്ങളെക്കാൾ വിലപ്പെട്ടതാണ് രാജ്യം. രാജ്യത്തെക്കാൾ വിലപ്പെട്ടതാണ് ഖജനാവ്.


മദ്യത്തിനെതിരെയുള്ള കുരിശുയുദ്ധത്തിൽ പഞ്ചായത്തുകളെ ഉപയോഗിക്കാനുള്ള ചിലരുടെ നീക്കം മണത്തറിഞ്ഞ ഗവൺമെന്റാണ് ഈ അധികാരങ്ങൾ പിൻവലിക്കാൻ പ്ലാനിടുന്നത്. അതുകൊണ്ടുതന്നെ അധികാര വികേന്ദ്രീകരണത്തിനുള്ള യുദ്ധത്തിന്റെ ആദ്യത്തെ പടി ഈ വിഷയത്തിലായിരിക്കും.

പൊതുവിൽ ഏതു പഞ്ചായത്തിലേയും ഭൂരിപക്ഷം വോട്ടർമാർക്കും മദ്യഷാപ്പുകൾ ഇഷ്ടമല്ല. ഇഷ്ടമാകാനും പോണില്ല.

അതുകൊണ്ട് കേരളത്തിലെ ഓരോ പഞ്ചായത്തിലും നമുക്ക് ഓരോ "ഓപിയം വാർ" പ്രതീക്ഷിക്കാം.


ഇവിടെ ഭരണമുന്നണിയും ഇടതുമുന്നണിയും ഒന്നാകും. ആന്റണി ഗ്രൂപ്പും കരുണാകരൻ ഗ്രൂപ്പും സുധീരൻ ഗ്രൂപ്പും ഒന്നാകും. അച്യുതാനന്ദൻ ഗ്രൂപ്പും നായനാർ ഗ്രൂപ്പും ഒന്നിക്കും. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരുമെന്ന രണ്ടു വർഗ്ഗങ്ങളായി തിരിയും.

ബഹുഭൂരിപക്ഷം ജനങ്ങളും എക്കാലവും മദ്യത്തിനെതിരാണ്. പഞ്ചായത്തുതോറും ഒരു ഹിതപരിശോധന നടത്തി മദ്യഷാപ്പു വേണോ വേണ്ടയോ എന്നു നിശ്ചയിക്കാൻ തുടങ്ങിയാൽ ആരുടെയും സഹായമില്ലാതെ സമ്പൂർണ്ണ മദ്യനിരോധനം കേരളത്തിൽ വന്നോളും. പിന്നെ ഭരിക്കാനെന്തിരിക്കുന്നു എന്ന ചോദ്യത്തിനു നമുക്കാർക്കും മറുപടിയില്ല.



ജോർജ്ജ് ജോസഫ്, പറവൂർ

രൂപയെ തകർക്കുന്ന ഡോളർ



ഡോളർ വിലയിലെ കുതിച്ചുകയറ്റം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ സമീപകാല സംഭവവികാസങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഓഹരി കുംഭകോണത്തിനുശേഷം ഇന്ത്യയുടെ സാമ്പത്തികാരോഗ്യത്തെ (ഊതിവീർപ്പിച്ചതാണെങ്കിലും) ഇത്രമേൽ തകിടംമറിച്ച മറ്റൊരു സംഭവമില്ല. രോഗലക്ഷണം അറിഞ്ഞ് തുടക്കത്തിലേ ചികിത്സിക്കുക എന്ന മർമ്മം മറന്ന് മൂർച്ഛിച്ചതിനുശേഷം ഓക്സിജൻ സിലിണ്ടറും മറ്റുമായി ഓടിയെത്തിയ റിസർവ് ബാങ്കധികൃതരുടെ സമീപനം വിദേശ നാണയ വിനിമയ വിപണിയിൽ വൻ പ്രതിസന്ധിക്കു വഴിമരുന്നിട്ടു. ഏറെക്കുറെ സ്ഥിരമെന്നും ശക്തമെന്നും കരുതിയിരുന്ന രൂപ കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുള്ളിൽ തകർന്നടിഞ്ഞു. ഒരു ഡോളറിന് 36 രൂപയും അതിലുമേറെയുമായി വില മുന്നേറി. കേവലം മൂന്നുമാസത്തിനുള്ളിൽ 20 ശതമാനം കണ്ട് രൂപയുടെ മൂല്യമിടിഞ്ഞു. ഈ വരികളെഴുതുമ്പോൾ 34.25 രൂപയ്ക്കും 35.50 രൂപയ്ക്കുമിടയിലാണ് ഡോളർ മൂല്യം. റിസർവ് ബാങ്ക് ഗവർണർ ഡോ. ചക്രവർത്തി രംഗരാജന്റെ അഞ്ചിന പാക്കേജ് പദ്ധതിയെത്തുടർന്ന് സംജാതമായ സമാശ്വാസ അവസ്ഥയിലാണിത്.



വാസ്തവത്തിൽ ഡോളർ വില ഉയരുന്നതു കണ്ട ഇറക്കുമതിക്കാരും ബാങ്കുകളും ഊഹക്കച്ചവടക്കാരും എല്ലാം ചേർന്നു സൃഷ്ടിച്ചെടുത്ത പ്രത്യേക സെനാറിയോ ആണ് സ്ഥിതിഗതികൾ വഷളാക്കിയത്. ആശങ്കയ്ക്കടിമപ്പെട്ട വ്യവസായികൾ വില ഇനിയും ഉയരുന്നതിനുമുമ്പ് പരമാവധി ഡോളർ കൈക്കലാക്കാനുള്ള തീവ്രമത്സരത്തിലേർപ്പെട്ടപ്പോൾ വിപണിയുടെ ലക്കും ലഗാനും നഷ്ടമായി. മാർക്കറ്റിനെ ശക്തമായി നിയന്ത്രിച്ച് രൂപയെ രക്ഷിക്കാൻ ചുമതലപ്പെട്ട കേന്ദ്ര ബാങ്ക് നോക്കുകുത്തിയായി മാറുകയും ചെയ്തു. ഇടയ്ക്ക് ഒരുവേള ഏതാനും ലക്ഷം ഡോളർ വിപണിയിലിറക്കിയശേഷം റിസർവ് ബാങ്ക് മാറിനിന്നു. അച്ചടിമാധ്യമങ്ങൾ പ്രശ്നത്തിന്റെ രൂക്ഷത ദിനംപ്രതി എടുത്തുകാട്ടിയപ്പോഴും ഡോ. രംഗരാജന് മൗനം മാത്രമായിരുന്നു. സമ്പദ്‌വ്യവസ്ഥ 'ഭദ്രം, ഭദ്രം' എന്നു സ്ഥാനത്തും അസ്ഥാനത്തും ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്ന ഡോ. മൻമോഹൻസിംഗിന് നാവിറങ്ങിപ്പോയ നാളുകളുമായിരുന്നു അത്.

ഒടുവിൽ മൗനത്തിന്റെ വല്മീകം ഭേദിച്ച് 'ഒന്നും പേടിക്കാനില്ല' എന്ന പതിവു പല്ലവിയുമായെത്തിയത് വാണിജ്യമന്ത്രി പി. ചിദംബരം. 1993-ൽ ഓഹരി കുംഭകോണം ഒരു പത്രപ്രവർത്തക വെളിച്ചത്തു കൊണ്ടുവരുന്നതിനുമുമ്പ് റിസർവ് ബാങ്ക് ഗവർണറായിരുന്ന വെങ്കിട്ടരമണനും മൻമോഹൻസിംഗും ആവർത്തിച്ചിരുന്ന വാക്കുകൾ വായനക്കാർ നന്നായോർക്കുന്നുണ്ടാകും. ഓഹരി വിലകൾ കുതിച്ചുയരുന്നത് ഇന്ത്യൻ സമ്പദ്ഘടന ശക്തിപ്പെടുന്നതിന്റെ നല്ല നിമിത്തമായാണ് അവർ ചൂണ്ടിക്കാട്ടിയത്. ജപ്പാനും ജർമ്മനിയുംപോലുള്ള ആധുനിക സമ്പദ്ഘടനയുടെ നിലവാരം ഭാരതവുമാർജ്ജിച്ചിരിക്കുന്നു എന്ന ഭാവമായിരുന്നു രണ്ടുപേർക്കും. എല്ലാം തകർന്നപ്പോൾ വീൺവാക്കുകളുടെ പൊള്ളത്തരം വെളിവായി. കഥ അതുപോലെ ഇപ്പോഴും തുടർന്നുവെന്നു മാത്രം.


ഒക്ടോബർ 30-ന് റിസർവ് ബാങ്ക് ഗവർണർ നടത്തിയ ചില സാമ്പത്തിക നടപടികളോടെ തകർച്ചയ്ക്ക് അല്പവിരാമമായി. പക്ഷേ, അതൊന്നും പ്രതിസന്ധിക്കു പരിഹാരമല്ല. ചില ഏച്ചുകൂട്ടലുകൾ എന്നതിൽക്കവിഞ്ഞ സ്ഥായിയായ ഒരു പരിഹാരം ഇതിൽനിന്നും ഉരുത്തിരിഞ്ഞു വരുമെന്ന് ആരും കരുതുന്നില്ല. 30-31 രൂപയിൽനിന്നുമാണ് 36 രൂപയ്ക്കുമേലെയായി ഡോളർ മൂല്യം കുതിച്ചുകയറിയത്. പഴയ നിലയിലേക്കു സ്റ്റെബിലൈസ് ചെയ്യുവാൻ ഇപ്പോഴത്തെ നടപടികളോടൊപ്പം ക്രിയാത്മകമായ നടപടികളുടെ നിരതന്നെ വേണ്ടിയിരിക്കുന്നു.

കരുതൽ ശേഖരത്തിൽനിന്നും ഡോളർ വിപണിയിലെത്തിക്കുക. എൻ.ആർ.ഇ. എൻ.ആർ.എൻ. ആർ നിക്ഷേപങ്ങളുടെ പലിശനിരക്ക് കുത്തനെ ഉയർത്തുക. ഈ നിക്ഷേപങ്ങൾക്കു ബാങ്കുകൾ സൂക്ഷിക്കേണ്ട റിസർവ്വുകൾ ഇളവു ചെയ്യുക, വാണിജ്യ ബാങ്കുകളുടെ കൈവശമുള്ള ഡോളർ റിലീസ് ചെയ്യാൻ നിർദ്ദേശം നല്കുക. ഇറക്കുമതി നിയന്ത്രിക്കുന്നതിന് ഇറക്കുമതി വായ്പയ്ക്കു സർച്ചാർജ്ജ് ചുമത്തുക തുടങ്ങിയ നടപടികളാണ് ഇപ്പോൾ ആർ.ബി.ഐ പ്രഖ്യാപിച്ചിരിക്കുന്നത്. ഈ നടപടികൾക്കോരോന്നിനും അതിന്റേതായ ദൂഷ്യങ്ങളുമുണ്ട്. ഉദാഹരണത്തിന്, കരുതൽ ശേഖരത്തിലെ ഡോളർ റിലീസ് ചെയ്യുമ്പോൾ 1800 കോടി ഡോളറിന്റെ വിദേശ നാണ്യശേഖരം മെലിയുന്നു. (ഇതേപ്പറ്റി ഡോ. മൻമോഹൻസിംഗും ധനകാര്യ സെക്രട്ടറി ഡോ. മൊണ്ടേക്സിംഗ് ആലുവാലിയയും സദാ ഊറ്റംകൊള്ളാറുണ്ടെന്നതോർക്കണം.)

ഇറക്കുമതിച്ചെലവുകൾ ഇപ്പോഴത്തെ പ്രതിസന്ധിയിൽ കുതിച്ചുയരുകയാണ്. സാമ്പത്തികമേഖലയാകെ അഴിച്ചുപണിയാൻ തുടങ്ങിയതോടെ ഇറക്കുമതിയും ഡോളറും കൂടുതൽ ആവശ്യമായി വരികയാണ്. പ്രത്യേകിച്ച് സാങ്കേതികവിദ്യയുടെ കാര്യത്തിൽ. കോടികൾ മുടക്കിയശേഷം പാതിവഴിക്ക് പ്രോജക്ടുകൾ തുലയ്ക്കാൻ ഒരു വ്യവസായിക്കുമാകില്ലതന്നെ. അതുകൊണ്ട് ചെലവേറിയാലും ഇറക്കുമതി വേണ്ടിവരും. അന്തിമവിശകലനത്തിൽ ഇതിന്റെയെല്ലാം അനന്തരഫലം വന്നടിയുന്നത് സാധാരണക്കാരന്റെ തോളിലും. വിദേശവ്യാപാരക്കമ്മി കുതിച്ചുകയറുമെന്ന വൻ പ്രത്യാഘാതം പിറകേ വരുന്നു. ഇപ്പോൾത്തന്നെ പ്രതിവർഷം 3000-4000 കോടി ഡോളറിന്റെ വിദേശവ്യാപാരക്കമ്മി രാഷ്ട്രത്തിനു വന്നുചേരുന്നുണ്ട്. ഇറക്കുമതിച്ചെലവുകൾ ഉയരുന്നതോടെ കമ്മി ശതഗുണീഭവിക്കുകയായിരിക്കും ഫലം.

കയറ്റുമതിക്ക് ഇന്നത്തെ ഡോളർ വിലക്കയറ്റം


(ശേഷം 39-ാം പേജിൽ)





സോമു ജേക്കബ്,
ബേണി പീറ്റർ

ഗ്രാമങ്ങളെ തൊട്ടറിയണം



അപൂർവ്വമായ ഒരു യുവജന കൂട്ടായ്മയായിരുന്നു എറണാകുളം സെന്റ് ആൽബർട്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നടന്ന മൂന്നാമതു ദേശീയ യുവജന സമ്മേളനം. കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ കമ്മിഷൻ ഫോർ യൂത്തും കേരള കാത്തലിക് യൂത്ത് മൂവ്മെന്റും ആയിരുന്നു സംഘാടകർ.

നാടിന്റെ നാനാഭാഗത്തുനിന്നും എത്തിയ വ്യത്യസ്ത മതക്കാരും വ്യത്യസ്ത ഭാഷ സംസാരിക്കുന്നവരുമായ രണ്ടായിരത്തി അഞ്ഞൂറിൽപ്പരം യുവാക്കൾ സമ്മേളനത്തിൽ പങ്കെടുത്തു.

കർണ്ണാടകത്തിൽനിന്നെത്തിയ ജ്ഞാനേശ്വറും ആന്ധ്രയിലെ ഗുണ്ടൂരിൽനിന്നെത്തിയ കാഞ്ചി ഡൊമിനിക്കും അവരുടെ സ്ഥലങ്ങളിൽ 'സഭയ്ക്കകമേ ജാതീയമായ വിവേചന'മുണ്ടെന്നു പറഞ്ഞു. സഭയിൽ നിലനില്ക്കുന്ന സാമൂഹ്യ തിന്മകളെ ഏറ്റുപറയാൻ ദേശീയ യൂത്ത് കമ്മിഷൻ ചെയർമാൻ ബിഷപ്പ് ഇസിഭോർ ഫെർണാണ്ടസിനും യൂത്ത് ഡയറക്ടർ ഫാ. ജോയൽ ഡിക്കൂഞ്ഞയ്ക്കും, ഫാ. അൽഫോൻസോയ്ക്കും യാതൊരു മടിയുമുണ്ടായില്ല. തിരുച്ചിയിൽനിന്നെത്തിയ ജി. ജോസഫ് ജയകുമാറും "തങ്ങൾ എല്ലായിടത്തും വിദ്യാകേന്ദ്രങ്ങളിൽപ്പോലും വിവേചനത്തിന് ഇരയാകുന്നു"വെന്നു പറഞ്ഞു: "ക്രിസ്ത്യൻ സ്ഥാപനങ്ങളിൽ ഈ പ്രവണത കൂടുതലുമാണ്."

പുരോഹിതന്മാർക്കിടയിൽപ്പോലും ജാതിസ്പർദ്ധ നിലനില്ക്കുന്നതായി അവർ ആരോപിച്ചു. ദിണ്ഡിഗൽ ഫൊറോന വികാരിയായ ഫാ. മരിയാ ഡൂസോയെ 'വണ്ണിയാർ' ജാതിയിൽപ്പെട്ട ആറോ ഏഴോ പുരോഹിതന്മാർ ചേർന്നു മർദ്ദിച്ചതും തുടർന്ന് നാലുമാസത്തോളം പള്ളി പൂട്ടിയിട്ടതുമായ സംഭവം അവർ ഓർമ്മിച്ചു. ദളിതരുടെ പക്ഷം പിടിച്ചതിനായിരുന്നത്രേ ഈ ദണ്ഡനം.

> എറണാകുളം സെന്റ് ആൽബർട്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നടന്ന മൂന്നാമതു ദേശീയ യുവജന സമ്മേളനം. പ്രസക്തങ്ങളായ ചില സാമൂഹ്യ പ്രശ്നങ്ങളെ നമുക്കുമുന്നിൽ അവതരിപ്പിക്കുന്നു.

കർദ്ദിനാൾ മാർ ആന്റണി പടിയറ ഉദ്ഘാടനം ചെയ്ത കൺവെൻഷനിൽ മുഖ്യപ്രഭാഷണം നടത്തിയത് പ്രശസ്ത പരിസ്ഥിതി പ്രവർത്തകയും ഭാരതീയ സ്ത്രീയുടെയും ദളിതരുടെയും ഉണർവിന്റെ പ്രതീകവുമായ മേധാപാട്കറായിരുന്നു. ചർച്ചകൾക്കും സംവാദങ്ങൾക്കും നേതൃത്വം നല്കിയത് ഇന്ദിര കൊയ്ത്താര, ഡോ. വിക്ടർ ലൂയിസ്, ഡോ. സെബാസ്റ്റിൻ പൈനാടത്ത്, ഡോ. കെ.എസ്. രാധാകൃഷ്ണൻ, സയ്യദ് അത്രം തുടങ്ങിയവരാണ്.

മനുഷ്യപ്പറ്റിന്റെ ശബ്ദം


ഭാരതത്തിലെ ഏറ്റവും ഉണർന്നിരിക്കുന്ന സ്ത്രീയാകുന്നു മേധാപാട്കർ. മനുഷ്യരെ സ്വന്തം ജീവനെക്കാൾ സ്നേഹിക്കുകയും പ്രകൃതിയുടെ പച്ചപ്പ് മനസ്സിൽ കാക്കുകയും ചെയ്യുന്ന മേധാതായിയുടെ വേരുകൾ പൊങ്ങച്ചക്കൂട്ടങ്ങളിലും ലേഡീസ് ക്ലബുകളിലുമല്ല: ഗ്രാമങ്ങളിലെയും ആദിവാസിച്ചേരികളിലെയും സാധാരണക്കാരിൽ സാധാരണക്കാരായ ജനങ്ങളുടെ ഇടയിലാണ്. അതുകൊണ്ടുതന്നെ അവരുടെ വാക്കുകൾക്ക് ഹൃദയത്തിന്റെ മിടിപ്പും മാനവികതയുടെ ഊഷ്മളതയും. ഓട്ടോഗ്രാഫ് ചോദിച്ചപ്പോൾ അവർ പറഞ്ഞു: "ഓട്ടോഗ്രാഫ് അല്ല വേണമെങ്കിൽ ഒരു സന്ദേശം ഞാൻ തരാം." അവരുടെ ഓരോ ചൊല്ലും ചെയ്തിയും ഓരോ സന്ദേശമാണ്. ഇതാ, നമുക്കായി അവരുടെ



മേധാപട്കർ മുഖ്യപ്രഭാഷണം നടത്തുന്നു

ഒരു സന്ദേശം.

മേധാപാട്ക്കർ ഇംഗ്ലീഷിലുള്ള പ്രസംഗം തുടങ്ങിയത് യുവാക്കളിലുള്ള തന്റെ പ്രതീക്ഷ അസ്തമിച്ചിട്ടില്ല എന്നു പറഞ്ഞുകൊണ്ടാണ്: "യുവാക്കളെ വിമർശിക്കാനോ അവരെ തള്ളിക്കളയാനോ അവരെക്കുറിച്ച് ആകുലയാകാനോ എനിക്കു പ്രായമായിട്ടില്ല. കാരണം ചെറിയ ഒരു ശതമാനം കരിയറിസത്തിന്റെ പിടിയിൽ കുടുങ്ങിയിട്ടുണ്ടെങ്കിലും സമൂഹത്തിലെ ജീർണ്ണതയ്ക്കെതിരേ പൊരുതാൻ യുവാക്കളുടെ നീണ്ട നിരതന്നെയുണ്ട്. അവർ ഭാവിയെക്കുറിച്ചു ജാഗരൂകരാണ്. നിങ്ങൾ യുവാക്കൾക്ക് എന്നും സമരാവേശം ഉണ്ടായിരിക്കണം. ദാനധർമ്മങ്ങൾക്കായല്ല. നിലനില്പിനായുള്ള പോരാട്ടങ്ങൾക്കായാണ് യുവത മുന്നിട്ടിറങ്ങേണ്ടത്."


കൺവൻഷൻ മാർ ആന്റണി പടിയറ ഉദ്ഘാടനം ചെയ്യുന്നു

നിരവധി സമരങ്ങളുടെ ചൂടിനിടയിലും, കേരളത്തെ മാത്രം ഭരിക്കുന്ന അധിപന്മാർക്കുപോലുമില്ലാത്ത കേരളത്തെക്കുറിച്ചുള്ള അവബോധം മേധയ്ക്കുണ്ട്. കേരളം നഗരവത്കരിക്കപ്പെടുകയാണെന്ന് അവർ ചൂണ്ടിക്കാട്ടി: "ലോകം ഇന്നല്ലെങ്കിൽ നാളെ തിരിച്ചു പിടിക്കേണ്ടതായ സമ്പത്തുകളാണ് കേരളത്തിനു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. പാശ്ചാത്യ സംസ്കാരം ഇവിടെ കൊടികുത്തി വാഴാൻ അനുവദിച്ചുകൂടാ. നമ്മുടെ ഗ്രാമങ്ങളെ ശിഥിലമാക്കിക്കൂടാ. ഇവിടെ നടപ്പാക്കുന്ന വികസനങ്ങളുടെ പൊരുൾ നാം ചോദ്യം ചെയ്യണം. ജനങ്ങളെ അറിഞ്ഞുകൊണ്ട് അവരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്ന വികസനപ്രവർത്തനങ്ങളാണ് ആവശ്യം. പൂയംകുട്ടി പദ്ധതിയും ഗോശ്രീ ദ്വീപു വികസന പദ്ധതിയും വികസന നയത്തിന്റെ നെറിവുകേടുകളെയല്ലേ കാട്ടുന്നത്?"


സമ്മേളന സദസ്സ് : ഒരു ദൃശ്യം

മതങ്ങളിലെ കറുപ്പിനേയും വെളുപ്പിനേയും കുറിച്ചു മേധ പറഞ്ഞു: "മറ്റു മതത്തെ ആക്രമിക്കാത്തിടത്തോളം, മൗലികവാദം ഇല്ലാത്തിടത്തോളം, മാനവികതയിലും പീഡിതർക്കുവേണ്ടിയുള്ള സമരത്തിലും മതങ്ങൾ വിശ്വസിക്കുന്നിടത്തോളം കാലം ഞാൻ മതങ്ങൾക്ക് എതിരല്ല. മതങ്ങൾ വിഗ്രഹങ്ങളെ പാലുകുടിപ്പിച്ച് പാവം ജനങ്ങളെ മയക്കരുത്."

നഗരവാസികളുടേയും ഗ്രാമീണരുടേയും ജീവിതാസമത്വങ്ങളെക്കുറിച്ചുള്ള മേധാജിയുടെ ചോദ്യങ്ങൾക്കു മുന്നിൽ നമ്മുടെ വിവേചനശക്തിക്കും ഭരണാധികാരികളുടെ വിവേകത്തിനും ചൂളാതിരിക്കാനാവില്ല: "നഗരങ്ങളിലുള്ളവർക്ക് എല്ലാ സുഖങ്ങളും ലഭിക്കുമ്പോൾ എന്തുകൊണ്ട് ഗ്രാമീണർക്ക് അവരുടെ ജന്മാവകാശങ്ങൾപോലും ലഭിക്കുന്നില്ല? ലോക ബാങ്കിൽ നിന്നു കടംകൊണ്ടു പോലും വികസനം നടപ്പാക്കിയിട്ടും എന്തുകൊണ്ടാണ് ഗ്രാമീണ സ്ത്രീകൾക്ക് കുടിവെള്ളത്തിനായി കാതങ്ങൾ നടക്കേണ്ടി വരുന്നത്? നഗരത്തിന്റെ മുക്കിലും മൂലയിലും ടെലിഫോൺ കാൾ ഓഫീസുകളുള്ളപ്പോൾ എന്തുകൊണ്ട് ഗ്രാമത്തിലെ കുട്ടികൾ അപ്പത്തിനുവേണ്ടി കരയുന്നു? നമ്മുടെ മനസ്സുകളിൽ നാം മനഃപൂർവ്വം അടിച്ചമർത്തുന്ന ചോദ്യങ്ങൾക്കാണ് മേധാജി ചൂടുപകരുന്നത്.

ആഗോളവത്കരണത്തേയും ഉദാര-വ്യവസായവത്കരണത്തേയും രൂക്ഷമായി വിമർശിച്ച മേധാതായിയുടെ വാക്കുകൾ കേൾക്കുമ്പോൾ നമുക്ക് നമ്മുടെ രക്ഷകരായി ചമയുന്ന രാഷ്ട്രീയക്കാരുടെ നിറഭേദമില്ലാത്ത കാപട്യം ഒരിക്കൽക്കൂടി മനസ്സിലാകുന്നു: "ഒരു പൗരന് സ്വന്തം സംസ്ഥാനത്തിന്റെ അതിർത്തികൾ പോലും കടക്കാനാവാത്ത സാഹചര്യത്തിൽ ബഹുരാഷ്ട്ര കുത്തകകൾക്കായി ഭരണഘടന തന്നെ പൊളിച്ചെഴുതുന്നു. വികസനത്തേയും വ്യവസായത്തേയും ആർക്കും എതിർക്കാനാവില്ല. പക്ഷേ ആരിൽനിന്ന് ആരിലേക്കാണിവ എത്തുന്നത്? ധാരാളം അണക്കെട്ടുകളും പദ്ധതികളും പൂർത്തിയാകാതെ കിടക്കുമ്പോൾ എന്തിനാണ് 44,000 കോടിയുടെ നർമ്മദാ പദ്ധതി? ഗുജറാത്തിലെ ജലക്ഷാമത്തിനു പരിഹാരമാകാൻ ഇതു മതിയാകുമെന്ന് ലോകബാങ്കിനു പോലും ഉറപ്പില്ല. ഏഷ്യയിലെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശങ്ങളാണ് ഈ പദ്ധതിമൂലം

നമുക്ക് നഷ്ടപ്പെടുക. ഇനി വിദേശ ട്രോളറുകളുടെ കാര്യമെടുക്കുക. പരമ്പരാഗതമായി നമുക്കു ലഭിച്ച മത്സ്യസമ്പത്തല്ലേ കൂട്ടത്തോടെ കൊള്ളയടിക്കപ്പെടുന്നത്.

സാങ്കേതികതയുടെ അഹങ്കാരത്തെ നാം തച്ചുടയ്ക്കണം. സാങ്കേതിക വളർച്ചയ്ക്കും വികസനത്തിനും വേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് നഷ്ടപ്പെടുന്നത് അവരുടെ ആത്മാവും ജീവനും തമ്മിലുള്ള ബന്ധമാണ്. വീടും ഹൃദയവും തമ്മിലുള്ള ബന്ധമാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധമാണ്. നമ്മുടെ ജനസംഖ്യയിലെ 80 ശതമാനം പേരും അതിജീവനത്തിനായുള്ള, നിലനിൽപിനായുള്ള പോരാട്ടമാണ് നടത്തുന്നത്. ഭോപാൽ ദുരന്തത്തിന്റെ മുറിവുകൾ ഇനിയും കരിഞ്ഞിട്ടില്ല. അന്ധമായ വ്യവസായവത്കരണത്തിനായി നാം കുതിക്കരുത്. "രാഷ്ട്രീയത്തെക്കുറിച്ച് അവർ പറഞ്ഞു: "രാഷ്ട്രീയമെന്നാൽ തിരഞ്ഞെടുപ്പിന്റെ മാത്രം കാര്യമല്ല. നമ്മുടെ രാഷ്ട്രീയ ഇച്ഛാശക്തിയും ധനലാഭവും എങ്ങോട്ടാണു പോകുന്നത്? എന്തിനു നാം ഭരണകൂടത്തെ ആവശ്യങ്ങൾക്കായി സമീപിക്കണം? മെമ്മോറാണ്ടങ്ങളും ഹർജികളും സമർപ്പിക്കണം? ഇവിടെ പുതിയൊരു ജനകീയ രാജ്യതന്ത്രം ആവിഷ്കരിക്കണം. വർത്തമാന രാഷ്ട്രീയക്കാരുടെ ഹിംസയല്ല നമ്മുടെ പാത. അഹിംസയാണുവേണ്ടത്. ഈ സന്ദർഭത്തിൽ നാമോർക്കേണ്ടത് ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സങ്കല്പത്തെയാണ്. തങ്ങളുടെ കാര്യങ്ങൾ എങ്ങനെയാവണമെന്നു തീരുമാനിക്കാനുള്ള ജനങ്ങളുടെ അധികാരത്തിന് അദ്ദേഹം പ്രാധാന്യം നൽകിയിരുന്നു. കേരളത്തിൽ ത്രിതല പഞ്ചായത്തിലേക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുകയാണ്. പക്ഷേ അതിന്റെ പ്രവർത്തന അനായാസത എത്രത്തോളമായിരിക്കുമെന്നത് കണ്ടറിയേണ്ടിയിരിക്കുന്നു." മേധാപാ്കർ കേരളത്തിലെ തിരഞ്ഞെടുപ്പിനെ സൂക്ഷ്മമായി വിലയിരുത്തുമ്പോഴും തിരഞ്ഞെടുപ്പിനെക്കുറിച്ചറിയാത്ത നേതാക്കന്മാരാണ് നമുക്കുള്ളത്.



യുവജനസമ്മേളനത്തോടനുബന്ധിച്ചു നടന്ന റാലി

ഇന്ത്യയുടെ സാമ്പത്തിക നയത്തെ വിമർശിച്ച മേധയ്ക്ക് രാഷ്ട്രീയ പാർട്ടികളെല്ലാം ഒരേ നിറത്തിൽ: "ലോകബാങ്കിന്റെ അമ്പതാം വാർഷികം സ്പെയിനിൽ നടക്കുമ്പോൾ മൻമോഹൻ സിങ്ങിനു പറയാൻ കഴിയുമോ ഈ രാജ്യത്തിന്റെ വികസനം പുതിയ സാമ്പത്തിക നയം കൊണ്ടുവന്നതാണെന്ന്? പാവപ്പെട്ട തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്തതിന്റേയും തുണി മുറുക്കിയുടുത്തതിന്റേയും ഫലമാണത്. അല്ലാതെ. രാജ്യത്തെ ബുദ്ധിജീവികളുടെ കോമാളിക്കണക്കുകളുടെ ഫലമല്ല. നമ്മുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും നിശ്ചയിക്കേണ്ടത് ലോക ബാങ്കോ മറ്റ് വിദേശ ഗുണ്ടിക വ്യാപാരികളോ അല്ല. തീരുമാനം നമ്മുടേതു തന്നെയായിരിക്കണം. ജ്യോതിബാസു മുതൽ മനോഹർ ജോഷിയും ശെഖാവത്തും വരെയുള്ളവർ മൻമോഹൻ സിങ്ങിന്റെ വ്യത്യസ്ത രൂപങ്ങൾ തന്നെയാണ്."

നമ്മുടെ നീതിപീഠങ്ങൾക്ക് അന്ധത ബാധിച്ചിരിക്കുന്നുവെന്ന് മേധ പറഞ്ഞു. ന്യായാസനങ്ങളെക്കുറിച്ച്: "നീതിപീഠങ്ങളുടെ കൂരിരുട്ടിൽ എത്രയോ പ്രധാന പ്രശ്നങ്ങളാണ് കുരുങ്ങിക്കിടക്കുന്നത്. നിയമാനുസൃതമായ നീതിക്കായല്ല മാനുഷിക നീതിക്കായാണ് നാം പോരാടേണ്ടത്."

മേധാപാ്കർക്ക് മനുഷ്യാവകാശമെന്നത് പ്രകൃതി സംരക്ഷണം കൂടിയാണ്. അവർ പറയുന്നു: "നമ്മുടെ പ്രധാനപ്പെട്ട സമ്പത്ത് പണമല്ല. മനുഷ്യനും പ്രകൃതിയുമാണ്. അതുകൊണ്ടുതന്നെ മനുഷ്യാവകാശം സംരക്ഷിക്കുന്നതോടൊപ്പം നാം പ്രകൃതിയെയും നമ്മുടെ സംസ്കാരത്തേയും കാത്തുസൂക്ഷിക്കണം. മനുഷ്യാവകാശവും മനുഷ്യമാഹാത്മ്യവും നമ്മൾ മുദ്രാവാക്യങ്ങളായി സ്വീകരിക്കുകയാണ്. മനുഷ്യാവകാശത്തെക്കുറിച്ചുള്ള നിങ്ങളുടെ നിർവ്വചനം ജീവിതത്തിനും ജീവിതമാർഗ്ഗത്തിനും ഉള്ള അവകാശമാണെന്ന് ആണെങ്കിൽ നിങ്ങൾ പ്രകൃതിയെയും സംസ്കാരത്തെയും കാക്കുന്നവരുടെ കൂടെ നിൽക്കണം. അതിന് പ്രാർത്ഥന മാത്രമല്ല ആത്മവിശ്വാസവും വേണം.

മുതലാളിത്തത്തെ നമ്മുടെ കാര്യങ്ങളിൽ ഇടപെടാൻ അനുവദിക്കരുത്. നമുക്കു പിന്നിൽ സംഘടിത ട്രേഡ് യൂണിയനുകളുടെ പാരമ്പര്യമുണ്ട്. ഉപഭോക്തൃ സംസ്കാരത്തിലധിഷ്ഠിതമായ വികസനത്തിന്റെ വസ്തുതകളെ നാം തിരസ്കരിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ വ്യവസായങ്ങളുടെ പരിഗണനകളും ഉൽപ്പന്നങ്ങളും എന്താണ്? തലമുറകളോളം പഴക്കമുള്ള നമ്മുടെ പരിസ്ഥിതി തകർന്നുകൊണ്ടിരിക്കുകയാണ്. ഇത് നഗരത്തിലെ എ.സി മുറികളിലിരിക്കുന്ന പരിസ്ഥിതി ജാടക്കാരുടെ സമരമല്ല. ഇതൊരു ജനതയുടെ നിലനിൽപ്പിനായുള്ള സമരമാണ്. പരിസ്ഥിതിയെക്കുറിച്ചു പറയുമ്പോൾ ഗാന്ധിജി വീണ്ടും നമ്മുടെ ഓർമ്മയിലെത്തുന്നു-അദ്ദേഹം പറഞ്ഞു 'ചെറുതാണ് സുന്ദരം' എന്ന്. മനുഷ്യനേയും പ്രശ്നങ്ങളേയും അറിഞ്ഞുവേണം നാം പ്രവർത്തിക്കാൻ. കേരളത്തിന്റെ സാമ്പത്തിക നട്ടെല്ല് മറുനാടൻ മലയാളികളാണ്. ചെമ്മീൻ കമ്പനികളിലും. ആതുരസേവന രംഗങ്ങളിലുമുള്ള നമ്മുടെ സഹോദരിമാർക്ക് നേരിടേണ്ടിവരുന്ന അക്രമങ്ങളും ചൂഷണങ്ങളും നാം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു."

പ്രസംഗത്തിന്റെ അവസാനം സ്വന്തം ഭാഷയായ ഹിന്ദിയിലാകാമെന്നു പറഞ്ഞ്. മാനവികതയിലൂന്നിയ വികസനം കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് മേധാതായി ആ വാഗ്വർഷം അവസാനിപ്പിച്ചു: "നമ്മുടെ നാലു ചുവരുകൾക്കുള്ളിൽ നാമുറങ്ങരുത്. അപ്പോൾ നമ്മൾ പണിയെടുക്കുന്ന കുട്ടികളെക്കുറിച്ചറിയും. പാടങ്ങളിലെയും. കടലിലെയും ഖനികളിലെയും തൊഴിലാളികളെക്കുറിച്ച്. ചൂഷണങ്ങളെക്കുറിച്ച് അറിയും. നമ്മൾ പോരാട്ടത്തിന്റെ പാതയിലേക്ക് ഇറങ്ങിവരും. ദേശദ്രോഹികൾക്കെതിരെ വിപ്ളവം വരും. ഇപ്പോൾ നമ്മളെ രക്ഷിക്കേണ്ടത് മാനവികതയാണ്. സംവരണമെന്നാൽ ഒരു മുഴുവൻ ജീവിതത്തിന്റെ വിലയല്ല. ഗ്രാമമെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ഒത്തുചേർന്നില്ലെങ്കിൽ നാശം തീർച്ചയാണ്. കൊടികളുടെ നിറം പ്രശ്നമല്ല. പുതിയൊരു പ്രവർത്തനപഥത്തിലേക്ക് ഉണർന്നുവരൂ. നമുക്കൊന്നിക്കാം. ഗ്രാമങ്ങളിലേക്ക് ആദിവാസിച്ചേരികളിലേക്ക് ഇറങ്ങിവരൂ. അവർ എന്തിനു വേണ്ടിയാണു പൊരുതുന്നതെന്ന് തൊട്ടറിയൂ.



ടി.കെ. ജോഷി

സാർത്ഥകമായ സമരം



സാമൂഹ്യബാദ്ധ്യതയും ധാർമ്മികബോധവും നഷ്ടപ്പെട്ടവരുടെ മുറയിൽ ധർമ്മസമരങ്ങൾക്കു സ്ഥാനമില്ലെന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുകയാണ്. മാസങ്ങളായി നടന്നുവരുന്ന മെഡിക്കോസ് സമരത്തിന്റെ സ്ഥിതിയും മറിച്ചല്ല. സമരങ്ങളേറെ കണ്ടതുകൊണ്ടും വന്ധ്യമായ മനസ്സുകളുടെ അംഗബലം നാൾതോറും വർദ്ധിക്കുന്നതുകൊണ്ടുമാവാം, ഈ സമരവും ജനങ്ങളുടേതല്ലാതായി മാറിയത്. ജനവിരുദ്ധമായ ഏതൊന്നിനോടും ശ്വാസവേഗത്തിൽ പ്രതികരിച്ചിരുന്ന കേരളജനത യജമാനന്മാരുടെ കാൽക്കീഴിലിരുന്ന് ശുനകതുല്യം മോങ്ങുന്ന കാഴ്ചയാണ് നാമിന്നു കാണുന്നത്. നിരന്തരം കമ്പോളവൽക്കരിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിൽനിന്നും ഇതിൽക്കൂടുതൽ എന്താണു പ്രതീക്ഷിക്കേണ്ടത് എന്ന ചോദ്യവും മുന്നിലുണ്ട്.

ഇതൊരു നിസ്സംഗ സമൂഹമാണെന്നു ഭരണാധികാരികൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഹിതകരമല്ലാത്ത പലതിനെയും സ്വാംശീകരിച്ചു സ്വന്തമാക്കാനുള്ള കഴിവ് നാൾതോറും വർദ്ധിച്ച രീതിയിൽ കേരളജനത സ്വായത്തമാക്കിയിരിക്കുന്നു എന്ന് അവർക്കറിയാം. ഇക്കാരണങ്ങളാൽത്തന്നെയാണ് ഇതര സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്തമായി കേരളത്തിൽ വളർന്നു വികസിച്ച വിദ്യാഭ്യാസ രംഗത്തെയും ആരോഗ്യ സംവിധാനങ്ങളേയും തകർത്തെറിയുന്ന നയസമീപനങ്ങൾക്കെതിരേ ഉയർന്ന പ്രതിഷേധംപോലും ഏറെ നേർത്തുപോയത്. സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടിയപ്പോൾ അദ്ധ്യാപകർ തൊഴിൽസ്ഥിരതയ്ക്കുവേണ്ടിയും ചില വിദ്യാർത്ഥി സംഘടനകൾ വിദ്യാഭ്യാസ നിഷേധത്തിനെതിരെയും സമരരംഗത്തിറങ്ങി. ആരോഗ്യമേഖലയിലെ സ്വകാര്യവൽക്കരണത്തിനെതിരേ മെഡിക്കോസും സമരരംഗത്താണ്. ഭൂരിപക്ഷം ജനങ്ങളും ഇവയൊന്നും തങ്ങളെ ബാധിക്കുന്നവയല്ലെന്ന ഭാവത്തിൽ ഒഴിഞ്ഞുനില്ക്കുന്നു. പ്രശ്നങ്ങൾ നേരിട്ടു ബാധിക്കുന്നവരിൽത്തന്നെ ഒരു ന്യൂനപക്ഷം അടിയും വെടിയും ഏറ്റുവാങ്ങി പില്ക്കാല ജീവിതം ദുരിതപൂർണ്ണമാക്കുന്നു. ബഹുജനബോധവൽക്കരണത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന മാധ്യമങ്ങൾ ഏതൊരു ബഹുജനസമരത്തെയും തമസ്കരിക്കുവാൻ പരസ്പരം മത്സരിക്കുകയുമാണ്. മാസങ്ങളായി നടന്നുകൊണ്ടിരിക്കുന്ന മെഡിക്കൽ, പാരാ മെഡിക്കൽ വിദ്യാർത്ഥികളുടെ സമരത്തിന്റെ ഗതിയും മറ്റൊന്നല്ല.

മെഡിക്കൽ സമരം ഇന്നൊരു വഴിത്തിരിവിലാണ്. ഭരണസിരാകേന്ദ്രങ്ങളിൽ മെഡിക്കൽ വിദ്യാർത്ഥികൾ മരണംവരെ നിരാഹാരമനുഷ്ഠിക്കുവാൻ ആരംഭിച്ചിരിക്കുന്നു. മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയുമാകട്ടെ, പതിവുപോലെ സമരത്തെ രാഷ്ട്രീയപ്രേരിതമെന്നു മുദ്രകുത്തി അവഹേളിക്കുവാൻ ശ്രമിക്കുകയുമാണ്. പ്രതിച്ഛായയുടെ "തിളക്കം" മാത്രം തലയ്ക്കു മുകളിൽ എല്ലാവരും കാൺകെ ഉയർത്തിപ്പിടിക്കുന്ന മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും വൃത്തികെട്ട രാഷ്ട്രീയ ചൂതാട്ടത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ധീരോദാത്ത ശിരോമണിയും അഴിമതിക്കെതിരെ "ധർമ്മപുത്ര" പാരമ്പര്യം ഉയർത്തിപ്പിടിക്കുകയും ചെയ്ത സംശുദ്ധ രാഷ്ട്രീയത്തിന്റെ അപ്പോസ്തലരായി ചമഞ്ഞ് കരുണാകരവൃന്ദങ്ങൾക്ക് ഇടയ്ക്കിടെ തലവേദന സൃഷ്ടിച്ചിരുന്ന ആരോഗ്യമന്ത്രി ശ്രീ. വി.എം. സുധീരൻ കേരളീയർക്കു മറക്കാനാവാത്ത കഥാപാത്രമാണ്. സാധനങ്ങൾ പൊതിയാനോ കൈ തുടയ്ക്കാനോ പഴയ പത്രത്താളുകൾ നിയമസഭാലൈബ്രറിയിൽനിന്നും പെറുക്കി വിറ്റിട്ടില്ലെങ്കിൽ (പൊതുമുതലുകൾ എല്ലാം വില്ക്കുവാൻ വച്ചിരിക്കയാണല്ലോ) അവയെല്ലാം ഒന്നു മറിച്ചുനോക്കുന്നതു പഴയകാല ശൗര്യം ഓർമ്മിക്കാനെങ്കിലും നന്നായിരിക്കും.

സ്വാശ്രയ കോളേജുകൾക്കെതിരേ. അൺ എയ്ഡഡ് ഇംഗ്ളീഷ് മീഡിയം സ്കൂളുകൾ അനുവദിച്ചതിനെതിരേ, വർഷങ്ങൾക്കുമുമ്പ് അങ്കമാലി കണ്ണാശുപത്രിയിൽ ഒഫ്ത്താൽമോളജി കോഴ്സ് അനുവദിച്ചതിനെതിരേ..... അങ്ങനെ എത്രയെത്ര കുരിശുയുദ്ധങ്ങൾ ശ്രീ. സുധീരൻ നയിച്ചിരിക്കുന്നു. ഇവയെല്ലാം കരുണാകരനെതിരേ മാത്രം നടത്തിയ "ധർമ്മസമരം" ആയിരുന്നുവെന്ന് ഇന്നു കേരളീയനു മനസ്സിലാവുന്നുണ്ട്. പഴയ ധർമ്മപുത്രവേഷം കപടമായിരുന്നില്ലെന്നു ബോദ്ധ്യപ്പെടുത്താനെങ്കിലും ശ്രീ. ആന്റണിയും അരുമ ശിഷ്യൻ ശ്രീ. വി.എം. സുധീരനും മറുപടി പറയേണ്ട ഏതാനും ചോദ്യങ്ങളാണ് മെഡിക്കൽ വിദ്യാർത്ഥികൾ ഉയർത്തിയിരിക്കുന്നത്.


കേരളം ആരോഗ്യരംഗത്ത് അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയ സംസ്ഥാനമാണ്. രണ്ടായിരാമാണ്ടോടെ ലോകാരോഗ്യ സംഘടന കൈവരിക്കുമെന്നു പ്രഖ്യാപിച്ചിരുന്ന ആരോഗ്യ നിലവാരം ദശകങ്ങൾക്കുമുമ്പേ കൈവരിക്കുവാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. പൊതു മരണനിരക്ക് (5.9) ശിശുമരണ നിരക്ക് 22/1000), ജനനനിരക്ക് എന്നിവയിലുണ്ടായ കുറവും പ്രതീക്ഷിത ആയുസ്സിലുണ്ടായ വർദ്ധനവും (60-70) നേട്ടങ്ങളുടെ പട്ടികയിൽ സുപ്രധാനങ്ങളാണ്. കേരളത്തിന്റെ ഈ വക നേട്ടങ്ങൾക്കു കാരണമെന്താണ്? മെഡിക്കൽ കോളേജുകളുടെ ആധിക്യമാണോ ഇത്തരം നേട്ടങ്ങൾക്കുള്ള പ്രധാന കാരണം? മെഡിക്കൽ സമരം ഉയർത്തുന്ന ഏറ്റവും വലിയ ദാർശനിക പ്രശ്നം ഇതുതന്നെയാണ്. മെഡിക്കൽ കോളേജുകളുടെ കാര്യത്തിലും കോഴക്കോളേജുകളുടെ കാര്യത്തിലും ഏറെ ധന്യമായ കർണ്ണാടക, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ ആരോഗ്യസ്ഥിതിയുമായി തുലനംചെയ്യുമ്പോൾ 5 മെഡിക്കൽ കോളേജുകൾ 'മാത്ര'മുള്ള കേരളത്തിന്റെ സ്ഥിതി ഏറെ മുന്നിലാണ്. മാത്രമല്ല ആരോഗ്യസൂചികകളുടെ കാര്യത്തിൽ ചൈന, ക്യൂബ, ശ്രീലങ്ക, കോസ്റ്ററിക്ക തുടങ്ങിയ രാജ്യങ്ങളുടെ നിരയിലേക്ക് എത്തിപ്പെടാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. വികസിതരാജ്യങ്ങളോടു കിടപിടിക്കാൻ കഴിയുന്ന ആരോഗ്യ സംവിധാനം കേരളത്തിലുണ്ട്. വസ്തുത ഇതായിരിക്കെ, ഒരു രാജ്യത്തിന്റെ, അല്ലെങ്കിൽ സംസ്ഥാനത്തിന്റെ ആരോഗ്യസ്ഥിതിയെ നിയന്ത്രിക്കുന്ന സുപ്രധാന ഘടകം മെഡിക്കൽ കോളേജുകളല്ലെന്നു സമ്മതിക്കേണ്ടി വരും. ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തി, സംഘടിത പ്രസ്ഥാനങ്ങളുടെ ബോധപൂർവ്വമായ ഇടപെടലുകൾ, ഉയർന്ന സാക്ഷരതയും സാമൂഹ്യബോധവും വിപുലമായ ആരോഗ്യശൃംഖല, സന്നദ്ധരായ ഒരു വലിയ വിഭാഗം ആരോഗ്യ പ്രവർത്തകരുടെ സാന്നിദ്ധ്യം എന്നീ ഘടകങ്ങളാണ് കേരളത്തെ ആരോഗ്യസ്ഥിതിയിൽ അന്താരാഷ്ട്രതലത്തിലേക്കുയർത്തിയത്.

പൊതുവിൽ കേരളം ആരോഗ്യരംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും, ഈ മേഖലയെ ഒരു സൂക്ഷ്മ പരിശോധനയ്ക്കു വിധേയമാക്കിയാൽ അനുദിനം ദുർബലമായിക്കൊണ്ടിരിക്കുന്ന ഒരു സംവിധാനത്തെയാണ് കാണാൻ കഴിയുക.

ആരോഗ്യരംഗം നേരിടുന്ന പ്രശ്നങ്ങൾ

പൊതുവിൽ കേരളം ആരോഗ്യരംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും, ഈ മേഖലയെ ഒരു സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കിയാൽ അനുദിനം ദുർബലമായിക്കൊണ്ടിരിക്കുന്ന ഒരു സംവിധാനത്തെയാണ് കാണാൻ കഴിയുക. ഉയർന്ന രോഗാതുരത. കേരളത്തിന്റെ ആരോഗ്യരംഗത്തു പ്രശ്നം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. 1987-ലെ ഒരു സർവ്വേ റിപ്പോർട്ടനുസരിച്ച് രോഗാതുരതാനിരക്ക് കേരളത്തിൽ 1000-ന് 206 ആണെന്നു കണക്കാക്കിയിരിക്കുന്നു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇതു വളരെ കൂടുതലാണെന്നു കാണാം. 1973-74-ലെ ദേശീയ സാമ്പിൾ സർവ്വേപ്രകാരം 1000 പേരിൽ 71.21 പേർക്കു മാത്രമാണ് രോഗാതുരത പ്രകടമായിരുന്നത്. 1987 ആയപ്പോഴേക്കും അത് 206.3-ലേക്ക് എത്തിയെന്നത് കേരളത്തിന്റെ 'പ്രശംസനീയ'മായ ആരോഗ്യരംഗത്തിന്റെ ഭാവിയെക്കുറിച്ച് ആശങ്കയുണർത്തുന്നു. ഉപയോഗിച്ച സാമ്പിളുകളുടെ വ്യത്യാസം, സാക്ഷരതയിലുള്ള വർദ്ധന, എഴുപതുകളെ അപേക്ഷിച്ച് എൺപതുകളിലുണ്ടായ വർദ്ധിച്ച ആരോഗ്യാവബോധം, വർദ്ധിച്ച ആരോഗ്യരക്ഷാ സംവിധാനം നിമിത്തം കൂടുതൽ ആളുകൾ ആരോഗ്യസംവിധാനങ്ങളെ ഉപയോഗപ്പെടുത്തൽ എന്നീ ഘടകങ്ങളെല്ലാം മേല്പറഞ്ഞ രണ്ടു സർവ്വേ ഫലങ്ങളിലും സ്വാധീനം ചെലുത്തിയിരിക്കാമെങ്കിലും 71.21-ൽനിന്ന് 206.3-ലേക്കുള്ള വർദ്ധന ഈ രംഗത്തെ പ്രശ്നങ്ങളെ ഏറെ സങ്കീർണ്ണമാക്കുന്നുണ്ട്.

ശിശുമരണനിരക്കിൽ ഗണ്യമായ കുറവു വരുത്താൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ടെങ്കിലും ഗ്രാമനഗര വ്യത്യാസം പരിഗണിക്കുമ്പോൾ ഗ്രാമങ്ങളിലെ അവസ്ഥ മോശമാണെന്നു മനസ്സിലാകും. 1980-ലെ ഒരു റിപ്പോർട്ടനുസരിച്ച് ഗ്രാമത്തിലെ ശിശുമരണനിരക്ക് 41-ഉം നഗരത്തിൽ 34-ഉം ആണെന്നു കണക്കാക്കിയിരിക്കുന്നു. ഗ്രാമങ്ങളിലെ ആരോഗ്യ സുരക്ഷാപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കേണ്ട പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം വേണ്ട രീതിയിൽ നടക്കാത്തതാണ് ഈ വ്യത്യാസത്തിനു കാരണം. ശുദ്ധജല ലഭ്യത, കക്കൂസ് സൗകര്യം എന്നിവയനുസരിച്ച് ശിശുമരണനിരക്കിൽ പ്രകടമായ മാറ്റം കാണുന്നുണ്ടെന്ന് 1982-ലെ സഖറിയാ ആൻഡ് പട്ടേൽ റിപ്പോർട്ട് പറയുന്നു. 1970-80 കാലഘട്ടത്തിൽ ജലലഭ്യതയനുസരിച്ച് ശിശുമരണനിരക്ക് 1000 പേരിൽ '49' (പൈപ്പ്), 56 (കിണർ),44 (മറ്റുള്ളവ) എന്ന തോതിലും കക്കൂസ് സൗകര്യം ലഭ്യമാകാത്തിടത്ത് പതിനായിരത്തിന് 56 എന്ന നിരക്കിലും ശിശുമരണം നടക്കുന്നു എന്നു റിപ്പോർട്ടിൽ പറയുന്നു. ഇതിൽനിന്ന് ഒരുകാര്യം വ്യക്തമാണ്. മെഡിക്കൽ കോളേജുകൾ വർദ്ധിപ്പിച്ചതുകൊണ്ട് ആരോഗ്യരംഗത്ത് കാര്യമായൊന്നും സംഭവിക്കുകയില്ല. മറിച്ച് അടിസ്ഥാന ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ ആരോഗ്യമേഖലയെ ശക്തിപ്പെടുത്താനാവൂ എന്നു ചുരുങ്ങിയപക്ഷം ആരോഗ്യമന്ത്രിയെങ്കിലും മനസ്സിലാക്കേണ്ടിയിരിക്കുന്നു.



വിദ്യാർത്ഥി നേതാക്കൾ നിരാഹാരത്തിൽ

കേരളത്തിന്റെ ഉയർന്ന ആരോഗ്യസ്ഥിതിയെ ഏറെ സഹായിച്ച ഒരു ഘടകമാണ് വിപുലമായ ആരോഗ്യ സ്ഥാപന പ്രവർത്തക ശൃംഖല. ബോധപൂർവ്വവും ശാസ്ത്രീയവുമായ പ്ളാനിംഗിലൂടെ വളർത്തിയെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി ഏറെ പരിതാപകരമാണ്. 83.49 ശതമാനം കേരളീയരും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെക്കുറിച്ച് അറിവുള്ളവരും ഉപഭോക്താക്കളാവേണ്ടവരുമാണെങ്കിലും 65.1 ശതമാനം ജനങ്ങളും ഇന്ന് ഈ സംവിധാനത്തെ വിവിധ കാരണങ്ങളാൽ ആശ്രയിക്കാത്തവരാണ്. മരുന്നില്ല. ഡോക്ടറില്ല, ചികിത്സയില്ല എന്നിങ്ങനെയുള്ള കാരണങ്ങളാൽ 44.54 ശതമാനം ജനങ്ങൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പോകാതെ സ്വകാര്യമേഖലയെ ശരണംപ്രാപിക്കുന്നു. ഡോക്ടറില്ല, മരുന്നില്ല, ചികിത്സയില്ല, വൃത്തിയില്ല, കൈക്കൂലിയുണ്ട് എന്നീ കാരണങ്ങളാൽ 30 .44 ശതമാനം ജനങ്ങൾ സർക്കാരാശുപത്രികളെ വെറുക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പുതിയ മെഡിക്കൽ കോളേജുകൂടി വന്നാൽ എന്തു മാറ്റമാണുണ്ടാകാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും വിശദീകരിച്ചു തന്നാൽ നന്നായിരുന്നു.

ആരോഗ്യ പ്രവർത്തകരുടെ (ഡോക്ടർമാർ, നഴ്സുമാർ, മറ്റു പാരാ മെഡിക്കൽ വിഭാഗത്തിൽപ്പെട്ടവർ) കുറവുമൂലം ആരോഗ്യമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടോ എന്നു പരിശോധിച്ചാൽ ചിത്രം കുറേക്കൂടി വ്യക്തമാകും. ലോകാരോഗ്യ സംഘടനയുടെ ഒരു കണക്കനുസരിച്ച് 3000 പേർക്ക് ഒരു ഡോക്ടർ മതി. എന്നാൽ 1400 പേർക്ക് ഒരു ഡോക്ടർ എന്ന നിലയിൽ ഇപ്പോൾത്തന്നെ കേരളത്തിലുണ്ട്. ആരോഗ്യപ്രവർത്തകരായ ജൂനിയർ ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയവർ 5000 പേർക്ക് ഒരാൾ എന്നാണ് കണക്കെങ്കിലും 2000 പേർക്ക് ഒരാൾ എന്ന തോതിൽ ഇവരുടെ സേവനം ഇപ്പോൾത്തന്നെ ലഭ്യമാണ്. മറ്റു പാരാ മെഡിക്കൽ സ്റ്റാഫിന്റെ കാര്യത്തിലും ക്ളിനിക്കൽ ലാബ് ടെക്നീഷ്യന്മാരുടെ കാര്യത്തിലും സ്ഥിതി മറിച്ചല്ല. പുരുക്കത്തിൽ 2000-ാമാണ്ടോടെ രാജ്യം കൈവരിക്കേണ്ട ആരോഗ്യപ്രവർത്തക സമ്പത്തിന്റെ ഏകദേശം ഇരട്ടിയോളം വരുന്നവർ ഇപ്പോൾത്തന്നെ കേരളത്തിൽ ലഭ്യമാണ്. പൂരിതമായ ഈ മേഖലയെ വീണ്ടും അതിപൂരിതമാക്കുന്നതിന്റെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ അതിഗുരുതരമായിരിക്കുമെന്നതിൽ സംശയമില്ല.


'ചൂഷണം' തന്നെയാണ് ലക്ഷ്യം

ഡോക്ടർമാരുടേയും മറ്റ് ആരോഗ്യപ്രവർത്തകരുടേയും ആധിക്യം സമൂഹത്തിലുണ്ടാക്കുന്ന ദൂരവ്യാപകമായ സാമൂഹ്യ ദുരന്തങ്ങൾ മുന്നിലുള്ളപ്പോഴും വീണ്ടും മെഡിക്കൽ കോളേജുകൾക്കുവേണ്ടി വാദിക്കുന്നവരുടെ വികാരമെന്തെന്നു നമുക്കു മനസ്സിലാക്കാം. ആരോഗ്യത്തെ ഒരു വിൽപ്പനച്ചരക്കാക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത്. മഹാനായ രാഷ്ട്രപിതാവിന്റെ സ്വാശ്രയ സ്വപ്നത്തെത്തന്നെ ഇക്കൂട്ടർ ഇതിനുപയോഗിക്കുന്നു എന്നുകൂടിയാവുമ്പോൾ ചിത്രം പൂർണ്ണമാവുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇക്കണക്കിനു 'സ്വാശ്രയ'മാവാൻ തുടങ്ങിയാൽ ഭൂരിപക്ഷം വിദ്യാർത്ഥികളും വിദ്യാഭ്യാസ കാര്യത്തിലെങ്കിലും പരാശ്രിതരാകുകയും, പരാശ്രിതത്വത്തിനു പോലും കഴിയാത്തവർ തെരുവിന്റെ ഇരുണ്ട മൂലകളിലേക്ക് വലിച്ചെറിയപ്പെടുകയും ചെയ്യും. തെരുവിലെ ശൈശവത്തൊഴിലാളികളുടെ എണ്ണം നാൾതോറും പെരുകിവരുന്നതിന് വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസച്ചെലവിന്റെ പങ്ക് ചെറുതല്ല. നിലവിലുള്ള വ്യവസ്ഥയിൽത്തന്നെ കാശുള്ളവനു മാത്രം വിദ്യാഭ്യാസം ലഭ്യമാകുന്ന അവസ്ഥയിൽ 'സ്വാശ്രയം' കൂടിയാവുമ്പോൾ കൃഷിയിടങ്ങളിലും, ചളിക്കുണ്ടുകളിലും ഹോട്ടലുകളുടെ അഴുകിയ പിൻപുറങ്ങളിലും ഇക്കൂട്ടരുടെ തിരക്ക് വർദ്ധിക്കാതിരിക്കില്ല. നാട്ടിലെ ഭൂപ്രമാണിമാർക്കും ഹോട്ടലുടമകൾക്കും സന്തോഷം പ്രദാനം ചെയ്യുന്ന ഒരവസ്ഥ കൂടിയായി ഈ സാഹചര്യം മാറും. കുറഞ്ഞ കൂലിക്കുതന്നെ ധാരാളം പേർ തൊഴിലിനായി ക്യൂ നിൽക്കുന്നതു കാണുമ്പോൾ ഏതു മുതലാളിയാണ് സന്തോഷിക്കാതിരിക്കുക?

(ശേഷം 50-ാം പേജിൽ)

തുമ്പമൺ തങ്കപ്പൻ

സ്ത്രീവിമോചനവും സാഹിത്യവും



സ്ത്രീപക്ഷ രചനകളും പെണ്ണെഴുത്തും മലയാള സാഹിത്യ രംഗത്ത്സജീവത കൈവരിച്ചിട്ട് അധികം നാളായിട്ടില്ല. ഒരുപക്ഷേ, മലയാളത്തിൽ അടുത്തിടെ ഉണ്ടായ സ്ത്രീ എഴുത്തുകാരുടെ മുന്നേറ്റമാവാം ഇത്തരത്തിലുള്ള ചർച്ചകളെ പ്രസക്തമാക്കിത്തീർത്തത്. പുരുഷനിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ സ്ത്രീകൾ തങ്ങളുടെ അനുഭവ മണ്ഡലങ്ങളെ പ്രകാശമാനമാക്കുന്ന രചനാ സമ്പ്രദായമാണ് പെണ്ണെഴുത്ത് (Feminine writing). അത് സാധ്യമോ എന്നതും അതിന്റെ സാഹിത്യമൂല്യം എന്ത് എന്നതും ഇന്ന് തർക്കവിഷയമാണ്. കാരണം സ്ത്രീകളുടെ പരമ്പരാഗതമായ ചില ധർമ്മങ്ങളെ അത് നിഷേധിക്കുകയും പുതിയ തരത്തിലുള്ള മൂല്യങ്ങളെ തത്സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നു. സ്ത്രീയുടെ മുഖ്യ ധർമ്മം കുട്ടികളെ വളർത്തലും കുടുംബസംരക്ഷണവുമാണെന്ന ധാരണ ഇന്നും അധികം മാറ്റമില്ലാതെ നിലനില്ക്കുന്നു. സാഹിത്യകാരിയായ സ്ത്രീക്ക് തന്റെ സർഗ രചനയ്ക്ക് സഹായകമായ തരത്തിൽ സ്വന്തമായി ഒരു മുറിയോ മറ്റ് ഭൗതിക സാഹചര്യങ്ങളോ ഇന്നുമില്ല. എന്തെങ്കിലും എഴുതിയാൽത്തന്നെ അത് പ്രസാധനം ചെയ്യാനോ കൃതികൾ വേണ്ടതരത്തിൽ ചർച്ച ചെയ്യപ്പെടാനോ ഉള്ള അവസരങ്ങളും നന്നേ കുറവാണ്. ഇത്തരം അവസ്ഥയിൽ പുരുഷന്റെ സർഗ്ഗാത്മകതയുമായി സ്ത്രീപ്രതിഭയെ താരതമ്യം ചെയ്യുന്നതും അവരുടെ ഇടയിൽനിന്ന് വ്യാസനോ, വാല്മീകിയോ, കാളിദാസനോ, ഷേക്സ്പിയറോ, ടോൾസ്റ്റോയിയോ, ദസ്തയേവ്സ്കിയോ പോലുള്ള എഴുത്തുകാർ ഉയർന്നുവന്നിട്ടില്ലെന്ന് ആക്ഷേപിക്കുന്നതും നീതിയല്ല. ഔവ്വയാറും മീരാബായിയും മഹാദേവി വർമ്മയും ആശാപൂർണ്ണാദേവിയും മഹാശ്വേതാദേവിയും അമൃതാപ്രീതവും ബാലാമണിയമ്മയും എല്ലാം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് സാഹിത്യരംഗത്ത് ചിരപ്രതിഷ്ഠ നേടിയവരാണ്. ഇവരുടെ രചനകളൊന്നും നിഷ്കൃഷ്ടമായ അർത്ഥത്തിൽ പെണ്ണെഴുത്തെന്ന് പറയാനാവില്ല. മലയാളത്തിൽ കെ.സരസ്വതി അമ്മയും മാധവിക്കുട്ടിയും തുറന്നിട്ട വാതായനങ്ങൾ സ്ത്രീചൈതന്യത്തിന്റെ വിസ്ഫോടനങ്ങളായിരുന്നു. അവർ തെളിച്ച വഴികളിലൂടെയാണ് സാറാജോസഫും ഗ്രേസിയും മറ്റും പുതിയ മേച്ചിൽപ്പുറങ്ങൾ തിരയുന്നതും.

പുരുഷാധിപത്യ സമൂഹമാണ് നമ്മുടേത്. വിചാരത്തിലും വ്യവഹാരത്തിലും മൂല്യസങ്കല്പങ്ങളിലും അതിന്റെ സ്വാധീനം ആഴത്തിലുറഞ്ഞതാണ്. അവയെ അപനിർമ്മിക്കാൻ (deconstment) ഒളിച്ചുവയ്ക്കപ്പെട്ടതും അടിച്ചമർത്തപ്പെട്ടതും അവഗണിക്കപ്പെട്ടതുമായ സൂക്ഷ്മ സ്ത്രൈണാനുഭവങ്ങളെ വെളിച്ചം കാണിക്കാൻ സ്ത്രീ എഴുത്തുകാരികൾ തന്നെ വേണം. വനിതാസാഹിതി തിരുവനന്തപുരത്തു സംഘടിപ്പിച്ച സ്ത്രീയും സാഹിത്യവും എന്ന സെമിനാർ പെണ്ണെഴുത്തിന്റെ സാംഗത്യം വിളിച്ചോതുന്നതായിരുന്നു.

സ്ത്രീയും സാഹിത്യവും സ്ത്രീയും സംസ്കാരവും എന്നീ വിഷയങ്ങളെ ആധാരമാക്കി രണ്ടു വിഭാഗങ്ങളായി നടത്തിയ സെമിനാറിന്റെ ഉദ്ഘാടനം നിർവഹിച്ചത് ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്. സാഹിത്യ പ്രവർത്തനത്തിന്റെ സാമൂഹിക വിതാനങ്ങൾ ചർച്ച ചെയ്ത അദ്ദേഹം സാഹിത്യസൃഷ്ടിക്ക് ഒരു ജീവിത സന്ദേശം അനിവാര്യമാണെന്ന് എടുത്തുകാട്ടി. "ആ സന്ദേശം രാഷ്ട്രീയമാകാം, മതപരമാകാം, ആത്മീയവുമാകാം. അതു പകർന്നുകൊടുക്കുകയാണ് എഴുത്തിന്റെ ലക്ഷ്യം. മനുഷ്യജീവിതം കൂടുതൽ നന്നാകാൻ സാമൂഹികമായും സാംസ്കാരികമായും അനുകൂല സാഹചര്യം ഉണ്ടാകണം. ആ അന്തരീക്ഷത്തിലേ ഉത്തമ സാഹിത്യം പുഷ്കലമാകൂ. പ്രേംചന്ദ്, ടാഗോർ, വള്ളത്തോൾ ഇവർക്കെല്ലാം ധാർമ്മികവും സാമൂഹികവുമായ ഒരു ജീവിത ദർശനമുണ്ടായിരുന്നു. അതു പ്രകടിപ്പിക്കാനാണ് അവർ സാഹിത്യപ്രവർത്തനം നടത്തിയത്. എന്നെ സംബന്ധിച്ചിടത്തോളം പ്രധാനം രാഷ്ട്രീയമായിരുന്നു. തൊഴിലാളിവർഗ്ഗത്തെയും അവരുടെ ജീവിതത്തെയും ഞാൻ കണ്ടു. ആ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായിരുന്നു എനിക്ക് സാഹിത്യം. ചിലർക്ക് രാഷ്ട്രീയ താത്പര്യമുണ്ടാവില്ല. പക്ഷേ അവർക്കും മനുഷ്യജീവിതം മുന്നോട്ടുപോകണം എന്നതു സംബന്ധിച്ച് അവരുടേതായ കാഴ്ചപ്പാടുണ്ട്. ജീവിത സന്ദേശം പച്ചയായി നല്കിയാൽ കലയാവില്ല. വായനക്കാരന്റെ ഉള്ളിൽ തറയ്ക്കുന്ന വിധം ശക്തമായും കലാത്മകമായും അത് അവതരിപ്പിക്കുന്നതിലാണ് സാഹിത്യകൃതിയുടെ വിജയം. സനാതനമായ സൗന്ദര്യശാസ്ത്രങ്ങൾ സാഹിത്യത്തിൽ ഇല്ല. അത് മാറിക്കൊണ്ടിരിക്കും. പുതിയ സിദ്ധാന്തങ്ങൾ ഉരുത്തിരിഞ്ഞുകൊണ്ടിരിക്കും. അതുപോലെ ഇഷ്ടമുള്ള രീതിയിൽ എഴുത്തുകാരന് എഴുതാം. പക്ഷേ അത് വായിക്കാനോ വായിക്കാതിരിക്കാനോ ഉള്ള അവകാശം വായനക്കാരന് ഉണ്ടെന്നും എഴുത്തുകാരൻ മനസ്സിലാക്കണം"- അദ്ദേഹം പറഞ്ഞു.

"ഞാൻ എഴുതിത്തുടങ്ങിയ കാലത്ത് പ്രാസവാദം ശക്തമായിരുന്നു. രൂപഭദ്രതാവാദം പിന്നീട് [illegible] കൈയടക്കി. ഇന്ന് അവ [illegible] എഴുത്തുകാർ [illegible] സാഹിത്യകാരന് രാഷ്ട്രീയം ആകാമോ എന്നും രാഷ്ട്രീയം നിർബന്ധമാണോ എന്നും തർക്ക പ്രശ്നങ്ങളാണ്. ജീവിതം സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു. എങ്ങനെയായാലും സാഹിത്യകൃതിയുടെ രൂപവും ഭാവവും ഭദ്രമായിരുന്നാൽ അത് വായനക്കാരെ ആകർഷിക്കും." സ്ത്രീ എഴുത്തുകാരികളും തങ്ങളുടെ കൃതികളിൽ ഒരു ജീവിതസന്ദേശം പ്രതിഫലിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

"സ്ത്രീകളും ഭാഷയും" എന്ന വിഷയത്തിൽ ഊന്നിയാണ് ശ്രീമതി സാറാജോസഫ് മുഖ്യ പ്രഭാഷണം നടത്തിയത്. സ്വന്തം ഭാഷ കണ്ടെത്താനുള്ള സ്ത്രീയുടെ അന്വേഷണമാണ് പെണ്ണെഴുത്തിന്റെ അടിസ്ഥാനം എന്ന വാദഗതിയെ സോദാഹരണം അവർ സമർത്ഥിച്ചു. "ഭാഷയും അധികാരത്തിന്റെ ചിഹ്നമാണ്. അധികാരത്തിന്റെ അതിരുകളിലേക്കു തള്ളപ്പെടുന്നവർക്ക് സ്വന്തം ഭാഷയും നഷ്ടപ്പെടുന്നു. ദളിതർക്കും കീഴാളർക്കും [illegible] ഇങ്ങനെ ഭാഷ നഷ്ടപ്പെട്ടവരാണ്. സ്ത്രീകൾ കൂടുതൽ അധമമായ വർഗ്ഗമാണ്. [illegible] എന്ന പ്രയോഗം ഈ അവസ്ഥ സൂചിപ്പിക്കുന്നു. 'പറയന് അധികാരം കിട്ടിയാൽ', 'മണ്ണാൻ മജിസ്ട്രേട്ടായാൽ' തുടങ്ങിയ നിരവധി പ്രയോഗങ്ങൾ നമ്മുടെ ഭാഷയിലുണ്ട്. ഗ്രാമ്യമായ അപകൃഷ്ടതയ്ക്ക് ഉദാഹരണമാണ് 'നീ പോടാ പുലയാ' എന്ന പ്രയോഗം. മേലാളന്റെ ഭാഷ കീഴാളനെ ഉൾക്കൊള്ളാത്തതുപോലെ പുരുഷാധിപത്യത്തിന്റെ ഭാഷ സ്ത്രീയെയും ഉൾക്കൊള്ളുന്നില്ല. ഭാഷയിൽ അവരവരെ സ്ഥാപിക്കാത്ത അധികാരത്തിൽ സ്വന്തം സ്ഥാനം ഉറപ്പിക്കാനാവില്ല. 'അവനവന്റെ' ഭാഷയിൽ സംസാരിക്കാൻ വിധിക്കപ്പെട്ടവളാണ് മലയാളി സ്ത്രീ. 'അവളവളുടെ' ഭാഷയില്ല. പ്രസവത്തെക്കുറിച്ചു പറയുമ്പോൾപോലും കോടതിയിൽ 'അവനവന്റെ പ്രസവം' എന്നു പറയേണ്ടിവരുന്നു. ഇത് വെറും ഭാഷാപ്രശ്നമല്ല. രാഷ്ട്രീയ പ്രശ്നമാണ്. ഭാര്യ എന്ന വാക്കിൽ 'ഭൃ' എന്ന ധാതുവാണ്. ഭാര്യ [illegible] ഭരിക്കപ്പെടേണ്ടവൾ. ഭർത്താവോ ഭരിക്കേണ്ടവൻ. അവിവാഹിതയായ സ്ത്രീയെ [illegible] കുമാരി ചേർത്ത് വിളിക്കും. അതുപോലെ പുരുഷാധിപത്യത്തിലധിഷ്ഠിതമായ [illegible] സദാചാരത്തിന്റെ ഇരട്ടത്താപ്പ് ഭാഷയിൽ ഉടനീളമുണ്ട്. ഉദാഹരണത്തിന്, കന്യകയ്ക്കും വേശ്യയ്ക്കും പുല്ലിംഗപദമില്ല. സ്ത്രീകളുടെ ബഹുവചനത്തിന് എപ്പോഴും ചേർക്കുന്നത് നപുംസക ബഹുവചനത്തിൽ ചേർക്കുന്ന 'കൾ' പ്രത്യയമാണ്. അതിന്, സ്ത്രീകൾക്ക് സചേതനത്വം കുറവാണെന്ന് ഏ.ആറിന്റെ നിരീക്ഷണവും.

പ്രപഞ്ചത്തെ മനസ്സിലാക്കാനുള്ള ചിഹ്ന വ്യവസ്ഥയാണ് ഭാഷ. ശബ്ദപ്രതീകങ്ങളുടെ സമ്പന്നതയിൽ ഈ സമ്പത്ത് കൈയടക്കിവയ്ക്കാൻ അധികാരവർഗ്ഗം എന്നും ശ്രമിക്കുന്നു. ആധിപത്യത്തിന്റെ ഭാഷ നിലനില്ക്കുമ്പോൾത്തന്നെ കീഴാള ഭാഷയും സാഹിത്യവും ഉണ്ടായിട്ടുണ്ട്. വിപ്രലംഭശൃംഗാര ശ്ലോകങ്ങൾ അരങ്ങു തകർക്കുമ്പോഴും പാണപ്പെട്ടവർ നാടൻ ശീലുകൾ പാടിയിരുന്നു. ഭക്തികാലത്തെ അനേകം കവികൾ കീഴാളജാതിക്കാരായിരുന്നു.

പുരുഷാധിപത്യത്തിന്റെ ഭാഷയിലെ നല്ലൊരു ഉദാഹരണമാണ് വിധവ എന്ന പദം. അതിന്റെ അർത്ഥം ധവൻ (ഭർത്താവ്) മരിച്ചവൾ എന്നാണ്. ധവൻ സംസർഗ്ഗത്തിൽ സ്ത്രീയെ ഇളക്കിമറിക്കുന്നവനാണ്! അതേസമയം വിധുരൻ എന്ന വാക്കിന് ദുഃഖിതൻ എന്ന അർത്ഥം മാത്രവും. പുരുഷാധിപത്യത്തിന്റെ ഭാഷയുമായി കലഹിച്ച് സ്വന്തം ഭാഷ കണ്ടെത്താൻ സ്ത്രീ നടത്തുന്ന അന്വേഷണം അവളെ പെണ്ണെഴുത്തിലെത്തിക്കുന്നു. ഈ വാക്കിനോട് വിരോധമുള്ളവർക്ക് മറ്റെന്തെങ്കിലും വാക്ക് ഉപയോഗിക്കാം-സാറാജോസഫ് പറഞ്ഞു.

ഇന്നലെ വരെ നഗരപിതാവുമാത്രം ഉണ്ടായിരുന്നിടത്തേക്കാണ് നഗരമാതാവ് എന്ന വാക്ക് കടന്നുവന്നിട്ടുള്ളത്. ഒരു പുതിയ വാക്ക് കിട്ടിയതുമൂലം. പഞ്ചായത്ത് മാതാവ്, ബ്ളോക്ക് മാതാവ് തുടങ്ങിയ അനേകം വാക്കുകൾ കിട്ടുന്നതുമൂലം സ്ത്രീയുടെ അധികാരപരിധിയും വർധിക്കുകയാണ്. അവർ ഓർമ്മിപ്പിച്ചു.

സാഹിത്യത്തിലെ സ്ത്രീ എന്ന വിഷയത്തെ അധികരിച്ചാണ് ശ്രീമതി പി. വത്സല സംസാരിച്ചത്. സ്ത്രീയെ ഭോഗവസ്തുവായി കാണുന്ന മൂല്യസങ്കല്പം നവീന സാഹിത്യത്തിൽപ്പോലും നിലനില്ക്കുകയാണെന്ന് അവർ പറഞ്ഞു. ചെറുകാടും ഉറൂബുമാണ് സ്ത്രീകളോട് നീതി പുലർത്തിയവർ. എന്നാൽ അവരുടെ സമകാലികരിൽ ഭൂരിപക്ഷം പേരും സ്ത്രീയെ 'മധുരക്കനി'യായി കണ്ടവരാണ്. പുരോഗമന സാഹിത്യകാരന്മാർപോലും അതിൽനിന്ന് വ്യത്യസ്തരല്ല.

കഥയിലും നോവലിലും ശക്തി തെളിയിക്കാൻ സ്ത്രീക്ക് എപ്പോഴും കഴിയുന്നില്ല. എഴുത്തിൽ മാധവിക്കുട്ടി കാട്ടിയ ധീരത പിന്തുടർന്ന ഗ്രേസിക്ക് ഏറെ പഴി കേൾക്കേണ്ടിവന്നു. പിന്നീട്, എഴുത്ത് മയപ്പെടുത്താൻ അവർ നിർബന്ധിതയായി. എന്നാൽ കവിതകളിൽ കുറേക്കൂടി സ്വാതന്ത്ര്യം സ്ത്രീ എഴുത്തുകാരികൾക്കുണ്ട്. കവിതകൾ അധികം വായിക്കപ്പെടാത്ത ഒന്നായതുകൊണ്ടും കഥയോ നോവലോ പോലെ സംവേദനക്ഷമമല്ലാത്തതുകൊണ്ടും ആവാം ഇത്.

സോഷ്യലിസ്റ്റ് സമൂഹം നിലവിൽ വന്ന രാജ്യങ്ങളിൽ പോലും സ്ത്രീകൾക്ക് അവരർഹിക്കുന്ന പരിഗണന ലഭിച്ചിട്ടില്ല. സോഷ്യലിസം എന്ന ആശയം പോലെ സോഷ്യലിസ്റ്റ് വനിത എന്ന ചിന്ത ഉയർന്നുവന്നിട്ടില്ല. യഥാർത്ഥത്തിൽ സമത്വം കൈവരിക്കാൻ കഴിഞ്ഞത് ജോലിക്ക് കൂലി വാങ്ങുന്ന കാര്യത്തിൽ മാത്രമാണ്. സ്ത്രീകളുടെ വ്യഥകൾ എല്ലായിടത്തും ഒന്നുതന്നെയാണ്. സ്വന്തം മനസ്സിലെ അടിമത്തം ഇല്ലാതായെങ്കിൽ മാത്രമേ സ്ത്രീക്ക് താൻ സ്വതന്ത്രയായി എന്ന് അഭിമാനിക്കാൻ കഴിയുകയുള്ളൂ. ഇന്ത്യയിൽ ആര്യന്മാരുടെ ആധിനിവേശത്തോടെയാണ് പുരുഷാധിപത്യം വേരൂന്നിയത്. ഏത് അവസ്ഥയിലും പുരുഷൻ അധികാരം കൈവിടില്ല. അതിനാൽ സ്ത്രീകൾ സ്വത്വാന്വേഷണം ആരംഭിക്കണം. സ്ത്രീയുടെ ജീവിതം വിവാഹത്തിൽ അവസാനിക്കുന്നു എന്ന അവസ്ഥ മാറണം. ഇന്ന് നമ്മുടെ സമൂഹം അത്തരത്തിലുള്ള ഒരു സങ്കല്പമാണ് സൃഷ്ടിച്ചുവച്ചിട്ടുള്ളത്. അതിനു വളംവയ്ക്കുന്ന സാമൂഹ്യ പ്രക്രിയയോടാണ് പൊരുതേണ്ടത്. സ്ത്രീസ്വാതന്ത്ര്യമെന്നാൽ ഫ്രീ സെക്സും മറ്റുമല്ല. നമ്മുടെ സമൂഹത്തിലും അതൊക്കെ ഉണ്ടായി എന്നുവരാം. എന്നുകരുതി യഥാർത്ഥ അവസ്ഥയോട് മുഖം തിരിച്ചുനിൽക്കാൻ ഇനി കഴിയുമെന്നു തോന്നുന്നില്ല-വത്സല പറഞ്ഞു.

വനിതാവിമോചനത്തിന്റെ സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ചാണ് സ്ത്രീയും സംസ്കാരവും എന്ന വിഷയത്തിലൂന്നി നിന്നുകൊണ്ട് ശ്രീ.പി. ഗോവിന്ദപ്പിള്ള സംസാരിച്ചത്. ഈ വിഷയത്തെക്കുറിച്ചുള്ള മുൻവിധികൾ ഇന്നു വ്യാപകമാണ്.


(ശേഷം 49-ാം പേജിൽ)

വാർഷികാഘോഷം ഇ.എം.എസ് ഉദ്ഘാടനം ചെയ്യുന്നു




ശ്രീമതി സാറാജോസഫ് പ്രസംഗിക്കുന്നു

വനിതാ സാഹിതി തിരുവനന്തപുരത്ത് സംഘടിപ്പിച്ച സ്ത്രീയും സാഹിത്യവും എന്ന സെമിനാർ. പുരുഷാധിപത്യ സമൂഹം സൃഷ്ടിച്ച സാഹിത്യ വ്യാകരണത്തെ അപനിർമ്മിക്കുന്ന പോരാട്ടത്തിലെ പ്രസക്തമായ ചുവടുവയ്പായിരുന്നു.



വി.കെ. ബാബുപ്രകാശ്

അക്രമത്തിന്റെ ശരീരശാസ്ത്രം



ദിനംപ്രതിയുള്ള പത്രം. റേഡിയോ. ടെലിവിഷൻ വാർത്തകൾ ഒരു തരത്തിലുള്ളതല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള മനുഷ്യ ക്രൂരതയുടെയും അക്രമത്തിന്റെയും വിവരങ്ങളാണ് അധികവും നല്കുന്നത്. ഈയിടെ ഹെയ്തിയിലുണ്ടായ പട്ടാള കൈയടക്കവും. റുവാണ്ടയിലെ വംശ കലാപത്തിൽ കൊന്നൊടുക്കപ്പെട്ട നിരപരാധികളായ മനുഷ്യക്കൂട്ടങ്ങളും. ബോംബെ നഗരത്തിൽ അധോലോക നായകന്മാരുടെ അദൃശ്യകരങ്ങളിലൂടെ പൊട്ടിച്ചിതറിയ ബോംബിന്റെ വിക്രിയകളും കൂട്ടായ മനുഷ്യക്കുരുതികളുടെ കഥകളാണ്. എന്നാൽ വ്യക്തിനിഷ്ഠമായി നടക്കുന്ന അക്രമങ്ങളും. കുറ്റകൃത്യങ്ങളും തുലോം വർദ്ധിക്കുന്നതല്ലാതെ കുറയുന്നുമില്ല. അടുത്തകാലത്ത് സുപ്രീംകോടതി പ്രസിദ്ധീകരിച്ച ഇന്ത്യയിലെ കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരക്കണക്ക് ഞെട്ടിക്കുന്നതാണ്. ഇന്ത്യയുടെ നഗരങ്ങളിൽ മിനിട്ടിൽ ഒരു കൊലപാതകമോ. ഒരു പിടിച്ചുപറിയോ. ഒരു ബലാൽസംഗമോ നടന്നുകൊണ്ടിരിക്കുകയാണ്. മുൻപ് രാത്രിയുടെ അന്ത്യയാമങ്ങളായിരുന്നു ഇത്തരം വിതണ്ഡ വിക്രിയകൾക്കായി തിരഞ്ഞെടുക്കുന്ന സമയഘട്ടം. എന്നാൽ ഇപ്പോൾ പട്ടാപ്പകൽപോലും ഈ വക കൃത്യങ്ങൾ ചെയ്യുവാൻ മനുഷ്യർക്ക് മടിയില്ല എന്നും കാണപ്പെടുന്നു. മറ്റൊരു വസ്തുത സ്ത്രീധന പീഡനങ്ങളും. അതോടനുബന്ധിച്ചുള്ള ക്രൂരതകളും നിസ്സഹായരായ ഭാര്യമാരുടെ ജീവൻ പലതരത്തിൽ അവസാനിപ്പിക്കാൻ പ്രേരണ നല്കുന്നു എന്നുമുണ്ട്. അമേരിക്കയെപ്പോലുള്ള വൻ രാജ്യങ്ങളുടെ പ്രയാസം അവിടത്തെ വാർദ്ധക്യ മാതാപിതാക്കളെ പുനരധിവസിപ്പിക്കുന്ന പ്രശ്നങ്ങളാണ്. സ്വന്തം കുട്ടികളെ രക്തവും വിയർപ്പും കൊണ്ട് വളർത്തി വലുതാക്കി ജീവിത ഏണിപ്പടിയുടെ മുകളിൽ കയറ്റി വിടുന്ന മാതാപിതാക്കൾ പ്രായത്തിന്റെ സായന്തനങ്ങളിൽ എത്തുമ്പോൾ അവരെ തിരിഞ്ഞുനോക്കാൻ ആളില്ല. സ്വന്തം കുട്ടികൾപോലും. ജീവിതത്തിന്റെ പ്രകമ്പനവും മത്സരവും അത്ര ശരവേഗത്തിലാണ്. പിന്നെ മാതാപിതാക്കളെ സംരക്ഷിക്കാൻ എവിടെ സമയം.

കേരളത്തിലും ഈ വാർദ്ധക്യ മാതാപിതാക്കളെ സംരക്ഷിക്കുന്നതിൽ നാം അമേരിക്കൻ മാതൃകയിലേക്ക് താമസിയാതെ എത്തുമെന്നാണ് ഈയിടെ ഒരു വാരിക പ്രസിദ്ധീകരിച്ച ലേഖനത്തിൽ കണ്ടത്. കൂട്ടുകുടുംബ സംവിധാനം നിലനിന്നിരുന്നപ്പോൾ കുടുംബത്തിലെ അംഗങ്ങൾക്കെല്ലാം വീട്ടിൽ സംരക്ഷണത്തിന്റെ ഒരു കവചമുണ്ടായിരുന്നു. അത് ഭൂമിയുമായി ബന്ധപ്പെട്ട അല്ലെങ്കിൽ കാർഷിക സംസ്കാരത്തിൽ ഊന്നിയ ഒരു ജീവിതക്രമത്തിന്റെ പ്രതിഫലനമായിരുന്നു. കൂട്ടുകുടുംബ സംവിധാനം തകർന്നപ്പോൾ. ഭൂപരിഷ്കരണ നിയമത്തിലൂടെ ഭൂമിയുടെ ഉടമ. അവകാശബന്ധ ക്രമത്തിൽ മാറ്റങ്ങൾ വന്നപ്പോൾ കാർഷിക സംസ്കാരം ക്രമേണ നഗരസംസ്കാരത്തിനും. വ്യവസായ വാണിജ്യ സംസ്കാരത്തിനും വഴിമരുന്നിട്ടു. കേരളത്തിൽ എന്നാൽ പൂർണ്ണമായും ഒരു വ്യവസായ സംസ്കാരം ഉടലെടുത്തിട്ടുമില്ല. കാരണം അത്രയ്ക്ക് വ്യവസായങ്ങൾ നമ്മുടെ മണ്ണിൽ വേരൂന്നിയിട്ടില്ല. മറിച്ച് ഒരു ഉദ്യോഗസ്ഥ സംസ്കാരവും അതിനു വളക്കൂറുള്ള വാണിജ്യ ഉപഭോഗ സംസ്കാരവുമാണ് നമുക്ക് ഊട്ടിവളർത്തുവാൻ കഴിഞ്ഞത്. ഇതിന്റെ ഫലമായി രൂപപ്പെട്ട കൊച്ചു കുടുംബം അഥവാ സന്തുഷ്ട കുടുംബത്തിൽ പ്രായമായ മാതാപിതാക്കൾ ഒരു യോജിക്കാത്ത കണ്ണിയായി മാറ്റപ്പെട്ടു. ഉദ്യോഗസ്ഥരായ ഭാര്യയ്ക്കും ഭർത്താവിനും മാതാപിതാക്കളെ നോക്കുവാൻ എവിടെ നേരം. ഉപഭോഗ സംസ്കാരത്തിന്റെ ഐസ്ക്രീം നുണഞ്ഞുകൊണ്ട് ടി.വി.യും. വീഡിയോയും കണ്ടിരിക്കുന്ന പേരക്കുട്ടികൾക്ക് എന്തിന് മുത്തശ്ശിയുടെയും മുത്തച്ഛന്റെയും പഴംകഥകൾ.

ഉദ്യോഗസ്ഥരായ ഭാര്യയ്ക്കും ഭർത്താവിനും മാതാപിതാക്കളെ നോക്കുവാൻ എവിടെ നേരം. ഉപഭോഗ സംസ്കാരത്തിന്റെ ഐസ്ക്രീം നുണഞ്ഞുകൊണ്ട് ടി.വി. യും, വീഡിയോയും കണ്ടിരിക്കുന്ന പേരക്കുട്ടികൾക്ക് എന്തിന് മുത്തശ്ശിയുടെയും മുത്തച്ഛന്റെയും പഴംകഥകൾ.

ഗാന്ധിജി വിഭാവനം ചെയ്ത അഹിംസ പൂർണ്ണമായും തിരസ്കൃതമായിക്കൊണ്ടിരിക്കുകയാണ് ഭാരതത്തിൽ. ആംനസ്റ്റി ഇന്റർ നാഷണൽ പ്രസിദ്ധപ്പെടുത്തിയ ഒരു റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു, "പീഡനം ഇന്ന് ലോകരാഷ്ട്രങ്ങളിൽ അംഗീകരിക്കപ്പെട്ട ഒരു രാഷ്ട്രീയ അടിച്ചമർത്തൽ ഉപകരണമാണ്. ഇതിന്റെ തീവ്രത ഇന്ന് ഒരു സാംക്രമിക രോഗംപോലെ പടർന്നിരിക്കയുമാണ്. മിക്കവാറും എല്ലാ രാജ്യങ്ങളിലും കുറ്റസമ്മതം, കൃത്യത്തെക്കുറിച്ചുള്ള വിവരങ്ങൾ, എതിർപ്പ്, നിശ്ശബ്ദമാക്കൽ തുടങ്ങിയ സംഗതികൾക്കായി പീഡനം വളരെ കൃത്യനിഷ്ഠതയോടെ പാലിച്ചുവരുന്നതായി കാണുന്നുണ്ട് അതായത് ഇന്ന് പീഡനം വ്യവസ്ഥാപിതമാക്കപ്പെട്ടു എന്നു സാരം."

സാമൂഹ്യശാസ്ത്ര വീക്ഷണത്തിൽ അക്രമവും കുറ്റവാസനയും സാമൂഹ്യ അസന്തുലിതാവസ്ഥയിൽ നിന്നു ജനിക്കുന്നു എന്നാണ്: "ഓരോ കുറ്റകൃത്യത്തിനും പിന്നിൽ പട്ടിണിയാണ്" എന്ന് റൂസോ പറഞ്ഞത് ഈ വീക്ഷണം മുന്നിൽ കണ്ടുകൊണ്ടാണ്. ചരിത്രത്തിന്റെ നാഴികമണി പിന്നോട്ടുതിരിച്ച് 1945 ആഗസ്റ്റ് 6-ന് ഹിരോഷിമയിൽ എത്തുമ്പോൾ മാനവരാശി എന്നും ഞെട്ടുന്നതും. പകച്ചുനില്ക്കുന്നതുമായ ആ ചരിത്ര സംഭവത്തിന്റെ പേടകം നമുക്കു മുന്നിൽ തുറക്കപ്പെടും. അന്നേവരെ മനുഷ്യന്റെ വ്യക്തിഗത മരണമായിരുന്നു ചിന്തകന്മാരേയും. കവികളേയും അലട്ടിയിരുന്നത്. എന്നാൽ ഹിരോഷിമയിലെ ആറ്റമിക് ബോംബ് വർഷത്തിലൂടെ മനുഷ്യവർഗ്ഗത്തിന്റെ കൂട്ടായുള്ള ഉന്മൂലനം നാം യാഥാർത്ഥ്യമാകുന്നത് കണ്ടു.

മനുഷ്യരാശിയുടെ മുന്നിൽ പരിഹരിക്കപ്പെടാത്തുള്ള ഏറ്റവും വലിയ വൈരുദ്ധ്യം സാങ്കേതിക രംഗത്തുള്ള അവന്റെ കുതിച്ചുകയറ്റവും അതേതരത്തിൽ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലുള്ള അവന്റെ തികഞ്ഞ പരാജയവുമാണ്. അനന്തമായ ശൂന്യാകാശത്തുള്ള ഉപഗ്രഹങ്ങളെ നമുക്ക് ഭൂമിയിലിരുന്ന് നിയന്ത്രിക്കാം. എന്നാൽ ബോംബെയിൽ അദൃശ്യരായിരുന്ന് അക്രമങ്ങൾ കാട്ടുന്ന അധോലോക നായകന്മാരുടെ ദേഹത്ത് ഒന്നു നുള്ളാൻ കൂടി കഴിയുന്നില്ല. മനുഷ്യന് ഭൂമി വിട്ട് ചന്ദ്രനിൽ പോയി ഇറങ്ങി നടക്കാൻ പറ്റും. എന്നാൽ കാശ്മീരിലെ ഒരു റോഡിലൂടെ രാത്രിയിൽ നടക്കാൻ പറ്റില്ല എന്ന വൈരുദ്ധ്യം നമ്മെ നോക്കി പരിഹസിക്കുന്നു.

മനുഷ്യരുടെ അക്രമവാസനയെ വ്യക്തിനിഷ്ഠമായുള്ള 'മരണ ആഗ്രഹ'മെന്നാണ് ഫ്രോയ്ഡ് പറയുന്നത്. ഓരോ വ്യക്തിയിലും സ്വയം നശിക്കുവാനും മറ്റുള്ളവരെ നശിപ്പിക്കുവാനും ഉള്ള ഒരു ജന്മവാസന ഉണ്ടത്രേ. അത് അവസരം പാർത്തിരിക്കുന്ന ഒരു അക്രമിയെപ്പോലെ പെരുമാറും. നരവംശ ശാസ്ത്രകാരന്മാർ പറയുന്നത് മനുഷ്യന്റെ പരിണാമഘട്ടത്തിൽത്തന്നെ ശരീര അവയവ ഘടനയിൽ ചില പാകപ്പിഴകൾ ഉണ്ടായിട്ടുണ്ട് എന്നാണ്. അതിനുള്ള നിദാനമായി പറയുന്നത് മനുഷ്യന്റെ ഭൂതകാല ചരിത്രവും വർത്തമാനകാലഘട്ടത്തിലുള്ള തലച്ചോർ പഠനവും വ്യക്തമാക്കുന്നത് കഴിഞ്ഞ ഘട്ടങ്ങളിൽ നിന്ന് ഇന്നുള്ള വിപ്ളവകരമായ മാറ്റത്തിലേക്ക് കടന്നുവന്നപ്പോൾ മനുഷ്യ നാഡീവ്യൂഹത്തിന് കാര്യമായ തകരാറുകൾ സംഭവിച്ചിട്ടുണ്ട് എന്നാണ്. അതിനുള്ള ദൃഷ്ടാന്തങ്ങളിൽ ഒന്നായി പറയുന്നത്. വനത്തിലെ നിയമപ്രകാരം ഒരു മൃഗം അതിന്റെ ഇരയെ ആക്രമിക്കുന്നത് ഭക്ഷണത്തിനായാണ്. മാത്രമല്ല അക്രമിക്കുന്ന മൃഗവും ഇരയും രണ്ടു വർഗ്ഗത്തിലുള്ളതുമായിരിക്കും. ഒരേ വർഗ്ഗത്തിലുള്ള മൃഗങ്ങൾ തമ്മിൽ വരുന്ന വഴക്കുകളും ഏറ്റുമുട്ടലുകളും പരസ്പരം കടിച്ചുകീറി കൊല്ലുന്ന തരത്തിലായിരിക്കുകയുമല്ല. ഒന്ന് എതിരാളിക്ക് കീഴടങ്ങുകയോ. മറ്റേതിന്റെ മേധാവിത്വം അംഗീകരിക്കയോ ആവും അന്ത്യം. മനുഷ്യനിൽ മാത്രമാണ് ഇതിൽനിന്നു വ്യത്യസ്തമായി തമ്മിൽത്തമ്മിൽ ഉന്മൂലനം ചെയ്യാനും ആക്രമിച്ച് ഇല്ലാതാക്കാനും ഉള്ള പ്രവണത കാണപ്പെടുന്നത്.

മറ്റൊന്ന് മനുഷ്യന്റെതന്നെ ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ നേട്ടങ്ങളും അവ സൃഷ്ടിച്ചെടുക്കുവാനുള്ള മനുഷ്യന്റെ ധിഷണാശക്തിയും കഴിവും മറിച്ച് അവന്റെതന്നെ സാമൂഹ്യപ്രശ്നങ്ങൾ അതായത് പരസ്പരമുള്ള ബന്ധക്രമങ്ങളും. മറ്റും പരിഹരിക്കുന്നതിലുള്ള പരാജയവുമാണ്. വോൺ ബെർ തലൻഫി എന്ന നരവംശ ശാസ്ത്രജ്ഞൻ പറയുന്നത് ഇപ്രകാരമാണ്. "മനുഷ്യപുരോഗതി എന്നത് വെറും ബൗദ്ധിക രംഗത്തുള്ള മാറ്റമാണ്. മനുഷ്യ തലച്ചോറിലെ കോർട്ടക്സിൽ അനേക ലക്ഷം ന്യൂറോൺ കണികകളുള്ളതിന്റെ ഫലമാണ് ശിലായുഗത്തിൽ നിന്ന് ശൂന്യാകാശ യുഗത്തിലേക്കും ആദിയുഗത്തിലെ മിത്തുകളിൽനിന്ന് ഇരുപതാം നൂറ്റാണ്ടിലെ കാണ്ടം തിയറിയിലേക്കും മനുഷ്യൻ എത്തിയത്. എന്നാൽ മനുഷ്യനിലെ മനുഷ്യത്വം ഈ കാലഘട്ടങ്ങളിൽ ഇതേ അനുപാതത്തിലോ ഇതിന് ആപേക്ഷികമായോ വളർന്നില്ല എന്നതാണ് ഇതിന്റെ വൈരുദ്ധ്യം."

ഡോക്ടർ പോൾ ഡി മാക്‌ലിൻ എന്ന ന്യൂറോളജിസ്റ്റിന്റെ മുപ്പതു വർഷത്തെ തലച്ചോർ പരിണാമവും. പെരുമാറ്റവും എന്ന മേഖലയിലുള്ള പഠനം ചൂണ്ടിക്കാണിക്കുന്ന ചില സംഗതികൾ ഇതൊക്കെയാണ്. ഉരഗങ്ങളിൽ നിന്ന് മാമലുകളിലേക്ക് പരിണമിക്കപ്പെട്ട വർഗ്ഗം മനുഷ്യനായി മാറിയപ്പോൾ പ്രാക്തന കാലത്തിലെ ശരീരഘടനയും തലച്ചോർ ഘടനയും പരിശോധിച്ചതിൽ മനുഷ്യ മസ്തിഷ്കത്തിലെ നവ കോർട്ടക്സ് പ്രവർത്തനം ഇന്നു കാണുംതരത്തിൽ സങ്കീർണ്ണമല്ലായിരുന്നു എന്നാണ്. അതിനാൽ ആദിമനുഷ്യൻ കൂടുതലായും അവന്റെ വികാരങ്ങളിലും. സഹജവാസനയിലും പെരുമാറിയപ്പോൾ പരിണാമഘട്ടത്തിലൂടെ രൂപപ്പെട്ടുവന്ന നവ കോർട്ടക്സ് ഘടന ആധുനിക മനുഷ്യ മസ്തിഷ്കത്തിനെ ഭാഷ. യുക്തി. ചിന്താഭദ്രത എന്നിങ്ങനെയുള്ള സങ്കീർണ്ണ മേഖലകളിൽ എത്തിച്ചു. മാക്‌ലിൻ ഇപ്രകാരം ഇരുത്തിപ്പറയുന്നു "മനുഷ്യവർഗ്ഗത്തിന്റെ തലച്ചോർ പരിണാമം മൂന്നു ഘട്ടങ്ങളിലുള്ളതാണ്-ആദ്യത്തെ ഘട്ടം ഉരഗസ്വഭാവം പ്രദർശിപ്പിച്ചിരുന്നു. രണ്ടാമത്തേത് ഏറ്റവും താഴേക്കിടയിലുള്ള മാമലിന്റേതിൽ നിന്ന് ഉൾക്കൊണ്ടിട്ടുള്ളതും. മൂന്നാമത്തേത് മാമലിന്റെ അവസാന ഘട്ടത്തിലേതും ആണ്. മൂന്നാം ഘട്ടമാണ് മനുഷ്യനെ ആധുനിക മനുഷ്യനാക്കുന്ന രൂപകല്പന."


സാമൂഹ്യശാസ്ത്ര വീക്ഷണത്തിൽ അക്രമവും കുറ്റവാസനയും സാമൂഹ്യ അസന്തുലിതാവസ്ഥയിൽ നിന്നു ജനിക്കുന്നു എന്നാണ്: "ഓരോ കുറ്റകൃത്യത്തിനും പിന്നിൽ പട്ടിണിയാണ്" എന്ന് റൂസോ പറഞ്ഞത് ഈ വീക്ഷണം മുന്നിൽ കണ്ടുകൊണ്ടാണ്.

ഉരഗ സ്വഭാവവും ആദി മാമൽ സ്വഭാവവും ഉണ്ടായിരുന്ന തലച്ചോർ ഘട്ടത്തിനെ പഴയ തലച്ചോർ കാലം എന്നും നവകോർട്ടക്സ് രൂപപ്പെട്ടുവന്ന മൂന്നാം ഘട്ടത്തെ പുതിയ തലച്ചോർ കാലം എന്നും ആലങ്കാരികമായി പറയാം. തലച്ചോർ പഠനം സൂചിപ്പിക്കുന്നത് മനുഷ്യന്റെ നൂറ്റാണ്ടുകളിലൂടെയുള്ള പരിണാമം നമ്മുടെ സഹജ വാസനകളിലും. വികാരമേഖലകളിലും കാര്യമായ മാറ്റം വരുത്തിയില്ല എന്നും മറിച്ച് യുക്തിപൂർവം ചിന്തിക്കുന്നതിനും പ്രാപ്തമാക്കുന്ന കോർട്ടക്സ് ഘടനയിലാണ് പ്രകടമായ രൂപാന്തരം സംഭവിച്ചത്. അതു സൂചിപ്പിക്കുന്നത് ആദിമനുഷ്യനിലുണ്ടായിരുന്ന ജീവിത സന്തുലനാവസ്ഥ ആധുനിക മനുഷ്യന്റെ ചിന്താശക്തിക്കും യുക്തിഭദ്രതയ്ക്കും നല്കാൻ കഴിയുന്നില്ല എന്നത്രേ!

അതിനാൽ മസ്തിഷ്ക വിപ്ളവത്തിലൂടെ പരിണമിച്ച മനുഷ്യൻ പലതരത്തിൽ ആന്തരികമായി സന്തുലതയിലല്ല. അവന്റെ വികാരവിവേക. വിശ്വാസ പ്രമാണങ്ങൾ പരസ്പര വൈരുദ്ധ്യങ്ങളായി അവനെ കൂടുതൽ സങ്കീർണ്ണനാക്കുന്നു. ഒരുവശത്ത് ധിഷണതയുടെയും യുക്തിബോധത്തിന്റെയും പ്രേരണ അവനെ നയിക്കുമ്പോൾ അതേ തലത്തിൽ മറുവശത്ത് അയഥാർത്ഥവും അപ്രായോഗികവുമായ അവിവേകങ്ങൾ അവനെ പിടിച്ചുവലിക്കും.

ബൈബിളിൽ പഴയ നിയമത്തിൽ ജനസിസ് പതിനൊന്നാം വർഗ്ഗത്തിൽ ഒരു വിവരണമുണ്ട്. "അങ്ങനെ ഭൂമിയിൽ എല്ലായിടത്തും ഒരേ ഭാഷയായിരുന്നു; മനുഷ്യർ അതിനാൽ കുറച്ചു വാക്കുകളേ ഉപയോഗിച്ചിരുന്നുള്ളൂ. അവർ ഷിനാർ എന്ന സ്ഥലത്ത് ഒരു മൈതാനം കണ്ടെത്തി അവിടെ താമസിക്കാൻ ആരംഭിച്ചു. അവിടെ അവർ ചുടുകട്ട നിർമ്മിക്കാൻ തുടങ്ങി. ചുട്ടെടുത്ത കട്ട കൊണ്ടവർ വലിയ ഒരു ഗോപുരം നിർമ്മിക്കാൻ തുടങ്ങി. ലക്ഷ്യം സ്വർഗ്ഗത്തിലേക്കും. ഗോപുരം ഉയർന്നുയർന്നു പൊങ്ങി സ്വർഗ്ഗവാതിൽവരെ എത്താറായപ്പോൾ ദൈവം മുകളിൽ നിന്നു നോക്കിയിട്ടു പറഞ്ഞു. 'നോക്കൂ അവരുടെ കൂട്ടായ പ്രയത്നം. കൂട്ടായ ഭാഷ. കൂട്ടായ ചിന്ത എന്നിവകൊണ്ടു നേടിയത്. അതിനാൽ ഇന്നു മുതൽ അവരുടെ മനസ്സിന് അപ്രാപ്യമായത് ഒന്നുമുണ്ടായിരിക്കില്ല. അതുകൊണ്ട് നമുക്കവരുടെ ഭാഷയെ വിഘടിപ്പിക്കാം. എങ്കിൽ അവർക്ക് പരസ്പരം മനസ്സിലാക്കാൻ പറ്റില്ല. അങ്ങനെ നമുക്കവരെ വിഭജിതമാക്കാം."

ഇപ്രകാരം വിഭജിതരാക്കപ്പെട്ട മനുഷ്യവർഗ്ഗം ഇന്ന് ഏതൊക്കെ വിധത്തിൽ വിഘടിതനും വ്യത്യസ്തനുമായിരിക്കുന്നു. വ്യത്യസ്ത ഭാഷ. നിറം. രാജ്യം. സംസ്ഥാനം. സമുദായം. ജാതി. സംസ്കാരം എന്നിങ്ങനെ വൈവിദ്ധ്യങ്ങൾ അവനെ പരസ്പരം അന്യനാക്കയും സങ്കീർണ്ണനാക്കയും മാത്രം. ഓരോ മനുഷ്യനും അങ്ങനെ തലയിൽ ചുടുകട്ടയുമേന്തി ബാബേൽ ഗോപുരം നിർമ്മിക്കുന്നതിനായി കടന്നുപോകയാണ്. ഒരിക്കലും സഫലമാകാത്ത പ്രതീക്ഷയുമായി.



രാജൻ വി.പൊഴിയൂർ

ലാവണ്യത്തിന്റെ ലാസ്യത



സ്വച്ഛവും പ്രസന്നവുമായ ഒരു തടാകമാണ് വള്ളത്തോളിന്റെ ഹൃദയമെന്ന് കൈരളി പണ്ടേ കണ്ടെത്തി. ആ തടാകത്തിൽ കുഞ്ഞലകൾ മന്ദമന്ദം ആടിക്കൊണ്ടിരിക്കുന്നു. ഉത്താള തരംഗങ്ങൾ അടിച്ചുയരുന്നില്ല. ഇവയൊക്കെ മനസ്സിൽ ഉറപ്പിച്ചുകൊണ്ടാകണം 'ലളിത വികാരങ്ങളുടെ രാജശില്പി' എന്ന് പ്രൊഫ.എം.കെ.സാനു വള്ളത്തോൾ മഹാകവിയെ വിശേഷിപ്പിച്ചത്. 'ലാവണ്യത്തിന്റെ ലാസ്യത മലയാളക്കവിതയിൽ അനുഭവവേദ്യമാക്കിത്തീർക്കാൻ വള്ളത്തോളിനെപ്പോലെ മറ്റാർക്കും കഴിഞ്ഞില്ല.'

മൂന്നു ദിവസമായി തിരുവനന്തപുരത്ത് കാർത്തിക തിരുനാൾ തിയേറ്ററിൽ നടന്ന ഇക്കൊല്ലത്തെ വള്ളത്തോൾ സാഹിതീയോത്സവത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു പ്രൊഫ.സാനു.



മുഖ്യമന്ത്രിയിൽ നിന്നും ശ്രീ എം.പി. അപ്പൻ ഉപഹാരം ഏറ്റുവാങ്ങുന്നു

പ്രസാദമധുരമായ കവിതയാൽ മലയാളത്തിന് മുഖസൗന്ദര്യം വർദ്ധിപ്പിച്ച മഹാകവി എം.പി. അപ്പന് വള്ളത്തോൾ പുരസ്കാരം സമ്മാനിച്ചുകൊണ്ട് 'സന്ധ്യാപ്രണാമ'ത്തോടെയാണ് സാഹിതീയോത്സവം സമാരംഭിച്ചത്. പുരസ്കാരം നൽകിയത് മുഖ്യമന്ത്രി എ.കെ.ആന്റണിയായിരുന്നു. ഒരു ലക്ഷത്തി പതിനോരായിരത്തി ഒരുന്നൂറ്റി പതിനൊന്നു രൂപയും ശില്പവുമടങ്ങുന്നതാണ് വള്ളത്തോൾ സമ്മാനം. എൺപത്തിരണ്ടുകഴിഞ്ഞ എം.പി. അപ്പന്റെ ഇതഃപര്യന്തമുള്ള സാഹിത്യസേവനത്തിന് കൈവന്ന സാഫല്യമായിരുന്നു ഈ വലിയ സമ്മാനം. 'വാഗ്ദേവതയുടെ പുരുഷാവതാര'മായ മഹാകവി വള്ളത്തോളിന്റെ രചനാഗുണ പരിമളങ്ങൾ ഒന്നൊന്നായി വെളിപ്പെടുത്തുന്നതായിരുന്നു വള്ളത്തോൾ സാഹിത്യ സമിതി അധ്യക്ഷൻ കൂടിയായ ആർ. രാമചന്ദ്രൻ നായരുടെ പ്രഭാഷണം.

ഒമർഖയ്യാമിന്റെ 'റുബായിയാത്ത്' എം.പി.അപ്പൻ 'ജീവിതോത്സവ'മായി പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കെ.എം.പണിക്കർക്കൊന്നല്ല-ജി.ശങ്കരക്കുറുപ്പിനുപോലും ഈ പരിഭാഷകന്റെ അടുത്തെത്താൻ കഴിഞ്ഞില്ലെന്ന് വള്ളത്തോൾ തന്നെ സാക്ഷ്യപ്പെടുത്തിയ കാര്യവും സമ്മേളനത്തിൽ അനുസ്മരിക്കപ്പെട്ടു. ഡോ.കവടിയാർ രാമചന്ദ്രൻ പ്രശസ്തിപത്ര സമർപ്പണം നടത്തി. അഭിവന്ദ്യ ഗുരുനാഥനായ അപ്പൻസാറിന് സ്മരണോപഹാരം നൽകി എം.എം.ഹസ്സൻ എം.എൽ.എ ആദരിച്ചു. വള്ളത്തോളിന്റെയും അപ്പന്റെയും കാവ്യസരണിയിലെ സമാനതകളെ സ്പർശിച്ചുകൊണ്ടാണ് പ്രൊഫ.കെ.എസ്.നാരായണപിള്ള മുഖ്യ പ്രഭാഷണം നടത്തിയത്.

രണ്ടാം ദിവസവും മൂന്നാം ദിവസവും ഉച്ചയ്ക്കു മുമ്പ് സംവാദങ്ങളും ഉച്ചകഴിഞ്ഞ് കവിസമ്മേളനം, വള്ളത്തോൾ കാവ്യാലാപനം എന്നിവയും നടന്നു. 'അഭിബദ്ധത സാഹിത്യജീവിതത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയിൽ ഡോ.പ്രബോധചന്ദ്രൻ, പ്രൊഫ.മാത്യു ഉലകംതറ, പെരുമ്പടവം ശ്രീധരൻ, ഡോ.എസ്.കെ. വസന്തൻ, വിളക്കുടി രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു. എഴുത്തുകാർ സമൂഹത്തോട് കടപ്പാടില്ലാതിരിക്കുക വയ്യെന്ന നിലപാടിലായിരുന്നു എല്ലാവരും.

കവിസമ്മേളനം തിരുനല്ലൂർ കരുണാകരൻ ഉദ്ഘാടനം ചെയ്തു. നീലമ്പേരൂർ മധുസൂദനൻ നായർ, പി.നാരായണക്കുറുപ്പ്, ഏഴാച്ചേരി രാമചന്ദ്രൻ, കിളിമാനൂർ രമാകാന്തൻ, പെരുമ്പുഴ ഗോപാലകൃഷ്ണൻ, കവടിയാർ രാമചന്ദ്രൻ, ഗിരീഷ് പുലിയൂർ, രാജൻ വി.പൊഴിയൂർ, ടി.എസ്.പൊന്നമ്മ, ലതികാ നായർ എന്നിവർ സ്വന്തം കവിതകൾ അവതരിപ്പിച്ചു.

മലയാള നാടക സാഹിത്യത്തെക്കുറിച്ചു നടന്ന ചർച്ചയാണ് സർഗ സംവാദത്തിലെ [illegible]ത്. ആധുനിക പരീക്ഷണ നാടകങ്ങൾക്കു നേരെ ശരങ്ങൾ തൊടുത്തുകൊണ്ടാണ് ടി.എൻ. ഗോപിനാഥൻ നായർ ചർച്ച തുടങ്ങിയത്. കലയുടെ വളർച്ചയ്ക്ക് പതിവുകൾ തെറ്റിക്കണമെന്ന നിലപാടിൽത്തന്നെ കാവാലം നാരായണപ്പണിക്കർ ഉറച്ചുനിന്നു. ജനങ്ങൾ സ്വീകരിക്കുന്നതാകണം പരീക്ഷണങ്ങൾ എന്ന പക്ഷത്തു നിന്നുകൊണ്ട് പി.കെ. വേണുക്കുട്ടൻ നായരും പിരപ്പൻകോട് മുരളിയും കടവൂർ ജി.ചന്ദ്രൻപിള്ളയും സംസാരിച്ചു. സാർത്ഥകമായ ഒരു നാടകചർച്ചയാണ് അന്നു നടന്നത്.

രണ്ടാം ദിവസം ശ്രദ്ധേയമായിരുന്നു വള്ളത്തോൾ സാഹിത്യ സമ്മേളനം. പ്രൊഫ. എസ്. ഗുപ്തൻനായർ, ഡോ.കെ.[illegible], പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ, പ്രൊഫ. [illegible] എന്നിവർ വള്ളത്തോളിന്റെ വ്യക്തിസത്തയിലേക്കും കാവ്യസത്തയിലേക്കും ഊളിയിട്ടിറങ്ങി. ഡോ.[illegible] എടുത്തുപറഞ്ഞ മഹാകവിയുടെ ബഹുമുഖ വ്യക്തിത്വത്തെത്തന്നെയാണ് സമാപനത്തിൽ സാനുമാഷ് അപഗ്രഥിച്ചത്. കുശാഗ്രബുദ്ധിയായ വിമർശകൻ, പരിഭാഷകൻ, കലാപരിപോഷകൻ, ദേശാഭിമാനി, മധുരോദാരഭാവങ്ങളുടെ ആവിഷ്കർത്താവ് എന്നീ നിലകളിലുള്ള വള്ളത്തോളിന്റെ വ്യക്തിപ്രഭാവങ്ങളോരോന്നും വിശകലനം ചെയ്യപ്പെട്ടു.

മലയാളത്തനിമയെ മതേതരബുദ്ധിയോടെ സമീപിക്കുന്ന ചില ആധുനിക കവികൾ വള്ളത്തോളിന്റെ മലയാളത്തനിമ ഉൾക്കൊള്ളണമെന്ന അനുശാസനത്തോടെയാണ് സാനുമാഷ് പ്രഭാഷണത്തിന് വിരാമമിട്ടത്. ഉമേഷ് നമ്പ്യാരുടെ 'കൈരളീപ്രണാമ'ത്തോടെ സമാരംഭിച്ച സമാപന സമ്മേളനത്തിന് പി.എൻ.കൃഷ്ണപിള്ളയുടെ നന്ദിപ്രകാശനത്തോടെ തിരശ്ശീല വീണു.



സുബ്രഹ്മണ്യദാസ്

സംസ്കാരത്തിന്റെ മഹാപ്രതീകം



ബാലാമണിയമ്മ

ഒരായുസ്സിൽ മലയാള സാഹിത്യത്തിന് സമർപ്പിച്ച കാവ്യസംഭാവനയ്ക്കുള്ള ഉപഹാരമാണ് ഇത്തവണ മലയാളത്തിന്റെ എഴുത്തമ്മ ബാലാമണിയമ്മയ്ക്കു ലഭിച്ച എഴുത്തച്ഛൻ പുരസ്കാരം.

പച്ചനാക്കിലവച്ചപോലെയുള്ള കേരളമണ്ണിൽ നിന്നാണ് ശ്രീരാമൻ ഭക്തിയുടെയും ആദർശത്തിന്റെയും അവതാരപുരുഷനായുയർന്നത്. വാല്മീകി പോലും ശ്രീരാമനെ വെറുമൊരു മനുഷ്യനായി ചിത്രീകരിച്ചപ്പോൾ എഴുത്തച്ഛൻ അദ്ധ്യാത്മകതയുടെ പ്രതീകമാക്കി ആവിഷ്ക്കരിക്കുകയാണു ചെയ്തത്. "ഞാനൊഴിഞ്ഞുണ്ടോരാമനി ത്രിഭുവനത്തിങ്കൽ" എന്ന് ഭാർഗ്ഗവരാമനെക്കൊണ്ട് ചോദിക്കുന്ന പൗരുഷഭാവം തന്നെ ആർഷഭാരത സംസ്കാരത്തിൽനിന്ന് സ്വാംശീകരിച്ചെടുത്തതിന്റെ ഫലശ്രുതിയാണ്. തായ്‌വഴി എഴുത്തച്ഛന്റേതാണെങ്കിലും ആരും തീണ്ടാത്ത, താണ്ടാത്ത വൈരുദ്ധ്യാത്മകത നിറഞ്ഞ ഒരു വഴിയാണ് ബാലാമണിയമ്മ ഉൾക്കൊണ്ടത്. ഈ വൈരുദ്ധ്യാത്മകതയാണ് ബാലാമണിയമ്മയെ മലയാളത്തിന്റെ എഴുത്തമ്മയാക്കിയത്.

ബാലാമണിയമ്മയെ ഭാരതീയ പൈതൃകവും തത്ത്വചിന്തയും അകമ്പടി സേവിക്കുന്നുണ്ടെങ്കിലും സ്വന്തം ജീവിതത്തിന്റെ അനുഭവ ഭൂമികയിൽ നിന്നാണ് കാവ്യമുത്തുകൾ വിളയുന്നത്. മലയാളത്തിന്റെ തായ്നദിയായ എഴുത്തച്ഛനിൽ നിന്നുള്ള വരദാനം. എഴുത്തച്ഛൻ പുരസ്കാരം ആ കാവ്യസംസ്കാരത്തിന്റെ ഈ കണ്ണിയായ എഴുത്തമ്മയ്ക്ക് വന്നുചേർന്നത് സഹൃദയരുടെ സുകൃതമാണ്.

സമകാലീന ജീവിതത്തിൽ സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് പൊങ്ങച്ചം പറഞ്ഞുകൊണ്ടിരിക്കുന്ന സൊസൈറ്റിലേഡികൾക്കുള്ള ഒരു മുന്നറിയിപ്പാണ് ഇവരുടെ കാവ്യകൃതികൾ. വൈവിധ്യം നിറഞ്ഞ ഭാവഭൂമികകളിലൂടെയാണ് ഭാവന നിറഞ്ഞൊഴുകുന്നത്. പൂക്കളും, പുഞ്ചിരിയും, തേനും, മഴയും, നിഷ്കളങ്ക സ്നേഹവും ലയിച്ചുചേരുന്ന ഒരു പ്രകൃതിയാണിവരുടെ മനസ്സ്.

ഇന്നേവരെ ലോകം സമാർജ്ജിച്ചെടുത്ത സംസ്കാരത്തിന്റെ സത്ത ആവാഹിച്ചെടുത്ത ഒരു കുടുംബമാണ് നാലപ്പാട്ട് കുടുംബം. ഈ പൈതൃകം ഇറങ്ങിച്ചെല്ലുന്നതോ ഭാരതീയ സംസ്കൃതിയുടെ അഗാധതയിലേക്കാണ്. ഭാരതീയ ആത്മീയതയിലൂന്നിനിന്ന് ലോകത്തെ സമഗ്രമായി ദർശിക്കുന്ന മാനവികത ഇവരുടെ കാവ്യത്തിന്റെ അന്തർധാരയാണ്.

ആകാശത്തിന്റെ നീലിമയിലേക്ക് ഉണർന്നുപറക്കാനുള്ള ശ്രമത്തിൽ കുഴഞ്ഞ് താഴേക്കു പാറുന്ന പക്ഷിയെക്കുറിച്ചുള്ള ദുഃഖവും ദുരിതവുമാണ് അവരുടെ കാവ്യത്തിന്റെ കാതൽ.

"ഭൂവാളും കിരാതത്വം
മുറിവേല്പിക്കുന്നോരോ
ജീവാണു പോലും നോവു-
മെൻ നെഞ്ചിൽപ്പിടയ്ക്കവേ
മാനവൻ പറന്നേറും
മഹിമാവിനെയല്ലാ
താണുപോം ചിറകിനെ-"
ക്കുറിച്ചാണിവർ പാടിപ്പോകുന്നത്.

കൊലയോ, കൊള്ളിവയ്പോ, ക്രോധമോ, ക്രൗര്യമോ അല്ല മനുഷ്യനെ നിലനിർത്തുന്നത്. സ്നേഹത്തിലൂടെയുള്ള ആത്മീയ ദർശനമാണു വേണ്ടതെന്നാണ് കവയിത്രിയുടെ അഭിമതം. രക്തബന്ധത്തിന്റെ അവസ്ഥകളെപ്പോലും മറികടന്ന് ധർമ്മത്തെ കാത്തുസംരക്ഷിക്കുന്ന വിഭീഷണൻ ഒറ്റപ്പെട്ടുപോകുന്നുവെങ്കിലും ആ ഒറ്റപ്പെടലാണ് അവരുടെ സ്വത്വം. കാലദേശഭാഷകളെ അതിജീവിക്കുന്ന പൊരുളാണ് ഇവരുടെ മൗലികത. ധർമ്മനീതിക്കനുരോധമായിത്തീർന്ന സംസ്കൃതിയുടെ ശക്തിസൗന്ദര്യമാണിത്.

സ്നേഹത്തിന്റെയും മാതൃത്വത്തിന്റെയും ഈശ്വരചൈതന്യത്തിന്റെയും ദേശഭക്തിയുടെയും സംഗമപ്രകൃതി. മനുഷ്യരിൽ നിന്ന് നന്മ വറ്റാതിരിക്കാനുള്ള പ്രാർത്ഥനയായ്, കരുണയുടെ ഉറവയായ്, സത്യമായ്, ധർമ്മമായ് ഈ എഴുത്തമ്മ ഇപ്പോഴും മേവുന്നു.

മാതൃത്വത്തിന്റെ മാത്രമല്ല സ്ത്രീയുടെ വിവിധ വൈകാരിക തലങ്ങളും ദുഃഖവും ദുരിതവും കനവും കനലും സമർത്ഥമായും സാർത്ഥകമായും ഉപയോഗിച്ചതാണ് ഈ അമ്മയുടെ വിജയം. ആരും പരീക്ഷിച്ചറിയാത്ത ആവിഷ്ക്കാരം. മലയാളത്തിന്റെ ചൂടും ചൂരുമുള്ള ബിംബപ്രതീകങ്ങൾ. സമചിത്തതയും ആർജ്ജവവും ഓജസ്സും നിറഞ്ഞൊഴുകുന്ന ഒരു തായ്നദി. മലയാളത്തിന്റെ എക്കാലത്തെയും അമ്മ എഴുത്തമ്മ.

ജീവിതത്തിന്റെ സായാഹ്ന
വേളയിൽ മൗലിയിലണിയാൻ ഒരു പൊൻതൂവലും
കൂടിയായ് എഴുത്തച്ഛൻ പുരസ്കാരം.
ആശംസകൾ നേരാൻ മനസ്സിൽ കയറിവന്നത് അമ്മയുടെതന്നെ വരവരികളാണ്.

"അന്തരാത്മാവിൽത്താൻ വിശ്വാസമുൾക്കൊണ്ടു
സന്തതം മുന്നോട്ടുപോവുക നീ!
എന്നെന്നും സത്യപ്രകാശം സ്ഫുരിക്കട്ടെ
നിന്നുടെയോരോരോ കാൽവയ്പിലും."



ഉണ്ണികൃഷ്ണൻ

മാധുരിദീക്ഷിത്തിന് സ്നേഹപൂർവ്വം....

കാഠ്മണ്ഡുവിലെ മഞ്ഞുമലകളുടെ പനോരമിക് സൗന്ദര്യത്തിൽ നിന്നുകൊണ്ട് തന്റെ അണിവയർ ചലിപ്പിച്ച് 'ദം മാരോ ദം' എന്ന പാട്ടിനൊപ്പം നൃത്തം ചെയ്ത സീനത്ത് അമൻ ഒരു തലമുറയെ മുഴുവൻ ഡാൻസ് ഫ്ളോറിലേക്കു നയിച്ചെന്നുപറഞ്ഞാൽ അത് അസത്യമാവില്ല. 'സപ്നോം കാ സൗദാഗറിൽ' രാജ് കപൂറിനൊപ്പം അരങ്ങേറി ആരും ശ്രദ്ധിക്കാതെ പോയ ഹേമമാലിനിയെ, ഡെമിസ് റൂസ്സോയുടെ ട്യൂൺ മോഷ്ടിച്ച് രമേഷ്സിപ്പിയുടെ ഷോലേയ്ക്കുവേണ്ടി ആർ.ഡി.ബർമ്മൻ സംഗീതം കൊടുത്ത 'മെഹബൂബാ മെഹബൂബാ' രക്ഷപ്പെടുത്തിയത് ഹിന്ദിസിനിമയുടെ ചരിത്രം. 'അപൂ കാ സൻസാറിൽ' നിന്നും ബോളിവുഡിന്റെ കമേഴ്സ്യൽ സ്ക്രീനിൽ ബംഗാളി സൗന്ദര്യവുമായി പടർന്നുകയറിയ ഷർമ്മിളാ ടാഗോർ. രാജേഷ്ഖന്ന എന്ന റൊമാന്റിക് ഹീറോയുമായി 'രൂപ് തേരാ മസ്താനാ' എന്ന പാട്ടിനൊപ്പം ചുവടുവച്ചപ്പോൾ അവർ ഇന്ത്യൻ യുവാക്കളുടെ ഹൃദയമിടിപ്പായി. റോക്ക് എൻ റോളിൽ നിന്നും ഡിസ്കോയിലേക്കു നൃത്തസങ്കല്പം മാറിയത് 'ജുമ്മാ ചുമ്മാ ലേ ലേ' എന്ന അമിതാഭ് ബച്ചൻ ഹിറ്റോടെയായിരുന്നെങ്കിൽ. അന്ന് ഇന്ത്യൻ യുവത്വം അമിതാഭ് എലഗൻസിന്റെ ഫോട്ടോകോപ്പികളുമായിരുന്നു. നൃത്തവും പാട്ടുംകൊണ്ട് വെള്ളിത്തിര കീഴടക്കിയവരുടെ ചരിത്രം ഇങ്ങനെ [illegible] അതൊടുവിൽ മാധുരിദീക്ഷിതിൽ വന്നുനിൽക്കും.

ഹിന്ദിസിനിമയിലെ കിംഗ്മേക്കർ സുഭാഷ്ഘായിയുടെ കണ്ടെത്തലായി ബോളിവുഡിൽ ചേക്കേറിയ മാധുരിദീക്ഷിത് ആദ്യഘട്ടത്തിൽ ബോക്സോഫീസിലെ ബിഗ് ഫ്ളോപ്പായിരുന്നെങ്കിൽ. ആ പരാജയം പ്രതാപപൂർണ്ണമായ വിജയത്തിന്റെ സൂചനതന്നെയായിരുന്നു. 'തേസാബ്' എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിലെ 'ഏക് ദോ തീൻ' നമ്പർ (ബീറ്റിൽസ് മുതൽ എമിലി ബ്രോണ്ടിയും മഡോണയും വരെ, റീമോ ഫർണാണ്ടസ് മുതൽ അലീഷായും ഷാരോൺ പ്രഭാകറും വരെ ഇപ്പോൾ 'നമ്പർ' ആണല്ലോ!) നമുക്കു മുന്നിൽ അവതരിപ്പിച്ചത് ഇന്ത്യ കീഴടക്കാൻപോന്ന ഒരു നായികയെയാണ്- മാധുരിദീക്ഷിത്. ലക്ഷ്മീകാന്ത് പ്യാരേലാൽ സംഗീതം നൽകി ബോളിവുഡിലെ നൃത്താദ്ഭുതം



മാധുരി ദീക്ഷിത്



'യു ആർ നോട്ട് എലോൺ'

സരോജ്ഖാൻ കോറിയോഗ്രാഫി ചെയ്ത 'ഏക് ദോ തീൻ' നമ്പറുമായി മാധുരിദീക്ഷിത് ഇന്ത്യാക്കാരന്റെ മനസ്സിൽക്കേറി കുടിപാർത്തു തുടങ്ങുമ്പോൾ വരുന്നു സുഭാഷ്ഘായിയുടെ അടുത്ത ഹിറ്റ്-ഖൽനായക്. സഞ്ജയ്ദത്ത് എന്ന ആന്റി ഹീറോയുടെ മുന്നിൽ രാജസ്ഥാനി ദുപ്പട്ട കൊണ്ട് മുഖവും മാറും മറച്ച് നൃത്തം ചെയ്യുമ്പോൾ മാധുരി തന്റെ അരക്കെട്ടിൽ അക്ഷരാർത്ഥത്തിൽ കുടുക്കിയിട്ടത് ഇന്ത്യൻസിനിമയെത്തന്നെയായിരുന്നു. 'ചോളി കേ പീച്ചേ ക്യാ ഹേ' എന്ന അസഭ്യ ഗാനം ഇളിഭ്യരായി പാടിനടക്കാൻ നാം പരിശീലിച്ചതും അപ്പോഴാണ്.

ആവാരായിലും ബർസാത്തിലും രാത് ഓർ ദിനിലുമായി രാജ്യം കീഴടക്കിയ നർഗീസ് മദ്രാസ് മുതൽ മോസ്കോ വരെ ആരാധകരെ സൃഷ്ടിച്ചു മടങ്ങുമ്പോൾ 'മദർ ഇന്ത്യ'യിൽ തന്റെ മകനായി അഭിനയിച്ച സുനിൽദത്തിനേയും കൂടെക്കൊണ്ടുപോയി. ധാരാസിംഗിന്റെ സ്റ്റണ്ടു പടങ്ങളിൽ തുടങ്ങി രാജേഷ് ഖന്നയുടെ പ്രണയ ജോടിവരെയായി ഉയർന്ന മുംതാസ് കോടീശ്വരനായ മയൂർ മാധ്വാണിയെ വിവാഹം ചെയ്ത് കുടുംബിനിയായി. ക്രിക്കറ്റ് കളിയിൽ കണ്ണു നഷ്ടപ്പെട്ട മൻസൂർ അലിഖാൻ പട്ടോഡി ജീവിതത്തിൽ ഷർമ്മിളാടാഗോറിനെ ക്ലീൻ ബൗൾ ചെയ്തതോടെ സിനിമാഭിനയത്തിൽനിന്നും ഗ്വാളിയർ തുണിമില്ലിന്റെ മോഡലായി ഷർമ്മിള ഉയരുകയോ താഴുകയോ ചെയ്തു. സഞ്ജീവ് കുമാറുമായും പിന്നീട് ജിതേന്ദ്രയുമായും കാലക്ഷേപം ചെയ്ത് ഒടുവിൽ ധർമ്മേന്ദ്രയുടെ രണ്ടാം ഭാര്യയും രണ്ടുകുട്ടികളുടെ അമ്മയുമായതോടെ ഹേമമാലിനി ഡൽഹിക്കു തീവണ്ടി കയറി. 'രൂപ് കി റാണി, ചോരോം കി രാജാ' ബോക്സോഫീസിൽ ആറുനിലയിൽ പൊട്ടിയ

തോടെ ശ്രീദേവി മദിരാശിക്ക് ടിക്കറ്റ് റിസർവ്വ് ചെയ്തു. ഇപ്പോൾ ബോളിവുഡ്ഡിൽ ഒറ്റ നായികയേയുള്ളു. മാധുരി ദീക്ഷിത് എന്ന സിൽവർ സുന്ദരി. ആരെങ്കിലും "ലേഡി അമിതാഭ് ബച്ചൻ" എന്നു വിളിച്ചാൽ പ്രത്യക്ഷത്തിൽ പ്ര[illegible]ത്തെ നിരുത്സാഹപ്പെടുത്തുമെങ്കിലും അതൊരു നല്ല വിളിപ്പേരാണെന്ന് മാധുരിക്കറിയാം.

സൂരജ് ബർജത്യാ സംവിധാനം ചെയ്ത 'ഹം ആപ് കേ ഹേ കോൻ' എന്ന ഹിന്ദിചിത്രം ഇന്ത്യൻ സിനിമയുടെ ചരിത്രത്തിൽ റിക്കോർഡ് കളക്ഷനോടെ ഇതിഹാസം സൃഷ്ടിച്ചപ്പോൾ മാധുരിദീക്ഷിത് ഇന്ത്യൻ എലിസബത് ടെയ്ലറായിരിക്കുന്നു. മാധുരിയും സൽമാൻഖാനും അഭിനയിച്ച 'ഹം ആപ് കേ ഹേ കോൻ' കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സിനിമാശാലകളിൽ നിറഞ്ഞ സദസ്സിൽ പ്രദർശനം തുടരുകയാണ്. എലിസബത് ടെയ്ലറാവാൻ മാധുരി ഏതായാലും ഒരുപാടു വിവാഹങ്ങൾ കഴിച്ചിട്ടില്ല, ചന്ദ്രസ്വാമിയുടെ ശിഷ്യയുമല്ല. പക്ഷെ ഒരു ഫ്രഞ്ച് കമ്പനി മാധുരിയുടെ പേര് ഒരു പെർഫ്യൂമിന് വിലയ്ക്കെടുത്തിരിക്കുന്നു. ഈ കമ്പനിയുടെ എല്ലാ ബ്യൂട്ടി പ്രോഡക്ട്സിനും ഇനിമുതൽ മാധുരിദീക്ഷിതിന്റെ പേരായിരിക്കും ടൈറ്റിൽ. ലിസയ്ക്കും മൺറോയ്ക്കും ശേഷം ഒരു മാധുരിദീക്ഷിത് പെർഫ്യൂമുണ്ടാകുന്നത് പമേല ബോർഡസിനേയും സുസ്മിതാ സെന്നേയും പോലെതന്നെ അന്താരാഷ്ട്ര വിപണിയിൽ നമുക്കുയർത്തിക്കാട്ടാവുന്ന ആഭരണമായിരിക്കുമെന്നതിൽ അഭിമാനിക്കാം. ടോപ്പിലെത്താൽ ടോപ്ലസ്സായി അഭിനയിക്കുന്ന മമതാകുൽക്കർണി മുതലുള്ള ഹിന്ദി നടിമാർക്കിടയിൽ അത്രയൊന്നും ഉടുതുണിയഴിക്കാത്ത മാധുരിയുടെ മാഗ്നറ്റിക് പവർ അടുത്തിടെ മഹേഷ്ഭട്ട് വിശദീകരിച്ചത് ഇങ്ങനെ: "മാധുരിക്ക് നിഷ്കളങ്കമായ ഒരു മുഖമാണുള്ളത്. ഒപ്പം അവരുടെ ശരീരത്തിന് ലൈംഗികമായ വശ്യത കൂടുതലുമാണ്. ഈ സവിശേഷ സങ്കലനമാണ് മാധുരിക്ക് ആരാധകരെ നേടിക്കൊടുക്കുന്നത്."



മാധുരിദീക്ഷിത്

ഇന്ത്യയിലെമ്പാടുമുള്ള മാധുരീ ആരാധകരിൽ ആദ്യത്തെ ആൾ ആരാണ്? മഖ്ബൂൽ ഫിദാ ഹുസൈൻ-ഇന്ത്യയിലെ ഏറ്റവും ഉന്നതനായ ചിത്രകാരൻ, ഇന്ത്യൻ പിക്കാസോ എന്ന് ഉപചാരപൂർവ്വം നാം വിളിക്കുന്ന ആർട്ടിസ്റ്റ് ജീനിയസ്, ഇന്ത്യയിലെ ഏറ്റവും വലിയ ഷോമാൻ. 'ഇന്ത്യൻ സ്ത്രീത്വത്തിന്റെ പ്രതീകം' എന്നാണ് ഹുസൈൻ മാധുരിയെ വിശേഷിപ്പിച്ചത്. മാധുരിയെ രൂപകമാക്കി ഒരു പെയിന്റിങ് സീരീസുതന്നെ ഹുസൈൻ ആസൂത്രണം ചെയ്തിരിക്കുന്നു. മദർ തെരേസയ്ക്കും ഹനുമാൻ സീരീസിനും ശേഷം ചിത്രചക്രവർത്തിയുടെ അനശ്വരമായ ബ്രഷ് അനന്തമായ കാൻവാസിൽ സൃഷ്ടിക്കാൻ പോകുന്നത് മാധുരിയുടെ രൂപങ്ങളായിരിക്കും. പത്രങ്ങളുടെ ഒന്നാം പേജിന് സെൻസേഷണൽ വാർത്ത നൽകുന്നതിൽ എന്നും മുൻനിന്നിട്ടുള്ള ഹുസൈന്റെ ഷോയാണ് ഇതെന്നു കരുതുന്നെങ്കിൽ നമുക്കു തെറ്റി. ബോംബെയിൽ ചെറുപ്പകാലത്ത് ഹുസൈൻ ചായ കുടിച്ചിരുന്ന അമ്മുറിക്കട പെയിന്റ് ചെയ്യാൻ ഹുസൈൻ തന്നെ ബ്രഷെടുക്കുന്നത് ഷോ. കപിൽദേവിന്റെ ഭാര്യ റോമി എഡിറ്റു ചെയ്ത 'കപിൽദേവ്-ട്രയംഫ് ഓഫ് ദ സ്പിരിറ്റ്' എന്ന പുസ്തകത്തിന്റെ ആദ്യപ്രതി അമിതാഭ്ബച്ചനു നൽകി പ്രകാശനം നിർവഹിക്കാൻ എം.എഫ്.ഹുസൈൻ വേണമെന്നത് ഹുസൈന്റെ താരപ്രഭ. ന്യൂയോർക്കിലെ സോത്ബീസിന്റെ ഗ്യാലറിയിൽ ഇന്ത്യൻ ചിത്രങ്ങളുടെ പ്രദർശനത്തിൽ നാലുകോടി രൂപ ഹുസൈന്റെ ചിത്രങ്ങൾ മാത്രം നേടിയെടുത്തു എന്നത് അദ്ദേഹത്തിന്റെ അന്താരാഷ്ട്ര മൂല്യം. ഡൽഹിയിലെ മെട്രോ ക്ളബുകളിൽ അമ്പാസഡർ ഷൂവിന്റെ തിളക്കമില്ലാതെ നഗ്നപാദനായി നടന്നു കയറുന്ന ഹുസൈൻ ഒപ്പം [illegible] പൊങ്ങച്ചത്തിന് നല്ലൊരു ചോദ്യചിഹ്നമാണ്. പക്ഷെ മാധുരി സീരീസിന് ഹുസൈൻ വളരെയേറെ പ്രാധാന്യം നൽകുന്നു.

തിരുവനന്തപുരത്ത് ഒക്ടോബർ ഒന്നാം തീയതി ആരംഭിച്ച സൂര്യാനൃത്ത സംഗീതോത്സവത്തിൽ യേശുദാസിന്റെ സംഗീതത്തിനൊപ്പം ചിത്രം വരയ്ക്കാനെത്തിയ എം.എഫ്. ഹുസൈനുമായി ഈ ലേഖകൻ സംസാരിക്കുകയുണ്ടായി. തെരുവിലെ [illegible] ചിത്രകാരനിൽ നിന്നും ഇന്ത്യൻ ചിത്രകലയിലെ വജ്രനക്ഷത്രമായി ഉയർന്ന ഹുസൈന്റെ ജീവിതം കലാകൗമുദി വിശദമായി മുൻപ് അവതരിപ്പിച്ചിട്ടുണ്ട്. ('ഹൃദയത്തിൽ ഹരിചന്ദനമെഴുതിയ ഒരാൾ'-ശ്രീ. വിജു വി.നായർ) അതുകൊണ്ട് മാധുരിദീക്ഷിത്-എം.എഫ്.ഹുസൈൻ എന്ന പുതിയ എപ്പിസോഡായിരുന്നു സംസാരവിഷയം. ഹുസൈനുമായി നടത്തിയ സംഭാഷണത്തിന്റെ പ്രസക്തഭാഗങ്ങൾ ഇപ്രകാരം:-



എം.എഫ്. ഹുസൈൻ

മദർ തെരേസയ്ക്കും ഹനുമാൻ സീരീസിനും ശേഷം ചിത്രചക്രവർത്തിയായ എം.എഫ്. ഹുസൈന്റെ അനശ്വരമായ ബ്രഷ് കാൻവാസിൽ സൃഷ്ടിക്കാൻ പോകുന്നത് മാധുരിയുടെ രൂപങ്ങളായിരിക്കും.

ചോദ്യം: മാധുരിദീക്ഷിതിനെക്കുറിച്ച് വലിയ പ്രഖ്യാപനങ്ങളാണ് താങ്കൾ നടത്തുന്നത്. അതെന്തുകൊണ്ടാണ്?

ഉത്തരം: ഒരു വൃദ്ധനായ മനുഷ്യൻ മാധുരിയെ ഇഷ്ടപ്പെടുന്നു എന്നുപറയുമ്പോൾ നിങ്ങൾ മനസ്സിലാക്കേണ്ടത് അയാൾ വ്യത്യസ്തമായ എന്തോ



'ദ ബ്രൈഡ് ഇൻ വെയിറ്റിംഗ്'

സിനിമകൾ ഞാൻ കാണുമായിരുന്നു. 'ഹം ആപ് കെ ഹേ കോൻ' എന്ന ചിത്രവും ഞാൻ കാണുകയുണ്ടായി. ആ ചിത്രം വളരെ ഇംപ്രസീവായിരുന്നു. മാധുരിദീക്ഷിതിനെ എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു. സ്വാഭാവികമായ അഭിനയവും സൗന്ദര്യപൂർണ്ണമായ ചലനങ്ങളും വൈദ്യുതാത്മകമായ നൃത്തവുമൊക്കെച്ചേർന്ന മാധുരിയുടെ ബോഡി ലാംഗ്വേജാണ് എനിക്ക് ഏറ്റവുമധികം ഇഷ്ടമായത്. അതിനുശേഷം നിരവധി തവണ ഞാൻ ആ ചിത്രം കാണുകയുണ്ടായി. അങ്ങനെയാണ് മാധുരിദീക്ഷിത് ഒരു രൂപകമായി എന്റെ മനസ്സിൽ തെളിയുന്നത്.

ചോദ്യം: സെൻഷ്വൽ ഇമേജാണ് മാധുരി ദീക്ഷിതിനുള്ളതെന്ന് പൊതുവിൽ പറയപ്പെടുന്നുണ്ട്.

ഉത്തരം: ശാരീരികമോ ഉത്തേജനജനകമോ ലൈംഗികമോ ആയ പ്രതിച്ഛായയാണ് മാധുരിയുടേതെന്ന് ലഘൂകരിക്കാൻ വിഷമമുണ്ട്. അതിനൊക്കെ ഉപരിയായി ഇന്ത്യൻ സ്ത്രീത്വത്തിന്റെ

'ഹം ആപ് കെ ഹേ കോൻ' എന്ന ചിത്രം ഞാൻ കാണുകയുണ്ടായി. മാധുരിദീക്ഷിതിനെ എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു. സ്വാഭാവികമായ അഭിനയവും സൗന്ദര്യപൂർണ്ണമായ ചലനങ്ങളും വൈദ്യുതാത്മകമായ നൃത്തവുമൊക്കെ ച്ചേർന്ന മാധുരിയുടെ ബോഡി ലാംഗ്വേജാണ് എനിക്ക് ഏറ്റവുമധികം ഇഷ്ടമായത്.



'ഹൗ റ്റു പെയ്ന്റ് ഹെർ'

ഉദ്ദേശിക്കുന്നു എന്നാണ്.

ചോദ്യം: ആ വ്യത്യസ്തത താങ്കൾക്ക് വിശദീകരിക്കാനാവുമോ?

ഉത്തരം: മാധുരിയിൽ ഞാൻ ഇന്ത്യൻ സ്ത്രീത്വത്തിന്റെ നിഷ്കളങ്ക സൗന്ദര്യവും ശക്തിയും കാണുന്നു. അത്രമാത്രം.

ചോദ്യം: എന്തുകൊണ്ട് മാധുരിയിൽ?

ഉത്തരം: അതെനിക്ക് വിശദീകരിക്കാനാവില്ല.

ചോദ്യം: 'മദർ ഇന്ത്യ'യിൽ നർഗീസ് അവതരിപ്പിച്ചത് ഇന്ത്യൻ സ്ത്രീത്വം എന്ന സങ്കല്പമായിരുന്നു. പക്ഷെ താങ്കൾ തിരഞ്ഞെടുത്തത് മാധുരിയെയാണ്.

ഉത്തരം: നർഗീസ് നല്ല അഭിനേത്രി തന്നെയാണ്. എന്നാൽ വുമൺ ഹുഡ് എന്ന സങ്കല്പത്തിന് അനുയോജ്യമായ രൂപകമായി എനിക്കു തോന്നിയത് മാധുരിയാണ്.

ചോദ്യം: മാധുരി ഒരു രൂപകമായി മനസ്സിൽ വന്ന സാഹചര്യമെന്താണ്?

ഉത്തരം: സിനിമ രസകരമായ ഒരു മാദ്ധ്യമമാണ്. ചെറുപ്പകാലത്ത് ഒരു ചലച്ചിത്ര സംവിധായകനാകണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷെ ഹിന്ദിസിനിമ എന്നുപറയുമ്പോൾ സാധാരണ പറയപ്പെടുമ്പോലെ അത് ഒറ്റ പ്രമേയത്തിൽ ചുറ്റിത്തിരിയുന്ന ഒരു കച്ചവടമാണ്. ഞാനെന്റെ ആഗ്രഹം മാറ്റിവച്ചു. കുറച്ചു വർഷം മുമ്പ് ഞാൻ 'ഷോലേ' എന്ന സിനിമ കണ്ടു. അതൊരു ഗംഭീര സിനിമയൊന്നുമായിരുന്നില്ല. എങ്കിലും ഞാനത് ആസ്വദിച്ചു. അന്നുമുതൽ മിക്കവാറുമുള്ള ഹിന്ദി

പ്രതീകമാണ് അവർ എന്ന് എനിക്കു തോന്നുന്നു.

ചോദ്യം: താങ്കളുടെ ചിത്രങ്ങളോട് മാധുരിയുടെ പ്രതികരണം എന്തായിരുന്നു?

ഉത്തരം: ഞാനെന്റെ ചിത്രങ്ങളിലൂടെ സൃഷ്ടിച്ച പ്രതിച്ഛായയിൽ ജീവിക്കാൻ അവർക്കൊരിക്കലുമാവില്ല എന്നതായിരുന്നു മാധുരിയുടെ പ്രതികരണം.

ചോദ്യം: ഇതിനുമുമ്പ് താങ്കൾ മോഡലായി തിരഞ്ഞെടുത്തത് മദർതെരേസയെ ആയിരുന്നല്ലോ. ഇപ്പോൾ മാധുരിയെ തിരഞ്ഞെടുക്കുമ്പോൾ രചനയുടെ വ്യത്യാസം എങ്ങനെ അനുഭവപ്പെടുന്നു?

ഉത്തരം: അനുഭവങ്ങൾ നൈമിഷകമാണ്. മദർ തെരേസയുടെ തന്നെ വിവിധ ചിത്രങ്ങൾ വരയ്ക്കുമ്പോൾ അനുഭവവും വിവിധമാണ്. മാധുരി

യുടെ കാര്യത്തിലും അതുപോലെതന്നെ.

ചോദ്യം: മദർതെരേസ ഒരാത്മീയ ബിംബമാണല്ലോ. മാധുരീദീക്ഷിത് ഒരു പോപ്പുലർ നടിയും. അസ്തിത്വങ്ങളുടെ ഈ വ്യത്യാസം അനുഭവത്തിലുമുണ്ടാകില്ലേ?


ഉത്തരം: രചനയിൽ ചിത്രവും ചിത്രകാരനുമേയുള്ളു. വരയ്ക്കപ്പെടുന്നത് മദർതെരേസയാകുന്നതുകൊണ്ടോ മാധുരിയാകുന്നതുകൊണ്ടോ സർഗ്ഗാത്മകമായ പ്രേരണയ്ക്കും അനുഭവത്തിനും വ്യത്യാസമുണ്ടാകണമെന്നില്ല.

ചോദ്യം: മാധുരീദീക്ഷിതിന്റെ ജനകീയ പ്രതിച്ഛായ ചിത്രരചനയിൽ ഒരു പരിമിതിയായോ തടസ്സമായോ അനുഭവപ്പെടുന്നുണ്ടോ?

ഉത്തരം: എന്റെ ചിത്രങ്ങൾ മാധുരിയുടെ യഥാതഥ നിർവ്വഹണമല്ല. ഭൂരിഭാഗം പെയിന്റിംഗുകളിലും അവരുടെ മുഖം തീരെ വിശദീകരിക്കപ്പെട്ടിട്ടുമില്ല. മദർതെരേസ എന്ന സീരീസിലും അങ്ങനെതന്നെയായിരുന്നു. മദർ തെരേസയെ വരയ്ക്കുമ്പോൾ ചിത്രത്തിലേക്ക് അവരുടെ സ്പിരിറ്റിനെ ആവഹിക്കാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. മാധുരിദീക്ഷിതിന്റെ കാര്യത്തിൽ സ്ത്രീത്വത്തിന്റെ ശക്തിയേയും.



'ഹെർ ഇലക്ട്രിഫയിംഗ് ഡാൻസ്'



'ഷീ റൈഡ്സ് ദ ബ്ലൂ ടൈഗർ'

ഫോട്ടോ: അനിൽ ദിവാകർ

ശാരീരികമോ ഉത്തേജനജനകമോ ലൈംഗികമോ ആയ പ്രതിച്ഛായയാണ് മാധുരിയുടേതെന്ന് ലഘൂകരിക്കാൻ വിഷമമുണ്ട്. അതിനൊക്കെ ഉപരിയായി ഇന്ത്യൻ സ്ത്രീത്വത്തിന്റെ പ്രതീകമാണ് അവർ. ഈ ചിത്രങ്ങൾ മാധുരിക്കുള്ള അതുവഴി ഇന്ത്യൻ സ്ത്രീകൾക്കുള്ള എന്റെ ട്രിബ്യൂട്ടാണ്.

ചോദ്യം: അങ്ങനെയൊരു ശക്തിവിശേഷം ധ്വനിപ്പിക്കുന്നതിൽ മാധുരിയുടെ ബിംബവും താങ്കളുടെ വ്യാഖ്യാനവും വിജയിക്കുന്നു എന്ന് വിശ്വസിക്കുന്നുണ്ടോ?

ഉത്തരം: വൂഡി അല്ലൻ പറഞ്ഞതുപോലെ സിനിമ മാത്രമാണ് യാഥാർത്ഥ്യമെങ്കിൽ എന്റെ ചിത്രങ്ങൾ ഒരു ഇല്യൂഷനോ ഐതിഹ്യമോ മാത്രമാണ്. അഭ്രപാളിയിലെ ഉജ്ജ്വലമായ സ്ത്രീഘടനയെ ക്യാൻവാസിലേക്കു പകരാൻ ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ചോദ്യം: ഇതൊരു പോപ്പുലർ ഗിമ്മിക്കായിരിക്കുമെന്ന ആക്ഷേപത്തോട് എങ്ങനെ പ്രതികരിക്കുന്നു?

ഉത്തരം: പ്രതികരിക്കുന്നില്ല.

ചോദ്യം: ഒറിജിനൽ ചിത്രങ്ങളുടെ സെരിഗ്രാഫുകൾ (സിൽക്ക് സ്ക്രീനിൽ പ്രിന്റ് ചെയ്തെടുക്കുന്ന കോപ്പികൾ) വ്യാപകമായി പ്രദർശിപ്പിക്കുന്നതോ?

ഉത്തരം: അതൊരു സൗകര്യം മാത്രമാണ്. ഒറിജിനൽ ചിത്രങ്ങൾ കൊച്ചിയിലെ മറൈൻ ഡ്രൈവിൽ അടുത്തമാസം പ്രദർശിപ്പിക്കുന്നുണ്ട്. ഈ ചിത്രങ്ങൾ മാധുരിക്കുള്ള അതുവഴി ഇന്ത്യൻ സ്ത്രീകൾക്കുള്ള എന്റെ ട്രിബ്യൂട്ടാണ്.

അൻപത്തിരണ്ടു പ്രാവശ്യമാണ് ഹുസൈൻ 'ഹം ആപ് കേ ഹേ കോൻ' എന്ന ഹിന്ദി ചിത്രം കണ്ടത്. റീമാ രാകേഷിന്റെ 'മൊഹബത്' എന്ന ചിത്രത്തിൽ മാധുരിക്കൊപ്പം ഹുസൈൻ പ്രത്യക്ഷപ്പെടുന്നുണ്ട്. പോപ്പ്സിംഗറായി വേഷമിടുന്ന മാധുരി. ഹുസൈനെ ഒരു ചിത്രപ്രദർശനത്തിനിടയിൽ കാണുന്നതാണ് രംഗം. മാധുരിയും ഹുസൈനും ചേർന്ന് മാധുരി-മക്ബൂൾ ക്രിയേഷൻസ് എന്നൊരു സംഘടനയുണ്ടാക്കിയിരിക്കുന്നു. വളർന്നുവരുന്ന കലാകാരന്മാരെ സഹായിക്കുന്നതിന് ആവശ്യമായ പണം സ്വരൂപിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ മാധുരി-മക്ബൂൾ ക്രിയേഷൻസ്. മാധുരി ആരാധകനിരയിലെ ആദ്യത്തെ ആൾ എം.എഫ്. ഹുസൈനാകുമ്പോൾ ഇന്ത്യൻ ഉപരിവർഗ്ഗ വീടുകളുടെ സ്വീകരണമുറികളിൽ മാധുരീദീക്ഷിതിന്റെ ചുവർ ചിത്രങ്ങൾ പതിയാൻ പോകുന്നു എന്നതിൽ ആർക്കാണിനി സംശയം.




വൈക്കം ചന്ദ്രശേഖരൻനായർ

അന്തർജ്ജനം പറഞ്ഞ കഥ

(ഒന്ന്)



'പ്രവ്രാജികാ ആത്മപ്രാണ നീലിമന്ദാകിനി' എന്ന സന്ന്യാസിനി ഒരുദിവസം മൗനവ്രതം കഴിഞ്ഞ് ആശ്രമത്തിലിരുന്ന കൊച്ചു നമ്പൂതിരിയോടു സംസാരിച്ചു. ഈ ആശ്രമം മുൻപൊരു നമ്പൂതിരി ഇല്ലമായിരുന്നു. കീഴില്ലം. ഇപ്പോൾ ഇവിടെ ഏതാനും സന്ന്യാസിമാരുണ്ട്. പണ്ട് ധാരാളം അംഗങ്ങളും നാട്ടിലൊക്കെ ബന്ധുക്കളുമുള്ള ഒരു നമ്പൂതിരി ഭവനമായിരുന്നു ഇത്. അനവധി മുറികളും നടുമുറ്റങ്ങളും അടുക്കളകളും പാത്രപ്പുരകളും പരദേവതാമന്ദിരവും ഉണ്ടായിരുന്ന മനയായിരുന്നു. ഇരുട്ടു നിറഞ്ഞ പകലുകളും നിലാവുള്ള രാത്രികളും പല കാലങ്ങളായി വന്നുംപോയുമിരുന്ന ഈ മന, പതിനേഴേക്കർ സ്ഥലത്ത് നീണ്ടുനിവർന്നു കിടന്നിരുന്നു. തെക്കുപടിഞ്ഞാറേ മൂലയ്ക്ക് ഒരു ഇല്ലിക്കാടും വടക്കുവശത്ത് ഒരു വാഴത്തോപ്പും കിഴക്കുപുറത്ത് മുറ്റത്ത് മുല്ലപ്പന്തലുകളും എല്ലാമുള്ള ഈ ഇല്ലം എല്ലാവിധത്തിലും ഐശ്വര്യസമൃദ്ധമായിരുന്നു. തിരുനാവായ മണപ്പുറത്ത് നാവാമുകുന്ദക്ഷേത്രത്തിലെ മണിയൊച്ചകൾ കേട്ട് ഉണരുകയും ഉറങ്ങുകയും ചെയ്തിരുന്ന ഈ ഇല്ലത്തെ പതിവിനു വിരുദ്ധമായി വിളിച്ചുണർത്തിയത് സാക്ഷാൽ ടിപ്പു സുൽത്താനാണ്; എന്നുവച്ചാൽ ടിപ്പുവിന്റെ പടയോട്ടമാണ്. മനുഷ്യർ മാത്രമല്ല, വൃക്ഷങ്ങളും സസ്യങ്ങളും ടിപ്പുവിന്റെ പടയോട്ടം കേട്ടു; അതിൽ നടുങ്ങി. അതുവരെ വെയിലും വെളിച്ചവും മഞ്ഞും തണുപ്പുമെല്ലാമുള്ള ഈ ഇല്ലപ്പറമ്പിൽ സമയം നൂറ്റാണ്ടുകളായി സ്തംഭിച്ചു നില്ക്കുകയായിരുന്നു. രാവിലെ കിളികൾ കൂട്ടമായി തെക്കോട്ടു പറന്നത്, വടക്ക്, മലബാറിന്റെ പടിവാതിൽക്കൽ ടിപ്പു വന്നതുകൊണ്ടാണ്. കനത്ത നിശ്ശബ്ദതയുടെ മീതെ പടക്കുതിരകളുടെ കുളമ്പൊച്ച മെതിച്ചു കടന്നുപോയി.



ടിപ്പു സുൽത്താൻ വരുന്നു!

നമ്പൂതിരിമാർ അമ്പരന്നു. തങ്ങളുടെ ജീവനും സ്വത്തുക്കൾക്കും രക്ഷയില്ല! കീഴില്ലത്തെ നമ്പൂതിരിമാർ ആലോചിച്ചു. ബന്ധുക്കളും ഇണങ്ങരും സംഘങ്ങളായിട്ട് തെക്കോട്ടു യാത്രതിരിച്ചു. തെക്കോട്ട്. നടന്നും കാളവണ്ടിയിലും അവർ സഞ്ചരിച്ചു. തിരുവിതാംകൂറിലെ മഹാരാജാവിനെ അഭയം പ്രാപിക്കാനാണ് അവർ തീരുമാനിച്ചത്. ഇല്ലത്തെ അപ്ഫൻതന്നെ മഹാരാജാവിനെ നേരിട്ടു കണ്ടു സംസാരിക്കണം. ചരിത്രപ്രസിദ്ധമായ തിരുവഞ്ചിക്കുളത്തു ചെന്നിട്ടേ അവർ നിന്നുള്ളു. തിരുവഞ്ചിക്കുളത്തെ ശിവക്ഷേത്രത്തിൽ ദീപാരാധന കഴിഞ്ഞു. ക്ഷേത്രവാസികളിൽ മിക്കവരും പിരിഞ്ഞു വീടുകളിൽപ്പോയി. അത്താഴപ്പൂജ കഴിഞ്ഞ് നട പൂട്ടുന്ന നേരമായി. അപ്ഫൻ നമ്പൂതിരി രാത്രിയിൽ ഉറങ്ങുന്നതിനുമുൻപ് പ്രത്യേകമായിട്ട് ഒരു ധന്വന്തരീപൂജയുണ്ട്. പിറ്റേന്നു രാവിലെ തിരുവനന്തപുരത്തേക്കു പോകാൻ അദ്ദേഹം നിശ്ചയിച്ചു. അവിടെച്ചെന്ന് മഹാരാജാവിനെ മുഖം കാണിക്കുക.

നടയടയ്ക്കുന്ന സമയമായി. അപ്പോൾ അപരിചിതനായ മറ്റൊരാൾ കിഴക്കേ ഗോപുരത്തിൽക്കൂടി നടന്നുവന്നു. അദ്ദേഹം പ്രദക്ഷിണത്തിനായി തീർത്ഥക്കുളത്തിലേക്കു നടന്നുപോയി. തീർത്ഥക്കുളത്തിൽനിന്നു കുറച്ചു വെള്ളം മുക്കിയെടുക്കാൻവേണ്ടി അപ്ഫൻ നമ്പൂതിരിപ്പാടും അവിടെയെത്തി. നമ്പൂതിരിക്ക് എന്തോ സംശയം തോന്നി. അത് ആരാണ്? ഈ സമയത്ത് അമ്പലത്തിൽ, പ്രത്യേകിച്ചും നാലമ്പലത്തിനകത്തു വന്നത് ആരായിരിക്കും? 'ശിവശിവ' എന്നു ജപിച്ചുകൊണ്ട് അതിഥിയുടെ അടുക്കലെത്തി. അതേ, ദിവ്യനായ ഏതോ മനുഷ്യനാണു വന്നത്. വിളക്കിന്റെ



വെളിച്ചമൊന്നുമില്ലാതെ അദ്ദേഹം നേരേ തീർത്ഥക്കുളത്തിലെത്തി. ആഗതന്റെ കൈയിൽ തിളങ്ങുന്ന എന്തോ ഇരിക്കുന്നുണ്ട്. അതിന്റെ പ്രകാശം ചുറ്റും വ്യാപിക്കുന്നു.

"അങ്ങ് ആരാണ്?" നമ്പൂതിരി ചോദിച്ചു.

"ആരുമാകട്ടെ. വെള്ളം മുക്കിയെടുത്തുകൊള്ളൂ-" എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ആളറിയിക്കാതെ ഒഴിഞ്ഞുകളയുകയാണെന്ന് അപ്ഫൻ നമ്പൂതിരിക്കു തോന്നി.

"എന്നെ അറിയുമോ?" അദ്ദേഹം ചോദിച്ചു.

"കീഴില്ലത്തു വൈദ്യമഠത്തിനെ അറിയാത്തവർ ആരെങ്കിലുമുണ്ടോ? അങ്ങ് എങ്ങോട്ടോ യാത്രയിലാണെന്നു തോന്നുന്നു-?"

"അതേ. തിരുവിതാംകൂറിലേക്കു പോകുന്നു. തിരുവനന്തപുരത്തുചെന്ന് മഹാരാജാവിനെ കാണണം. മലബാറിൽ സംഗതികൾ ആകെപ്പാടെ കുഴപ്പത്തിലാണ്. ടിപ്പു സുൽത്താൻ എന്ന മൈസൂർ രാജാവിന്റെ, ആക്രമണമാണ്. നമ്പൂതിരിമാരുടെ സ്വത്തിനും ജീവനും രക്ഷയില്ല. തിരുവിതാംകൂർ മഹാരാജാവിനോടു കുടുംബത്തോടെ അഭയം തേടണം. സ്വന്തക്കാരും ബന്ധുക്കളും എന്റെകൂടെയുണ്ട്. അവർ ഈ തിരുവഞ്ചിക്കുളം കൊട്ടാരത്തിൽ പാർക്കുന്നു. ആകട്ടെ. അങ്ങ് ആരാണ്?"

"ഞാൻ തലക്കുളത്തൂർ ഭട്ടതിരിയുടെ ഒരു സ്വന്തക്കാരനും ശിഷ്യനുമാണ്. ജ്യോതിഷവും മന്ത്രവാദവുമായിട്ട് അദ്ദേഹത്തിന്റെകൂടെ കഴിയുന്നു- കൂടുതലൊന്നും എന്നെപ്പറ്റി പറയാനില്ല-"

"ഓ. ഗുരുവിനെപ്പോലെ ശിഷ്യനും-"നമ്പൂതിരി ഉടനേ പറഞ്ഞു. പക്ഷേ. അർദ്ധോക്തിയിൽ വിരമിച്ചതായിട്ടാണു തോന്നിയത്. അതിഥി അതു ശ്രദ്ധിച്ചില്ല. അദ്ദേഹം ചോദിച്ചു:

"വൈദ്യമാം, അങ്ങ് മാണിക്യക്കല്ല് കണ്ടിട്ടുണ്ടോ?"

"ഇല്ല-"

"കാണണമെന്നുണ്ടോ?"

"കണ്ടാൽ കൊള്ളാമെന്നുണ്ട്-"

വൈദ്യമാം നമ്പൂതിരി ആ അതിഥിയെ സൂക്ഷിച്ചുനോക്കി. "മാണിക്യമല്ലേ? അങ്ങനെ ഒരു സാധനത്തെപ്പറ്റി പറഞ്ഞു കേട്ടിട്ടേയുള്ളു. ഇദ്ദേഹത്തിന്റെ കൈയിലുണ്ടെന്നു പറയുന്നു. ഒന്നു കാണാം-"

അതിനിടയിൽ അതിഥി സംസാരിച്ചു:

"ഞാൻ തെക്കോട്ടുതന്നെ പോവുകയാണ്. ഇന്നു നേരം ഇപ്പോൾത്തന്നെ വൈകിപ്പോയി. പതിനൊന്നു മണിയായിട്ടുണ്ട്. ഇന്നു രാത്രി ഒരു മണി കഴിഞ്ഞാൽ മഴയും വെള്ളപ്പൊക്കവുമുണ്ടാകും. അതിനുമുൻപ് ആലുവാ കടന്ന് തെക്കോട്ടു പോകണം. ഒരുമണി കഴിഞ്ഞാൽ അവിടം കടന്നു പോകാൻ വളരെ പ്രയാസമായിരിക്കും-"

ആ ബ്രാഹ്മണന്റെ ഈ വാക്കുകളും അസാധാരണമായി നമ്പൂതിരിക്കു തോന്നി. അദ്ദേഹം ആലോചിച്ചു. മഴയും വെള്ളപ്പൊക്കവും ഉണ്ടാകുമത്രേ. ഇത് ഒരു ദീർഘദർശനമാണ്. ഈ മന്ത്രവാദിയായ മനുഷ്യൻ, ജ്യോതിഷി, നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും പകർച്ച നോക്കി വെള്ളപ്പൊക്കം ഉണ്ടാകുന്ന സമയം നിർണ്ണയിച്ചതാവണം. പ്രകൃതിക്ഷോഭം കണ്ടുപിടിക്കാൻ തക്ക ശാസ്ത്രജ്ഞാനം അദ്ദേഹത്തിനുണ്ടെന്നു തെളിഞ്ഞിരിക്കുന്നു. തലക്കുളത്തൂർ ഭട്ടതിരിയുടെ ശിഷ്യൻ തന്നെ! അദ്ദേഹം തിളങ്ങുന്ന ആ രത്നം നമ്പൂതിരിക്കു കാണിച്ചുകൊടുത്തു. എന്നിട്ട് അതു തിരിച്ചു വാങ്ങി. അദ്ദേഹം പറഞ്ഞു:

"ഇതാ. നോക്കൂ. കാറ്റു വീശിത്തുടങ്ങിയിരിക്കുന്നു. കാലവർഷത്തിന്റെ ആരംഭമാണ്-"

രത്നം കൈയിൽ മടക്കിക്കിട്ടിയതിനുശേഷം അതിഥി പോകാനൊരുങ്ങി. നമ്പൂതിരി മാനത്തേക്കു നോക്കി. ഈ രാത്രി വെള്ളപ്പൊക്കമോ? പെട്ടെന്നു വിശ്വാസം തോന്നിയില്ല. ആകാശത്തു ചന്ദ്രനും നക്ഷത്രങ്ങളും തെളിഞ്ഞു നില്ക്കുന്നു. അതെല്ലാം കണ്ടിട്ടും അതിഥിയുടെ വാക്കുകൾ നിഷേധിക്കാനും കഴിയുന്നില്ല....

അതിഥി യാത്രപറഞ്ഞു പുറത്തേക്കു നടന്നു.

സമയം അതിവേഗം പോകുന്നു. അമ്പലമണിയടിച്ചു. പതിനൊന്ന്, പന്ത്രണ്ട്, ഒന്ന്.... അപ്പോഴെല്ലാം അപ്ഫൻ അമ്പലത്തിലെ പുറത്തെ മുറിയിൽ ഉറങ്ങാതെ കിടന്നു. അപ്പോഴേക്കും അന്തരീക്ഷം മങ്ങി. ആകാശത്ത് മേഘങ്ങൾ ഉരുണ്ടുകയറി വരുന്നത് നമ്പൂതിരി ജാലകത്തിൽക്കൂടി കണ്ടു. കാറ്റിന്റെ വേഗത വർദ്ധിച്ചു. ഒരു മണിക്കൂർ സമയത്തിനുള്ളിൽ മഴ ചാറി. മിന്നൽ. ഇടി.... കാലവർഷത്തിന്റെ ആരംഭമായി. തിരുവഞ്ചിക്കുളത്തെ കാടും കുന്നുകളും നിരത്തുകളും പുതിയ മഴയ്ക്കു സ്വാഗതമോതി.

അർദ്ധരാത്രിയോടെ മഴ തകർത്തു പെയ്തു. പെരിയാറുൾപ്പെടെ കിഴക്കുനിന്നുള്ള എല്ലാ നദികളും ചാലുകളും കരകവിഞ്ഞൊഴുകിത്തുടങ്ങി. പിറ്റേന്നു വാർത്ത പരന്നു. ടിപ്പു സുൽത്താൻ ആലുവായ്ക്ക് തെക്കോട്ടു പോയില്ല. പ്രളയംമൂലം അദ്ദേഹത്തിനും വിപുലമായ മൈസൂർ പടയ്ക്കും ഒരടിപോലും മുൻപോട്ടു പോകാൻ കഴിഞ്ഞില്ല. ടിപ്പു സുൽത്താൻ തോറ്റു പിൻവാങ്ങിക്കൊണ്ടിരിക്കുന്നു. യുദ്ധസന്നാഹങ്ങളെല്ലാം പ്രളയക്കെടുതിയിൽപ്പെട്ടു നനഞ്ഞും മറ്റും നാശമായിരിക്കുന്നു. ഭയങ്കരമായ ജീവനാശം. പുഴയുടെ അരികിൽ താമസിച്ചിരുന്ന ഗ്രാമീണർക്കുതന്നെയും പുഴ നീന്തിക്കടക്കാൻ സാധിച്ചില്ല. പാടങ്ങൾ മുഴുവൻ വെള്ളത്തിനടിയിലായി. അന്നത്തെ പ്രയാണത്തിനിടയ്ക്ക് ടിപ്പു. തന്റെ വാളും തൊപ്പിയുമായി കൊച്ചീക്കോട്ടയുടെ അരികത്തുണ്ടായിരുന്ന കിടങ്ങിൽ വീണു. തിരുവിതാംകൂറിൽ ദിവാനായിരുന്ന രാജാകേശവദാസൻ എന്ന കേശവപിള്ള ടിപ്പുവിന്റെ വാളും പരിചയും കാരിയും പല്ലക്കും കർണ്ണാടക നവാബ് ആവശ്യപ്പെട്ടതനുസരിച്ച് അവിടേക്കു കൊടുത്തയയ്ക്കുകയുണ്ടായി.

ചരിത്രത്തിലുണ്ടായ ഒരു സംഭവമാണിത്. ഇന്നും ഓർക്കാവുന്ന കഥയുമാണിത്. അന്നത്തെ സംഭവത്തിൽ അദ്ഭുതകരമായ ഒരു കാര്യമുണ്ട്. അപ്ഫൻനമ്പൂതിരിയുടെയും (മാണിക്യക്കല്ലു കണ്ട നമ്പൂതിരി) ടിപ്പു സുൽത്താന്റെയും അനുഭവങ്ങൾ കൂട്ടിച്ചേർത്തുള്ള ഒരു കഥ. ടിപ്പു സുൽത്താന്റെ അന്നത്തെ പരാജയവും ഇല്ലത്തെ അപ്ഫന്റെ അനുഭവവും ബന്ധപ്പെടുത്തിയാണ് നാട്ടിൽ, പ്രത്യേകിച്ച് തിരുനാവായയിലും പരിസരപ്രദേശങ്ങളിലും വാർത്തകൾ പ്രചരിച്ചത്. ടിപ്പു മരിച്ച ആ

മാസത്തിൽത്തന്നെ അപ്ഫൻ നമ്പൂതിരിപ്പാടും അന്ത്യശ്വാസം വലിച്ചു. ടിപ്പുവിന്റെ മരണം കേട്ടറിഞ്ഞശേഷം അപ്ഫൻ നമ്പൂതിരി ഒരു മുറിയിൽ കയറിക്കിടന്നു. മുറി തുറന്നപ്പോൾ എന്തു ഗന്ധമാണുണ്ടായത്! ശവദാഹത്തിന്റെ ഗന്ധം!

"ശവദാഹത്തിന് അങ്ങനെ പ്രത്യേകം ഗന്ധമുണ്ടോ?" അന്തർജ്ജനം പറഞ്ഞ കഥ കേട്ടുകൊണ്ടിരുന്ന കൊച്ചുനമ്പൂതിരി ചോദിച്ചു.

"എന്തു ചോദ്യമാണിത്" അന്തർജ്ജനം പറഞ്ഞു. "മുറിയിൽ മാത്രമല്ല. മുറ്റത്തും ശവത്തിന്റെ ഗന്ധമായിരുന്നു. ഞങ്ങൾ വിശ്വസിക്കുന്നു. മരണത്തിനു ഗന്ധമുണ്ട്. ടിപ്പുവിന്റെ മരണം ആ കവിച്ചുനിന്റെ ഗന്ധമായിരുന്നിരിക്കണം. ശ്രീരംഗം മുതൽ മലബാർ പ്രദേശങ്ങൾവരെ ആ മണം ഉണ്ടായിരുന്നുവെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. മലബാറിൽനിന്ന് ഓടിപ്പോയ നമ്പൂതിരിമാർ പറഞ്ഞത് ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നുണ്ട്. തിരുവനന്തപുരത്തും അതു ചെന്നെത്തി. വാലായ്മ.... ടിപ്പു മരിച്ച സ്ഥലങ്ങളിലും മരിക്കാനാഗ്രഹിച്ച സ്ഥലങ്ങളിലും വാലായ്മയുണ്ടായി. മരണത്തിനു മണമുണ്ട്. പിന്നെ പുലയ്ക്കും വാലായ്മയ്ക്കും ഗന്ധമില്ലാതെ വരുമോ! തിരുവനന്തപുരത്ത് അക്കാലത്തെ [illegible] ത്തിനു കൂടിയിരുന്നവർക്ക് ആ ശവഗന്ധം അനുഭവപ്പെട്ടിരുന്നുവത്രേ. കൊച്ചു നമ്പൂതിരി. അതൊരു മാനസികാവസ്ഥയാണ്. [illegible] ടെ ഗന്ധം [illegible] അന്ന് എഴുപതു വയസ്സായിരുന്ന എന്റെ അമ്മ. ടിപ്പു [illegible] സ്വപ്നം കണ്ടു. ശ്രീരംഗത്ത് ഒരു [illegible] വെടിയേറ്റു കുതിരയിൽ നിന്നു താഴെ വീണ് ആ രാജാവ് കിടക്കുന്നു. ആ വർഷത്തെ [illegible] [illegible] ഹാരാജാവും രാജാ കേശവദാസൻ-ദിവാൻജിയും ശ്രീപദ്മനാഭനെ സാക്ഷിനിർത്തി [illegible] നടത്തി. [illegible] നമ്പൂതിരിമാർ ടിപ്പുവിന്റെ പടയ്ക്ക് [illegible] [illegible] [illegible] [illegible] കാരമായ [illegible] [illegible] ദിവസങ്ങളായിരുന്നു അത്.

"ഇതൊക്കെ ഇനി [illegible] [illegible] ൽ ഞാൻ പറഞ്ഞ [illegible] ഇനി എന്റെ കഥ.

എന്റെ സ്വന്തം കഥ പറയാം. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] കളിൽ [illegible] [illegible] കൊണ്ട് അദ്ദേഹം [illegible] കളി. [illegible] നു. ഇടയ്ക്ക് [illegible] [illegible] [illegible] കണ്ണുകളുടെ [illegible] ഞാൻ കണ്ടു. അന്ന് എനിക്കു കൂടിപ്പിച്ച [illegible] [illegible] [illegible] ഞാൻ [illegible] [illegible] [illegible] [illegible] ആരെയും ആകർഷിക്കാവുന്ന എല്ലാ വളർച്ചകളും [illegible] ഒരു നമ്പൂതിരിപ്പെണ്ണായിരുന്നു. ഞാൻ അന്തർജ്ജനം അമ്മയോടു ചോദിച്ചു ആളെ അറിഞ്ഞു. ഇരുണ്ട ആ ചെറുപ്പക്കാരൻ വടക്കേപ്പാട്ടില്ലത്തെ വിഷ്ണു നമ്പൂതിരിയായിരുന്നു. ഞാൻ അദ്ദേഹത്തെ കണ്ണിമയ്ക്കാതെ അല്പനേരം നോക്കിക്കൊണ്ടിരുന്നു. അദ്ദേഹമുള്ളപ്പോൾ നാലമ്പലത്തിലെ തിരിവിളക്കുകൾക്കെല്ലാം നല്ല ശോഭയുള്ളതായി എനിക്കു തോന്നി. പിച്ചിയുടെയും തുളസിയുടെയും [illegible] യും [illegible] [illegible] ആത്മാവിലേക്കു പ്രസരിക്കുന്നതായി എനിക്കനുഭവപ്പെട്ടു. അധികദിവസം കഴിഞ്ഞില്ല. അദ്ദേഹം എനിക്കു പരിചയമില്ലാത്ത രണ്ടുമൂന്നു നമ്പൂതിരിമാരുമായി ഇല്ലത്തു വന്നു. അതു കല്യാണാലോചനയായിരുന്നെന്ന് എനിക്കു മനസ്സിലായി ആലോചനമുത്തു. അപ്പോഴാണ് അദ്ദേഹത്തെപ്പറ്റി കൂടുതലറിഞ്ഞത്. വടക്കേപ്പാട്ട് കുടുംബം. പ്രസിദ്ധമായ ഇല്ലമാണ്. ആ കുടുംബത്തിലെ അപ്ഫന്മാർ ആഴ്വാഞ്ചേരി തമ്പ്രാക്കളുമായി അടുപ്പമുള്ളവരാണ്. ഞങ്ങളോ ഞങ്ങളുടെ ഇല്ലത്തെ മൂത്ത നമ്പൂതിരി ആഴ്വാഞ്ചേരിയിൽ കുട്ടികളെ [illegible] പഠിപ്പിച്ചിരുന്നു. ആഴ്വാഞ്ചേരിയിൽ ഓത്തു പഠിപ്പിച്ചിരുന്ന അപ്ഫൻ പറഞ്ഞു:

"പെണ്ണ് ഭാഗ്യമുള്ളവളാണ്. ഇങ്ങനെയൊരു ചെക്കനെ കിട്ടിയത് അതുകൊണ്ടാണ്-"

എനിക്കു സംഗീതത്തിൽ വലിയ അഭിരുചിയുണ്ടായിരുന്നു. വിവാഹം കഴിഞ്ഞ് അദ്ദേഹം എന്റെ കൈയിൽ പിടിച്ചു. അഗ്നിസാക്ഷിയായി ഞങ്ങൾ ഏഴു പദങ്ങൾവച്ച് ദീപത്തെ ഉഴിഞ്ഞുകൊണ്ട് നിലവിളക്കിനു വലംവച്ചു....

വേനൽക്കാലത്തെ ചൂടും വർഷത്തിലെ തണുപ്പും എനിക്കു താങ്ങാൻ കഴിഞ്ഞിരുന്നില്ല. ഞാൻ എന്റെ ഭർത്താവിനെ എല്ലാം അറിയിക്കുമായിരുന്നു. ഭർത്താവിന്റെ ആഗ്രഹമനുസരിച്ച് രാത്രിയിൽ ഞാൻ മെല്ലെ ജയദേവന്റെ ഗീതഗോവിന്ദത്തിൽനിന്ന് ഒരു പദം പാടി....

"രതിസുഖസാരേ ഗതമഭിസാരേ...."

അദ്ദേഹം അതു പൂർത്തിയാക്കും.

"മദന മനോഹര വേഷം....." രാധേ!

ഇന്ന് എനിക്കു സംഗീതവുമായി നേരിയ ബന്ധംപോലുമില്ലാതായിരിക്കുന്നു. എന്റെ ഏട്ടൻ എന്നെ ഇംഗ്ലീഷ് പഠിപ്പിച്ചു. നമ്പൂതിരിമാരുടെയിടയിൽ അത് ഒരു വിപ്ലവമായിരുന്നു. മറക്കുട പിടിച്ച അയൽപക്കത്തെ പെണ്ണുങ്ങൾ എന്നെ പരിഹസിച്ചു: "വടക്കേപ്പാട്ട് നമ്പൂരിടെ വേളി ഇംഗ്ലീഷ് പഠിക്കുന്നു. പാട്ടു പാടുന്നു" എന്താ കഥ

എന്റെ നാവാമുകുന്ദാ!" ഇതു ഞാൻ എന്റെ ഭർത്താവിനോടു പറഞ്ഞു. അദ്ദേഹം മധുരമായി ഒന്നു പുഞ്ചിരിക്കുക മാത്രം ചെയ്തു.

ഋതുക്കൾ വന്നു; ഋതുക്കൾ പോയി.

ആ ദിവസങ്ങളിൽ എന്റെ മനസ്സിൽ അകാരണമായി ഒരു ഭീതിയുടെ നിഴലുകളും ശബ്ദങ്ങളും ഉണ്ടായി. നിഴലുകൾ. ഒറ്റയ്ക്കു കിടക്കുമ്പോൾ ഭയപ്പെടുത്തുന്ന വികൃതരൂപങ്ങൾ ചുറ്റും വന്നു നൃത്തം ചെയ്യുന്നു. നാവാമണപ്പുറത്തുനിന്നു ഭയങ്കര ശബ്ദങ്ങൾ കേൾക്കുന്നു. എനിക്ക് ഒന്നും മനസ്സിലായില്ല. അമാവാസിനാൾ അടുത്തുകൊണ്ടിരുന്നു. അപ്പോൾ പിതൃക്കൾക്കു ദാഹം വയ്ക്കുന്ന വിഷയം മുതിർന്നവർ പറഞ്ഞു. കാക്കകൾ കൂട്ടമായി കരയുന്നതു കേട്ടു.

ഒടുവിൽ [illegible] ആ ദിവസം വന്നു. ഒരു ഇടിവെട്ടുപോലെ [illegible] ഞാൻ ആ വാർത്ത കേട്ടത് [illegible] [illegible] [illegible] [illegible] [illegible] എന്നെ ഇടയ്ക്കിടെ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ഇരിക്കുന്നു വെളുത്ത കൈ [illegible] കൊണ്ട് ആ ഭഗവതിസ്ഥലനായ ഉണ്ണി [illegible] ചിരിക്കുന്നു! എന്റെ ഭർത്താവ്. [illegible] വടക്കേപ്പാടൻ പറഞ്ഞ

"ഭ്രഷ്ട് പിടിച്ചവളേ. നീ അവിടെ കിട"

ആ വാക്കുകൾ. നമ്പൂതിരിമാർ [illegible] പറഞ്ഞു:

"ഭ്രഷ്ട് പിടിച്ചവളേ. അവിടെ കിട!"

നമ്പൂതിരിമാർ [illegible] [illegible] [illegible] [illegible]

[illegible]



ഒ.എൻ.വി. കുറുപ്പ്

സ്വയംവരം

ഇതിഹാസാസ്പദമായ ഒരു കാവ്യം

ആറ്: കാശീകാണ്ഡം

1. ചിരപുരാതനപാവന കാശീ-
പുരിയതാ നേരെയക്കാൺമതല്ലേ?
പകലിരവുകൾ പിന്നിട്ട യാത്ര-
യ്ക്കറുതിയായെന്നു ഗാലവനോർത്തു.
അരചനാം ദിവോദാസൻ വസിക്കും
അരമനയുമിനിയടുത്തത്രേ!
സുരനദി മണ്ണിൽ വീണൊഴുകുന്നു-
ണ്ടരികിലൂടൊരു സങ്കീർത്തനംപോൽ.

2. പതിതയെങ്കിലും പാവനയാമി
നദിയിൽ മുങ്ങി സ്വപാപതാപങ്ങൾ
കഴുകിയാത്മവിശുദ്ധി വരിപ്പാൻ
കഴിവതു ഭാഗ്യമെന്നവളോർത്തു.
അവിടെ സ്ത്രീകൾ നീരാടും കടവിൽ
അവളറിയാതെ ചെന്നുനില്ക്കുന്നു
ഒഴുകും ഗംഗയിലേക്കിറങ്ങുമ്പോൾ.
കഴൽ തണുത്തു. കുളിർത്തു മനസ്സും!


3. കരപുടങ്ങളിൽ കോരിയ ശുഭ്ര-
സ്ഫടികശോഭമാം തീർത്ഥജലത്തിൽ
നിജമുഖം നിഴലിപ്പിതു കണ്ടുൾ-
ക്കിടിലമാർന്നപോൽ മാധവി നിന്നു.
പതനമാത്രയിൽ ഞെട്ടിത്തരിച്ച
ഗഗനഗംഗാമുഖമതെന്നോർത്തു!
"പ്രിയഗംഗേ!" അവൾ പ്രാർത്ഥിച്ചു: "ദേവി
തഴുകിയെന്നെ സുകൃതിനിയാക്കൂ!"

4. കുളിരെഴുന്നൊരാ നീറ്റിലായ് മുങ്ങി
ക്കുളികഴിഞ്ഞീറൻ മാറ്റിയുടുത്തു
അപരജന്മത്തിലേക്കെന്നപോലെ
അവളാ കൽപ്പടവേറി വരുമ്പോൾ.
മറ്റൊരു സ്നാനഘട്ടത്തിൽനിന്നും
അക്ഷമം ഗാലവൻ വന്നണഞ്ഞു.
അരമനയിലേക്കുള്ളൊരാ രഥ്യ-
ക്കിരുവശം പൂക്കൾ നോക്കിച്ചിരിച്ചു.

5. [ഇവിടെയെൻ കാവ്യദേവതയെന്നോ-
"ടിനിയിതാവർത്തന"മെന്നു ചൊല്ലി
കലഹിക്കുന്നു- സദയം പൊറുക്കൂ!
കഥയിതു പറയാതെ വയ്യല്ലോ!
പകലിരവുകൾ പോൽ. ഋതുക്കൾപോൽ.
പലതുമീ വാഴ്വിലാവർത്തനങ്ങൾ.
അവയനിവാര്യമായ് വരുവോളം
നവനവമായതു കാൺമു നമ്മൾ!]

6. കഥ തുടരാം നമുക്കിനി-കാശി-
യ്ക്കരചനാം ദിവോദാസന്റെ മുന്നിൽ
നിയതലക്ഷണമാർന്നൊരശ്വങ്ങ-
ളറുനൂറിന്നായ് മുനിയപേക്ഷിച്ചു.
പകരമീ സുരലോകലാവണ്യ-
ത്തികവെഴുന്നോളെ കൈക്കൊൾകയെന്നും.
ഇതു നിനയ്ക്കാതെ വന്ന ഭാഗ്യത്തിൻ





സുദിനമെന്നോർത്തുപോയ് ദിവോദാസൻ.

7. അശ്വസേനാപതിയോടമ്മട്ടി-
ലശ്വമെത്രയുണ്ടെന്നതാരാഞ്ഞു.
സചിവനോതു"ന്നിരുനൂറു മാത്രം!"
അരചമോഹങ്ങൾ വീണുടയുന്നു.
"ഇരുനൂറെങ്കിലതത്രയുമാട്ടെ!
ഇവളൊരുവർഷമിങ്ങു നിന്നോട്ടെ!"
പതിവുപോൽ മുനി ചൊല്ലുന്നു; വീണ്ടും
പഴയ നാടകത്തിന്നരങ്ങേറ്റം!

8. കഥയിൽ വായിക്കുമീ പൗനരുക്ത്യം
അതിവിരസമായ് തോന്നുന്നുവെങ്കിൽ,
അനുഭവത്തിലതെത്രമേൽ ക്ഷുദ്രം!
അവളെ നീറ്റുന്നിതാ ക്ഷുദ്രസത്യം!
വറവുചട്ടിയിൽനിന്നുമടുപ്പിൽ
എരിയും തീയിൽപ്പതിക്കുകയല്ലേ?
പരിജനങ്ങളാൽ നീതയായന്തഃ-
പുരമണയവേ, മാധവി കേണു!

9. ഇനിയൊരു വർഷമീ ദിവോദാസ-
ന്നിണയായ് കൂടണമെന്ന നിയോഗം
നിറവേറാൻ തന്നെയിങ്ങു വെടിഞ്ഞു
വിടപറഞ്ഞാ മുനി പോയ്മറയേ.
അവബോധത്തിൽ പരക്കുമിരുട്ടിൽ
അവൾ തപ്പിത്തടഞ്ഞിങ്ങനെയോർത്തു:
കയറുമാറിക്കൈമാറും പശുവിൻ
ഉയിരോ തന്നിൽ വിധാതാവു ചേർത്തു?

10. എവിടെ നാരിമാർ പൂജിതരാവു-
ന്നവിടെ ദേവതമാർ രമിക്കുന്നു!*
കൊടിയ നിന്ദനത്തിൻമീതെയാരേ

പെരിയോരീ യന്യതക്കുറി ചാർത്തീ?
പൂജയോ. കാമമോഹിതരാകും
പൂരുഷർ കളിപ്പാട്ടമാക്കുമ്പോൾ!
കാമനീയകവിഗ്രഹമായി
കാണുവോരുടെ കൺകുളിർക്കുമ്പോൾ!

11. വിഗ്രഹത്തെ മുഴുക്കാപ്പു ചാർത്താൻ
ചിത്രലേഖമാർ വന്നണയുമ്പോൾ.
ശ്ലക്ഷ്ണവെൺശിലാനിർമ്മിതമേതോ
വിഗ്രഹംപോലവൾ മരുവുന്നു.
അഭിനയിച്ചൊരു നാടകം മറ്റൊ-
രഭിനേതാവൊത്തു മറ്റൊരരങ്ങിൽ
അഭിനയിക്കാൻ നിയുക്തയായ് നില്ക്കേ
അവൾ മറക്കുന്നു ചൊല്ലേണ്ട വാക്കും!

12. ഇന്ദ്രിയങ്ങളഞ്ചും പൂട്ടിയാറാ-
മിന്ദ്രിയത്തിലെ വെട്ടം കെടുത്തി,
ദീർഘനിദ്രയിലാഴാൻ കൊതിപ്പൂ!



പേക്കിനാവുകൾ സമ്മതിച്ചീല!
കരിനിറം പൂണ്ടൊരു നരിച്ചീറിൻ
ചിറകുകൾ പാറിത്താണിറങ്ങുംപോൽ
ഇരുളുവീഴുന്നു താഴേ വനിയിൽ
കദളിവാഴക്കനി വിറയ്ക്കുന്നു!

13. മണിയറവാതിൽ മെല്ലെത്തുറക്കെ
മദകരധൂപഗന്ധം വഴിഞ്ഞു.
നവവധുവിനെപ്പോലെയൊരുക്കി
അവളെത്തോഴിമാരാനയിക്കുന്നു.
അവർ പിൻവാങ്ങവേ. മാധവി രാജ-
സവിധമാർന്നു ചകിതയായ് നിന്നു.
ശിശിരവാതത്തിൻ കാലൊച്ച കേൾക്കെ.
വിറകൊള്ളുന്നൊരു രാപ്പൂവുപോലെ!



14. അവനിപാലകരാരും കൊതിക്കു-
മിവൾ. സമ്രാട്ടാം യയാതി തൻ പുത്രി!
ഇരുനൂറശ്വങ്ങൾ ശുല്ക്കമായ് നല്കി
ഇവളെയിന്നിതാ താൻ സ്വന്തമാക്കി.
ദിഗ്വിജയിയെപ്പോൽ ദിവോദാസൻ
മുഗ്ദ്ധഹാസം പൊഴിച്ചിരിക്കുമ്പോൾ.
നിന്നിടും നിലം ഹാ! പിളർന്നെങ്കിൽ!-
എന്നു മോഹിച്ചു മാധവി നിന്നു!

15. "വരിക ഭദ്രേ!" യെന്നാർദ്രസ്വരത്തിൽ
അരികിലേക്കരചൻ ക്ഷണിക്കുമ്പോൾ.
ഇവളതേ നില്പു നില്ക്കുവതെന്തേ?
ഇതു ഭയമോ? നിഷേധമോ? ഗർവ്വോ?
ഇവളൊരു സമ്രാട്പുത്രി. യെന്നാലും
ഇനിമേലീ ദിവോദാസന്നു ദാസി!
ഹിതമറിഞ്ഞെല്ലാമാചരിക്കേണ്ടോൾ
ബധിരയോ, തൻ ക്ഷണം കേട്ടിടായ്‌വാൻ?

16. കാമമോഹിതൻതന്റെ ദൗർബല്യം.
കേമനല്ലയോ താനെന്ന ഗർവ്വും.
രണ്ടുമൊപ്പമായ് നിന്നു മനസ്സിൻ
തണ്ടുലയ്ക്കെയസ്വസ്ഥനാം മന്നൻ
മുന്നിലെത്തും ഹരിണത്തെ വ്യാഘ്ര-
മെന്നപോൽ... വേണ്ട, ചൊല്ലേണ്ട ബാക്കി.
ഈ വരണ്യേമാം മന്ദിരാന്തത്തിൽ
കേവലം കൊടുംകാട്ടിലെ രംഗം!

17. ഇടിവെട്ടിപ്പെയ്ത പേമാരി തോർന്നു.
ഇള കിതയ്ക്കുംപോൽ തുള്ളി പെയ്യുന്നു.
നെടുവീർപ്പായ് കാറ്റലകൾ പാറുന്നു.
ഒടുവിലൊക്കെയും ശാന്തമാവുന്നു.
മുകിലൊഴിയുന്ന മാനത്തു വീണ്ടും
ഉദയംകൊൾവൂ പ്രകാശകണങ്ങൾ.
ഇവിടെയീ രാജശയ്യാഗൃഹത്തിൽ
ഇളയും മാനവുംപോലിവർ രണ്ടും!

18. ഭഗ്നമുൾത്തടമെങ്കിലും. ശില്പ-
ഭദ്രമാമൊരു നഗ്നലാവണ്യം
അവശമായ് സുപ്തികൊൾവതു ചിന്താ-
വിവശനായ് നൃപൻ നോക്കിയിരിക്കെ.
സ്വയമുയരുന്നു ചോദ്യങ്ങൾ: "നീയെ-
ന്തഭയമോ. ഭയമോ. ഇവൾക്കേകി?
നായികയായി അബലതൻ സ്നേഹ-
പാത്രമാവാതെ യെന്തു നീ നേടി?...."

19. പിന്നെ. നേരം പുലർന്നുണർന്നപ്പോൾ
തനി. തൻമുഖം പൊത്തിക്കരഞ്ഞു!
ശാന്തനായ് ദിവോദാസനാക്കാതിൽ
സാന്ത്വനത്തിൻ മൊഴികൾ പകർന്നു;
അവ എരിതീയിലെണ്ണ പകർന്നു;
അവബോധത്തിലീ സത്യമുണർന്നു:
കഠിനപീഡകളോടേറ്റു നില്ക്കാൻ
സഹനമൊന്നേ കവചമായുള്ളൂ!

20. കനിവെഴുന്നൊരു കാമുകനെപ്പോൽ
മനമഴിഞ്ഞപോൽ മന്നവനപ്പോൾ



അവളെ വാരിപ്പുണർന്നു താലോലി-
ച്ചരുമയായ് കാതിൽ മന്ത്രിച്ചു മെല്ലെ.
"അടിമയ. ല്ലഭയാർത്ഥിനിയ. ല്ലെൻ
ഹൃദയസാമ്രാജ്യരാജ്ഞിയത്രേ നീ!
നിന്നഴകുമെൻ വീര്യവും ചേർന്നൊ-
രുണ്ണിയെ നീയെനിക്കു തരില്ലേ?......"

21. അകലെയാരുടെയോ മുലയുണ്ടു
വളരും തന്റെ കടിഞ്ഞൂൽക്കനിയെ
അവളൊരുമാത്രയോർത്തു വീർപ്പിട്ടു
അമൃതവാഹിയാം മാറു ചുരന്നു!
"എവിടെയെന്നുണ്ണി?" യെന്നാരുമാരും
അറിയാതേയന്തരാത്മാവു തേങ്ങീ-
ഇനിയും?- മറ്റൊരു കുഞ്ഞിൻകരച്ചിൽ
പടിയിറങ്ങുമ്പോൾ കേട്ടിടാം പിന്നിൽ!

(തുടരും)



കെ.എൽ. മോഹനവർമ്മ

ക്രിക്കറ്റ്

(നാല്പത്തിയൊൻപത്).

നാല്പതാമത്തെ ഓവറിലാണ്. ശ്രീനിവാസ് അടുത്ത ബൗളിംഗ് മാറ്റം വരുത്തി. സുരേഷ്മേനോനു പന്തു കൊടുത്തത്.

മുപ്പത്തെട്ടും മുപ്പത്തൊമ്പതും ഓവറുകൾ, മിത്തലിന്റെയും രാഹുലിന്റെയും അഞ്ചാമത്തെ ഓവറുകൾ, കളിയുടെ ഗതി ആകെ മാറ്റിയിരുന്നു. മിത്തലിനെ രണ്ടു സിക്സറും, ഒരു ബൗണ്ടറിയുമുൾപ്പെടെ പതിനെട്ടു റൺസ്. രാഹുലിനെ രണ്ടു ബൗണ്ടറിയും ഒരു രണ്ടും, ഒരു സിംഗിളും, പതിനൊന്നു റൺസ്.

മുപ്പത്തിരണ്ടാം ഓവറിൽ ഷമിഉള്ളാ ഔട്ടായിക്കഴിഞ്ഞിരുന്നു. ക്രിക്കറ്റിന്റെ രീതിയിൽനിന്നും ഒട്ടും വ്യതിചലിക്കാത്ത അപകടങ്ങളുടെ കീഴ്വഴക്കം പാലിക്കപ്പെട്ടു. പക്ഷേ, ഷമിഉള്ളായുടെ വിക്കറ്റിന് ഒരു ബൗളർക്കും, എന്തിന്, ഇന്ത്യൻ ടീമിനുപോലും അവകാശവാദം പുറപ്പെടുവിക്കാൻ പറ്റാത്തത്ര സരളമായായിരുന്നു വിക്കറ്റ് തെറിച്ചത്.

ഔട്ടാകുക, വിക്കറ്റ് നഷ്ടപ്പെടുക എന്നതാണ് ഒരു ബാറ്റ്സ്മാനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ നഷ്ടം. സെഞ്ച്വറിയടിച്ച ബാറ്റ്സ്മാനും ഔട്ടായാൽ തീർച്ചയായും പറയാൻ ഒരു കാരണം കാണും. താൻ ഔട്ടായത് തന്റെ കഴിവുകേടുകൊണ്ടല്ല, അല്ലെങ്കിൽ എതിർ ടീമിലെ ബൗളറുടെയോ, ഫീൽഡറുടെയോ മിടുക്കുകൊണ്ടല്ല, എന്നേ, ഈ കാരണത്തിന്റെ കാതലായി വരൂ. കാണികളോ, പത്രക്കാരോ ആണെങ്കിൽ തീർച്ചയായും പറയുകയും എഴുതുകയും ചെയ്യും. ശ്ശെ! ഇയാൾ മടത്തരം കാണിച്ചു. പന്തിനെ നേരിട്ട വിധം ശരിയായില്ല. ഫീൽഡറെ സൂക്ഷിച്ചില്ല. വിഡ്ഢി! ഔട്ടായ ബാറ്റ്സ്മാൻ ഈ സമയത്ത് സ്വയം പഴിക്കുന്നതിനു പകരം, തന്റെ തോല്വിക്കു കാരണമായി പലതും പറയും. അമ്പയറുടെ പക്ഷപാതം, പിച്ചിന്റെ തീരെ മോശമായ നില, വിക്കറ്റ് കീപ്പർ പന്ത് അടുത്തെത്തിയപ്പോൾ തെറിപറഞ്ഞ് തന്റെ ഏകാഗ്രത നഷ്ടപ്പെടുത്തിയത്, എതിരെയുള്ള സൈറ്റ് സ്ക്രീനിനു മുന്നിൽക്കൂടി ആരോ നടന്നത്, എന്തിന്, സ്റ്റേഡിയത്തിലെ സൈഡ് ഗ്യാലറിയിൽനിന്നും ഒരു കുട്ടി കണ്ണാടി സൂര്യനുനേരെ കാട്ടി വെയിൽപ്പാളികൾ കൃത്യമായി കണ്ണിനുനേരേ പ്രതിഫലിപ്പിച്ച് അപകടപ്പെടുത്തിയത്-കാരണങ്ങൾക്കു പഞ്ഞമുണ്ടാകുകയില്ല.

ഷമിഉള്ളായും പത്രക്കാരോടു പല കാരണങ്ങൾ മാറിമാറി പറഞ്ഞു.

ആ തിലകരത്നെ, അമ്പയർ, അയാളാണ് അപകടം വരുത്തിവച്ചത്. ഷോർട്ട് റണ്ണിന്റെ സിഗ്നൽ ഓടിക്കഴിഞ്ഞതിനുശേഷമേ കാണിക്കാവൂ എന്നു നിയമമുണ്ട്. പക്ഷേ, അയാൾ, എനിക്കയാളെ നേരത്തേ സംശയമുണ്ട്. ഇന്ത്യയുടെ സൈഡാണ്.

ഷമിഉള്ളാ ഔട്ടായത് എന്തായാലും അമ്പയർ കാരണമല്ല എന്ന് എല്ലാവർക്കുമറിയാമായിരുന്നു.

മുപ്പത്തിരണ്ടാം ഓവർ. മിത്തലിന്റെ ഒരു ലെഗ് ബ്രേക്ക് പന്ത്. മിത്തൽ കൃത്യമായ ഉന്നം കിട്ടാനായി ബ്രേക്ക് കുറച്ച് സാധാരണ വേഗതയിൽ എറിഞ്ഞത്. ഷമിഉള്ളാ, പന്ത് ബാറ്റിന്റെ മദ്ധ്യംകൊണ്ടു തടുത്ത് മിഡ് വിക്കറ്റിലേക്കു പുഷ്ചെയ്തു. തൊട്ടുമുന്നിൽ ഫോർവേർഡ് ഷോർട്ട് ലെഗ്ഗിൽ ഫീൽഡു ചെയ്തിരുന്ന സുരേഷ്മേനോന്റെ കുതിപ്പിന് എത്തിപ്പിടിക്കാൻ പറ്റാത്തത്ര മാറി പന്ത് ഉരുണ്ടു. ഡീപ്പ് മിഡ് വിക്കറ്റിൽ ഫീൽഡ് ചെയ്തിരുന്ന രമേശ് കപാഡിയ, പത്തു പതിനഞ്ചു മീറ്റർ അകലെയായിരുന്നു. സുരേഷും രമേശും പന്തിനെ ലക്ഷ്യമാക്കി ഓടി. ഇതിനിടയിൽ ഷമിഉള്ളാ ആദ്യത്തെ റൺ പൂർത്തിയാക്കി, ഫീൽഡറെ നോക്കി. സുരേഷ് പന്തെടുക്കാൻ താമസിക്കും. രമേശിനു നാലഞ്ചു മീറ്റർകൂടി ഓടിവരണം. ഷമിഉള്ളാ പറയുന്നത്, ആ നിമിഷത്തിൽ അദ്ദേഹം ബൗളറുടെ ഭാഗത്ത് വിക്കറ്റിനു പിന്നിൽ നില്ക്കുന്ന അമ്പയർ തിലകരത്നെയെ നോക്കിയെന്നും, തിലകരത്നെ 'വൺ ഷോർട്ട്' എന്നു പറഞ്ഞില്ലെങ്കിലും, അതിന്റെ സംജ്ഞയായി വലതുകൈ മുകളിലേക്കാക്കി വളച്ചു തോളിൽത്തൊട്ടു എന്നുമാണ്.

റൺ പൂർത്തിയാക്കിയില്ല എന്നാണ് 'വൺ ഷോർട്ട്' എന്ന ഈ സംജ്ഞയുടെ അർത്ഥം.

ബാറ്റ്സ്മാൻ റണ്ണെടുക്കണമെങ്കിൽ ഓടി മറുപുറത്തെത്തി ബാറ്റിന്റെ അറ്റമോ, കാലോ, ശരീരത്തിന്റെ ഏതെങ്കിലും ഭാഗമോ പോപ്പിംഗ് ക്രീസിന്റെ വരയിലോ, വരയ്ക്കുള്ളിലോ തൊട്ടിരിക്കണം. സുരേഷ്മേനോൻ ഔട്ടായതും ഈ വിധം ബാറ്റിന്റെയറ്റം നിലത്തുതൊടാത്തതുകൊണ്ടായിരുന്നു. ഷമിഉള്ളാ റണ്ണെടുത്തു. ഓടി മറുപുറത്തെത്തി. ബാറ്റ് നീട്ടി വരയുടെ മുകളിലെത്തി. നിലത്തു തൊടുന്നതിനുമുമ്പുതന്നെ അടുത്ത റണ്ണിനു തയ്യാറായി. ആ സമയത്താണത്രേ, അമ്പയർ 'വൺ ഷോർട്ട്' എന്നതിന്റെ ആംഗ്യം കാട്ടിയത്.

ഈ പൂർത്തിയാക്കാത്ത റൺ, സ്കോറിൽ കൂട്ടുകയില്ല. പക്ഷേ, പൂർത്തിയാക്കാത്ത നിലയ്ക്ക് ബാറ്റ്സ്മാൻ തിരികെ സ്വസ്ഥാനങ്ങളിൽ വരണമെന്ന സ്വാഭാവികമായ രീതി ഇതിൽ പരിപാലിക്കപ്പെടുന്നില്ല. ക്രിക്കറ്റ് നിയമങ്ങളിൽ കഴിഞ്ഞ ഇരുനൂറു വർഷങ്ങളിലേറെയായി യാതൊരു മാറ്റവുമില്ലാതെയിരിക്കുന്ന നിയമങ്ങളിൽ ഒന്നാണ് ഈ 'വൺ ഷോർട്ട്' റണ്ണിന്റേത്. 1835-ൽ വളരെ ഗൗരവമായി ചർച്ചചെയ്യപ്പെട്ടു, ഈ നിയമം. ഷോർട്ട് റണ്ണിൽ, റൺ പൂർത്തീകരിക്കാത്തതുകൊണ്ട്, രണ്ടാമത്തെ റണ്ണെടുക്കുമ്പോൾ ബാറ്റ്സ്മാൻ പിച്ചിലെ കൃത്യമായ ദൂരം, ഇരുപത്തിരണ്ടുവാര, ഇരുപതു മീറ്റർ പന്ത്രണ്ടു സെന്റിമീറ്റർ നീളമുള്ള പിച്ചിൽ, നാലടി, ഒരു മീറ്റർ ഇരുപത്തിരണ്ടു സെന്റീമീറ്റർ വീതം ഇരുവശവുമുള്ള, പോപ്പിംഗ് ക്രീസ് വിട്ടുള്ള ദൂരം. ഓടുന്നില്ല എന്നതുകൊണ്ട്, രണ്ടു റൺസ് വീതം കുറയ്ക്കണമെന്ന് ഒരു ഭേദഗതി പരിഗണനയിൽ വന്നു.

എം.സി.സി, മാരിൽ ബോൺ ക്രിക്കറ്റ് ക്ളബാണ് ക്രിക്കറ്റ് നിയമങ്ങൾ ഉണ്ടാക്കുന്നതിന്റെ പരമാധികാരികൾ. അവർ ഈ ഭേദഗതി കൂലങ്കഷമായി ചർച്ചചെയ്തു.

ക്രിക്കറ്റിന്റെ യാഥാസ്ഥിതികത്വം ബ്രിട്ടീഷ് ഫ്യൂഡൽ രീതികളുടെ തനിപ്പകർപ്പ് ഉൾക്കൊണ്ടിരുന്നു. അതിലൊന്നാണ് എം.സി.സി എന്ന പ്രൈവറ്റ് ക്ളബ്. ക്രിക്കറ്റ് നിയമങ്ങളുടെ വിധായകരായി രൂപംപ്രാപിച്ച കഥ.

ലണ്ടനിലെ വെസ്റ്റ് എൻഡ് പ്രദേശത്തിന്റെ ഉത്തര പ്രാന്തപ്രദേശത്ത് തോമസ് ലോർഡിന്റെ വകയായ മൈതാനത്ത് സ്ഥിരം ക്രിക്കറ്റ് കളിക്കുന്ന വൈറ്റ് കൺഡ്യൂറ്റ് ക്ളബിലെ മെംബറന്മാർ ചേർന്ന് 1787-ൽ രൂപീകരിച്ചതാണ് മാരിൽ ബോൺ ക്രിക്കറ്റ് ക്ളബ് എന്ന എം.സി.സി. 1814-ൽ സെയ്ന്റ് ജോൺ വുഡ് പ്രദേശത്തെ ഇന്നു ക്രിക്കറ്റിന്റെ തറവാടായി ഏവരും അംഗീകരിച്ചിരിക്കുന്ന ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിലേക്ക് എം.സി.സി കളിസ്ഥലം മാറ്റി. ഒരു വെറും പ്രൈവറ്റ് ക്ളബായിരുന്നെങ്കിലും, ഇംഗ്ളണ്ടിലെ മിക്ക പ്രഭുക്കന്മാരും, ക്രിക്കറ്റ് വിദഗ്ദ്ധരും എം.സി.സിയിൽ അംഗങ്ങളായിരുന്നതുകൊണ്ട്, ആദ്യകാലത്ത് അനൗദ്യോഗികമായും പിന്നീട് ഔദ്യോഗികമായിത്തന്നെയും എം.സി.സി ക്രിക്കറ്റ് നിയമങ്ങൾ വിശദീകരിക്കാനും, പുതിയ നിയമങ്ങൾ ഉണ്ടാക്കാനുമുള്ള ചുമതലകൾ ഏറ്റെടുത്തു. 1788-ൽ എം.സി.സി രൂപീകൃതമായി ഒരു വർഷത്തിനകംതന്നെ ആദ്യത്തെ ക്രിക്കറ്റ് നിയമങ്ങളുടെ ക്രോഡീകരണം എം.സി.സി നടത്തി. ക്രിക്കറ്റ് ചരിത്രത്തിലെ നാലു പ്രധാന നിയമ ഭേദഗതികളും, 1980-ലെ ഏറ്റവും അവസാനത്തേതുപോലും എം.സി.സിയാണ് നടത്തിയത്. കളികൾ നടത്തുന്ന രീതിയും, അന്താരാഷ്ട്ര ടൂർണ്ണമെന്റുകളുടെ മേൽനോട്ടവും മറ്റും ഈയിടെയായി എം.സി.സിയിൽനിന്ന് ഔദ്യോഗിക സ്ഥാപനങ്ങളായ ഇന്റർ നാഷണൽ ക്രിക്കറ്റ് കോൺഫറൻസും, ടെസ്റ്റ് ആൻഡ് കൗണ്ടി ക്രിക്കറ്റ് ബോർഡും ഏറ്റെടുത്തെങ്കിലും, ക്രിക്കറ്റ് നിയമങ്ങളെസംബന്ധിച്ചിടത്തോളം എം.സി.സിയാണ് ഇന്നും അനിഷേധ്യശക്തി. ക്രിക്കറ്റിലെ ഏതെങ്കിലും നിയമം മാറ്റണമെങ്കിൽ, ആ ഭേദഗതി, എം.സി.സി എന്ന പ്രൈവറ്റ് ക്രിക്കറ്റ് ക്ളബിലെ മൂന്നിൽ രണ്ടു മെംബറന്മാർ ഒരു വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടി പാസാക്കണം. ക്രിക്കറ്റ് യാഥാസ്ഥിതികർക്ക്, ബ്രിട്ടീഷ് പാരമ്പര്യത്തിന്റെ ഉദാത്തലക്ഷണമാണ് എം.സി.സി.

ആ എം.സി.സി 'വൺ ഷോർട്ട്' റണ്ണിനെക്കുറിച്ചു ചർച്ചചെയ്തു തീരുമാനിച്ചു. രണ്ടാമത്തെ റൺ ഓടിയ ദൂരം ആകെ ഓടേണ്ട അമ്പത്തെട്ട് അടിയിൽ അല്പം കുറവാണെങ്കിലും അതു റണ്ണായി കണക്കാക്കാം.

ആ രണ്ടാമത്തെ റണ്ണെടുക്കാനായി ഷമിഉള്ളാ ഓടാൻ അല്പം താമസിച്ചു.

അപ്പോഴേക്ക് നിസ്സാർ അഹമ്മദ് പിച്ചിന്റെ പകുതിയോളം എത്തിക്കഴിഞ്ഞിരുന്നു.


ഷമിഉള്ളാ ഓടി.

രമേശ് കപാഡിയായാണ് പന്ത് ആദ്യം കൈക്കലാക്കിയത്. ധാരാളം സമയമുണ്ടായിരുന്നു. ഷമിഉള്ളാ പിച്ചിന്റെ മൂന്നിൽ രണ്ടു ഭാഗം എത്തുന്നതിനുമുമ്പുതന്നെ പന്ത് വിക്കറ്റ് കീപ്പർ ആലോക്നാഥിന്റെ ഗ്ളൗസുകൾക്കുള്ളിലെത്തി. ബെയിലുകൾ തെറിച്ചു.

ഔട്ടായി എന്നു മാത്രമല്ല, തന്നോടുതന്നെ ദേഷ്യം അടക്കാൻ കഴിഞ്ഞുമില്ല, ഷമിഉള്ളായ്ക്ക്.

ഷഫ്ക്കത്ത് ആലി, മൂന്നു വിക്കറ്റുകൾ നഷ്ടപ്പെടുമ്പോൾ ഇറങ്ങാറുള്ള ബാറ്റ്സ്മാനാണ്. സ്വന്തം ക്ളബായ പാകിസ്ഥാൻ ഇന്റർനാഷണൽ എയർവേസിൽപ്പോലും, ഈ സ്ഥാനത്തേ ഇറങ്ങാറുള്ളൂ. ത്രീ ഡൗൺ. അതിന് അതിന്റേതായ മഹത്ത്വമുണ്ട്. വൺ ഡൗൺ. ടൂ ഡൗൺ. ഈ നിലകളിൽ ബാറ്റിംഗിനിറങ്ങുന്ന ബാറ്റ്സ്മാന്മാർക്ക് ഒരു അപകടസന്ധിയെ അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. ഇടയ്ക്കിടയ്ക്ക്. ചിലപ്പോൾ ആദ്യ ബാറ്റ്സ്മാൻ ഒന്നാം ഓവറിൽത്തന്നെ ഔട്ടാകും. അപൂർവ്വം സമയത്ത് രണ്ടാമനും ഔട്ടാകും. അപ്പോൾ വൺ ഡൗൺ, ടൂ ഡൗൺ ഇറങ്ങുന്നവർക്ക് പുതിയ പന്തും. തളരാത്ത ശക്തിയും വിക്കറ്റുകൾ ലഭിച്ചതിന്റെ ആവേശവുമായി ആക്രമിക്കുന്ന സ്പീഡ് ബൗളറന്മാരെ നേരിടേണ്ടി വരുന്നു. ശരിക്കും ഓപ്പണിംഗ് ബാറ്റ്സ്മാന്മാരെപ്പോലെ കളിക്കണം. റിസ്ക്കാണ്. ഏകദിന ക്രിക്കറ്റിൽ വിക്കറ്റ് നഷ്ടപ്പെടാതെ കളിച്ചാലും റൺ റേറ്റ് ഉയർത്താതിരുന്നാൽ അതു പരാജയത്തിനു സമമാണ്. സന്നിഗ്ദ്ധമായ ചുറ്റുപാട്. അതുകൊണ്ട് ഷഫ്ക്കത്ത്ആലി ഒരിക്കൽ ത്രീ ഡൗൺ എന്ന് അറിയപ്പെട്ടു തുടങ്ങിയപ്പോൾ. ബാറ്റിംഗ് ഓർഡറിൽ മുകളിലേക്കു കയറാൻ ഒരു ശ്രമവും നടത്തിയില്ല.

അങ്ങനെ സ്ഥിരം ത്രീ ഡൗണായി. അതിനു



വേണ്ടി മാനസികമായി തയ്യാറായി ഇരിക്കുമ്പോഴാണ്, ക്യാപ്റ്റൻ നിസ്സാർ അഹമ്മദ് പറയുന്നത്. മിയാ, ത്രീ ഡൗൺ ഞാൻ പോകാം. ഫോർ ഡൗൺ മതി, ഷഫ്ക്കത്ത്!

അല്പം വിഷമം തോന്നി. പക്ഷേ. അതു പ്രകടിപ്പിച്ചില്ല. അറിയാം. നിസ്സാർ കളിക്കളത്തിൽ ഒരിക്കലും വ്യക്തിവൈരാഗ്യങ്ങളോ. മറ്റു പകകളോ കൊണ്ടുവരികയില്ല. അയാളുടെ കണക്കുകൂട്ടലിൽ എന്തൊക്കെയോ ഉണ്ട്. അത് അന്വേഷിച്ചിട്ടു പ്രയോജനമില്ല. എന്തായാലും അതു ടീമിനു നല്ലതായിരിക്കും. തീർച്ച.

പക്ഷേ. അള്ളായുടെ നിശ്ചയംകൊണ്ടെന്ന പോലെ, നിസ്സാറിന്റെ കണക്കുകൂട്ടലിൽ പിശകു വന്നു. മുപ്പത്തിരണ്ടാം ഓവറിൽ ഷമിഉള്ളാ റണ്ണൗട്ടായി.

പത്തുമിനിട്ടേ താമസിച്ചുള്ളൂ.

ത്രീ ഡൗണിനു പകരം ഫോർ ഡൗൺ.

തന്റെമേൽ അടിച്ചേല്പിച്ചത് അള്ളാ നിഷ്പ്രയാസം തട്ടിത്തെറിപ്പിച്ചിരിക്കുന്നു.

ധൈര്യപൂർവം ഷഫ്ക്കത്ത്ആലി. മിത്തലിന്റെ ലെഗ് ബ്രേക്കുകളും. രാഹുലിന്റെ എന്തെന്നു മുൻകൂട്ടി കാണാൻ വയ്യാത്ത പന്തുകളും നേരിട്ടു. നിസ്സാർ അഹമ്മദ് പ്രതിരോധത്തിൽ ഊന്നുകൊടുക്കാൻ ശ്രമിക്കുകയായിരുന്നു. സാവധാനം ഇരുവരും പന്തും ഫീൽഡും ശ്രദ്ധിച്ച് സ്കോർ ഉയർത്തി.

മിത്തലിന്റെയും. രാഹുലിന്റെയും അഞ്ചാമത്തെ ഓവറുകളായപ്പോഴേക്ക് സ്കോർ നൂറ്റിമുപ്പതേ ആയുള്ളൂ. പെട്ടെന്ന് ഷഫ്ക്കത്ത് ബാറ്റ് വീശി. മിത്തലിനെ രണ്ട് സിക്സർ. ഒരു ബൗണ്ടറി. ഒരു രണ്ട്. ആറു പന്തുകളും സ്കോറിംഗ് ഷോട്ടുകളായിരുന്നു. രണ്ടെണ്ണം ഫീൽഡറന്മാർ വിദഗ്ദ്ധമായി തടുത്തു. പതിനെട്ടു റൺസ്. ജനം ആവേശഭരിതരായി.

ഏതോ ഉത്തേജക മരുന്ന് ഇഞ്ചക്ടു ചെയ്തതുപോലെ എതിർ ഭാഗത്ത് നിസ്സാർ അഹമ്മദും സടകുടഞ്ഞെഴുന്നേറ്റു. രാഹുലിന്റെ ഓഫ് സ്പിന്നിനെ രണ്ടു ബൗണ്ടറിയിൽ അസ്തപ്രഭമാക്കി.. രാഹുൽ അല്പം വേഗത കൂട്ടി ഇൻ സ്വിംഗർ എറിഞ്ഞു. ആദ്യത്തേത് തടുത്തുനിർത്തി. രണ്ടാമത്തേത് രണ്ടു റൺസ്. രാഹുൽ രീതി മാറ്റി. അഞ്ചാമത്തേത് തടുത്തു നിർത്തി. ആറാമത്. ഒരു ഫാസ്റ്റ് ഹാഫ് വോളി. ജഡ്ജ് ചെയ്യാൻ ഒരു ഞൊടിയിട വൈകി. നിസ്സാർ ഒരു റണ്ണെടുത്ത് മറുവശത്തെത്തി.

സ്കോർ. മുപ്പത്തൊമ്പത് ഓവർ കഴിഞ്ഞപ്പോൾ ടി.വി സ്ക്രീനുകളിൽ തെളിഞ്ഞു.

പാകിസ്ഥാൻ ജയിക്കാൻ വേണ്ടത് തൊണ്ണൂറു റൺസ്.

വിക്കറ്റുകൾ ആറ്.

ഓവറുകൾ പതിനൊന്ന്.

ഇപ്പോഴത്തെ ആവറേജ്. 4.07.

ആവറേജ് ഇനി അടിക്കേണ്ടത്. 8.18.

ഇനി കളി ഒന്നു കൊഴുക്കും.

ഈ ആശയം കാണികളുടെ മനസ്സിൽ ആഞ്ഞു പതിച്ചു. ഒരു ടി.വിയും ഓഫായില്ല. ആരും ചാനൽ മാറ്റിയില്ല. സ്റ്റേഡിയത്തിലെ ആവേശത്തിനുപോലും ഒരു ഗൗരവത്തിന്റെ സുതാര്യമായ മൂടുപടം ലഭിച്ചു.

സുരേഷ്മേനോന്റെ ആദ്യത്തെ പന്ത് നേരിടാൻ തയ്യാറായി. നിസ്സാർ അഹമ്മദ് ഗാർഡെടുക്കുന്നതിനിടയിൽ. അദ്ദേഹത്തിന്റെ തലച്ചോറിലെ അനേക കോടി സെല്ലുകൾ, തന്റെ ഓർമ്മകളിൽ ദ്രുതഗതിയിൽ തിരയുകയായിരുന്നു. ഈ പയ്യന്റെ ബൗളിംഗിനെ, ഇപ്പോൾ അവൻ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പ്ളാനിനെ എങ്ങനെ മുൻകൂട്ടിക്കാണാൻ പറ്റും? കാണണം. കാണാതെ നിവൃത്തിയില്ല. ഈ ഓവറും. അടുത്ത ഓവറും. ഇവയാണ് നിർണ്ണായകം. ഈ ഓവറിൽ സുരേഷിന്റെ ബൗളിംഗിനെ അടിച്ചുതുരത്തി അവന്റെ ആത്മവിശ്വാസം തകർക്കണം. ഒരോവർ മതി. അടുത്തത് ആര് ബൗൾ ചെയ്താലും സാരമില്ല. സുരേഷിന് രണ്ടാമത് ഒരോവർകൂടി ബൗൾ ചെയ്യാൻ അവസരം കിട്ടും. അതിൽ തുരത്തുവാരണം. മിത്തലിനെ ചെയ്തതുപോലെ. ഇനി മിത്തലും, രാഹുലും തിരിച്ചു വരില്ല. മറ്റുള്ളവർ ആരും സാരമില്ല, എട്ടു റൺസ് ആവറേജ്. അവസാനത്തെ സ്ലോഗ് ഓവറുകളിൽ. വിക്കറ്റുകൾ കൈവശമുണ്ടെങ്കിൽ നീ

പുസ്തക വാർത്ത

ഷ്പ്രയാസം അടിച്ചെടുക്കാം.

സുരേഷിന്റെയും കണക്കുകൂട്ടലുകൾക്ക് അല്പവും വ്യത്യാസമുണ്ടായിരുന്നില്ല. ഈ ഓവറിൽ നിസ്സാർ സാഹിബ്, സംശയമില്ല, തന്നെ അടിച്ചു തുരത്താൻ ശ്രമിക്കും. നിസ്സാർ സാമാന്യക്കാരനല്ല. അനുഭവജ്ഞാനത്തിൽ ഇന്ത്യൻ ടീമിൽപ്പോലും ആരും അദ്ദേഹത്തിനു സമനായിട്ട് ഇപ്പോഴില്ല. അപ്പോൾ അടിച്ചു റൺസെടുക്കാൻ ശ്രമിക്കുമ്പോഴും അശ്രദ്ധയുടെ ഒരു ഷോട്ടും കളിക്കുകില്ല. ഫീൽഡ് നോക്കി. വളരെ ഏകാഗ്രതയോടെയേ കളിക്കൂ.

എന്തായിരിക്കാം. നിസ്സാറിന്റെ മാനസികമായ തയ്യാറെടുപ്പിൽ പാളിച്ച പറ്റാനിടയുള്ള വിടവ്? ഒന്നേയുള്ളൂ. വിക്കറ്റ് നഷ്ടപ്പെടരുത്. റൺസ് റേറ്റ് കൂട്ടണം. അതിലും പ്രധാനം തന്റെ കൈയിൽനിന്നും ബൗളിംഗ് അകറ്റണം. അതായിരിക്കും ലക്ഷ്യം. മിത്തലിനെയും രാഹുലിനെയും അളന്നുകഴിഞ്ഞു. മനാസായ്ക്ക് രണ്ട് ഓവറേ ബാക്കിയുള്ളൂ. ശ്രീനിസ്സാറും മറ്റുള്ളവരും പരിചയമുള്ള ബൗളർമാരാണ്. അപ്പോൾ നിസ്സാർ സാഹിബിന്റെ ഏക ലക്ഷ്യം തന്റെ കൈയിൽനിന്നും ബൗളിംഗ് മാറ്റുക എന്നതാണ്. റൺസും വിക്കറ്റും രണ്ടാമതേയുള്ളൂ. ഈ ഓവറിൽത്തന്നെ അതിന്റെ കർമ്മപദ്ധതികൾ നിസ്സാർ സാഹിബ് പ്രാവർത്തികമാക്കും.

ഞാനെന്താണു ചെയ്യേണ്ടത്?

വിക്കറ്റിൽനിന്നും പിന്നിലേക്കു നടക്കുമ്പോൾ അറിയാതെ എണ്ണുന്നുണ്ടായിരുന്നു. ആദ്യത്തെ ഓവറുകളിൽ ഇരുപത്തിരണ്ട് ചുവടുകളാണെടുത്തത്. ഇപ്പോൾ? പന്ത്രണ്ടു കഴിഞ്ഞപ്പോൾ



ആലങ്കോട് ലീലാകൃഷ്ണൻ

പാപികളുടെ ദേവാലയം

ആരാണിവൾ, കാറ്റു കത്തും വനങ്ങളിൽ
ഗന്ധകപ്പാലയായ് പൂത്തിറങ്ങുന്നവൾ.
തൃഷ്ണകൾ പെയ്യുന്ന കണ്ണീരിനുപ്പിലു-
മുഷ്ണപ്രവാഹമായിത്തിളയ്ക്കുന്നവൾ?
മഞ്ഞിൻ ശിരോവസ്ത്രമിട്ട്, നുരയ്ക്കുന്ന
വീഞ്ഞിൻ നദിക്കരെ കാത്തിരിക്കുമ്പൊഴും
രാത്രിസത്രങ്ങളിൽ ദീനം വിതച്ചു നീ
രാസദാഹങ്ങളിലസ്തമിക്കുമ്പൊഴും
ഞാനറിവൂ നിന്നെ; ബത്‌ലഹേം തൊട്ടെന്റെ
ജീവനിലുണ്ടു നിൻ പാപസങ്കീർത്തനം.
പാപികൾ കല്ലെറിയും ജീവകാമമേ,
വേദസാരങ്ങളിലില്ല നിൻ ജീവിതം.
നീ, യിന്ദ്രിയ[illegible]ൾ തൻ ജീവകോശങ്ങളിൽ
പ്രേമവും വി[illegible]ും നിറച്ച്, നിരാലംബ-
കാമങ്ങളിൽ രതികാരുണ്യമായവൾ.
വാതിൽ തുറന്നിട്ട ദേഹ ദേവാലയം.
ഞാനോ വിഷാദങ്ങൾ പെയ്യുമെൻ ജീവിതം
നിന്റെ മാർത്തട്ടിൽ വെടിഞ്ഞുപോവുന്നവൻ
ഗാഗുൽത്തയിൽനിന്നു പാപവും രക്തവും
പാനപാത്രത്തിൽ നിറച്ചു മോന്തുന്നവൻ.
എങ്കിലും നാളെയുയിർക്കുന്ന സൂര്യന്റെ
നെഞ്ചകത്തുണ്ടാവുമെൻ കിനാവിൻ കനൽ.
കണ്ണുനീരൊക്കെക്കുടിച്ചു വറ്റിച്ച നിൻ
പൊള്ളുന്ന ജീവനിലെന്റെ നോവിൻ പൊരുൾ.
സ്ത്രീയേ മഹാകാല തീർത്ഥഹ്രദങ്ങളിൽ
നീയേ നിലയ്ക്കാത്ത പ്രേമ പുണ്യോദകം
നിന്റെമേൽ ഞാനുയർത്തുന്നു കിനാവിന്റെ
വിൺ മുദ്രചാർത്തിയ സ്നേഹമാം പൊൽക്കൊടി.

സുരേഷ് താനേ നിന്നുപോയി.

മീഡിയം പേസ്. മതി. വളരെ ഫാസ്റ്റായാൽ ലംഗ്ത് ശരിയായില്ലെങ്കിലോ? രണ്ടു പന്തു മതി, നിസ്സാർ സാഹിബ് തന്റെമേൽ ആധിപത്യം സ്ഥാപിക്കാൻ. സ്പിന്നും വേണ്ട. ലെഗ് ബ്രേക്കായാലും, ഓഫ് സ്പിന്നായാലും, ഗൂഗ്ളിയായാലും സാധാരണ ബാറ്റ്സ്മാന്മാരോടു കുഴപ്പമില്ല. അവർ പതറും. പക്ഷേ, ഇത് നിസ്സാർ സാഹിബാണ്. ബി കെയർഫുൾ.

മുത്തച്ഛൻ പറയും.

വെൻ യു ആർ ഇൻ ഡൗട്ട് പ്ളേ ഡിഫൻസിവ്‌ലി.

കളിയിൽ മാത്രമല്ല, ജീവിതത്തിലും.

നീ സംശയഗ്രസ്തനാകുമ്പോൾ എടുത്തുചാട്ടം അരുത്.

പ്രതിരോധം.

ചീത്തക്കാലമാണിത്. ഇപ്പോൾ പുതിയ ഒന്നിനും തുടങ്ങേണ്ട.

പ്രശ്നം വയ്ക്കുന്ന തിരുമേനി പറയാറുണ്ട്.

ഇപ്പോൾ സംശയമില്ല.

നമുക്കു നല്ല കാലവുമാണ്.

പക്ഷേ, നമ്മുടെ നല്ല കാലത്തെപ്പോലും കീഴടക്കി ചീത്തയാക്കാൻ കഴിവുള്ള പ്രതിഭാശാലിയോടാണ് യുദ്ധം.

ബീ ഡിഫൻസീവ്.

സുരേഷ്, ശ്രീനിവാസിന്റെനേരെപ്പോലും നോക്കിയില്ല.

ഫീൽഡ് പ്ളേസിംഗിൽ മാറ്റം വരുത്തിയില്ല.

നഡ്കർണി സാഹിബിന്റെ ബൗളിംഗ്. ട്രെവർ ബെയ്‌ലി. പഴയ 16 എം.എം റീലിൽനിന്ന് ഡിഫൻസീവ് ബൗളിംഗിന്റെ വിവിധ രീതികളുടെ ചിത്രങ്ങൾ, വീഡിയോ ടേപ്പിലേക്കു മാറ്റി പഠിച്ചിട്ടുള്ളത് പെട്ടെന്നു മനസ്സിൽ തെളിഞ്ഞു.

സുരേഷ് കണ്ണടച്ചു സർവശക്തിയും ഒരേ ബിന്ദുവിലേക്കു കേന്ദ്രീകരിച്ചു സാധാരണ വേഗത്തിൽ ഓടാൻ തുടങ്ങി.

പന്ത് കൃത്യമായ ലംഗ്തിൽ. പിന്നിലേക്കു ബാറ്റുയർത്തി പ്രതിരോധം ചെയ്യാൻ മാത്രം പറ്റുന്ന പാകത്തിൽ കുത്തിയുയർന്നു.

നിസ്സാർ പന്ത് ഡിഫൻസ് ചെയ്തു.

രണ്ടാമത്തെ പന്തും അതേ രീതിയിൽത്തന്നെയാണ് എറിഞ്ഞത്. ലംഗ്ത് ഒട്ടും തെറ്റാതെ, പക്ഷേ, വേഗതയിൽ അല്പം വ്യത്യാസം വരുത്തി.

നിസ്സാർ ആ പന്തും ഡിഫൻസ് ചെയ്തു.

മൂന്നാമത്തെ പന്തിനു മുന്നിലേക്കു കയറി അടിക്കാൻ തയ്യാറെടുത്തു നിസ്സാർ ഇടതുകാൽ അല്പം മുന്നോട്ടു നീക്കി. പക്ഷേ, പന്ത് കുറച്ചുകൂടി അകലെയാണ് കുത്തിയുയർന്നത്. പെട്ടെന്നു കാല് തിരിച്ചെടുത്തു ബാക്ക് ഫുട്ടിൽ ഡിഫൻസ് ചെയ്തു.

ചുറ്റും നിന്നിരുന്ന ഫീൽഡറന്മാർ കൈയടിച്ചു. ആരോ വിളിച്ചു പറഞ്ഞു. ഗുഡ് ബാൾ.

നിസ്സാറിനും പറയണമെന്നുണ്ടായിരുന്നു. അഭിനന്ദിക്കണം. ഇന്റലിജന്റ് ബൗളിംഗ്. മിടുക്കൻ. ഇവൻ പാകിസ്ഥാനിലായിരുന്നെങ്കിൽ ഞാനിവനെ ലോകത്തിലെ ഒന്നാം നമ്പർ....

നാലാമത്തെ പന്ത് ലഗ് സ്റ്റംപിനെ ലക്ഷ്യമാക്കി കൃത്യമായി വന്നു, തിരിക്കാൻ ശ്രമിച്ചു. പക്ഷേ, പെട്ടെന്നു പന്തുയർന്നു. പ്രതിരോധമല്ലാതെ മറ്റു മാർഗ്ഗമില്ല.

അഞ്ചാം പന്ത് അടിച്ചു. പക്ഷേ, ശക്തിയില്ലാതെ നേരേ കവറിലേക്കു പോയി. ഒരു റണ്ണിനും സാദ്ധ്യതയില്ല.

ആറാമത്തെയും അവസാനത്തേതുമായ പന്തിൽ ഒരു റൺ കിട്ടി.

നിസ്സാറിന് കളിതുടങ്ങിയതിനുശേഷം ആദ്യമായി ഭയം തോന്നി. പാകിസ്ഥാൻ തോറ്റേക്കും, അതും ഈ പയ്യൻ കാരണം.

(തുടരും)



ജി. ജനാർദ്ദനക്കുറുപ്പ്

സിപിഎം ഇല്ലാത്ത പുരോഗമനബദൽ അസാദ്ധ്യം

'കലാകൗമുദി'യുടെ ഈ ചോദ്യങ്ങളെല്ലാംതന്നെ കാലിക പ്രസക്തവും അനുമോദനാർഹവുമാണ്. എന്നാൽ 15 ചോദ്യങ്ങളിലും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ അധഃപതനത്തെപ്പറ്റി ഒരു മുൻവിധി അടങ്ങിയിരിക്കുന്നു. ദേശാഭിമാനബോധവും ത്യാഗസന്നദ്ധതയും ഇല്ലാത്തവർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വർദ്ധിച്ചുവരുന്നു എന്നത് ഭാഗികമായ സത്യമാണ്. അമ്പതുകളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽക്കണ്ട സ്വാഭിലാഷ്യാഗ പരിമളം ആ അളവിൽ ഇപ്പോഴില്ല. ഉണ്ടാകാനും സാധ്യമല്ല. കാരണം പാർട്ടി വല്ലാതെ വളർന്നുപോയി. മനോഹരമായ അരുവി വലിയൊരു ജലപ്രവാഹമായി മാറുമ്പോൾ മാലിന്യങ്ങളും ഏറും. അങ്ങനെ ആയിട്ടുണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി മാലിന്യമുണ്ടെങ്കിലും മഹാപ്രവാഹം കൂടുതൽ ഫലഭൂയിഷ്ഠ പ്രദേശങ്ങൾ സൃഷ്ടിക്കുന്നു. ലക്ഷ്യത്തിന്റെ അന്തഃസത്തയെ ബലപ്പെടുത്തുന്നു. ലെനിൻ പറഞ്ഞതുപോലെ ദോഷങ്ങൾ കണ്ട് നിരാശപ്പെടാനൊന്നുമില്ല.

സിപിഎമ്മിന്റെ മധ്യ നേതൃത്വത്തിൽനിന്ന് മേലോട്ടു നോക്കുമ്പോൾ ദുസ്സഹമായ പാർലമെന്ററി വ്യാമോഹം നേതാക്കളെ കീഴ്പ്പെടുത്തുന്നതു കാണാം. വർഗ്ഗ സമരം നടത്താനുള്ള ത്യാഗസന്നദ്ധത കുറഞ്ഞുകുറഞ്ഞുപോകുന്നു. ടിപ്പിൾ ഫസ്റ്റ് ക്ലാസ്സിൽ ഡിഗ്രി എടുത്ത മാന്യന്മാർ അമേരിക്കയിൽ പോകാനുള്ള അവസരം വെടിഞ്ഞ് സോഷ്യലിസ്റ്റ് വിപ്ലവം കൊണ്ടുവരാൻ ശ്രമിച്ചു. അതിനായി സിപിയെ കൊല്ലാൻ ഇറങ്ങിപ്പുറപ്പെട്ടവരാണ് ഞങ്ങൾ. ഇപ്പോൾ എംഎൽഎമാരാകാനും പഞ്ചായത്ത് പ്രസിഡന്റാകാനും കോർപ്പറേഷൻ പ്രസിഡന്റാകാനും ഓടിനടക്കുന്ന സഖാക്കളെ വ്യാമോഹങ്ങൾ പിടികൂടിയിട്ടുണ്ട്. ഇത്തരം വ്യാമോഹങ്ങൾ പാർട്ടിയെ തളർത്തുമെന്നു കണ്ടപ്പോൾ വർഗ്ഗസമരത്തിന് പാർട്ടിയെ സജ്ജമാക്കണമെന്ന വിണ്ടുവിചാരം ഉയർന്നിട്ടുണ്ട്. സിപിഎമ്മിലെ എല്ലാ കമ്മിറ്റികളിലും വ്യാമോഹികൾ ഉണ്ടെന്നിരിക്കിൽ ഒരു പൂർണ്ണ വിമർശനത്തിന് പാർട്ടി സ്വയം സന്നദ്ധമാകുകയാൽ നിരാശയില്ല. വിശ്വാസത്തകർച്ചയില്ല.

സോവിയറ്റ് യൂണിയൻ തകർന്നപ്പോഴും കിഴക്കൻ യൂറോപ്പിൽ പാർട്ടി പൊളിഞ്ഞപ്പോഴും ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾക്ക് നിരാശയില്ല. എങ്ങനെയെങ്കിലും പാർട്ടിയെ നന്നാക്കി നിലനിറുത്തണമെന്ന ആവേശമാണുണ്ടായത്. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തകർന്നതിന് ഓരോ രാജ്യത്തും തക്ക കാരണങ്ങളുണ്ട്. ആ കാരണങ്ങളിൽ പലതും ഇവിടെയും ഉണ്ട്. അവ മാറ്റി പാർട്ടിയെ നാശത്തിൽനിന്നു രക്ഷിക്കാൻ പാഠങ്ങൾ പഠിച്ചു. ജനങ്ങളുടെ ചോദ്യങ്ങൾക്ക് ന്യായയുക്തമായി മറുപടി പറയണം, ബുദ്ധിജീവികളും വിദ്യാർത്ഥികളും മറ്റും സ്കൈപ്റ്റിസിസം ഉപേക്ഷിക്കണമെങ്കിൽ അധികാര വ്യാമോഹങ്ങളുള്ള നേതാവിനെ പ്രോത്സാഹിപ്പിച്ചുകൂട എന്ന് പാർട്ടി മനസ്സിലാക്കിക്കഴിഞ്ഞു. അതിനാൽ പശ്ചിമബംഗാളിലും കേരളത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടി തകരില്ല.

ജനങ്ങളുടെ യൂണിയൻ നയിക്കാൻ (സോവിയറ്റ്) ഒരു പാർട്ടി വേണമെന്ന് ലെനിൻ ആഗ്രഹിച്ചു. വിശാല പ്രോലിറ്റേറിയൻ ഡിക്ടേറ്റർ ഷിപ്പ് പാർട്ടി ഡിക്ടേറ്റർ ഷിപ്പായി. പക്ഷെ പാർട്ടി ഒരു ക്ലിക്കിന്റെ കൈയിലായപ്പോൾ ജനാധിപത്യം മരിച്ചു. അധികാര കേന്ദ്രീകരണം വന്നു. ഇതാണ് കമ്മ്യൂണിസമെങ്കിൽ വേണ്ടെന്ന് ജനം പറഞ്ഞു. റഷ്യയിൽ നിന്ന് ലഭിച്ച ഈ അനുഭവപാഠം ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർക്ക് വിലപ്പെട്ടതാണ്.

കമ്പോള സമ്പദ്‌വ്യവസ്ഥ പാപമല്ല. സോഷ്യലിസ്റ്റുകൾ അത് വളർത്തിയില്ല. പുതിയ സമ്പദ്‌വ്യവസ്ഥ ഉപഭോക്തൃ നയത്തിൽ അധിഷ്ഠിതമാണ്. മാർക്കറ്റ് ആവശ്യമാണ്. ചൈന അത് മനസ്സിലാക്കിക്കഴിഞ്ഞു. എന്നാൽ അമേരിക്കയുടെ കടന്നാക്രമണമില്ല. നിയന്ത്രിതമാണ് മാർക്കറ്റ് ഇക്കോണമി. ജനങ്ങൾക്കാവശ്യമായ സാധനങ്ങളുടെ സ്വതന്ത്ര വിനിമയം അനുവദിക്കുമ്പോൾ എങ്ങനെ അത് മുതലാളിത്തമാകും? മനുഷ്യവികാസത്തിന്റെ ഒരു സാധ്യത മാത്രമാണത്. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ പുതിയൊരു കമ്പോള സമ്പദ്ഘടന വളർന്നുവരുന്നു.

കേരളത്തിൽ വില വർദ്ധനയ്ക്ക് എതിരേ വ്യാപകമായ സമരം നടത്താൻ സി.പി.എമ്മിന് കഴിഞ്ഞില്ല. എം.വി.ആർ., ജയരാജൻ പ്രശ്നങ്ങളേക്കാൾ വലിയ കാര്യങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടപോലെ പാർട്ടി കൈകാര്യം ചെയ്യാതെ വന്നപ്പോൾ ജനങ്ങൾക്ക് ഇടതുമുന്നണിയോട് നിരസം തോന്നി. എന്നുകരുതി എ.കെ.ആന്റണിയുടെ പൂച്ചസന്യാസത്തിനു പിന്നാലെ ജനം പോകുമെന്ന് തോന്നുന്നില്ല. ആന്റണി മാന്യനാകാം. പക്ഷെ നാലു കൊല്ലത്തെ കരുണാകര ഭരണത്തേക്കാൾ മോശമായി ആന്റണിയുടെ ആറു മാസം. സ്വകാര്യ ഡോക്ടർമാരുടെ പ്രാക്ടീസ് നിറുത്തുമെന്ന് സുധീരൻ പറഞ്ഞു. പൊള്ള വാഗ്ദാനം. സ്വകാര്യ പ്രാക്ടീസ് നിറുത്താനാവില്ല. സൂര്യനെല്ലി കേസിൽ സർക്കാർ വാഗ്ദാനം പാലിച്ചില്ല. വയലാർ രവിയുടെ ഗർജ്ജനം കേട്ട് ആന്റണി മിണ്ടാതിരുന്നു. കരുണാകരൻ സത്യസന്ധനായ ഹിപ്പോക്രാറ്റ് ആണെങ്കിൽ ആന്റണി വെറും ഹിപ്പോക്രാറ്റാണ്. ആന്റണിയുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യം ഭയങ്കരം തന്നെ.

സി.പി എമ്മിന്റെ സമരങ്ങൾ ഏശുന്നില്ലെന്നത് പൂർണ്ണമായും സത്യമല്ല. സമരങ്ങൾ പോര എന്നത് ശരി. പശ്ചിമ ബംഗാളിൽ സി.പി.എമ്മിന് മാരക രോഗമൊന്നും പിടിപെട്ടിട്ടില്ല. 18 വർഷം തുടർച്ചയായി ഭരിച്ച കക്ഷിക്ക് ഇതയല്ലേ ദോഷമുള്ളൂ.

കമ്പോള സമ്പദ്‌വ്യവസ്ഥ പാപമല്ല. സോഷ്യലിസ്റ്റുകൾ അത് വളർത്തിയില്ല. പുതിയ സമ്പദ്‌വ്യവസ്ഥ ഉപഭോക്തൃ നയത്തിൽ അധിഷ്ഠിതമാണ്. മാർക്കറ്റ് ആവശ്യമാണ്. ചൈന അത് മനസ്സിലാക്കിക്കഴിഞ്ഞു. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ പുതിയൊരു കമ്പോള സമ്പദ്ഘടന വളർന്നുവരുന്നു.

ചോദ്യാവലി

1. ഇന്ത്യയിൽ വിശേഷിച്ച് കേരളത്തിൽ ഇടതുപക്ഷ പുരോഗമനശക്തികൾ വിശ്വാസത്തകർച്ച നേരിടുകയാണ്. സോഷ്യലിസത്തിൽനിന്നും അകലുകയും, മാർക്കറ്റ് ഇക്കോണമിയെ ഭരണകൂടം പുണരുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ വിശ്വാസത്തകർച്ച കൂടുതൽ ആപൽക്കരമായിത്തീർന്നിട്ടുണ്ട്. ഈ പ്രതിസന്ധിയിൽനിന്നും കരകയറാൻ ഇടതുപക്ഷത്തിന്റെ മുമ്പിലുള്ള പോംവഴികളെന്തൊക്കെയാണ്?

2. ബഹുജന സമരങ്ങൾ ഉൾപ്പെടെയുള്ള പ്രക്ഷോഭണങ്ങളെല്ലാം പാർട്ടി താത്പര്യം നിലനിർത്താനുള്ള ഉപകരണമായി തരംതാണിരിക്കുകയാണെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. സാധാരണക്കാരനെ ശ്വാസംമുട്ടിക്കുന്ന വിലക്കയറ്റത്തിനെതിരായിപ്പോലും ജനങ്ങളെ അണിനിരത്താൻ കഴിയാതെ വന്നിരിക്കുന്നത് ഇതുകൊണ്ടല്ലേ?

3. ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും വ്യവസ്ഥാപനവൽക്കരിക്കപ്പെടുകയും അവയെല്ലാം, ചില നിക്ഷിപ്ത താത്പര്യങ്ങൾ നിലനിർത്താനുള്ള വേദികളായിത്തീരുകയും ചെയ്തിരിക്കുകയാണ്. സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെയും കർഷക ജനസാമാന്യത്തിന്റെയും കൂട്ടായ വിലപേശൽപ്രഹസനമായി അധഃപതിച്ചത് ഇതുകൊണ്ടാണോ?

4. വിപ്ലവം എന്ന സങ്കല്പം അകന്നുമാറിയിരിക്കുന്നു. ചരിത്രപരമായ കാരണങ്ങൾ അതിനുണ്ട്. വിപ്ളവപ്പാർട്ടികൾ ജനാധിപത്യമാർഗ്ഗം സ്വീകരിച്ചതോടുകൂടി ആ പാർട്ടികളെ കീഴ്പ്പെടുത്തിയിരിക്കുന്ന അധികാരമോഹം പരിഹാരമില്ലാത്ത വിനയായിത്തീർന്നിരിക്കുകയല്ലേ? ഇതിൽനിന്നും ഇടതുപക്ഷപ്പാർട്ടികൾക്കു മോചനമില്ലേ?

5. പതിനെട്ടു കൊല്ലത്തെ ഭരണത്തിനുശേഷം, ബംഗാളിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി നേരിടുന്ന പ്രതിസന്ധി ഇടതുപക്ഷ ശക്തികളെ മൊത്തത്തിൽ ദുർബലപ്പെടുത്തുമോ?

6. സോവിയറ്റ് യൂണിയൻ തകരുകയും ചൈന ഭാഗികമായി മുതലാളിത്ത സമ്പദ്ക്രമത്തിലേക്കു തിരിയുകയും ചെയ്തതോടുകൂടി സമത്വാധിഷ്ഠിതമായ ഒരു സമൂഹസൃഷ്ടിയെക്കുറിച്ചുള്ള സ്വപ്നം തകർന്നിരിക്കയാണ്. അതിനു പകരം എന്തു സ്വപ്നം നല്കാൻ ഇടതുപക്ഷശക്തികൾക്കു കഴിയും?

7. ഇന്ത്യയുടെ സാമ്പത്തിക പരമാധികാരത്തിനുമേൽ ... ഉദ്ദേശിച്ചുള്ള സാമ്പത്തിക പരിഷ്കാര നടപടികൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുമ്പോൾ അതിനെതിരേ ജനങ്ങളെ ഉണർത്താനോ അവരുടെ സംഘടിതശക്തിയിലൂടെ അവയെ എതിർത്തു തോല്പിക്കാനോ ഇടതുപക്ഷ പുരോഗമനശക്തികൾക്കു സാധിക്കാതെ പോയത് എന്തുകൊണ്ടാണ്?

8. ആന്റണിയേയും സുധീരനേയുംപോലുള്ളവർ അധികാരത്തിൽ എത്തിയതോടുകൂടി കേരള മന്ത്രിസഭയ്ക്കു കൂടുതൽ ജനസ്വീകാര്യത ഉണ്ടായിരിക്കുന്നതായി ഒരു ധാരണ പരന്നിട്ടുണ്ട്. ... അഴിമതികൾ ... ഈ വൈരുദ്ധ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഇടതുപക്ഷപ്പാർട്ടികൾക്കു കഴിയാതെ പോകുന്നതെന്തുകൊണ്ട്?

9. അധികാരത്തിലെത്തപ്പെടുമ്പോൾ ഇടതുപക്ഷപ്പാർട്ടികളും കോൺഗ്രസ്സ് സർക്കാരുകളെപ്പോലെയാണ് പ്രവർത്തിക്കുന്നത്. വ്യത്യസ്തമായ ഒരു ഭരണശൈലിയുണ്ടാക്കാൻ കഴിയാതെ പോകുന്നത് എന്തുകൊണ്ടാണ്?

10. തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ അന്തിമലക്ഷ്യം അധികാരമാണ്. അതു നേടുക മാത്രമായിത്തീർന്നിരിക്കുകയല്ലേ ഇടതുപക്ഷപ്പാർട്ടികളുടെ ലക്ഷ്യങ്ങളും തന്ത്രങ്ങളും?

11. കമ്മ്യൂണിസ്റ്റുകാരൻ എന്ന പഴയ സങ്കല്പം, ത്യാഗസന്നദ്ധനായ പൊതുപ്രവർത്തകൻ എന്നതായിരുന്നു. ആ നിർവ്വചനത്തിന് അർഹതയുള്ള എത്രപേർ ഇന്ന് ഇടതുപക്ഷപ്രസ്ഥാനത്തിലുണ്ട്?

12. യുവജനങ്ങൾക്ക് ഒരു പാർട്ടിയിലും വിശ്വാസമില്ലാതായിരിക്കുന്നു. യുവജനങ്ങളെ ആകർഷിച്ചിരുന്ന ഡിവൈഎഫ്ഐപോലും, വല്ലപ്പോഴും സമരം നടത്താനുള്ള ഒരു വേദിയായിത്തീർന്നിരിക്കുന്നു. യുവജനങ്ങൾക്കു നഷ്ടപ്പെട്ട വിശ്വാസം വീണ്ടെടുക്കാൻ ഇടതുപക്ഷ കക്ഷികൾക്കു കഴിയാതെ പോകുന്നതെന്തുകൊണ്ടാണ്?

13. അഴിമതി ഒരു സാമൂഹിക യാഥാർത്ഥ്യമാണ്. പാർട്ടിഭേദമില്ലാതായിത്തീർന്നിരിക്കുന്ന അതിനെതിരേ ഫലപ്രദമായൊരു നിലപാടു കൈക്കൊള്ളാൻ ഇടതുപക്ഷപ്പാർട്ടികൾക്കു കഴിയാത്തതെന്ത്?

14. ഇടതുപക്ഷപ്പാർട്ടി നേതാക്കളും അണികളും അഴിമതിക്കതീതരാണോ?

15. രാഷ്ട്രീയവും സാമൂഹികവുമായ സ്വാതന്ത്ര്യവും ജനാധിപത്യവും ആർജ്ജിക്കുന്നതിന് ഒരു സമൂഹത്തിനാശ്രയിക്കാവുന്ന ബദൽശക്തി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മാത്രമാണോ?

ഇടതുപ്രസ്ഥാനത്തിന്റെ ഭാവി പ്രകാശപൂർണ്ണമാണ്. സി.ഐ.ടി.യു വളരുന്നു. സി.പി.എം ഇല്ലാത്ത ഒരു പുരോഗമന ബദൽ പ്രസ്ഥാനം രാജ്യത്തുണ്ടാകില്ല. മുതലാളിത്തം അതിന്റെ ആഭ്യന്തര വൈരുദ്ധ്യങ്ങൾ കൊണ്ട് സ്വയം തകരും.

അവിടെ പട്ടണങ്ങളിൽ പടവെട്ടാൻ പാർട്ടിക്ക് ആയുധമില്ല. ഭരണത്തിൽ വന്നപ്പോൾ ബൂർഷ്വാ ദോഷങ്ങൾ പെരുകി. നിയന്ത്രിതമായ ചുറ്റുപാടിൽ വിദേശമൂലധനം നിക്ഷേപിക്കുന്നത് നല്ലതാണ്. എന്നാൽ നരസിംഹറാവു സാമ്പത്തിക പരമാധികാരം അടിയറ വയ്ക്കുകയാണുചെയ്യുന്നത്. ചൈന ശക്തിപ്പെടുന്നത് നോക്കുക. സദാചാരം വിറ്റുജീവിക്കുന്ന ഒരു ജനതയെ റഷ്യയിൽ സൃഷ്ടിച്ചതാണ് ബോറിസ് യെൽറ്റ്സിന്റെ നേട്ടം. കമ്മ്യൂണിസത്തിനു പകരം വയ്ക്കാൻ കരുത്തുറ്റ മറ്റൊരു വ്യവസ്ഥയില്ല യെൽറ്റ്സിന്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾക്ക് പ്രത്യാശ നൽകുന്നതാണ് ഇത്തരം അനുഭവങ്ങൾ. സിപിഎം അധികാരത്തിലേറിയപ്പോഴെല്ലാം ആർഭാടം വെടിഞ്ഞ് ലളിതമായ ശൈലിയിൽ ഭരിച്ചു. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിൽ ഇടപെട്ടു എന്നതാണ് പാർട്ടി ചെയ്ത ഏക തെറ്റ്. അതിനി ആവർത്തിക്കില്ല. സെൽ ഭരണം ഉണ്ടാകുകയും ഇല്ല. ഭരിക്കാൻ ആദർശം വെടിയുന്ന പാർട്ടിയല്ല സിപിഎം. പാർട്ടിയിൽ ഗ്രൂപ്പുകളൊന്നുമില്ല. ആദർശപരമായ ചില ഭിന്നതകൾ നേതാക്കൾക്കിടയിൽ കണ്ടേക്കാം. അധികാരത്തിലേറാനുള്ള മോഹം കമ്മ്യൂണിസ്റ്റുകാർ വെടിയുന്നതോടെ ഇത്തരം ഭിന്നതകൾ ഇല്ലാതാകും.

ഇടതുപ്രസ്ഥാനത്തിന്റെ ഭാവി പ്രകാശപൂർണ്ണമാണ്. സിഐടിയു വളരുന്നു. സിപിഎം ഇല്ലാത്ത ഒരു പുരോഗമന ബദൽ പ്രസ്ഥാനം രാജ്യത്തുണ്ടാകില്ല. മുതലാളിത്തം അതിന്റെ ആഭ്യന്തര വൈരുദ്ധ്യങ്ങൾ കൊണ്ട് സ്വയം തകരും. ജപ്പാനും യുഎസ്സും മത്സരിക്കുന്നതു നോക്കുക. അന്യോന്യം സഹായിക്കുന്നതല്ല ഈ പോരാട്ടം. അപ്പോൾ കമ്മ്യൂണിസത്തിന്റെ ഭാവി ഇരുളടഞ്ഞതാണെന്ന് ആരു പറയും?

(അടുത്ത ലക്കം: ശ്രീ ... [illegible])

ധ്യാനാത്മകമായ സമ്പന്നത

പാരബിൾ ഒരു സങ്കേതമാണ്. ഏതൊരു സങ്കേതത്തിനുമുള്ള സാദ്ധ്യതകളും പരിമിതികളും പാരബിളിനുമുണ്ട്. ഒരുപക്ഷേ, ഏറ്റവും പ്രാചീനമായ ആഖ്യാനശില്പമാണത്. ഏഷ്യൻ ഭൂഖണ്ഡത്തിൽ വളർന്നു വികസിച്ച ദാർശനിക പാരമ്പര്യങ്ങളിൽ, പ്രത്യേകിച്ച് സെൻ, താവോ, ബുദ്ധദർശനങ്ങളിൽ, പാരബിൾ ഗൗരവതരമായ ഒരാവിഷ്കാര സങ്കേതമായിരുന്നിട്ടുണ്ട്. പ്രത്യക്ഷ ലാഘവത്വവും അന്തർജ്ജാഗ്രതയും ചേർന്ന അതിന്റെ വൈരുദ്ധ്യാത്മകമായ ഘടന ഒരേസമയം കലാത്മകവും കലാപാത്മകവുമാണെന്നത് പാരബിളിന്റെ സൗന്ദര്യമാണ്. പൗരസ്ത്യ ദാർശനിക പാരമ്പര്യത്തിൽ പാർശ്വസ്ഥിതമായിരിക്കുന്ന ഈ സൗന്ദര്യഘടനയെ സമൂർത്തമായി പുനർവ്യാഖ്യാനിച്ചുകൊണ്ട് നൂതനമായൊരു വ്യാകരണം സൃഷ്ടിക്കുന്ന കഥകളാണ് ശ്രീ. ഇ.വി. ശ്രീധരന്റെ 'എന്റെ മിനിക്കഥകൾ' എന്ന ഗ്രന്ഥം.



ബോധമുള്ളതുകൊണ്ടാണ് അബോധം ഉണ്ടായിരിക്കുന്നത് എന്നതിനാൽ ഒരുവന്റെ അബോധത്തിന്റെ പ്രേക്ഷണകേന്ദ്രവും അവന്റെ ബോധംതന്നെയാണ്. ഭൗതികവസ്തുക്കൾകൊണ്ട് ഭൗതികലോകം രൂപപ്പെടുമ്പോൾ ചിന്തകൾകൊണ്ടാണ് മാനസികലോകം രൂപപ്പെടുന്നതെന്നും, ഈ ചിന്തകളാകട്ടെ, ഭൗതികവസ്തുക്കളെപ്പോലെ ഒരു സവിശേഷ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്നവയല്ലെന്നും, ഇതര നിരീക്ഷകർക്ക് അദൃശ്യമായിരിക്കുന്ന ഒരു സ്വകാര്യപ്രപഞ്ചമാണ് അവയുടേതെന്നും മനഃശാസ്ത്രം പറയുന്നു. അതുകൊണ്ട് ചിന്തയ്ക്കു രൂപപ്പെടാനും പ്രതിപ്രവർത്തിക്കാനും പരിണമിക്കാനും നിരവധി വഴികളുണ്ട്. അതിലൊരു പ്രധാന വഴി അബോധതയാണ്. അബോധത എന്നു പറയുമ്പോൾ ബോധരാഹിത്യം എന്നല്ല വിവക്ഷിക്കുന്നത്. മറിച്ച്, ബോധത്തിന്റെതന്നെ മറ്റൊരു പ്രകാശനവിധമാണ് അതെന്നു മനസ്സിലാക്കിയാൽ നമുക്കതിന്റെ സർഗ്ഗാത്മകത കൂടുതൽ ബോദ്ധ്യപ്പെടും. പലപ്പോഴും അബോധമായ പ്രേരണ രചനയുടെയോ നിർമ്മാണത്തിന്റെയോ സർഗ്ഗാത്മകമായ പ്രചോദനമാകുന്നത് അതുകൊണ്ടാണ്. അബോധപൂർണ്ണമായ പ്രേരണയെ ബോധത്തിന്റെ നിശിതമായ നിയമങ്ങൾകൊണ്ട് അപഗ്രഥിച്ച് മനഃപൂർവ്വം സൃഷ്ടിക്കുന്ന ഒരു ഘടനയിലേക്ക് അതിനെ പരാവർത്തനം ചെയ്യാൻ ശ്രമിക്കുമ്പോൾ കൃത്രിമമായ നിർമ്മാണത്തിലേക്കു ക്രിയ വഴുതിവീഴാം. എന്നാൽ അബോധമായ പ്രേരണയെ അതിന്റെതന്നെ സാദ്ധ്യതകളിലേക്കു സ്വതന്ത്രമാക്കിയാൽ സൗന്ദര്യഭദ്രമായ ഒരു നിർമ്മിതിയായി അതിനു വികസിക്കാനാവും എന്നതാണ് ഇ.വി. ശ്രീധരന്റെ കഥകൾ സാക്ഷ്യപ്പെടുത്തുന്നത്.

കൃതിയിലെ കഥകൾ നീലനിറമുള്ള ഒരു ലോകമാണ്. ഇവിടെ എല്ലാ കഥാപാത്രങ്ങൾക്കും ചിറകുകൾ ഉള്ളതുപോലെ. അതുകൊണ്ട് നിമിഷാർദ്ധത്തിൽ പറന്നണയാനും മറ്റെങ്ങോ പറന്നു മറയാനും അവർക്കാവുന്നു. സ്വപ്നാത്മകവും അബോധപൂർവ്വവുമായ ഈ സൗന്ദര്യഘടന അവ്യവസ്ഥിതമായ അന്തരീക്ഷത്തെ സൃഷ്ടിക്കുന്നു. പ്രകൃതിയുടെ ഭൂമിശാസ്ത്രമോ മനുഷ്യരുടെ വംശമോ ഇവിടെ തടസ്സമല്ല. അതുകൊണ്ട് കഥാന്തരീക്ഷം ഒരു ഐറിഷ് ഗ്രാമമോ കഥാപാത്രം കാൾ മാർക്സോ ആകുന്നു. കാലമാകട്ടെ, ബഹിർഭാഗസ്ഥമായ ഒരു സങ്കല്പവും. ഉദാഹരണത്തിന് ഈ പുസ്തകത്തിലെ ആദ്യകഥയായ 'ജോയ്സിന്റെ മകൾ' നോക്കുക. ജയിംസ് ജോയ്സിന് ഒരു മകളുണ്ട്. മകളാകട്ടെ, ഘനീഭവിച്ച ഒരുപിടി ഏകാന്തത മാത്രമാണ്. അവൾ ആരോടും സംസാരിച്ചില്ല, ഒന്നിനോടും പ്രതികരിച്ചില്ല. ജോയ്സിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദുഃഖമായിരുന്നു മകൾ. ഒരിക്കൽ സാമുവൽ ബക്കറ്റ് ജോയ്സിനെക്കാണാൻ അയാളുടെ വീട്ടിൽച്ചെന്നു. ബക്കറ്റിനെ കണ്ടമാത്രയിൽ ജോയ്സിന്റെ മകൾ അയാളെ നോക്കിച്ചിരിച്ചു. മകളിലുണ്ടായ മാറ്റം ജോയ്സിനെ അങ്ങേയറ്റം ആഹ്ളാദിപ്പിച്ചു. ബക്കറ്റ് മടങ്ങിപ്പോകുമ്പോൾ ജോയ്സിന്റെ മകൾ പിന്നിൽനിന്നും വിളിച്ചുപറഞ്ഞു- ബക്കറ്റിനോടു മാത്രം തനിക്കൊരു കാര്യം പറയാനുണ്ടെന്നും ഒരിക്കൽക്കൂടി കാണണമെന്നും. എന്നാൽ പിന്നീടൊരിക്കലും അവർ തമ്മിൽ കണ്ടില്ല. ജയിംസ് ജോയ്സിന്റെ ജീവിതത്തിൽ ഒരു കഥയുണ്ടെന്നും അതറിയുന്നയാൾ ഞാൻ മാത്രമാണെന്നും പറഞ്ഞുകൊണ്ട് ആരംഭിക്കുന്ന കഥ അവസാനിക്കുന്നതിങ്ങനെ:- "ജോയ്സിൽനിന്നും മകളിലേക്ക്, മകളിൽനിന്നും യുലിസിസിലേക്ക്, യുലിസിസിൽനിന്നും സാമുവൽ ബക്കറ്റിലേക്ക്, ബക്കറ്റിൽനിന്നും ഗോദോവിലേക്ക്, ഗോദോവിൽനിന്നും ദൈവത്തിലേക്ക്, ദൈവത്തിൽനിന്നും പൂജ്യത്തിലേക്കു നീളുന്ന മൗനത്തിന്റെ വേര് എവിടെയാണെന്ന് എനിക്കറിയാം. അതു ഞാൻ പറയുകയില്ല." ഫ്രാൻസ് കാഫ്കയും ഫ്രോയ്ഡും മാർക്സും യുങ്ങും മുതൽ നാട്ടിലെ തട്ടാനും നാരായണിയും ഗോപാലനുമൊക്കെ കഥാപാത്രങ്ങളായി വരുന്ന പത്തൊൻപതു കഥകളുടെ ഈ കൃതി സർഗ്ഗാത്മകമായ സ്വപ്നാത്മകതയുടെ അന്തരീക്ഷം സൃഷ്ടിക്കുമ്പോഴും ഉന്നതമായ ഒരു ദാർശനിക ഗരിമ പുലർത്തുന്നു.

കൃതിയിലെ ദർശനം ഗ്രന്ഥകാരന്റെ കാഴ്ചയായി രൂപം കൂടുന്നു. എല്ലാ കഥകളിലും ഉത്തമപുരുഷനായി കഥാകൃത്തെന്ന 'ഞാൻ' ഉണ്ട്. ഉത്തമപുരുഷന്റെ കാഴ്ചയും നിരീക്ഷണവുമാണ് കൃതിയിലെ ദർശനസാമഗ്രി. സ്വപ്നാത്മകതയ്ക്കു തിരശ്ചീനമായി അന്വേഷണവും നിരീക്ഷണവും സുസ്ഥാപനം ചെയ്യുമ്പോൾ അപൂർവ്വസുന്ദരങ്ങളായ ആഖ്യാനങ്ങളായി രചനകൾ പരിണമിക്കുന്ന കാഴ്ച ഈ കഥകളിൽ കാണാം. ആദ്യഖണ്ഡികയിൽ സൂചിപ്പിച്ചതുപോലെ ദാർശനികചിന്തയുടെ ഉപരേഖയായി നിലകൊള്ളുന്ന പാരബിളിന്റെ ശക്തിവിശേഷം ഈ കഥകൾ പുലർത്തുന്ന തലം അതാണ്. ഒപ്പം അബോധപൂർവ്വവും സ്വപ്നാത്മകവുമായ ഘടനയെ ദർശനധാരയുമായി ഘടിപ്പിച്ച് നൂതനമായ വ്യാകരണം സൃഷ്ടിക്കുന്നിടത്ത് പാരബിളിന്റെ പരിമിതിയെ അവ വിച്ഛേദിക്കുകയും ചെയ്യുന്നു. ധ്യാനാത്മകമായ ഈ സമ്പന്നതയാണ് പുസ്തകത്തെ പ്രസക്തമാക്കുന്നത്.

എന്റെ മിനിക്കഥകൾ
ഗ്രന്ഥ : ഇ.വി. ശ്രീധരൻ
പ്രസാ: ഇംപ്രിന്റ് ബുക്സ്
വില : 16 രൂ.

–ഉണ്ണിക്കൃഷ്ണൻ



നിത്യചൈതന്യയതി

നാരായണഗുരുവിനെക്കുറിച്ചുള്ള എന്റെ ചില സ്വകാര്യചിന്തകൾ



(കഴിഞ്ഞലക്കത്തിൽ നിന്നും തുടർച്ച)

ആശ്രമേ/സ്മിൻ ഗുരുഃ കശ്ചി-
ദ്വിദ്വാൻ മുനിരുദാരധീഃ
സമദൃഷ്ടിഃ ശാന്തഗംഭീ-
രാശയോ വിജിതേന്ദ്രിയഃ
പരോപകാരീ സ്യാദ്ദീന-
ദയാലുഃ സത്യവാക് പടുഃ
സദാചാരരതഃ ശീഘ്ര-
കർത്തവ്യകൃതതന്ദ്രതഃ
അധിഷ്ഠായാസ്യ നേതൃത്വം
കുര്യാത് കാഞ്ചിത് സഭാം ശുഭാം;
അസ്യാമായാന്തി യേ തേ സ്യുഃ
സർവ്വേ സോദരബുദ്ധയഃ

അപ്രകാരം ഒരു ഗുരുവിനെ കണ്ടെത്തിയാൽ തന്നെ അദ്ദേഹത്തിനു ശിഷ്യൻ എപ്രകാരം സ്വീകാര്യനായി ഭവിക്കും?

ശിഷ്യൻ ശമാദിഷ്ടകസമ്പത്തി വരുത്തിയിട്ടു വേണം ഗുരുവിനെ കാണാൻ ചെല്ലേണ്ടത്. ശിഷ്യനാകേണ്ടുന്നവനോട് നേരത്തേതന്നെ പറഞ്ഞല്ലോ, ഇന്ദ്രിയവിഷയങ്ങളിലേക്ക് ഉണരരുത് എന്നും തൻ സച്ചിദാനന്ദമായ ആത്മാവുതന്നെയാണ് എന്ന അറിവിൽനിന്ന് ഉറങ്ങിപ്പോകരുത് എന്നും. ഇവ രണ്ടുമാണ് വികല്പങ്ങൾ. ഈ വികല്പങ്ങൾ വരുന്നവന്റെ രക്ഷയ്ക്കായിട്ടാണ് പ്രണവമുണർന്ന ഗുരുവിനെ സമീപിക്കണമെന്നു പറഞ്ഞത്.

പ്രണവം ആർക്കാണ് ഉണർന്നിരിക്കുന്നത്?

പ്രണവം എന്നു പറയുന്നത് ഓംകാരമാണ്. ഓങ്കാരത്തിലെ ആദ്യക്ഷരമായ 'അ' ജാഗ്രത്തിലെ യാഥാതഥ്യത്തെ കണ്ടുകൊണ്ടിരിക്കുന്ന വ്യാവഹാരിക ലോകമാണ്. ആത്മവിത്തോ, ബ്രഹ്മവിത്തോ എന്തെങ്കിലും ആകുന്നതിനുമുമ്പ് തന്റെ അയൽക്കാർ ആരെന്നും അവന്റെ പ്രിയമെന്തെന്നും തന്റെ പ്രിയമെന്തെന്നുമൊക്കെ യഥാതഥമായിത്തന്നെ അറിയണം. അതുകൊണ്ടാണ് ഗുരുവിനെത്തേടി ആശ്രമത്തിൽ പോകുന്നവൻ നിത്യാനിത്യവസ്തുവിവേകം വന്നവനും ഇഹത്തിലാകട്ടെ പരത്തിലാകട്ടെ ഒന്നും കൊതിക്കാത്തവനും (നിർവേദൻ) വിദ്വാനും, ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം എന്നിവ നേടിയവനും ആയിരിക്കണമെന്നു പറയുന്നത്. ഗുരുവിനു തന്റെ ചോദ്യങ്ങൾ കേൾക്കാനും മറുപടി പറയാനും വേണ്ടത്ര സാവകാശവും അവസരവും കൊടുക്കണം. ഗുരു പ്രസന്നനായതിനുശേഷം വേണം 'ഞാൻ ആര്', 'ഈ ജഗത്ത് എവിടെനിന്നു വന്നു' എന്നു ചോദിക്കേണ്ടുന്നത്.

യാഥാതഥ്യത്തെ മാത്രം അറിയാവുന്നവൻ ഉണർന്നിരിക്കുമ്പോഴുള്ള വ്യവഹാരത്തെയും സ്വപ്നത്തിൽ കാണുന്ന പ്രതിഭാസത്തെയും സുഷുപ്തിയിൽ അനുഭവിക്കുന്ന നിർവികാരത്തെയും കടന്ന് തുരീയത്തിൽ എത്തുമ്പോഴുണ്ടാകുന്ന അനുഭൂതി. അത് അറിഞ്ഞവനാണ് ജ്ഞാനിയായ ഗുരു.

നിത്യാനിത്യവിവേകതോ ഹി നിതരാം
നിർവേദമാപദ്യ സദ്-
വിദ്വാനത്ര ശമാദിഷട്കലസിതഃ
സ്യാന്മുക്തികാമോ ഭുവി.
പശ്ചാദ് ബ്രഹ്മവിദുത്തമം പ്രണതിസേ-
വാദ്യൈഃ പ്രസന്നം ഗുരും
പൃച്ഛേത് കോ/ഹമിദം കുതോ ജഗദിതി
സ്വാമിൻ! വദ ത്വം പ്രഭോ!

അപ്പോൾ ദുഃഖിതനായി വന്ന ശിഷ്യനോടു ഗുരു വ്യക്തമായി പറയും:

ത്വം ഹി ബ്രഹ്മ ന ചേന്ദ്രിയാണി ന മനോ
ബുദ്ധിർ ന ചിത്തം വപുഃ
പ്രാണാഹങ്കൃതയോ/ന്യദപ്യസദവി-
ദ്യാകല്പിതം സ്വാത്മനി
സർവം ദൃശ്യതയാ ജഡം ജഗദിദം
ത്വത്തഃ പരം നാന്യതോ
ജാതം ന സ്വത ഏവ ഭാതി മൃഗതൃ-
ഷ്ണാഭം ദരീദൃശ്യതാം.

ഇതാണ്. യാഥാതഥ്യത്തെ മാത്രം അറിയാവുന്നവൻ ഉണർന്നിരിക്കുമ്പോഴുള്ള വ്യവഹാരത്തെയും സ്വപ്നത്തിൽ കാണുന്ന പ്രതിഭാസത്തെയും സുഷുപ്തിയിൽ അനുഭവിക്കുന്ന നിർവികാരത്തെയും കടന്ന് തുരീയത്തിൽ എത്തുമ്പോഴുണ്ടാകുന്ന അനുഭൂതി. അത് അറിഞ്ഞവനാണ് ജ്ഞാനിയായ ഗുരു.

അങ്ങനെയൊരവസ്ഥയുണ്ടോ?

നിശ്ചയമായും ഉണ്ട്. ഗുരു പറയുന്നു:

അടിമുടിയറ്റടിതൊട്ടു മൗലിയന്തം
സ്ഫുടമറിയുന്നതു തുര്യബോധമാകും;
ജഡമറിവീലതു ചിന്തചെയ്തു ചൊല്ലു-
ന്നിടയിലിരുന്നറിവല്ലറിഞ്ഞിടേണം.

തുരീയംതന്നെയാണ് ആത്മാവിനെ വെളിപ്പെടുത്തുന്ന സ്വരൂപജ്ഞാനം. ആത്മാവ് എന്നു പറഞ്ഞാൽ എന്ത്?

ഇരുളിലിരുന്നറിയുന്നതാകുമാത്മാ-
വറിവതുതാനഥ നാമരൂപമായും
കരണമൊടിന്ദ്രിയ കർത്തൃകർമ്മമായും
വരുവതു കാൺക! മഹേന്ദ്രജാലമെല്ലാം.

എന്നാൽ സാധാരണക്കാരൻ ആ ജ്ഞാനത്തിന്റെ അന്ധതാമിശ്രത്തിൽ കഴിയുന്നവനല്ലേ? അവന് ഈ അറിവെങ്ങനെ ഉണ്ടാകും?

ഗുരു പറയുന്നു:

അഹമിരുളല്ലിരുളാകിലന്ധരായ് നാ-
മഹമഹമെന്നറിയാതിരുന്നിടേണം:
അറിവതിനാലഹമന്ധകാരമല്ലെ-
ന്നറിവതിനിങ്ങനെയാർക്കുമോതിടേണം.

ചിലർ പറയുന്നുണ്ടല്ലോ ഇതു മായാലോകമാണെന്ന്: സത്യമായ ലോകം വേറെയുണ്ട് എന്ന്. ചിലരതിനെ ദൈവരാജ്യം എന്നു വിളിക്കുന്നു. ചിലർ സ്വർഗ്ഗരാജ്യം എന്നു വിളിക്കുന്നു. ചിലരതിനെ നിർവാണ ലോകം എന്നു പറയുന്നു.

അവിടെയെത്തിയാലല്ലേ നമുക്ക് ആത്മജ്ഞാനമുണ്ടാകൂ?

ഗുരു പറയുന്നു:

ഉലകിനു വേറൊരു സത്തയില്ലതുണ്ടെ-
ന്നുലകുരപ്പതു സർവ്വമൂഹഹീനം:
ഇളുനു വിലേശയമെന്നു തോന്നിയാലും
[illegible] മലർമാല നാഗമാമോ?

[illegible] പാരായ ഇംഗ്ലീഷ്. സ്വപ്നം, സു ഷുപ്തി എന്നി [illegible] പോലെയാണല്ലോ ഭൂ [illegible] ഭാവി. വർത്തമാനം എന്നു പറയുന്നത്. [illegible] കാലം വന്ന് നമ്മുടെ അറിവിന് അതിർ [illegible] ഉണ്ടാക്കുന്നില്ലേ? പിന്നെ എല്ലാം ഉണർന്ന് [illegible]?

ഗുരു പറയുന്നു:
[illegible] സീമകടന്നു തിങ്ങിവിങ്ങും
[illegible] മുടങ്ങാതു തെളിഞ്ഞിടുന്ന ദീപം
[illegible] കരസ്ഥമാകുവിലെ-
ന്നുപനിഷദു[illegible]ഹസ്യമോർത്തിടേണം.

[illegible]സ്ഥിരോത്സാഹം ഉണ്ടായാലും കാപട്യം എങ്ങനെയാണ് [illegible] നമ്മെ അതിനു വിധേയരാക്കുന്നത്?

[illegible] ചെകുത്താനോ ഇബിലീസോ മായയോ [illegible]രേനോ മറ്റോ വന്ന് നമ്മെ പിടികൂടുകയാണോ?

സ്വർഗ്ഗവും നരകവും വേറെവേറെയാണോ?
എന്താണു സ്വർഗ്ഗപ്രാപ്തിക്കുള്ള വഴി?
നരകത്തിൽ എന്തുകൊണ്ടാണ് നാം വീണു പോകുന്നത്?

പറയുടെ പാലു നുകർന്ന ഭാഗ്യവാന്മാർ-
ക്കൊരു പതിനായിരമാണ്ടൊരല്പനേരം
അറിവപരപ്രകൃതിക്കധീനമായാ-
ലരനൊടിയായിരമാണ്ടുപോലെ തോന്നും.

വിഷയലമ്പടന്മാർക്ക് എപ്പോഴും മനസ്സിൽ ശോകമോഹങ്ങളും കാമക്രോധങ്ങളും ഭയഭീതിയും ഇരിക്കുകയാൽ ഒരു നിമിഷംപോലും അവർക്ക് ആയിരമാണ്ട് നീണ്ടുനില്ക്കുന്ന നരകമായിത്തോന്നും. എന്നാൽ അവനിൽനിന്ന് ഈ പറഞ്ഞ പാരവശ്യം മാറിയാൽ അവൻ പിന്നെ പരവശനല്ല; പറയുടെ പാലു നുകർന്ന ഭാഗ്യവാനാണ്. അവന് ഒരു പതിനായിരമാണ്ട് ഒരല്പനേരം മാത്രം.

എന്തുകൊണ്ടാണു ഭയം വരികയും ഈ ലോകം നരകമാണെന്നും വേതാള കൂളിപ്രവാഹംകൊണ്ടു പൈശാചികമാണെന്നും തോന്നുന്നത്?

അത് ആത്മബോധം ചുരുങ്ങിപ്പോകയാലാണ്. ദർശനമാല തുടങ്ങുമ്പോൾത്തന്നെ ഗുരു പറയുന്നു:

യദാത്മവിദ്യാസങ്കോച-
സ്തദാവിദ്യാ ഭയങ്കരാ
നാമരൂപാത്മനാത്യർത്ഥം
വിഭാതിഹ പിശാചവത്.

ഭയങ്കരമിദം ശൂന്യം
വേതാള നഗരം യഥാ
തഥൈവ വിശ്വമഖിലം
വ്യകരോദ്ദ്ഭുതം വിഭു.

അപ്പോൾ നമുക്ക് ഒരിക്കൽ ആത്മസ്വരൂപം ഉണർന്നുകിട്ടിയാൽ ഈ ലോകമൊക്കെ അങ്ങു മറഞ്ഞുപോകുമോ?

പരമാർത്ഥത്തിൽ നിന്നുകൊണ്ടാണ് നാം ആത്മസ്വരൂപത്തെപ്പറ്റി പറയുന്നത്. യഥാതഥമായ ലോകം അങ്ങനെതന്നെ നില്ക്കും.

വിശ്വം വിവേകദശയിങ്കലഴിഞ്ഞു സർവ-
മസ്വസ്ഥമാകിലുമതീന്ദ്രിയ ദൃശ്യമാകും
ദിക്കിൻ ഭ്രമം വിടുകിലും ചിരമിങ്ങിവന്റെ
ദൃക്കിന്നു ദിക്കു പുനരങ്ങനെതന്നെ കാണാം.

സത്യത്തിലില്ലയുലകം സകലം വിവേക-
വിധ്വസ്തമായ പിറകും വിലസുന്നു മുൻപോൽ
നിസ്തർക്കമായ് മരുവിലില്ലിഹ നീരമെന്നു
സിദ്ധിക്കിലും വിലസിടുന്നിതു മുൻപ്രകാരം.

അങ്ങനെയാണെങ്കിൽ, ഈ ഉലക് മിഥ്യയാണെന്നു പറയേണ്ടല്ലോ?

ഗുരു പറയുന്നു: അത് ഒരു ദാർശനികമായ തെറ്റിദ്ധാരണയാണ്.

ജ്ഞാനിക്കു സത്തുലകു ചിത്തു സുഖസ്വരൂപ-
മാനന്ദമല്ലനൃതമജ്ഞനിത പ്രകാശം
കാണുന്നവന്നു സുഖമസ്തിതയാർന്ന ഭാനു-
മാനർക്കനന്ധനിരുളാർന്നൊരു ശൂന്യവസ്തു.

ഇവിടെപ്പറയുന്ന ആനന്ദമാണോ നമുക്കു സന്തോഷമായിത്തോന്നുന്നത്?

ആത്മവിദ്യാ സങ്കോചം മാറിയാൽ നമ്മുടെ വൈവശ്യം മാറും. എന്താണു വൈവശ്യം?

അവയവമൊക്കെയമർത്തിയാണിയായ്നി-
ന്നവയവിയാവിയെയാവരിച്ചിടുന്നു;
അവനുംകനിവന്നെന്നതിനാലവൻ നിനയ്ക്കു-
ന്നവശതയാമവിവേകമൊന്നിനാലേ.

ആ അവശത മാറുമ്പോൾ, തന്റെ ശരീരത്തിലും ഇതരന്റെ ശരീരത്തിലും പ്രകാശിക്കുന്നതായ ആത്മാവ് ഒന്നുതന്നെയാണെന്നറിയും. ആത്മാവിന്റെ സ്വരൂപം സന്മയമായിരുന്ന് ചിന്മയമായ പ്രകാശമായി അറിയുകയും ആനന്ദാനുഭവമുണ്ടാക്കുകയും ചെയ്യുന്നത് എന്നാണ്.

എന്നാൽ ആത്മവിദ്യ സങ്കോചിക്കുകയും വീണ്ടും തെളിയുകയും ചെയ്യും. അതുകൊണ്ടു ഭ്രമമുണ്ടാകുന്നു.

പ്രിയമൊരു ജാതിയിതെൻ പ്രിയം, ത്വദീയ-
പ്രിയമപരപ്രിയമെന്നനേകമായി
പ്രിയവിഷയം പ്രതി വന്നിടും ഭ്രമം; തൻ-
പ്രിയമപരപ്രിയമെന്നറിഞ്ഞിടേണം.

അപ്പോൾപ്പിന്നെ നാം എങ്ങനെ പെരുമാറണം?

പ്രിയമപരന്റെയതെൻപ്രിയം; സ്വകീയ-
പ്രിയമപരപ്രിയമിപ്രകാരമാകും
നയമതിനാലെ നരന്നു നന്മ നല്കും
ക്രിയയപരപ്രിയഹേതുവായ് വരേണം.

അതുകൊണ്ടാണ് ഗുരു നേരത്തേതന്നെ.

അരുളൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം
'അരുളുള്ളവനാണു ജീവി'യെ-
ന്നുരുവിട്ടീടുകയീ നവാക്ഷരി.

എന്നുപദേശിച്ചിരിക്കുന്നത്. അരുളും അൻപും അനുകമ്പയുമാണ് ജീവിതത്തെ നയിക്കുന്നതെന്നറിഞ്ഞാൽ നാം എന്തുചെയ്യും?

കൃപാലുവായിത്തീരും.

പരനുവേണ്ടിയഹർന്നിശം പ്രയത്നം
കൃപണത വിട്ടു കൃപാലു ചെയ്തിടുന്നു;
കൃപണനധോമുഖനായ്ക്കിടന്നു ചെയ്യു-
ന്നപജയകർമ്മമവന്നുവേണ്ടി മാത്രം.

അതുകൊണ്ട്

അവനിവനെന്നറിയുന്നതൊക്കെയോർത്താൽ
അവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം.

(അവസാനിച്ചു)

വിക്ടോറിയ ടെർമിനസിൽ നിന്നും തുടങ്ങി...

വിജു വി. നായർ

...ന്നെന്നു തിരിച്ചറിയുന്നവർക്കും നഷ്ടപ്പെടാൻ പലതുമുള്ളതുകൊണ്ട് [illegible] ...-Survival of the 'fitter'. [illegible] ...ഷിയായി ഇന്നും ആധിപത്യത്തിലിരിക്കുന്നു-ആർ.കെ.ലക്ഷ്മണൻ നഗരം തലേവര കൂടിയാണ്.

ബോയിലിംഗ് പോയിന്റ്

അപ്പോൾ നഗരത്തിന്റെ ബോയ്‌ലിംഗ് പോയിന്റോ?

ഉവ്വ്. അങ്ങനെയുമൊന്നുണ്ട്. സർവ്വതിനെയും സർവ്വരെയും ഉരുക്കി ലയിപ്പിക്കുന്ന ഈ നഗരത്തിനൊരു തിളനിലയുണ്ട്. ബാലാസാഹബ് താക്കറെ.

ഭരണഘടനയും അധികാര സ്തംഭങ്ങളും ന്യായാസനങ്ങളും കാൻസി ഗോപുരങ്ങളും പ്രത്യയശാസ്ത്രക്കോട്ടകളും മൂല്യവിചാരങ്ങളുമൊക്കെ ബാഷ്പീകരിച്ചു പോവുന്ന ഒരു പേര്. കള്ളനെന്നു കളിയാക്കിയതിന് ഡോം മൊറെയ്സിന്റെ പുസ്തകം നിരോധിച്ച അഞ്ചടി ആറിഞ്ചുകാരൻ. നമ്മുടെ മലയാറ്റൂർ രാമകൃഷ്ണന്റെ സഹബഞ്ചുകാരനായി ഫ്രീപ്രസ് ജേർണലിനു കാർട്ടൂൺ വരച്ചുകൊടുത്തിരുന്ന മിതഭാഷിയായ ചെറുപ്പക്കാരൻ. വള്ളിക്കാവിലെ അമൃതാനന്ദമയിയെ കുമ്പിട്ടു കണ്ണീർ തൂകിയ മറാത്താടൈഗർ. കിഴക്കൻ ബാന്ദ്രയിലെ ബംഗ്ലാവിൽ കരിമ്പൂച്ചകളും പ്രൈവറ്റ് അംഗരക്ഷകരും സദാ കാവൽ നിൽക്കുന്ന ഈ കൊച്ചുമനുഷ്യനു മുമ്പിൽ നഗരത്തിന്റെ കോസ്മോ പൊളിറ്റൻ മുഖപടമൊക്കെ ഊർന്നുപോവുന്നു.

മുമ്പു താക്കറെ ഒരു കാർട്ടൂണിസ്റ്റാണെങ്കിൽ ഇന്നു താക്കറെ ഒരു കാരിക്കേച്ചറാണ്. നഗരവൈചിത്ര്യത്തിന്റെ കാരിക്കേച്ചർ. നഗരജനസംഖ്യയിൽ പാടെ ന്യൂനപക്ഷമായ മറാട്ടികൾ. അവരിൽത്തന്നെ ചെറിയൊരു വിഭാഗത്തിന്റെ മാത്രം പിന്തുണയുള്ള ശിവസേന. ജനാധിപത്യമോ ശിവജി എന്ന ബിംബം ഒഴിച്ചൊരു ഭരണഘടനയോ കാല്പനികമായ ചില മൺവികാരങ്ങളൊഴികെ സാമൂഹിക പരിപാടികളോ ഇല്ലാത്തൊരു പ്രാദേശികകക്ഷി. അതിന്റെ ഏകഛത്രാധിപതി. ഭരണം ഉണ്ടെങ്കിലും ഇല്ലെങ്കിലും കൽപ്പിച്ചാൽ കല്പന നടപ്പായിരിക്കും. വരത്തരായ ഭൂരിപക്ഷ ജനതയുടെ വേരില്ലായ്മയും നഗരജീവിതത്തിന്റെ സ്വാഭാവികമായ വ്യാകുലതയും മുതലെടുത്ത് നടത്തുന്ന ഭയപ്പെടുത്തലാണി ബാഷ്പീകരണത്തിന്റെ അസ്ഥിവാരം. പാടെ അയുക്തമാണി ഭയമെന്നിരിക്കെയും ഭയം ഭയമായി നിലനിൽക്കുകയും ചെയ്യുന്നു എന്നതാണു നഗരത്തിന്റെ വലിയ ഫലിതം.

മണ്ണിന്റെ മക്കൾവാദവുമായി ശിവസേന നടത്തിയ ആദ്യ കലാപത്തിൽ തെക്കെ ഇന്ത്യാക്കാർ ഹീനമായി ആക്രമിക്കപ്പെട്ടു. ഇതര വരത്തരെക്കൂടി പേടിപ്പിച്ചു വരുതിയിൽ നിർത്താനുള്ള രാഷ്ട്രീയ തന്ത്രമായിരുന്നിത്. ഒടുവിൽ തമിഴരും ഉടുപ്പിക്കാരും തിരിച്ചടിച്ചു തുടങ്ങിയതോടെ മണ്ണിന്റെ മക്കൾ പിൻവാങ്ങി. ഏറെനാൾ പിന്നെയൊരു അജണ്ടയുമില്ലാതിരുന്ന താക്കറെ ബി.ജെ.പിയുടെ മതദേശീയ തരംഗത്തിൽ പുതിയ കുപ്പി കണ്ടെത്തി-മുസ്‌ലിം വിരോധം. ഹിന്ദുസ്ഥാനിൽ മുസൽമാൻ വേണ്ടെന്ന ആദ്യ ചൊല്ലിന്റെ ഫലമായി രണ്ടുമാസം നഗരം രക്തത്തിൽ കുളിച്ചുതോർത്തി. ഇങ്ങനെ അറുപതു ദിവസം കൊണ്ടു 'സാധിച്ച്'ത് വെറും രണ്ടര മണിക്കൂറിൽ വേറെ ചിലർ സാധിച്ചപ്പോൾ അജണ്ടയിൽ മാറ്റമുണ്ടായി-വിദേശ മുസ്‌ലിങ്ങളോടാണത്രെ പുതിയ വിരോധം.

ഭയപ്പെടുത്തലിന്റെ പിന്നിൽ ഭയം [illegible]

ബാൽതാക്കറെ

ആർ.കെ.ലക്ഷ്മണൻ

ടൈംസ് ഒഫ് ഇന്ത്യയ്ക്ക് ഒരു പത്രാധിപരും അനിവാര്യതയല്ല. എന്തു കൊണ്ടും. ദിലീപ് പട്ഗാങ്കർ തൊട്ട് ഗോരിത് ധിമോങ്ങ് വരെ ഒറ്റയടിക്ക് ബൈ പറഞ്ഞപ്പോൾ ഒന്നര നൂറ്റാണ്ടിന്റെ ചരിത്രമുള്ള പത്രം പറഞ്ഞു: ഗുഡ്ബൈ. സിറ്റേഷൻസ് വേക്കന്റ് പരസ്യത്തിന്റെ പേരിൽ പ്രചാരം നിലനിർത്തുന്നൊരു പത്രത്തിന് തീർച്ചയായും പത്രാധിപന്മാർ കൂപ്പയും കൂണും മാത്രം. പക്ഷെ അങ്ങനെയുള്ള ടൈംസിനും കച്ചവട താത്പര്യത്തിന് ഒരു എഡിറ്റോറിയൽ ഘടകം ഒഴിവില്ലാ രാശിയായിരുന്നു-ലക്ഷ്മണന്റെ പോക്കറ്റ് കാർട്ടൂൺ. കാരണം?

നഗരമാണിന്ത്യ എന്നു കരുതി പത്രമിറക്കുന്നവരുടെ മുഖത്തിനു നേരെ പിടിച്ച കണ്ണാടിയാണ് ലക്ഷ്മണന്റെ കോമൺമാൻ. ആ നിലക്കണ്ണാടി ആരുടെ നേർക്കും തിരിയാം-താക്കറെയടക്കം. കാർട്ടൂണിന്റെ കാർട്ടൂണിത്തത്തിന് ഒരു 'സംവരണം' കല്പിച്ചുകൊടുത്തിട്ടുണ്ടല്ലോ പ്രതിലോമകാരികൾ പോലും. പ്രച്ഛന്നവേഷത്തിൽ വന്ന അനുഗ്രഹമാണിത്. കാർട്ടൂണിനെ ഫലിതം മാത്രമായി കാണുന്ന പൈങ്കിളി മനഃസ്ഥിതി വ്യാപകമായത് കാർട്ടൂണിസ്റ്റിന്റെയും സാമൂഹിക വിമർശന കലയുടെയും ഭാഗ്യം. അല്ലെങ്കിൽ...

അമേരിക്ക മുഴുക്കെ ഊരുതെണ്ടി പിച്ചച്ചട്ടിയിൽ കാലണയ്ക്കു വകയില്ലാതെ മടങ്ങുന്ന ശിവസേനാ മുഖ്യമന്ത്രി തന്റെ 'റിമോട് കൺട്രോളി'നൊരു സെറ്റു ബാറ്ററി വാങ്ങിയിട്ടു മടങ്ങാമെന്നു പറയുന്ന രേഖാചിത്രത്തിന് ലക്ഷ്മൺ എന്ന മദ്രാസിയെ വെറുതെ വിടുമായിരുന്നോ? റിമോട് കൺട്രോളെന്ന പേര് തനിക്കു സ്വയം കല്പിക്കുകയും ആ റിമോട്ടിന്റെ സംവിധാനത്തിൽ വിദേശയാത്രയെന്ന ധൂർത്തു നടത്തിയവർ ഇളിഭ്യരായി മടങ്ങിയതുമൊക്കെ വരച്ച കാർട്ടൂണിസ്റ്റിനോട് അവർ ക്ഷമിച്ചേക്കാം. എന്നാൽ ബാറ്ററി ചാർജില്ലാത്ത റിമോട്ടാണ് കൺട്രോൾ ഹെഡിലെന്ന വ്യംഗ്യത്തിൽ ശിവസേനയുടെ പ്രകൃത ചരിത്രം വച്ച് ഒരു മിനികലാപത്തിനുള്ള വകയുണ്ട്. ഒരു മുൻ കാർട്ടൂണിസ്റ്റ് ഒരു കറന്റ് കാർട്ടൂണിസ്റ്റിനോടു കാട്ടിയ സഹിഷ്ണുതയായി നമുക്കീ സംയമനത്തെ പുകഴ്ത്താം. നഗരം പുകഴ്ത്തലാകുന്നു.

വി.ടിയിലെ ടൈംസ് ബിൽഡിംഗിൽ ഒരിക്കലും അടയ്ക്കാത്ത ജാലകത്തിലൂടെ തെരുവിലെ മനുഷ്യജീവിതത്തിന്റെ ചുവർ ചിത്രങ്ങൾ മനസ്സിൽ പകർത്തുന്ന ലക്ഷ്മണോടീ നഗരം കടപ്പെട്ടിരിക്കുന്നു-നിത്യവും ജീവിതത്തിന്റെ ശ്ലഥബിംബങ്ങൾ കണിശതയോടെ പെറുക്കിയടുക്കിത്തരുന്നതിന്. കാർട്ടൂൺ കലയുടെ ഉന്നിദ്രതലങ്ങൾ ഈ തമിഴൻ കീഴടക്കിയിട്ടില്ലതന്നെ. പക്ഷെ ജീവിതത്തിന്റെ ഉന്നിദ്രതലങ്ങൾ മരീചികപോലുമല്ലാത്തൊരു ജനാവലിയുടെ ചരിത്രം ചിരിയുടെ മുള്ളുകൾ കൊണ്ട് അണിതിടാൻ നിത്യവും കഴിയുന്ന ഈ വൃദ്ധനോട് നഗരത്തിനു നന്ദിയുണ്ട്. ഒരു സൂപ്പർതാരത്തിനും ആർജ്ജിക്കാൻ കഴിയാത്ത പ്രണയവും.

മായ

പ്രണയത്തിന്റെ കിടക്കപ്പായിൽ കോട്ടുവായിടുന്ന പ്രവാസികൾക്ക് ഇവിടം വിസ്മയങ്ങളുടെ പരതന്ത്ര ലോകമണ്. മറൈൻഡ്രൈവിലെ നട്ടുച്ച തൊട്ട് ഗ്രീച്ച് കാൻഡിയിലെ ഇരുൾനിലങ്ങൾ വരെ ഋതുഭേദമില്ലാതെ മൊട്ടിടുന്ന പ്രണയരേണുക്കളുടെ വിഹാരനിലങ്ങൾ എത്രയോ. മറയില്ലാത്ത പ്രകടനങ്ങളുടെ പൊരുൾ തേടുമ്പോൾ അർത്ഥമുന കാമത്തിന്റെ ആദിബീജങ്ങളിലേക്കായും. നഗരമൊന്നും കാണുന്നില്ലെന്ന കരുതലിൽ ഇണക്കം പരീക്ഷിക്കുന്ന കുരുവികൾ. അവരാണീ കോൺക്രീറ്റ് മരുവിലെ പച്ചകൾ. പക്ഷെ....

"....54 മിനിട്ടിൽ ഒരു ബലാൽസംഗം. 26 മിനിറ്റിൽ ഒരു മാനഭംഗം." ബോംബെ പൊലീസിന്റെ ഡയറിയിലെ ഈ കുറിപ്പുകൾ കൊണ്ടെത്തിക്കുക പുതിയ വൈചിത്ര്യങ്ങളിലേക്കാണ്. ബലാൽസംഗവും മാനഭംഗവും എത്ര ഭംഗിയായി ഇവിടെ വേർതിരിക്കപ്പെട്ടിരിക്കുന്നു. കത്തിമുനയിലെ വഴങ്ങലിനെ ബലാൽസംഗത്തിൽ നിന്നിളച്ചുകൊടുക്കുന്ന ധർമ്മശാസ്ത്രങ്ങളിൽ സ്ത്രീത്വം വിചിത്രമായ മൂല്യസങ്കേതങ്ങളിലേക്ക് സന്നിവേശിക്കപ്പെടുന്നു. ഫുട്പാത്തിലെ ബാർഗെയിനിംഗിൽ പിമ്പിന്റെ ചുങ്കവും ടാക്സി തൊട്ട് ഹോട്ടലുവരെയുള്ള വിതപ്പണവും കണക്കാക്കുന്ന തെരുവുമുഖങ്ങളിൽ തെളിയുന്നത് ലിപ്സ്റ്റിക്കും ഫേസ് ക്രീമും മാത്രമല്ല, പബ്ളിക് ഫൈനാൻസിന്റെ പ്രയോഗവൈഷമ്യങ്ങൾ കൂടിയാണ്.

ഗ്രാൻഡ് റോഡിലെ ഗല്ലികളിൽ ഇരുവശവും നീണ്ട എഴിയിട്ട പഴയ കെട്ടിടങ്ങളിൽനിന്നു മാടിവിളിക്കുന്ന രൂപങ്ങളിൽ നഗരത്തിന്റെ സാമ്പത്തിക ശാസ്ത്രം കമ്പ്യൂട്ടറിലെ റാൻഡം മെമ്മറി കണക്കെ കടന്നുവരും. സ്മരണയിൽ ഒരു മായയുണ്ട് (അനർത്ഥമായ ഈ പേര്, ശരിപ്പേരുതന്നെ).

ഓർമ്മ തുടങ്ങുന്നത് കാമ്മണ്ടുവിലെ ഒരു വഴിക്കവലയിൽ നിന്നാണ്. ടെറാമിക് ഹോട്ടലിലേക്കുള്ള ബസ് കാത്തുനിൽക്കയായിരുന്നു മായ. പതിവിലേറെ ബസ് വൈകുന്നതു കണ്ടപ്പോൾ തെല്ലൊന്നു ബേജാറായി. അപ്പോഴാണ് അരികത്തുനിന്ന ചെറുപ്പക്കാരൻ തിരക്കിയത്: 'എന്തേ ഒരു പരിഭ്രമം?'

അതൊരു വിധിയുടെ വഴിത്തിരിവായിരുന്നു. ആദ്യചോദ്യത്തിന്റെ സങ്കോചത്തിൽനിന്ന് മൂന്നാഴ്ച കൊണ്ട് അതൊരു പ്രേമബന്ധമായി വളർന്നു. രാജീവ് അഗ്നിഹോത്രിയില്ലാത്തൊരു ഭാവി അവൾക്കോർമ്മിക്കാൻ പോലും വയ്യാതായി. പക്ഷെ ഒരന്യനാട്ടുകാരനുമായുള്ള ബന്ധം. കുടുംബക്കാർക്കത് അചിന്ത്യമെന്ന് മായയ്ക്കറിയാമായിരുന്നു. പക്ഷെ പ്രേമത്തിന്റെ കണ്ണില്ലായ്മയിൽ അവളും വീണു. ഒന്നര മാസമേ വേണ്ടിവന്നുള്ളു, വീഴ്ചയുടെ താഴ്ചയറിയാൻ.

നേപ്പാളിൽ നിന്ന് നവദമ്പതികൾ വരന്റെ 'ജോലി' സ്ഥലമായ ബോംബെയിലെത്തുന്നു. ഒരാഴ്ചയ്ക്കകം മായയ്ക്കു പുതിയ ബോധ്യങ്ങൾ പിറക്കുന്നു. എട്ടുവർഷം കൊണ്ട് അവ കാമാട്ടിപുരത്തെ പതിവു ബോധ്യങ്ങളുടെ പക്വത നേടി. അടുത്ത ഒമ്പതുമാസംകൊണ്ട് പക്വത പൂർണ്ണമായി. നഗരമെന്ന നിത്യ നവവരൻ സമ്മാനിച്ച എച്ച്. ഐ.വി പോസിറ്റീവ് രക്തവുമായി മായ ഗ്രാൻഡ് റോഡിലെ രാജപാതകളിൽ 50 ഉറുപ്പികയുടെ യാഥാർത്ഥ്യമായി. മദർ തെരേസയുടെ 'ആശാദാനി'ൽ ഇന്ന് ആ യഥാർത്ഥ്യം മരണമെന്ന പുതിയ മിഥ്യ കാത്തുകഴിയുന്നു. നഗരം മായയാകുന്നു.

ശരശയ്യ

ചക്ക, നമുക്ക് പ്ളാവിൻകനിയാണ്. സായ്പിന് ജാക്ഫ്രൂട്ടും. പക്ഷെ ബോംബെയ്ക്കത് കനിയില്ലായ്മയുടെ ചെല്ലപ്പേരാകുന്നു. ശിഖണ്ഡിയുടെ. വിചിത്രമായ നഗരവാക്യങ്ങളിൽ ഹിജഡ, അർത്ഥവത്തായ മൗനമാകുന്നു. ഉച്ചരിക്കപ്പെടാതെതന്നെ ഉക്തിപേറുന്ന ആൾരൂപം.

കമൽ. ആണോ പെണ്ണോ? ആന്റോപ്ഹില്ലിലെ വഴിവാണിഭക്കാർക്ക് ആ രൂപം പെണ്ണാണ്. ചൗപ്പാട്ടിയിൽ കാറ്റുകായാനെത്തുന്നവർക്ക് ആണും. ഒരു മനുഷ്യജീവിക്ക് രണ്ടു മുഖമോ?

ആൾവാർപെട്ടിലെ മുരുഗയ്യന് 34 കൊല്ലം മുമ്പ് ഇതേ സംശയമുണ്ടായപ്പോൾ പൊണ്ടാട്ടിയുടെ ബുദ്ധി പറഞ്ഞു. "അയ്യാ, കടവുൾക്ക് കൊടുക്കവേണ്ടും" കടവുൾ ആ ശിശുവിനെ ഏറ്റുവാങ്ങുകതന്നെ ചെയ്തു. ചുരുളൻമുടി പിന്നിയിട്ട്, മൂക്കുത്തിയിൽ വെള്ളിച്ചങ്ങലയിട്ട്, വാരിവലിച്ച ചേലയുടെ മുന്താണി ഉറച്ച പേശികൾ മുറ്റിയ അടിവയറിടുപ്പിൽ കൊരുത്തുവച്ച്, കമൽ തഴച്ചു വന്നുറച്ച കൈപ്പത്തി നീട്ടുമ്പോൾ, നിങ്ങൾ ഒന്നു ഞെട്ടും. ആണോ. പെണ്ണോ? പ്രച്ഛന്നവേഷമോ? പക്ഷെ നഗരം ഞെട്ടില്ല. ഭാവഭേദത്തിന്റെ ലവലേശമില്ലാതെ ചില്ലറത്തുട്ടുകൾ നൽകുമ്പോൾ, കൈമടക്കി നെറുകയിൽ ഓങ്ങി ആണിലും പെണ്ണിനുമിടയിലെവിടെയോ വച്ച് സൃഷ്ടി മറന്നുവച്ച ആ രൂപം മന്ത്രിക്കും: 'നന്നായ്‌വരും.'

നാണയത്തുട്ടിന്റെ എണ്ണമിവിടെ ആശിസ്സും ശാപവും തമ്മിലുള്ള അന്തരം നിശ്ചയിക്കുമെന്നു മറക്കേണ്ട. കുറഞ്ഞുപോയാൽ പ്രാക്കിന്റെ പ്രവാഹമായി. ജന്മത്തിന്റെ ലിംഗഭാഗ്യങ്ങൾ നിഷേധിക്കപ്പെട്ടൊരു ജനതതിയുടെ പ്രതികരണം. അതു പക്ഷെ പലപ്പോഴും. പിടിച്ചുപറിയുടെ പ്രകൃതമാളുമ്പോൾ ശാപത്തിന്റെ വഴി മറിച്ചാവും. അതെന്തായാലും ഈ ഏകാകിയുടെ വഴിക്കൽ മേൽവിലാസങ്ങൾ നിലയ്ക്കുന്നു. ആന്റോപ് ഹില്ലിലെ ഹിജഡ [illegible]ചിത്രം പോലും കമ്പിത്തപാൽ വകുപ്പിന്റെ പട്ടികയിലില്ല. നഗരത്തിന്റെ സംയമനത്തിനായി കാമാട്ടിപുരങ്ങൾക്കു പോലും ലൈസൻസ് അനുവദിച്ചവർ തൊഴിലില്ലായ്മയുടെ പട്ടികയിൽ നിന്നു കൂടി ഈ മനുഷ്യരെ ഒഴിവാക്കിയിരിക്കുന്നു. അങ്ങനെ 34000 മനുഷ്യർ ഒറ്റയടിക്ക് നഗരത്തിന്റെ ജീവനുള്ള ശൂന്യതയാവുന്നു; ഹൃദയശൂന്യതയും.

തമിഴകത്തുനിന്നാണീ കൃഷ്ണഭക്തരുടെ വരവ്. പൊതുവേ കരുതുമ്പോലെ ഇവർ പാടെ നപുംസകലിംഗങ്ങളല്ല. ആണും പെണ്ണുമുണ്ടീ പെണ്ണാണൻമാരിലെന്നറിയാൻ ഹിജഡയെ അറിയണം. അവരുടെ ഹൃദയമറിയണം. പോംവഴികളില്ലാത്ത ഈ മനുഷ്യർ സ്നേഹമുള്ള ഹൃദയത്തിന്റെ താവഴിക്കാരാണെന്ന കഥയും. പക്ഷെ ഒന്നുമറിയാൻ നേരം തികയാത്ത ആണിനും പെണ്ണിനുമിടയിൽ ആ കൈകൊട്ടിന്റെ താളം പിശകുന്നു. മനസ്സിന്റെ നപുംസകത്വത്തിനു മുമ്പിൽ മനഃസാക്ഷിയുള്ള ഈ മനുഷ്യർ അശരീരികളാവുന്നു.

നഗരത്തിന്റെ ഭീഷ്മത്വം ഇവിടെ ശരംവച്ചു കിഴടങ്ങുന്നു.

കുരിശ്

ഏഴാംമണിയുടെ [illegible] മുഴക്കം ട്രാഫിക്കിന്റെ ശമിക്കാത്ത ആരവത്തിൽ [illegible]ങ്ങുമ്പോൾ ഫാദർ ഫെർഡിനാൻഡ് മദുവയിലേക്കു നടന്നു. എത്രാമത്തെ നടപ്പ്. 61 വർഷങ്ങളുടെ ഒഴവിൽ കൊഴിഞ്ഞുവീണ കുർബാനയുടെ കണക്കെടുപ്പു പോലെ ഈ ചോദ്യം. ഓരോ വട്ടവും മനസ്സ് തീർത്ഥസ്നാനം കഴിച്ചതിന്റെ സ്വസ്തി മിച്ചം.

മർമ്മഗോവയിൽ നിന്ന് തിരുശുശ്രൂഷയ്ക്ക് 'നിയോഗം' പേറുമ്പോൾ ഫ്രെഡി യുവത്വത്തിലേക്കു പ്രവേശിക്കയായിരുന്നു. പരീക്ഷയ്ക്കും പട്ടത്തിനും ശേഷം മാഹിം പള്ളിയിലെത്തുമ്പോൾ നഗരത്തിന്റെ ഘടികാരത്തിൽ ഇലക്ട്രോണിക് വേഗം കടന്നുകൂടിയിരുന്നില്ല. വർഷങ്ങളുടെ ഉരുണ്ടുപോക്കിൽ ഫ്രെഡി. ഫാദർ ഫെർഡിനാൻഡായി. നഗരമോ?

"....ബന്ധങ്ങൾക്കു വേരു നഷ്ടപ്പെടുമ്പോൾ മനുഷ്യർ ആത്മാവിനോടു കൂടതലടുക്കും. ഇതൊരു തിയറിയല്ല. അനുഭവമാണ്. ഇവിടെ വരുന്ന മിക്കവരുടേയും. ചിലരുണ്ട്, വഴിപാടു പോലെ വന്നു പോകുന്നവർ. പക്ഷെ കുറച്ചുമാത്രം വരികയും വരുമ്പോൾ മനസ്സു തുറക്കുകയും ചെയ്യുന്ന പലരുമുണ്ട്. അവരുടേതാണീ ദേവാലയം."

"....ഞാനൊരു കാഴ്ചക്കാരൻ. കണ്ട കാഴ്ചകൾ ഓരോന്നും ഓരോ പാഠങ്ങൾ. നഗരം വലിയൊരു അധ്യാപകനാണ്. ദുഃഖത്തിനു വർഗ്ഗഭേദമില്ല. പക്ഷെ പ്രാർത്ഥനയ്ക്കതുണ്ടെന്ന മട്ടിലാണ് വിശ്വാസികൾ. കഷ്ടം. പള്ളിയുടെ പടിയിറങ്ങുമ്പോൾ അവരെ വീണ്ടും നഗരമെടുക്കുന്നു. ദയനീയമായ വിധി."

ബുധനാഴ്ചകളിൽ മാഹിംപള്ളിയിൽ പ്രാർത്ഥനയ്ക്ക് തിരക്കു കൂടും. മറിയത്തിന്റെ [illegible]ടനിലയ്ക്കായി അണയുന്ന മനസ്സുകൾക്കു മദ്ധ്യേ ഫെർഡിനാൻഡച്ചൻ മെഴുകുതിരിയാവും. മധ്യസ്ഥതയുടെ തത്വശാസ്ത്രങ്ങൾക്കെല്ലാമിപ്പുറം സ്വയമുരുകി പരമൊഴിക്കുന്ന ഈ വൃദ്ധൻ. വേദനകളുടെ പറുദീസയിൽ നിസ്സഹായനായി മധ്യസ്ഥൻ ദൂതനാവുമ്പോൾ മദുവ സെമിത്തേരിയാകും. മാവികൾക്കിടയിൽ നിന്ന് മനസ്സ് വകഞ്ഞുമാറ്റി അച്ചൻ പറഞ്ഞു. "ഈ മധ്യസ്ഥത ക്രൂശികരണമാണ്. 2000 വർഷം മുമ്പല്ല അതു നടന്നത്. ഓരോ നിമിഷവും അതു നടക്കുകയാണിവിടെ" കുരിശ് മനസ്സിലാണ്. പ്രാർത്ഥനയുടെ ഹൃദയത്തിൽ. പടികയറി. പാദുകമൂരി, അങ്കണത്തിൽ മുട്ടിപ്പായി നിൽക്കുമ്പോൾ മനസ്സ് ഈറനാവും. പക്ഷെ പടിയിറങ്ങുമ്പോൾ....

നഗരം കുരിശാകുന്നു.

അവസാനിക്കാത്ത ഉത്തരം

കുരിശുവരച്ച് കുതറിമാറാൻ പലവട്ടം ശ്രമിച്ചവരുണ്ട്. നാട്ടിൽ ഒരു കൂര. മക്കൾക്കൊരു ജോലി. വിരാമമില്ലാത്ത നഗരഭ്രാന്തിയിൽ നിന്നൊരു മുക്തി. വാർദ്ധക്യം അത്രയെങ്കിലും തന്നെങ്കിൽ... രാംനാഥ് മിശ്രയുടെ എളിയ മോഹം.പക്ഷെ....

"ഫരീദബാദിലെ ഭൂവിലയെന്താ, ഇപ്പോൾ? എങ്ങനെയും പത്തു സെന്റ് തരപ്പെടുത്തിയാലോ? മക്കൾക്ക് കൂടെ പോരാനാവുമോ? മൂത്ത കുട്ടിക്ക് ഏറെപാടുപെട്ടാണ് സീമൻസിൽ ഒരു ചെറിയ പണിയൊത്തത്. താഴെ രണ്ടു പെൺകുട്ടികൾ വിവാഹപ്രായമായിവരുന്നു. ഇളയവന് കമ്പ്യൂട്ടർ പഠിക്കണം. ഇതിനൊക്കെ എന്റെ പെൻഷൻ തികയില്ല. ആകെക്കൂടിയുള്ള സമ്പാദ്യം ഈ ചാളയാണ്. വിറ്റാൽ ഒന്നരലക്ഷം ഉറുപ്പിക കിട്ടും. അത് സ്ഥലത്തിനു കൂടി തികയില്ല. ഇവിടമാണു ഭേദം. ഈ നശിച്ച നഗരം."

സീമൻസിൽനിന്നു പെൻഷനായ ഈ മെഷീൻ ഓപ്പറേറ്റർ ഒരു ബിംബമാണ്. വി.ടിയിൽ വണ്ടിയിറങ്ങുന്ന ഓരോ മറുനാടന്റെയും പ്രതീകം. എത്രയും വേഗം ഒരു കര പിടിച്ചു മടങ്ങാൻ വരുന്ന മനുഷ്യക്കൂട്ടങ്ങളുടെ. കരകളെത്ര പിടിച്ചാലും പക്ഷെ മടക്കയാത്ര ഉണ്ടാകാറില്ല. ഭൂരിപക്ഷത്തിനും. കാരണം, അഷ്റഫിന്റെ വാക്കുകളിലുണ്ട്: "അഞ്ചുരൂപ ദിവസവരുമാനക്കാരനും അഞ്ചുലക്ഷം ദിവസവരുമാനക്കാരനും ഇവിടെ കഴിയാം. മറ്റല്ലലില്ലാതെ."

....മറ്റല്ലലില്ലാതെ.

അതൊരു ആപ്തവാക്യമാകുന്നു. ദിനച്ചെലവിന്റെ വക നഗരം നൽകും. ആർക്കും അതൊരു കടമാണ്. ജീവായുസ്സിന്റെ ഈടിന്മേൽ നഗരം നൽകുന്ന വായ്പ. വന്നുപെട്ടു മുങ്ങിയാൽ കുളിച്ചു നിവരാൻ അനുവദിക്കാത്ത ഈ നഗരവിധി മുംബായ്ദേവിയുടെ ശാപമാണെന്ന മിത്തും ഇവിടെയുണ്ട്. ഒന്നിനും മുട്ടില്ലാത്ത ഈ നഗരത്തിന്റെ നാവിൽ.

നഗരം അവസാനിക്കാത്ത ഉത്തരമാകുന്നു.


(അവസാനിച്ചു)

(6-ാംപേജിൽ നിന്നും തുടർച്ച)

നല്ലാ[illegible]ന്ന ഒരു വാദമുഖമുണ്ട്. തിയറ്റിക്കലായി അതു ശരിതന്നെ. പക്ഷേ. കയറ്റുമതിയിൽ തദനുസൃതമായ വളർച്ചയുണ്ടായാൽ മാത്രമേ ഈ നേട്ടം മുതലെടുക്കാനാകൂ. കേരളത്തിൽനിന്നുതന്നെയുള്ള കുരുമുളകിന് ഇപ്പോൾ വിദേശത്തുനിന്നും വ്യാപാരാന്വേഷണംപോലുമില്ല. കുരുമുളകിന്റെ അന്താരാഷ്ട്ര വില ഇന്ത്യ ഓഫർ ചെയ്യുന്നതിനേക്കാൾ 100 ഡോളർവരെ കുറവാണ്. സമുദ്രോല്പന്ന കയറ്റുമതി രംഗത്താണെങ്കിൽ കർശനമായ ഗുണനിലവാര വ്യവസ്ഥകൾവഴി ഇറക്കുമതി രാഷ്ട്രങ്ങൾ ഇന്ത്യയെ ശ്വാസംമുട്ടിക്കുകയാണ്. കൂടുതൽ അവധാന്യമുള്ള വസ്ത്രകയറ്റുമതി രംഗത്ത് അമേരിക്ക പലവിധ ഇടങ്കോലുകളിട്ട് ഇന്ത്യൻ കമ്പനികളെ തകർക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ കയറ്റുമതിക്കു വലിയ മെച്ചം കിട്ടുമെന്ന വാദം അത്ര കാര്യമാത്രപ്രസക്തമല്ല. മാത്രവുമല്ല ഹ്രസ്വകാലയളവിനുള്ളിൽ കയറ്റുമതി ഉയർത്തുക സാദ്ധ്യവുമല്ല.

ഒക്ടോബർ 31-നും നവംബർ ഒന്നിനും രണ്ടിനുമുണ്ടായ മറ്റൊരു സംഭവവികാസവും ഇവിടെ പ്രസ്താവ്യമാണ്. ഇന്റർ ബാങ്ക് കാൾ മണി മാർക്കറ്റിൽ നിരക്കുകൾ 85 ശതമാനം കണ്ട് ഉയർന്നു. (ബാങ്കുകളും മറ്റു സ്ഥാപനങ്ങളും വലിയ തുകകൾ പെട്ടന്നാവശ്യമായി വരുമ്പോൾ ആശ്രയിക്കുന്നതാണ് കാൾ മണി മാർക്കറ്റ്.) ഇതിനു കാരണം ഡോളർ വാങ്ങിക്കൂട്ടുന്നതിനു പരമാവധി രൂപ സംഘടിപ്പിക്കുന്നതിനുള്ള ശ്രമമായിരുന്നു. ഇതിനു മുൻനിന്നതാകട്ടെ, ദേശസാൽക്കൃത ബാങ്കുകളിലെ പ്രധാനിയായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും. ഡോളർ പ്രതിസന്ധി ഏല്പിച്ച ആഘാതത്തിന്റെ ശക്തമായ പ്രതികരണമായിരുന്നു ഇത്.

ഓഹരി വിപണിയെയും വ്യവസായ വാണിജ്യ മേഖലകളെയും ഒന്നാകെ തകർത്ത ഡോളർ പ്രതിസന്ധിയുടെ മൂലകാരണത്തെപ്പറ്റി ഭിന്നാഭിപ്രായങ്ങളുണ്ടായേക്കാം. പക്ഷേ, രൂപയെ തകർക്കുക എന്ന ഒരുഗൂഢോദ്ദേശ്യം ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്നതു കാണാം. ലോക നാണയ വ്യവസ്ഥയുടെ കേന്ദ്രമായി ഡോളറിനെ പ്രതിഷ്ഠിക്കാനുള്ള ഒരു ശ്രമം പതിറ്റാണ്ടുകളായിത്തന്നെയുണ്ട്. സമസ്ത ലോകത്തിനും ഒരു സംസ്കാരം. ഒരു ജീവിതശൈലി എന്ന പുതിയ ഏകധ്രുവ ലോക സിദ്ധാന്തത്തിന്റെ പ്രകടമായ മറ്റൊരു മുഖമാണിത്. ഭാവിയിൽ ലോകമാകെ ഡോളർ മാത്രം മതി വിനിമയ മാധ്യമമായി എന്ന ദുഷ്ടലാക്ക് ലോകത്തിനു വ്യക്തവും സ്പഷ്ടവുമാണ്. മെക്സിക്കോ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ കറൻസികളുടെ തകർച്ച അനുഭവപാഠമായി നമ്മുടെ മുന്നിലുണ്ട്. പെസോയ്ക്കും റൂബിളിനും കടലാസുവിലപോലുമില്ലാത്ത ആ രാജ്യങ്ങളിൽ ഡോളറിനുവേണ്ടി ജനത എന്തും ചെയ്യുമെന്ന സ്ഥിതിയുണ്ടിന്ന്. അനുഭവപാഠങ്ങൾക്കു പകരം കേവലസിദ്ധാന്തങ്ങളെ പൂജിക്കുന്ന ഒരു മാക്രോ ഇക്കണോമിക് മാനേജ്മെന്റിനു കീഴിൽ ഇതല്ല, ഇതിനപ്പുറവും പ്രതീക്ഷിക്കേണ്ടിയിരിക്കുന്നു.



വി. ആർ. ജ്യോതിഷ്
ഗീതാർത്ഥ അമിത്

ആൾക്കൂട്ടത്തിന് 25 വയസ്സ്

വളരെ ആകസ്മികമായിട്ടാണ് മലയാളനോവൽ സാഹിത്യത്തിൽ ആനന്ദ് ആൾക്കൂട്ടവുമായി അവതരിച്ചത്. ഒരു വിസ്മയമായി; അജ്ഞാതനായി; ഒരു ഞെട്ടലായി... അതുവരെ നമ്മുടെ നോവൽ പരിരക്ഷിച്ച എല്ലാ ഭാവരൂപഭദ്രതാ സങ്കല്പങ്ങളേയും ആൾക്കൂട്ടം കീഴ്മേൽ മറിച്ചു. നായകനും പ്രതിനായകനും നായികയുമില്ലാത്ത, പ്രധാനവും അപ്രധാനവുമില്ലാത്ത ആൾക്കൂട്ടത്തിന്റെ കഥ ദുരന്തമയമായ അനേകം ജീവിതസമസ്യകൾ നമ്മുടെ പ്രജ്ഞയിൽ അങ്കുരിപ്പിച്ചു. സംഭാഷണങ്ങളിൽ അധിഷ്ഠിതമായ കഥാഖ്യാനം–സംഭാഷണങ്ങളിലൂടെ വളരുന്ന കഥാപാത്രങ്ങൾ–സ്വത്വം നഷ്ടപ്പെട്ട മനുഷ്യജീവികളുടെ ഒത്തുകൂടലും പിരിഞ്ഞുപോകലും അനാവരണം ചെയ്യുന്ന ശിഥിലബദ്ധമായ നഗരജീവിതം. ഇവയൊക്കെ ഉൾക്കൊള്ളാൻ അറുപതുകളിൽ നമ്മുടെ നോവൽ വായനക്കാർ നന്നേ ബുദ്ധിമുട്ടി.

ഒരു പുതിയ സാമ്രാജ്യ ഭരണഘടന കാലത്തിനു ലഭിച്ച സ്വതന്ത്ര ഇന്ത്യാചരിത്രത്തിലെ പ്രധാനപ്പെട്ട കാലഘട്ടമാണ്. അതുമുതൽ ഏതാണ്ട് അറുപതിയഞ്ചുവരെയുള്ള ജീവിതാനുഭവങ്ങളുടെ ദേശീയ ക്രാണ്ഡിയാണ് ഈ നോവൽ. വലിയ പട്ടണത്തിലെ തിരക്കിൽ കുറച്ചുപേർക്ക് സന്തോഷവും ഏറെപ്പേർക്ക് ദുഃഖവും നൽകുന്ന ഒരാൾക്കൂട്ടം. അതിൽ ഓരോരുത്തരും സ്വന്തം വ്യക്തിത്വം കാക്കുന്ന ആളുകളായി അവശേഷിക്കുന്നു–തനിലേക്കു തന്നെ വലിഞ്ഞുകൂടുന്ന മനുഷ്യർ.

ജീവിതം സംഘർഷപൂരിതമായിരിക്കണം എപ്പോഴും. ചുറ്റുപാടുകൾ എത്ര എതിർപ്പുകൾ തോന്നിക്കുന്നതായാലും. എന്തൊക്കെയോ ആണ് താൻ. എന്റെ കഴിവുകൾ മഹത്തരമാണെന്ന് ചിന്തിച്ചുകൊണ്ട് ജീവിതത്തെ അഭിമുഖീകരിക്കുമ്പോൾ ലോകകമ്പോളത്തിലെ ആരും വാങ്ങാനൊരുങ്ങാത്ത ഒരു കച്ചവടച്ചരക്കായി മനുഷ്യർ അധഃപതിക്കുന്നു.

ഒളിച്ചോട്ടത്തിന്റെ അഭ്യാസങ്ങളെക്കാൾ നല്ലത് എതിർത്തു തോല്പിക്കലോ തോല്വിയോ ആണ്. അതാണ് യഥാർത്ഥ സ്വാതന്ത്ര്യം. ശാസ്ത്രവും രാഷ്ട്രവും ഒരുപോലെ സാധാരണ മനുഷ്യരെ കീഴടക്കുകയും അടിമയാക്കുകയും ചെയ്യുമ്പോൾ, സ്വർഗ്ഗത്തിൽ ദൈവവും ആകാശത്തിൽ സാറ്റലൈറ്റുകളും മനുഷ്യനെ നിയന്ത്രിക്കുന്ന ഘടകങ്ങളായി ഇന്നും നിലനിൽക്കുന്നു. ഈ സത്യം ആൾക്കൂട്ടത്തിന് കരുത്തായി എന്നും കൂടെയുണ്ട്.

'ആൾക്കൂട്ട'ത്തിന്റെ ഭാഷ കാവ്യാത്മകമല്ലെന്നും വൈജ്ഞാനിക ലേഖനത്തിന്റേതാണെന്നും പലരും ആക്ഷേപിച്ചു. കാവ്യാത്മക ഭാഷയിലല്ല നോവൽ രചിക്കേണ്ടത് എന്നു തെളിയിക്കുവാൻ ആനന്ദ് വീണ്ടും എഴുതിക്കൊണ്ടിരുന്നു. എഴുതി

'ആൾക്കൂട്ടം' എന്ന നോവൽ ഉണ്ടായത് ഒരത്ഭുതം പോലെയാണ്. ഇപ്പോൾ ആ നോവലിന് ഇരുപത്തിയഞ്ച് വയസ്സാവുന്നു. ഐഡന്റിറ്റി നഷ്ടപ്പെട്ടുപോകുന്ന നഗരമനുഷ്യന്റെ നിലവിളിയാണ് ഈ നോവലിൽ മുഴങ്ങിയത്. അന്നേവരെയുള്ള നോവലാസ്വാദനത്തിന്റെ വയറ്റത്തൊരടികൊടുത്ത ഈ നോവൽ സെൻസിബിലിറ്റിയുടെ ഒരു പുതിയ യുഗം ഉൽഘാടനം ചെയ്തു

ച്ചെഴുതി കവിത തുളുമ്പുന്ന ശൈലിയിൽ അറിയാതെ [illegible] ചെയ്തു. അപ്പോഴാണ് മതുഭൂമികൾ ഉണ്ടായത്.

ഭരണകർത്താക്കൾ നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുമെന്ന വിശ്വാസം–സ്ഥിതിയുടെ ചിഹ്നം–നമുക്കാർക്കുമില്ല. എങ്കിലും ഞങ്ങൾ ആൾക്കൂട്ടവുമായി ശരിദ്മയർന്നേനും. ഇത് ശരിയോ തെറ്റോ എന്നുള്ള ചിന്തയെക്കാളുപരി, എന്തിനും ഏതിനും ഉത്തരം കണ്ടെത്താനും അതിൽ സ്വയം കൃതാർത്ഥനാവാനുമുള്ള മനുഷ്യന്റെ കഴിവ് ഈ നോവലിൽ ചിലർ പ്രകടിപ്പിക്കുന്നുണ്ട്. "ജീവിതത്തോടുള്ള പ്രേമം കൊണ്ടല്ല മരിക്കാത്തത്. ജീവിതംപോലെ മരണവും വിഡ്ഢിത്തമായതിനാലാണ്." ആൾക്കൂട്ടത്തിനുശേഷവും നമ്മുടെ സാഹിത്യത്തിൽ വന്ന നോവലുകളിൽ നിന്നൊക്കെ 'ആൾക്കൂട്ട'ത്തെ ഒറ്റയാനായി കൂട്ടത്തിൽ നിറുത്തുന്നത് ഈ യാഥാർത്ഥ്യബോധമാണ്.

ജനപ്രീതി നേടിയ നോവലും നല്ല നോവലും തമ്മിലുള്ള അകലം ആൾക്കൂട്ടം നമ്മെ ബോധ്യപ്പെടുത്തുന്നു. ഇന്നും പലർക്കും ആനന്ദ് എന്ന നോവലിസ്റ്റ് അഭിമതനായിട്ടില്ല. ആൾക്കൂട്ടം പുസ്തകരൂപത്തിലായിട്ട് ഇരുപത്തിയഞ്ചു വർഷം തികഞ്ഞു. ആൾക്കൂട്ടത്തെപ്പറ്റി ഏതാനും സഹൃദയന്മാരോട് അഭിപ്രായം ആരായുകയാണിവിടെ.

കെ.എസ്. പ്രകാശ്

സാംസ്കാരിക വകുപ്പ് ജീവനക്കാരൻ
ആലപ്പുഴ.

പാശ്ചാത്യ [illegible] ഒരു [illegible] അനന്തരഫലം [illegible] യുടെ അവസ്ഥ [illegible] ണ്. ഒരു സംസ്കൃതിയുടെ പതനം ഇവിടെ [illegible] കങ്ങളിലും ചിഹ്നങ്ങളിലും [illegible] ക്കുന്നു. ആനന്ദിന്റെ ആൾക്കൂട്ടം എന്ന [illegible] യിക ആലോചനം ചെയ്യുന്ന [illegible] നഗരജീവിതത്തിന്റെ [illegible] ആൾക്കൂട്ടത്തിലൂടെ [illegible] തിപാദിക്കുന്നത്. നഗരത്തെക്കുറിച്ചുള്ള ഒരു വിചിന്തനം [illegible] ത്തിൽ ഒരാളുടെ [illegible] ശ്യയുടേതുമല്ല [illegible] അനവധി. എന്നിട്ടും എപ്പോഴും [illegible] രിചിതനും ഏതാനും [illegible] ആൾക്കൂട്ടത്തിന് മലയാളിയുടെ ഗ്രാമങ്ങളിൽനിന്നും [illegible] നഗര സംസ്ഥാനങ്ങളിലേക്ക് [illegible] ജീവിതത്തിന് [illegible] ഒരു മഹാനഗരത്തെ പശ്ചാത്തലമാക്കി ഇന്ത്യയുടെയും ആത്യന്തികമായി മനുഷ്യാവസ്ഥയുടെയും ഭിന്ന ചിത്രങ്ങളാണ് ആനന്ദ് ചിത്രീകരിക്കുന്നത്. ഇത് ദാർശനികമായ [illegible] കൂടിയാണ്. മലയാളത്തിനു കൈവന്ന ആദ്യത്തെ ദാർശനിക നോവലാണ് ആൾക്കൂട്ടം എന്നുപറയാം.

എഴുപതുകളിൽ മലയാളത്തിലുണ്ടായ ആധുനിക നോവലുകൾ ഏറെയും അസ്തിത്വദുഃഖവും നിരാശതയുമാണ് വിഷയമാക്കി. ആനന്ദ്

അഭിമുഖീകരിക്കേണ്ടിവന്ന ജീവിതാവസ്ഥകൾ മിക്കപ്പോഴും അന്യമായിരുന്നു. അകാരണമായ വിഷാദമാണ് ഏറെയും ആവിഷ്കൃതമായതും. അത്തരമൊരു നിരാശതയോ വിഷാദമോ ആനന്ദിന്റെ കൃതികളിൽ കാണാനാവില്ല. സുനിലിന്റെ ആത്മഭാഷണം ശ്രദ്ധിക്കുക. 'ഇന്നു പട്ടിണി കിടന്നു മരിക്കേണ്ടിവന്നാൽത്തന്നെയും താൻ ഒരു റയിൽപ്പാളത്തെ അഭയം പ്രാപിക്കുകയില്ല. ജീവിതത്തോടുള്ള പ്രേമംകൊണ്ടല്ല. ജീവിതംപോലെ തന്നെ മരണവും വിഡ്ഢിത്തമായിത്തോന്നുന്നതുകൊണ്ട്.' പൊള്ളുന്നതും തിളയ്ക്കുന്നതുമായ ജീവിതാവസ്ഥകളിൽപ്പെട്ടുഴലുമ്പോഴും ജീവിതത്തിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കുന്നവർ ആനന്ദിന്റെ കഥാപാത്രങ്ങളിൽ ഇല്ല എന്നുപറയാം. കാൽപനികമായ ജീവിതാനുഭവങ്ങൾ ആനന്ദിന്റെ കൃതികളിൽ അന്യമായിരുന്നു. സുനിൽകുമാർഘോഷും, ലളിതയും തമ്മിലുള്ള ബന്ധം ജീവിതത്തിലെ പരുപ്പാവസ്ഥകളിൽപ്പെട്ട് ഉലയുകയാണ്. ചോദിക്കുവാൻ ആഗ്രഹിച്ച പ്രിയമുള്ള ചോദ്യംപോലും ലളിതയിൽനിന്നും പുറത്തുവന്നില്ല. ജോസഫും ലളിതയും രാധയുമെല്ലാം കൂട്ടത്തിലുണ്ട്. അവർ ചർച്ച ചെയ്യുന്നത് സ്വകാര്യങ്ങളല്ല. പൊതു നന്മകളെക്കുറിച്ചാണ്. വ്യത്യസ്തമായ ആശയങ്ങളും ചിന്തകളുമാണ്. ഈയൊരു വിചാരണയുടെ സ്വഭാവം ആൾക്കൂട്ടത്തിന് ഒരു ദാർശനികമാനവും ധൈഷണികതയും സമ്മാനിക്കുന്നു.

സുധീർ കിടങ്ങൂർ

കോളജ് അദ്ധ്യാപകൻ
ചങ്ങനാശ്ശേരി.

അയ്യപ്പപ്പണിക്കരുടെ 'കുരുക്ഷേത്ര'വും ആനന്ദിന്റെ 'ആൾക്കൂട്ട'വും സംവേദന മണ്ഡലത്തിൽ ഉൽക്കകൾപോലെ വന്നുപതിച്ച് കൗമാരസ്വപ്നങ്ങളെയാകെ ചാമ്പലാക്കിക്കളഞ്ഞ എഴുപതുകൾ ഞാനോർക്കുന്നു. ഖസാക്കിന്റെ ഇതിഹാസം ഗർഭപാത്രത്തിലേക്കുള്ള പിന്മടക്കം പോലെയൊരു രസാനുഭൂതി പകർന്നപ്പോൾ 'ആൾക്കൂട്ടം' ജീവിതത്തിന്റെ കൊടും മദ്ധ്യാഹ്നത്തിലേക്ക് കൈപിടിച്ചിഴച്ചു. തണൽമരങ്ങളും വഴിയമ്പലങ്ങളുമില്ലാത്ത പൊരിവെയിലിന്റെ ലോകമാണ് ആനന്ദ് ആൾക്കൂട്ടത്തിൽ സൃഷ്ടിച്ചത്. ഒരു മഹാനഗരത്തിൽ കുരുങ്ങിപ്പിടയുന്ന കുറെ യുവാക്കളുടെ ഭൗതികവും മാനസികവുമായ സഞ്ചാരപഥങ്ങളിലൂടെ നോവലിസ്റ്റ് നമ്മെ നയിക്കുന്നു. നഗരങ്ങളിലേക്ക് വരുന്നവരെ ഇടപ്പഴുതുകളിലേക്ക് സ്വീകരിച്ചു. വ്യക്തിത്വവും മേൽവിലാസവും നഷ്ടപ്പെടുത്തുന്ന നഗരത്തിന്റെ വിഭ്രാമകതയിലൂടെ പതറിയ കുട്ടികളെപ്പോലെ അവർ സഞ്ചരിക്കുന്നു. അപ്പോഴും അദൃശ്യമായ നൂറു നൂറു ചങ്ങലകളൽനിന്നു കുതറിക്കാൻ യാഥാർത്ഥ്യങ്ങളോട് സജീവമായി പ്രതികരിക്കാൻ ഈ യുവാക്കൾ പരിശ്രമിക്കുന്നു. തെറ്റിദ്ധരിക്കപ്പെടുകയോ ചതിക്കപ്പെടുകയോ അപമാനിക്കപ്പെടുകയോ ചെയ്യുമ്പോഴും സന്തുലിതത്വം നഷ്ടപ്പെടാത്തവരാണിവർ. വിശ്വാസത്തിന്റെ കണ്ണടയോ മതത്തിന്റെ ലഹരിയോ യാഥാർത്ഥ്യങ്ങളുടെ വികലീകൃത വീക്ഷണമോ (Distorted vision) ഇവർക്കു നൽകുന്നില്ല. ഇവർ എത്തിപ്പെടുന്ന പടുതികൾ എന്തുതന്നെയായാലും ഇവരിലൂടെ ബോധിസത്വ ചേതനയുടെ പുനരാവിഷ്കരണമാണ് ആനന്ദ് നടത്തുന്നത്. ഇവർ പുതിയ കാലത്തിന്റെ ബുദ്ധന്മാരാണ്.

പല സംസ്ഥാനങ്ങളിൽ നിന്ന് ബോംബെയിലെത്തിപ്പെട്ട് അവിടെ അസ്തിത്വം തെരയുന്ന ജോസഫ്, രാധ, സുന്ദർ, ലളിത, പ്രേം, സുനിൽ, ഗോപാൽ തുടങ്ങിയ ഈ കഥാപാത്രങ്ങൾ നായകനിർമ്മുക്തമായ പുതിയൊരു നോവൽ സങ്കല്പത്തിലേക്ക് നമ്മെ നയിക്കുന്നു. വിരസമായ ആവർത്തന ക്രിയകളിലൂടെ ഏറെ സംഭവങ്ങളില്ലാതെ നീണ്ടുനീണ്ടുപോകുന്ന പരസ്പര ചർച്ചകളിലൂടെ പരമ്പരാഗതമായ ഇതിവൃത്ത സങ്കല്പവും ഇവിടെ ചിതറിവീഴുന്നു. പൂർണ്ണവും വ്യക്തവുമായ ഒരു ജീവിതവീക്ഷണവും ഉരുത്തിരിയുന്നില്ല. ചുറ്റുംകാണുന്ന യാഥാർത്ഥ്യങ്ങളിൽനിന്ന് പുതിയ ആശയങ്ങളും കണ്ടെത്തലുകളും ഉണ്ടായിവരികയാണ്. ഒന്നിനെത്തന്നെ പല കോണുകളിൽ നിന്നു നോക്കിക്കാണുകയാണ്. കുമിളകൾപോലെ പിന്നെയും പിന്നെയും രൂപപ്പെടുന്ന ആ ആശയങ്ങൾ ഒന്നിന്റെയും അവസാന വാക്കുമല്ല. എന്നാൽ അനുഭവതീക്ഷ്ണമായ കണ്ടെത്തലുകളാണ് ഇവയെല്ലാം.

ഇല്ലായ്മ നിറഞ്ഞുനിൽക്കുന്ന ഗ്രാമങ്ങളും കൃഷി ചെയ്യപ്പെടാത്ത വെളിമ്പറമ്പുകളും വിട്ട് ആയിരം നാഴികകൾ താണ്ടി ജീവിതോപായത്തിനു വേണ്ടി നഗരവാതിൽ മുട്ടുന്ന യുവത്വങ്ങൾ നഗരത്തിന് വികൃതമായ സംസ്ക്കാരം നൽകുന്നതായി ഒരു കഥാപാത്രം സംസാരിക്കുന്നു. സംഭാഷണങ്ങൾ ആത്മഗതങ്ങൾപോലെ. അനുഭവാവേദനംപോലെ, സംഭീതമായ മനസ്സിന്റെ ഉദീരണങ്ങൾ സൃഷ്ടിക്കുന്ന അടിമയുടെ നാവുകൂടി സ്തംഭിച്ചാലോ–

അസ്തചേതനമായിക്കൊണ്ടിരിക്കുന്ന മനസ്സിനെ നിലനിർത്തുന്നതിനുവേണ്ടി സത്യഘോഷണം ചെയ്യുന്ന നാവാണ് 'ആൾക്കൂട്ട'മെന്ന നോവൽ. കൊടിയ വെയിൽ കണ്ണുകളിൽ ഇരുട്ടു കയറുന്നതുപോലെ വർത്തമാനകാല പ്രശ്നങ്ങളുടെ രൂക്ഷത ജീവിതത്തെ ജീവൻ ചോർന്നതാക്കി മാറ്റുന്ന ഭീകരചിത്രം ഈ നോവലിന്റെ അനുഭവപാഠമാണ്.

പി. സന്തോഷ്കുമാർ

കോളേജ് വിദ്യാർത്ഥി
തിരുവനന്തപുരം.

സ്രോതസ്സ് നഷ്ടമായ തിളയ്ക്കുന്ന തലച്ചോറുകളുടെ അവശിഷ്ടമാണ് ആൾക്കൂട്ടത്തിലെ യുവത്വം. പ്രബന്ധ നോവലെന്നു വിളിച്ച് പുസ്തകം മടക്കിയവർ. വായന കർത്തവ്യമാക്കിയവർ അലങ്കരിച്ചുനിർത്തിയ കാഴ്ചകൾ അവർക്കായി ഈ നോവലിലുണ്ടായിരുന്നില്ല. പൊലിമയുള്ള ജീവിതത്തിന്റെ സാധ്യതകൾക്കായി രൂപംകൊണ്ട ദർശനങ്ങളും പ്രസ്ഥാനങ്ങളും വ്യക്തമായ നിരാശാചിത്രങ്ങൾ വരച്ചിട്ടു. അതിന്റെ ഭാഗധേയമായിത്തീർന്ന, ക്ഷീണിച്ച ശില്പങ്ങളാണ് ആൾക്കൂട്ടത്തിലെ യുവത്വങ്ങൾ. കാലിക യൗവനങ്ങൾക്ക് ഇതിനോട് ഏറെ രക്തബന്ധമുണ്ട്.

മുഖങ്ങളില്ലാത്ത ആൾക്കൂട്ടത്തിന്റെ നടുവിൽ മനുഷ്യന്റെ നിലനില്പിനെക്കുറിച്ചും സാമൂഹിക ക്രമത്തിലെ വിരുദ്ധ വിതാനങ്ങളെക്കുറിച്ചും ആശങ്കാകുലമായി സന്ധിക്കുന്ന പുതിയതും മനുഷ്യരുടെ പ്രാചീന വംശത്തെയാണ് ആൾക്കൂട്ടത്തിൽ കാണുന്നത്. ഒട്ടും സുഖകരമല്ലാത്ത ചുറ്റുപാടുകളിലാണ് ഇവരുടെ ജോസഫ്, രാധ, സുന്ദർ, ലളിത, സുനിൽ, പ്രേം, ഗോപാൽ ജീവിതം. ആൾക്കൂട്ടത്തിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്ന ഇവരുടെ മുഖങ്ങൾ രോഗപൂർണ്ണമാണ്. വൃത്തികെട്ടതും മലിനവും ദുർഗന്ധം നിറഞ്ഞതുമായ അവരുടെ ലോഡ്ജ് 'ദരാശുപത്രി' പോലെയാണ്. 'ഒരു രോഗിയെപ്പോലെ മെത്തയിൽനിന്ന് കുനിഞ്ഞെണീറ്റുകൊണ്ട് തലയണയ്ക്കടിയിൽ നിന്ന് ചായയ്ക്കാവശ്യമായ ചില്ലറ തപ്പുന്നവനും. ഒരു ഗ്ലാസ്സ് ചായയിൽ ഇടയ്ക്കിടെ കൈ തലോടിക്കൊണ്ട് അർദ്ധനിദ്രാവസ്ഥയിൽ കിടക്കുന്ന വിളറിയ മനുഷ്യനും ഈ ആശുപത്രിയിലെ രോഗികളാണ്.'

അസംതൃപ്തിയുടെ നരച്ച നിറം ഇവരുടെ ജീവിതത്തിലാകെ വ്യാപിച്ചിരിക്കുന്നു. [illegible] ളത്തിന് ഇടം കണ്ടെത്തുന്ന ഓഫീസിലെ [illegible] കൾക്കിടയിൽ ഇവർ നഷ്ടമാകുന്നു. സൗന്ദര്യത്തിന്റെ ഒരു ചിഹ്നംപോലും ഇവരിൽ നോവലിസ്റ്റ് പതിപ്പിച്ചിട്ടില്ല. അടിമുടി സാധാരണമായ ഇവരുടെ ലോകത്തിൽ കാഴ്ചകൾ അനുഭവങ്ങളാണ്. പ്രണയം അന്യമാണവർക്ക്. സുന്ദർ ഉഷയെ ഓർക്കുന്നത് ഓർമ്മയിലെ ശവശരീരം മാത്രമാണ്.

'ലോഡ്ജിലെ ബാൽക്കണിയിലെ നാലിയിൽ മുട്ടിനിൽക്കുന്ന ജോസഫിന്റെ ജീവിത [illegible] നിന്നും മുന്നോട്ടു പോയാൽ മുന്നോട്ടു [illegible] റോഡിൽ അല്പം [illegible] മായ മാംസവും' മാത്രം അവശേഷിപ്പിക്കുന്ന ഒരു സാധാരണ സംഭവമാണ്. പ്രതീക്ഷകൾ നഷ്ടപ്പെട്ട യുവത്വം തീർപ്പുകല്പിക്കുന്ന സ്വന്തം വിധികൾ സമൂഹത്തെ അല്പംപോലും ചലിപ്പിക്കുന്നില്ല. കാലം കല്പിക്കുന്ന മരണോന്മുഖരായ നിരന്തരമായ സമൂഹത്തിൽ ചിന്തിക്കുന്ന വ്യക്തിത്വങ്ങൾ ആപേക്ഷികമായി ഒറ്റപ്പെടുന്നു. എന്തുമെത്താതെ പിടിയുന്നവരിൽ വംശനാശം സംഭവിക്കുന്ന വിശുദ്ധിയാർന്ന, ക്ഷോഭിക്കുന്ന യുവത്വത്തെയാണ് ഞാൻ ആൾക്കൂട്ടത്തിൽ കാണുന്നത്.

സി.എസ്. ജയചന്ദ്രൻ

നിയമവിദ്യാർത്ഥി
തിരുവനന്തപുരം.

ആത്മീയത അകലെ [illegible] സംഘടിത ലഹരി [illegible] കേന്ദ്രങ്ങളെയും പാടെ വർജ്ജിച്ച എഴുത്തുകാരനാണ് ആനന്ദ്. ഒരു [illegible] വിലപന പോലെ ചുറ്റും വന്നു നിറക്കുന്ന യാഥാർത്ഥ്യങ്ങൾക്കു നടുവിൽ നിശ്ചേതനമായിപ്പോകുന്ന ഏകാന്ത വ്യക്തിസത്വം ആനന്ദിനെ എന്നും വേട്ടയാടിയ വിഷയമാണ്.


കൂട്ടത്തിൽപ്പെടാത്ത ആൾക്കൂട്ടം

അയ്യപ്പപ്പണിക്കർ

എം. ഗോവിന്ദന്റെ പക്കൽനിന്നു കൈയെഴുത്തുപ്രതിയായിട്ടാണോ പുസ്തകം അച്ചടിച്ചിറങ്ങിയശേഷമാണോ ആൾക്കൂട്ടം ആദ്യമായി വായിച്ചതെന്ന് ഇപ്പോൾ ഓർമ്മയില്ല. മലയാളനോവലുകളുടെ ഇടയിൽ ഇന്നും ഒറ്റപ്പെട്ടു നില്ക്കുന്ന ഈ കൃതിയെ വായനക്കാരുടെ ശ്രദ്ധയിലേക്കു കൊണ്ടുവന്നതും പ്രസിദ്ധീകരണത്തിന് ഒത്താശ ചെയ്തതും ഗോവിന്ദൻതന്നെയാണ്. സച്ചിദാനന്ദനെ (ആനന്ദ്) നേരിട്ടു കാണുന്നതിനുമുൻപുതന്നെ ആരോടും അധികം വാചകമടിക്കാത്ത, തന്നിലേക്കുതന്നെ ശ്രദ്ധ മുഴുവനും തിരിച്ചുവച്ചിരിക്കുന്ന, അന്തർമുഖനായ ഈ ജീവിതനിരീക്ഷകനെ കൃതിയിലൂടെതന്നെ അടുത്തറിയാൻ കഴിഞ്ഞു. പ്രതിഭ കണ്ടെത്താനുള്ള ഗോവിന്ദന്റെ കഴിവ് വീണ്ടും തെളിയിച്ചതാണ് ആൾക്കൂട്ടത്തിന്റെ പ്രകാശനം. അതുവരെ അത്ര പ്രസിദ്ധനല്ലാത്ത ഒരെഴുത്തുകാരന്റെ സാമാന്യം തടിച്ച ഗ്രന്ഥം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെക്കൊണ്ടു പ്രകാശിപ്പിക്കാൻ അന്നു സാധിച്ചത് വളരെ നല്ല കാര്യമായി പലരും കണ്ടു. പക്ഷേ, ചിലർ അത് അത്ര നല്ല കാര്യമായി കണ്ടില്ല. ചിലർ എതിർത്തപ്പോൾ, പ്രതികൂലഭാവം അവലംബിച്ചപ്പോൾ മാത്രമാണ് ആകൃതിയിൽ ശ്രദ്ധേയമായ അംശങ്ങൾ ഉണ്ടെന്നുള്ളതിനു ശക്തമായ തെളിവു ലഭിച്ചത്.

അറുപതെഴുപതുകളിലെ താരിപ്പു നോവലുകളിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു നോവലാണ് ആൾക്കൂട്ടം. അതിന്റെ തലക്കെട്ടുപോലും ചിലരെ ചൊടിപ്പിച്ചു. കഥയുടെ ഘടനയും പ്രതീക്ഷിച്ചപോലെയായിരുന്നില്ല. ഭാഷയാണെങ്കിൽ കഥ പറയുന്ന പതിവുശൈലയിൽനിന്ന് എത്രയോ വ്യത്യസ്തം. ഗഹനമായ വിഷയങ്ങളെപ്പറ്റി ലേഖനമെഴുതുന്ന ഭാഷയല്ലേ ഇത്? ഇതിലെങ്ങനെ കഥ പറയും? എങ്ങനെ സംഭാഷണഭാഗങ്ങൾ ചേർക്കും? (ഡയലോഗ് ഫിറ്റുചെയ്യും എന്നാണു പറയേണ്ടത്!) ആവശ്യത്തിൽക്കൂടുതൽ ആശയങ്ങൾ കഥാതന്തുവിനെ ഞെരിച്ചു കൊല്ലുകയില്ലേ? ആകപ്പാടെ പലയിടങ്ങളിലും ഒരമൂർത്തത. കേട്ടും വായിച്ചും പരിചയിച്ച ലാഘവമുള്ള, ഒഴുക്കുള്ള ആഖ്യാനഗദ്യമില്ലേ? അത് ഇങ്ങോർക്കു വശമില്ലായിരിക്കും. ഒട്ടൊക്കെ ഗ്രന്ഥപരിചയമുള്ള ആളാണ് എന്നു സമ്മതിക്കാം. നിത്യജീവിതത്തെക്കാൾ പുസ്തകപ്രപഞ്ചമായിരിക്കും കൂടുതൽ പരിചയം. ആൾ ഒരു എൻജിനീയറാണെന്നു കേട്ടു. എൻജിനീയർ നോവലെഴുതിയാൽ ഇങ്ങനെയൊക്കെ ഇരിക്കും. അല്ല, കുറച്ചു വൈകാരികതയൊക്കെ വേണ്ടേ? പ്രണയം, തെറ്റിദ്ധാരണ, സംഘട്ടനം, വേർപാട്, അനുരാഗനദിക്കുള്ള വിഘ്നങ്ങൾ-ഇങ്ങനെ അംഗികൃതമായ ഒരു ചട്ടക്കൂടുണ്ടല്ലോ! അതൊന്നുമറിയാത്ത ആൾ നോവലെഴുതണോ? ഇങ്ങനെയായിരുന്നു അഭ്യുദയകാംക്ഷികളായി അഭിനയിച്ചവരുടെയും മനസ്സിലിരിപ്പ്. പലർക്കും ഇതു വായിച്ചു മുഴുമിപ്പിക്കാൻ സാധിച്ചില്ല. ആനന്ദിന്റെ ആൾക്കൂട്ടം പ്രസിദ്ധീകരിക്കുന്ന കാലത്ത് മലയാളത്തിലെ ശരാശരി വായനക്കാരൻ അതുപോലൊരു നോവൽ വായിക്കാൻ താത്പര്യം കാണിച്ചിരുന്നില്ല. വളരെപ്പതുക്കെയാണ് അദ്ദേഹം തന്റേതായ വായനക്കാരെ സൃഷ്ടിച്ചെടുത്തത്. "മരുഭൂമികൾ ഉണ്ടാവുന്നത്" ഉണ്ടായപ്പോഴും സംശയം വിടാത്ത വായനക്കാരുടെ എണ്ണം തീരെ കുറഞ്ഞിരുന്നില്ല. അങ്ങനെയാണ് മരുഭൂമികൾ ഉണ്ടാകുന്നത് എന്നു തെളിയുക മാത്രം ചെയ്തു. മരുഭൂമിയിൽ അധികം വായനക്കാർ ഉണ്ടാവുകയില്ലല്ലോ.

എല്ലാ എഴുത്തുകാർക്കും ഇഷ്ടവായനക്കാരുടെ ഒരു സംഘം ഉണ്ടാകുന്നത് സാധാരണമാണ്. അങ്ങനെ ആനന്ദിന്റെ കൃതികൾ പ്രസിദ്ധപ്പെടുത്തുന്നത് കാത്തിരുന്നു ശ്രദ്ധിക്കുന്ന പ്രതിജ്ഞാബദ്ധരായ ഒരുകൂട്ടം വായനക്കാർ അദ്ദേഹത്തിന് ഇപ്പോൾ ഉണ്ട്. അദ്ദേഹത്തിന്റെ കൃതികൾ നിരന്തരം വായിച്ചു നേടിയ ഒരു മാനസികഘടന ഈ വായനക്കാർക്കും ഉണ്ടായിട്ടുണ്ടെന്നു പറയാം. അത് അത്ര വലിയ ഒരാൾക്കൂട്ടമല്ല. എങ്കിലും അതിന്റെ അടിത്തറ ഉറച്ചതാണ്. അതാരംഭിച്ചത് ആൾക്കൂട്ടം പ്രസിദ്ധീകരിച്ചതിനെത്തുടർന്നാണ്. "മരണ സർട്ടിഫിക്കറ്റി"ന്റെ ഇംഗ്ലീഷ് പരിഭാഷാഖണ്ഡം 1973 ഡിസംബറിലെ വാഗർത്ഥ മാസികയിൽ പ്രസിദ്ധീകരിച്ചപ്പോൾ ഞാൻ ഒരു മുഖക്കുറിപ്പ് എഴുതിയിരുന്നു. അതിൽ ഇങ്ങനെ പറഞ്ഞിരുന്നു: "His first novel, the title of which would translate as The Crowd, was published in 1970 and won him immediate recognition. The Death Certificate, a novella of a hundred and fifty pages, is very different from The Crowd, an epic novel of six hundred pages, dealing with the inner and outer lines of a multitude of characters-inhabiting metropolitan Bombay." അമേരിക്കയിലെ മിഷിഗൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച മലയാളം ആന്തോളജി (1980) യിൽ ആൾക്കൂട്ടത്തിൽനിന്ന് രണ്ട് അദ്ധ്യായങ്ങൾ (25, 26) ചേർത്തിട്ടുണ്ട്. എം. വി. ഇഗിനേഷസിന്റെ വിവർത്തനം നഗരത്തിനെയെന്നു വിളിക്കാവുന്ന ബോംബെയിൽ ഇന്ത്യയിലെ മിക്ക പ്രദേശങ്ങളിൽനിന്നും എത്തിപ്പെട്ട കഥാപാത്രങ്ങൾ-കേരളീയരായ ജോസഫും ലളിതയും ഒഴികെയുള്ള പ്രധാനപ്പെട്ടവരെല്ലാം-മലയാളത്തിലൂടെ നമുക്ക് അഭിഗമ്യരാകുന്ന ഒരു നോവലാണ് ആൾക്കൂട്ടം. മലയാളത്തിൽ എഴുതിയ ഒരു അഖില


അയ്യപ്പപണിക്കർ

ഭാരതീയ നോവൽ എന്നു പറയാം. മലയാളം അറിഞ്ഞുകൂടാത്ത കഥാപാത്രങ്ങൾക്കുവേണ്ടി ഒരു ഭാരതീയ മലയാളം സൃഷ്ടിച്ചെടുക്കേണ്ടി വന്നു ആനന്ദിന് എന്നാണ് എനിക്കു തോന്നിയത്. നമ്മുടെ പട്ടാളക്കഥകളിൽ ഇത്തരമൊരു സന്ദർഭമുണ്ട്-പലരും ഹിന്ദിയും മറ്റും ഇടയ്ക്കിടയ്ക്കുപയോഗിച്ച് അകേരളീയത വെളിവാക്കുന്നത് അഥവാ സ്ഥാപിച്ചെടുക്കുന്നത് നമുക്കവിടെ കാണാം. ആൾക്കൂട്ടം സംഭവപ്രധാനമായ ഒരു നോവലല്ലാത്തതുകൊണ്ട് മാനസികാവസ്ഥകൾ ചിത്രീകരിക്കുന്നതിനു സഹായിക്കുന്ന, ഒട്ടൊക്കെ അന്യവത്കൃതമെന്നു പറയാവുന്ന ഒരു ഭാഷാശൈലിയാണ് കഥാകൃത്ത് ഉപയോഗിക്കുന്നത്. അത് അദ്ദേഹം സ്വന്തം ആവശ്യത്തിനുവേണ്ടി തൽക്കാലം സൃഷ്ടിച്ച് ഉപയോഗിക്കുന്നതാണെന്നും പറയാം. കഥാപാത്രങ്ങളുടെ അന്യവത്കരണം മാത്രമല്ല, അകേരളീയപാത്രങ്ങളുടെ "മലയാളീകരണ"വും ഇവിടെ അല്പം സാധിക്കുന്നില്ലേ എന്നു സംശയം. മലയാളഭാഷയിലൂടെ അവർ അവതരിപ്പിക്കപ്പെടുന്നതുകൊണ്ട് ഇത്തിരി മലയാളിത്തം അവർക്കു കൈവരുന്നു എന്നു സൂചന. മറ്റ് അധികം നോവലെഴുത്തുകാർ ശ്രമിച്ചിട്ടില്ലാത്ത ഒരു കാര്യം ആൾക്കൂട്ടത്തിന്റെ കർത്താവ് വിജയകരമായി നിർവ്വഹിച്ചിരിക്കുന്നു എന്നു വായനക്കാർ ഇന്നു സമ്മതിക്കും. ഇരുപത്തഞ്ചു കൊല്ലം മുൻപ് ഉണ്ടായിരുന്നതിനെക്കാൾ എത്രയോ കൂടുതൽ ശ്രദ്ധാലുക്കളായ വായനക്കാർ ആനന്ദിന് ഇന്നുണ്ടെന്നത് വായനക്കാരുടെ പ്രബുദ്ധതയ്ക്കു തെളിവാണുതാനും.

അതിസാന്ദ്രവും പു (പ)രുഷവും ഒട്ടൊക്കെ കർക്കശവുമായ ഒരു ആഖ്യാനശൈലികൊണ്ടാണ് ആനന്ദ് തന്റെ കൃതികളിൽനിന്നു പൈങ്കിളിത്തം അകറ്റിനിറുത്തുന്നത്. കഥയിലും കഥാഘടനയിലും പാത്രസങ്കല്പനത്തിലും ഭാഷയിലും എല്ലാം ഈ പ്രത്യേകതകൾ കാണാം. ഓടിച്ചു വായിച്ചു പോകാൻ സാധിക്കുന്ന ഒരുതരം ഒഴുക്കൻ ഗദ്യം ഉപേക്ഷിക്കാൻ അദ്ദേഹം തീരുമാനിച്ചപ്പോൾത്തന്നെ തന്റേതു മാത്രമായ വായനക്കാരെ കണ്ടെത്താനും അദ്ദേഹത്തിനു കഴിഞ്ഞു. മൂർത്തചിത്രങ്ങൾക്കുപോലും അല്പമൊരു അമൂർത്തത നല്കാൻ ശ്രദ്ധിച്ചതുകൊണ്ട് ശ്രദ്ധകൂടാതെ അലസമായി ആർക്കും ആൾക്കൂട്ടം വായിച്ചുപോകാൻ സാധിക്കുകയില്ല. വായിക്കുന്നവൻ ചിന്തിക്കും, ചിന്തിക്കുന്നവൻ വീണ്ടും വായിക്കും-ആവർത്തിച്ചു വായിക്കേണ്ടുന്ന ഒരു ആഖ്യായികയാണ് ആൾക്കൂട്ടം. സമയം ചെലവഴിക്കാൻ വേറെ മാർഗ്ഗമില്ലാത്തവരേ, ആനന്ദിന്റെ കൃതിയിലേക്കു നിങ്ങൾക്കു സ്വാഗതമില്ല. ഏറെ പരിമിതികളുള്ളതാണ് ആനന്ദിന്റെ കല: അറിഞ്ഞുകൊണ്ടു സ്വയം സ്വീകരിച്ചതുമാണത്. അതുതന്നെ അദ്ദേഹത്തിന്റെ ശക്തിയും ദൗർബല്യവും.

ഏതു നിസ്സഹായതയുടെ പാരമ്യത്തിലും നഷ്ടമാകാത്ത വിവേകമാണ് ആനന്ദിന്റെ ശക്തി. എന്നാൽ അതേ വിവേകം തന്നെ ഞങ്ങളുടെ തലമുറയെ കൊണ്ടുചെന്നെത്തിക്കുന്നത് വിപണിയുടെ ദാസ്യത്തിലാണ്. അങ്ങനെയൊരാൾ ഉണ്ടെങ്കിൽ, സുന്ദറാണ്, അയാൾ മാത്രമാണ് ഞങ്ങളുടെ തലതൊട്ടപ്പൻ.

ഇന്നെളുപ്പം വിറ്റുപോകുന്ന ചരക്കുകളാണ് തനിമ, മലയാളിത്തം തുടങ്ങിയ സുന്ദരപദങ്ങൾ. ആനന്ദിൽ കേരളീയത കുറവാണ് എന്ന് ചില തറവാടികൾ അനുദ്ഘോഷിക്കുന്നത് ഈ പരിസരത്തിലാണ് വിലയിരുത്തപ്പെടേണ്ടത്. തെയ്യം, തിറ, പൂരം, പടയണി, എടുപ്പുകുതിര, ആറാട്ട്, വിളക്കുകെട്ട്, മുടിയേറ്റ് എന്നിങ്ങനെ ഭൂമി മലയാളത്തെ ഒരു ടൂറിസ്റ്റ് മാപ്പായി മാത്രം കാണുന്ന ചില കെ. റ്റി.ഡി.സി ചിന്തകരാണ് ഈ കണ്ടെത്തലിനു പിറകിലുള്ളത്.

"തന്റെ ഗ്രാമത്തിലും ഇപ്പോൾ മഴ പെയ്യുന്നുണ്ടാകും. കനത്ത കാലവർഷം. വയലരുകിൽ നിൽക്കുന്ന തെങ്ങുകൾ, കാറ്റുപിടിക്കുമ്പോൾ, പുലയരെക്കണ്ട നമ്പൂതിരി സ്ത്രീകളെപ്പോലെ, ഓലക്കുട വശത്തോട്ടു കമിഴ്ത്തിപ്പിടിക്കും. കൈകളാട്ടി നൃത്തം വയ്ക്കുന്ന വാഴകളുടെ ഇലകൾ അളികൾതോറും കീറും. വർഗ്ഗീസ് മുതലാളിയുടെ വയലിൽ പാളത്തൊപ്പി ധരിച്ച കൃഷിക്കാർ വേല ചെയ്യുന്നുണ്ടാകും." (അദ്ധ്യായം .2)

ഒരു മലയാളി മലയാളത്തിലെഴുതിയ നാനൂറിലധികം പുറങ്ങളുള്ള ഭാഗങ്ങൾ ഇനിയും ഉണ്ട്. എന്നിട്ടും ആനന്ദിന്റെ മലയാളം പോര എന്നാരെങ്കിലും പറയുന്നുണ്ടെങ്കിൽ, അത്തരക്കാരുടെ വ്യാകരണബുദ്ധിയിലും മതഭക്തിയിലും നിഷ്ക്കളങ്കതയിലും നമുക്ക് അഭിമാനിക്കാം.

വെറും റാഡിക്കൽ ഹ്യൂമനിസ്റ്റ്, വൾഗർ യുക്തിവാദി, പെറ്റി ബൂർഷ്വാ വ്യക്തിവാദി, അരാജകവാദി എന്നിങ്ങനെ ധാരാളം പറഞ്ഞു പഴകിയ ആരോപണങ്ങൾ നമുക്കും ഉന്നയിക്കാവുന്നതേയുള്ളു. എന്നാൽ അൻപതുകളുടേയും അറുപതുകളുടേയും ആദ്യപകുതിയുടേയും നാഗരിക ജനജീവിതത്തെ ചരിത്രപരവും ആത്മാർത്ഥവുമായി ചിത്രീകരിക്കുന്ന ഈ ഡോക്യു-ഫിക്ഷനിലൂടെ കടന്നുപോകുമ്പോൾ ആൾക്കൂട്ടം എഴുതിയ ആനന്ദ് ഒരല്പം റൊമാന്റിക് ആണോ എന്നു ഞാൻ സംശയിക്കുന്നു. ഒരുപക്ഷേ, അത്രയെങ്കിലും കാല്പനികതയില്ലാതെ ഒന്നും സാഹിത്യമാവുകയില്ലല്ലോ.

നോവലിന്റെ ഒന്നാം ഖണ്ഡികയിൽത്തന്നെ ആൾക്കൂട്ടം എന്ന പദമുണ്ട്. ശാന്തിയെ ഭഞ്ജിക്കുന്ന സജീവതയാണ് ആനന്ദിനെ സംബന്ധിച്ചിടത്തോളം ആൾക്കൂട്ടം. ഉന്നമോ ലക്ഷ്യമോ ഇല്ലാതെ നിന്നിടത്തുനിന്ന് തിളച്ചുമറിയുന്ന ശബ്ദങ്ങളുടെ ലഹരിയെന്ന് അദ്ദേഹം ആ സങ്കല്പത്തെ യുക്തിഭദ്രമായി അവതരിപ്പിക്കുന്നു. ആശയങ്ങളോ ഭാഷകളോ ഇല്ലാത്ത വെറും ഇരമ്പലായ ഈ കോലാഹലത്തിൽ ഒരു ക്രമം സ്ഥാപിക്കാനാണ് അദ്ദേഹം വെമ്പുന്നത് സമീപമായ ശാന്തി. നോവലിന്റെ അവസാനത്തെ ഖണ്ഡികയിലും ആൾക്കൂട്ടം ഉണ്ട്.

പ്രൊ.തോമസ് മാത്യു


മലയാളവിഭാഗം
ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര.



എഴുപതുകളുടെ തുടക്കത്തിലെ ഞങ്ങളുടെ കലായലജീവിതഘട്ടത്തിൽ, കാക്കനാടനും, മുകുന്ദനും, വിജയനും ഒരുതരം ലഹരിയായി മനസ്സിൽ പടരുമ്പോഴാണ് ഒരു മുതിർന്ന സ്നേഹിതന്റെ പ്രേരണയിൽ ആൾക്കൂട്ടം വായിക്കുന്നത്. അതിന്റെ readability അന്നും ചിലർക്ക് പ്രശ്നമായിരുന്നതോർക്കുന്നു. എം. ഗോവിന്ദൻ ആൾക്കൂട്ടത്തിന്റെ കൈയെഴുത്തുപ്രതിയുമായി പലരോടും ആവേശത്തോടെ സംസാരിച്ചിരുന്നതും വാർത്തയായി അറിഞ്ഞിരുന്നു. ആൾക്കൂട്ടത്തിന്റെ വായന നോവിക്കുന്ന അസ്വസ്ഥതയിലേക്കാണ് മനസ്സിനെ നയിച്ചത്. മലയാള നവീനതയ്ക്ക് ഒട്ട് അപരിചിതമായ മേഖലകളിലേക്ക് അത് കടന്നു. പക്ഷേ, ആനന്ദ് തുറന്ന സാദ്ധ്യതകൾ ഇന്നും ഉപയോഗിക്കപ്പെടാതെ തന്നെ അവശേഷിക്കുന്നു എന്നതാണ് സത്യം.

ആൾക്കൂട്ടംവരെ മലയാള നവീനതയിലെ അസ്തിത്വ സംബന്ധിയായ വ്യഥകളും അന്യവൽക്കരണവും അപമാനവീകരണവും ബുദ്ധിജീവിയായ ഒരു പ്രതിനായകന്റെ പ്രകടന പരതയായി പരിമിതപ്പെട്ടിരിക്കുന്നു. കുറഞ്ഞപക്ഷം നവീനതയുടെ ആജന്മ ശത്രുക്കളുടെ ആക്രമണശരങ്ങളുടെ ധാരാളിത്തമെങ്കിലും ഇതിൽ കേന്ദ്രീകരിച്ചിരുന്നു. മുരടിച്ചുപോയെന്ന് ഭയപ്പെടാവുന്ന ഈയൊരു ഭൂമികയിലെ വെറും നിലനില്പു (mere existence) തന്നെയായാണ് വലിയ വെല്ലുവിളിയായ ജോസഫും രാധയും സുനിലും പ്രത്യക്ഷപ്പെടുന്നത്. ആൾക്കൂട്ടത്തിൽ അഴിഞ്ഞുപോവുന്ന, നിലനില്പിനുവേണ്ടി പാടുപെടുന്ന, താഴ്ന്ന ഇടത്തരക്കാരന്റെ പരിമിതമുഖമായിരുന്നു അവർക്ക്. ഇത് നവീനതയിലെ അസ്തിത്വപരമായ ഉൽക്കണ്ഠകൾക്ക് കൂടുതൽ യാഥാർത്ഥ്യബോധമുള്ള മുഖം നൽകി. അങ്ങനെ ബുദ്ധിജീവിയുടെ പ്രകടനപരത എന്ന നിലയിൽ നിന്നും മലയാള നവീനത സാധാരണ മനുഷ്യന്റെ നിസ്സാഹായമായ അവസ്ഥ എന്ന യാഥാർത്ഥ്യത്തിലേക്ക് തിരിഞ്ഞു.

എന്നിട്ടും ആൾക്കൂട്ടത്തിലെ കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾക്ക് വിരസമായ സിദ്ധാന്ത ചർച്ചകൾ എന്ന തെറ്റായ പ്രചാരമുണ്ടായി. ഇത് ഗർവ്വിഷ്ഠനോ, അജ്ഞനോ ആയ ഒരു വായനക്കാരനു മാത്രം പറയാൻ കഴിയുന്ന കാര്യമാണ്. ആൾക്കൂട്ടത്തിലെ സംഭാഷണം നദിയുടെ പ്രവാഹം പോലെ സ്വാഭാവികം എന്ന് ആരും പറയില്ല. എങ്കിലും അവ വെറും സിദ്ധാന്ത ചർച്ചകളല്ല. താങ്കൾ എങ്ങോ നഷ്ടപ്പെടുന്നു എന്ന വിഭ്രാന്തിയുടെ ചിറകടിയൊച്ചകളുടെ താളം ആ ഭാഷണങ്ങളിലുണ്ട്. ഇന്ത്യൻ മനസ്സിന്റെ നോവുകൾ ആ ഭാഷണങ്ങളിൽ നിറയുന്നു. ചരലുകളെപ്പോലെ ചിതറിപ്പരന്ന് അസ്വസ്ഥതയുണ്ടാക്കുന്ന ആ ഭാഷയെക്കുറിച്ച്. ആനന്ദ് പിന്നീടെങ്ങോ പരിതപിച്ചതായി കേട്ടു. അതിന്റെ ആവശ്യമുണ്ടായിരുന്നില്ല.



നമ്മുടേതുൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങൾക്ക് സവിശേഷമായി അനുഭവപ്പെടുന്ന-ജനതയ്ക്ക് തങ്ങളുടെ നിലനില്പിനെക്കുറിച്ചുള്ള-ഉൽക്കണ്ഠയും പ്രത്യാശയില്ലായ്മയും മലയാള സാഹിത്യത്തിൽ തീക്ഷ്ണമായി അവതരിപ്പിച്ചത് ആനന്ദാണ്. ഇത് നമ്മുടെ എഴുത്തുകാരുടെ ഒരു വലിയ ഖനിയാണ്; അതു വേണ്ടതാണ്. പക്ഷേ ആനന്ദൊഴികെ മറ്റാരും വഴുക്കലുള്ള ഈ പ്രദേശം തിരഞ്ഞെടുത്തതായി കാണുന്നില്ല. വ്യക്തികളെ ആൾക്കൂട്ടം അതിന്റെ വലയത്തിലും ലയത്തിലും അടുക്കുന്നതിൽ തുടങ്ങി. ഏകാന്തത സഹിക്കാനാവാതെ സുനിൽ ആൾക്കൂട്ടത്തിൽ എത്തിച്ചേർന്ന് മാഞ്ഞുപോവുന്നതിൽ 'ആൾക്കൂട്ടം' അവസാനിക്കുന്നു. ഈ ആൾക്കൂട്ട നഗര സംസ്ക്കാരത്തിൽ, വ്യക്തികളുടെ, അതുവഴി ഇന്ത്യയുടെ തന്നെ ഭാഗധേയം അന്വേഷിക്കയത്രേ ആനന്ദ് ചെയ്തത്.



എ.പി. ഉദയഭാനു

ഞാനും എന്റെ ജീവിതവും



(കഴിഞ്ഞലക്കത്തിൽ നിന്നും തുടർച്ച)

അവസാനകാലത്ത് വർഗ്ഗീസ് സാറിന്റെ ബുദ്ധിക്ക് സ്വല്പം ഒരു ക്ഷതം സംഭവിച്ചിരുന്നില്ലേ എന്ന് സംശയമുണ്ട്. 1948-ൽ ഉത്തരവാദിത്വ ഭരണത്തെത്തുടർന്ന് എ.ടി.സി.സി യോഗം ടൗൺഹാളിൽ വച്ചു കൂടുകയുണ്ടായി. നിറഞ്ഞ സദസ്സായിരുന്നു. ആ മീറ്റിംഗിൽ വച്ച് പി.ടി.ചാക്കോ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ഭരണഘടനയ്ക്ക് ഒരു ഭേദഗതി അവതരിപ്പിച്ചു. മഹാരാജാവിന്റെ പരമാധികാരത്തിൻ കീഴിൽ ഉത്തരവാദിത്വഭരണം എന്നുള്ള കോൺഗ്രസ്സിന്റെ ലക്ഷ്യപ്രഖ്യാപനം മാറ്റണമെന്ന് ശ്രീ.ചാക്കോ ആവശ്യപ്പെട്ടു. "മഹാരാജാവിന്റെ പരമാധികാരത്തിൻ കീഴിൽ" എന്ന ഭാഗം എടുത്തുകളയണം എന്നതായിരുന്നു ചാക്കോയുടെ ഭേദഗതി. തന്റെ ഭേദഗതിക്കെതിരായി, ടി.എം. വർഗ്ഗീസും മറ്റും വന്ന് വാചാലമായി പ്രസംഗിക്കും. വർഗ്ഗീസ് സാറിന്റെ പ്രസംഗം കേട്ട് മാനസാന്തരം വരാതെ തന്റെ ഭേദഗതിക്ക് അനുകൂലമായി വോട്ടു ചെയ്യണം എന്ന് ചാക്കോ ആഹ്വാനം ചെയ്തു. വാദപ്രതിവാദങ്ങൾ എല്ലാം വളരെ തീക്ഷ്ണമായി തുടർന്നു. എല്ലാം വളരെ ക്ഷമയോടെ കേട്ടിരുന്നശേഷം ഭേദഗതിക്കെതിരായുള്ള തന്റെ വാദങ്ങൾ വളരെ സമർത്ഥമായും വളരെ സരസമായും വളരെ ഭംഗിയായും വർഗ്ഗീസ് സാർ അവതരിപ്പിച്ചു. വർഗ്ഗീസ് സാറിന്റെ പ്രസംഗത്തിനുശേഷം ഭേദഗതി വമ്പിച്ച ഭൂരിപക്ഷത്തോടെ തള്ളപ്പെട്ടു. പക്ഷെ അന്നത്തെ ആ യോഗം കഴിഞ്ഞതിനുശേഷം വർഗ്ഗീസ് സാറിന്റെ ഓർമ്മയുടെ കണ്ണി പൊട്ടിപ്പോയി. താൻ എവിടെയാണ് നിൽക്കുന്നതെന്നും എന്താണ് സ്ഥിതിഗതിയെന്നും അറിയാതെ ഓർമ്മ ശൂന്യമായിരുന്നു. അവിടുന്ന് അദ്ദേഹത്തെ കുറച്ചു ദിവസത്തെ വിശ്രമത്തിനായി കന്യാകുമാരിയിൽ കൊണ്ടുപോയി. കുറച്ചുദിവസം കഴിഞ്ഞ് എല്ലാം ഭേദപ്പെട്ട് അദ്ദേഹം തിരിച്ചുവന്നെങ്കിലും വർഗ്ഗീസ് സാറിന്റെ ആ പഴയ തേജസ്സിനും കഴിവിനും എന്തോ ഗ്ലാനി പറ്റിയിരുന്നു. ചിലപ്പോഴൊക്കെ അദ്ദേഹത്തിന്റെ ഓർമ്മയുടെ ശൃംഖല പൊട്ടിപ്പോകുമായിരുന്നു.

ഇന്ന് എത്രപേർ സ്മരിക്കപ്പെടുന്നു? എത്രപേരുടെ പ്രതിമകൾ ഉണ്ടാക്കുന്നു? എത്രപേരുടെ പേരിൽ പ്രശസ്തി പത്രങ്ങൾ നൽകുന്നു? യഥാർത്ഥ ത്യാഗംകൊണ്ടും സേവനം കൊണ്ടും വർഗ്ഗീസ് സാറിനോട് സമശീർഷനായി ആരുമില്ല. ത്യജിക്കാൻ പലതും ഉണ്ടായിരുന്ന ആളായിരുന്നു വർഗ്ഗീസ് സാർ. അദ്ദേഹം മക്കൾക്കോ ബന്ധുക്കൾക്കോ ആർക്കും വേണ്ടി പ്രത്യേകമായി യാതൊന്നും ചെയ്തിരുന്നില്ല. മന്ത്രിപദം വിനിയോഗിച്ചുമില്ല. തന്റെ അനന്യസാധാരണമായ കഴിവും നിസ്തുലമായ പ്രശസ്തിയും കൊണ്ട് പിരിച്ചെടുത്ത പണവും തന്റെ അഭിഭാഷക വൃത്തിയിൽ നിന്നുണ്ടായ വരവും എല്ലാം തന്നെ കോൺഗ്രസ്സിനു വേണ്ടി നീക്കിവച്ച അദ്ദേഹം തന്റെ ആവശ്യത്തിനോ സ്വന്തക്കാർക്കോ വേണ്ടി ഒരു പൈസപോലും എടുത്തിരുന്നില്ല. മക്കൾക്കും ബന്ധുക്കൾക്കും ഒന്നുംതന്നെ ഒരു ആനുകൂല്യങ്ങളും അദ്ദേഹം ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ ബന്ധുവായ എൻ. അലക്സാണ്ഡർക്ക് പാർലമെന്റിൽ പോകാനും അദ്ദേഹം ഒന്നും ചെയ്തില്ല. അലക്സാണ്ഡറുടെ ദേശീയത്വത്തിലും ത്യാഗത്തിലും മറ്റും അന്ന് വളരെ മതിപ്പുണ്ടായിരുന്ന ഞാൻ രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നാണ് അലക്സാണ്ഡറുടെ അപദാനങ്ങൾ ടൈപ്പു ചെയ്ത് എന്റെ സ്നേഹിതന്മാരായ പി.വിശ്വംഭരന്റെയും നന്തങ്കോട് ഭാസ്ക്കരന്റെയും കൈയിൽ കൊടുത്തയച്ച് മെംബർമാർക്ക് എത്തിച്ചത്. അങ്ങനെയാണ് അലക്സാണ്ഡർക്ക് സെലക്ഷൻ കിട്ടിയത്. വർഗ്ഗീസ് സാറിന് ജീവിച്ചിരിക്കുമ്പോൾ ഉണ്ടായ ഏറ്റവും വലിയ ദുരന്തം മകൾ പ്രസവത്തിൽ മരിച്ചതാണ്. വർഗ്ഗീസ് സാറിന്റെ പേരിൽ ഉണ്ടായ ഏറ്റവും പ്രമാദമായ ഒരു ആരോപണം ക്ലിഫ് ഹൗസിൽ ഓഫീസ് മുറി ഉണ്ടാക്കിയപ്പോൾ "ഒരു കമുകിനോളം വണ്ണമുള്ള" മഹാഗണി മുറിച്ചു എന്നായിരുന്നു.

സാറിന്റെ സംഭാഷണങ്ങളിലും പ്രസംഗങ്ങളിലും കണ്ടിരുന്ന പദപ്രയോഗങ്ങളുടെ ചാതുര്യവും വൈവിധ്യവും സാറിനെപ്പറ്റി ചിലരിൽ ഒരു ശങ്ക ജനിപ്പിച്ചിരിക്കാം. സാറിന്റെ എത്രയോ തമാശകളുണ്ട്. അതിൽ ഒന്ന് ഞാൻ പറയാം. വി.ജെ.ടി ഹാളിൽ വച്ച് കോൺഗ്രസ്സുകാരുടെ ഒരു കാപ്പി സൽക്കാരം നടക്കുകയായിരുന്നു. വൈകിച്ചെന്ന എന്നോട് സാർ ചോദിച്ചു "കാപ്പി കുടിക്കാത്തവർ ആരെങ്കിലുമുണ്ടോ"-അതുകേട്ടപാടേ ഞാൻ പറഞ്ഞു "ഞാനുണ്ട്" എന്ന്.

"കാപ്പികുടിക്കാത്ത കൂട്ടത്തിലാണല്ലോ. എന്നാൽ പിന്നെ കാപ്പി തരേണ്ട കാര്യമില്ലല്ലോ." കുടിക്കാത്ത കൂട്ടത്തിൽ എന്ന് ഞാൻ പറഞ്ഞപ്പോൾ കാപ്പി സൽക്കാരത്തിൽ പങ്കെടുത്ത് കാപ്പികുടി കഴിഞ്ഞ കൂട്ടത്തിൽ എന്നല്ലേ ഞാൻ അർത്ഥമാക്കിയുള്ളു. കാപ്പി കുടിക്കാത്ത കൂട്ടത്തിൽ എന്നുപറയുമ്പോൾ കാപ്പി വർജ്ജിക്കുന്ന ആൾ എന്ന അർത്ഥം അതിനുണ്ടല്ലോ! ഏതായാലും സാറിന്റെ ആ തമാശയുടെ പിറകെ എനിക്ക് സുഭിക്ഷമായി കാപ്പി തന്നു. വാക്കുകൾക്ക് പ്രത്യക്ഷത്തിൽ ഉണ്ടെന്നുതോന്നുന്ന അർത്ഥത്തിൽ നിന്ന് വിപരീതമായ ഒന്നായിരിക്കും ചോദ്യത്തിന് ഉത്തരം നൽകുമ്പോൾ വന്നുചേരുന്നത്. വാക്കുകളെയും പദങ്ങളെയും അങ്ങനെ സമർത്ഥമായി ഉപയോഗിക്കാൻ കഴിയുന്നതായിരുന്നു സാറിന്റെ വക്കീൽപ്പണിയിലെ വിജയത്തിന് ഒരു കാരണം. വർഗ്ഗീസ് സാർ ക്രോസു ചെയ്യുന്ന ഒരു കക്ഷി പറയുന്ന ഉത്തരം കക്ഷി ഉദ്ദേശിക്കാത്തതും സാറ് ഉദ്ദേശിക്കുന്നതുമായിരിക്കും. കാലവും കൂടെനിന്നവരും എല്ലാവരും കൂടെ താൻ ഉദ്ദേശിക്കാത്ത ഒരു പതനത്തിലാണ് അദ്ദേഹത്തെ കൊണ്ടെത്തിച്ചത്.

ജയ്പ്പൂരിലെ നാട്ടുരാജ്യ പ്രജാ സമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ബ്രിട്ടീഷ് ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന് എതിരേ പ്രവർത്തിക്കുമ്പോൾ നാട്ടുരാജ്യപ്രജകളുടെ ആവശ്യത്തിന് ഒരു അഖിലേന്ത്യാ നാട്ടുരാജ്യപ്രജാ സമ്മേളനം വേണമെന്ന് വന്നു. 1945 ഡിസംബറിന്റെ അവസാന ദിവസങ്ങളിലും 1946 ജനുവരിയുടെ ആദ്യദിവസങ്ങളിലും ഉദയ്പൂരിൽ സമ്മേളനം വച്ചു. ആ സമ്മേളനത്തിന് തിരുവിതാംകൂറിൽ നിന്നുള്ള ഒരു ഡെലിഗേറ്റായി ഞാനും പങ്കെടുത്തു.

1945-46-കളിൽ നടന്ന ഈ സമ്മേളനത്തിൽ സംബന്ധിക്കാനായി ഞാൻ പുറപ്പെട്ടു. തേങ്ങാക്കാരന്റെ കൈയിൽനിന്ന് മുൻകൂർ വാങ്ങിച്ച പത്തോ ഇരുന്നൂറോ രൂപയും കൊണ്ടാണ് ഞാൻ പോയത്. കോൺഗ്രസ്സിന് രൂപ തന്നു സഹായിക്കാൻ ആരും എന്റെ ചുറ്റുപാടുകളിൽ ഉണ്ടായിരുന്നില്ല. ആരോടും പോയി ചോദിക്കാനുള്ള തന്റേടവും ഉണ്ടായിരുന്നില്ല. അന്നാണെങ്കിൽ നാളികേരം കുറവ്; ഉള്ള തേങ്ങയ്ക്ക് വിലയും കുറവ്. പിന്നെ എങ്ങനെ പോകും? പോകാതിരിക്കും? ഞാൻ കോൺഗ്രസ്സ് എം.എൽ.എ.യും നിയമസഭാ കക്ഷിയുടെ ഖജനാവില്ലാത്ത ഖജാൻജിയും, താലൂക്ക്

കമ്മിറ്റിയുടെ പ്രസിഡന്റും ആയിരുന്നു. അപ്പോൾ പോയല്ലേ പറ്റൂ. ഞാൻ എറണാകുളത്ത് ബസ്സിൽ പോയി. റയിൽവേസ്റ്റേഷനിൽനിന്ന് ഉദയ്പൂരിലേക്കുള്ള ടിക്കറ്റ് വാങ്ങി. കൈയിൽ ഉണ്ടായിരുന്ന നൂറുരൂപ കൊടുത്ത് ടിക്കറ്റ് വാങ്ങിയെങ്കിലും ബാക്കി കാശു വാങ്ങാതെ യാത്രയുടെ പരിഭ്രമത്തിൽ ഇങ്ങ് ഓടിപ്പോന്നു. പക്ഷെ ടിക്കറ്റ് വിൽക്കുന്ന ആ നല്ല മനുഷ്യൻ കൈകൊട്ടിയും ശബ്ദമുണ്ടാക്കിയും വിളിച്ചും എന്നെ തിരികെ വരുത്തി. അങ്ങനെ, ആ അജ്ഞാതനായ നല്ല മനുഷ്യൻ തന്ന ബാക്കി കാശും കൊണ്ടാണ് ഞാൻ തീവണ്ടി കയറിയത്.


ഏറ്റവുംകൂടിയ ക്ലാസ്സിൽത്തന്നെയായിരുന്നു എന്റെ യാത്ര: മൂന്നാം ക്ലാസ്സ്! സത്യത്തിൽ കൈയിൽ കാശ് ഇല്ലാത്തതിനാലാണ് ഞാൻ മൂന്നാം ക്ലാസ്സിൽ യാത്ര ചെയ്തിരുന്നത്. എങ്കിലും ഞാൻ ഭാവന ചെയ്തതും ഭാവിച്ചതും ഗാന്ധിശിഷ്യനായതുകൊണ്ടാണെന്നായിരുന്നു! ബോംബെക്കാരനായ ഒരു ശ്രീ. കുൽക്കർണി ആകട്ടെ. എം.എൽ.എ എന്ന മഹനീയ പദം അലങ്കരിക്കുന്ന ഞാൻ മൂന്നാം ക്ലാസ്സിൽ യാത്ര ചെയ്യുന്നതിന്റെ എളിമയെ വാഴ്ത്തിയത് ഓർക്കുന്നു. കുൽക്കർണിക്ക് എന്നെപ്പറ്റിയുള്ള ബഹുമാനം കലശലാകയാൽ കുറച്ചുകഴിഞ്ഞ് വീട്ടിലേക്ക് അവരുടെ പ്രത്യേകതരം പലഹാരങ്ങൾ അയച്ചുതരികയും ചെയ്തു. ഉദയപ്പൂരിനു വഴിയൊന്നും എനിക്ക് നിശ്ചമുണ്ടായിരുന്നില്ല. പൂനയിൽ ഇറങ്ങിയാൽ അവിടെനിന്നും നേരിട്ട് ഉദയപൂരിനു പോകാം എന്നായിരുന്നു വിവരമില്ലാത്ത എന്റെ ധാരണ. ഞാൻ പൂനയിൽ ഇറങ്ങി. ഇന്റർമീഡിയറ്റിന് ഉണ്ടായിരുന്ന എന്റെ സതീർത്ഥ്യനും, പട്ടാളത്തിൽ ജോലിയുള്ള ആളുമായിരുന്ന ഇടയാറന്മുള ഗോപാലൻനായരുടെ അടുത്തുപോയി. പ്രിപ്പാരട്ടറി ക്ലാസ്സ് മുതൽ ബി.എ വരെ എന്റെ സതീർത്ഥ്യനായിരുന്ന വെങ്കിടേശ്വര അയ്യരേയും കണ്ടു. അപ്പോഴാണ് അറിയുന്നത് എനിക്കുപറ്റിയ വിഢ്ഢിത്തം. ബോംബെയിൽ ദാദർ സ്റ്റേഷനിൽ ചെന്നുവേണം ഉദയ്പൂർ വണ്ടി കേറേണ്ടത്. ഏതായാലും വീണിടം വിദ്യയാക്കാമെന്നു വിചാരിച്ച് ഞാനും വെങ്കിടേശ്വരനും കൂടെ ഓരോ സൈക്കിൾ വാടകയ്ക്കെടുത്ത്, അല്പദൂരം താമസിക്കുന്ന ഉഗ്രനായ കോൺഗ്രസ്സ് നേതാവിനെ കാണാൻ പോയി. നോക്കൂ! അയാളുടെ പേരേ മറന്നുപോയിരിക്കുന്നു. ഏതായാലും സൈക്കിൾ ചവിട്ടി ഇറക്കവും കയറ്റവും ഒക്കെ കഴിഞ്ഞ് അവിടെ ചെന്നപ്പോൾ നേതാവ് സ്ഥലത്തില്ല! അതുകൊണ്ട്, പോയതുപോലെ മടങ്ങി. ഞങ്ങളുടെ കൂടെ കുറെദൂരം ഒരു പെൺകിടാവ് സൈക്കിളിൽ യാത്ര ചെയ്തിരുന്നു. അത് എനിക്കൊരു പതുമയായി തോന്നി. പിന്നെയും ഒരു പത്തോ മുപ്പതോ വർഷങ്ങൾക്കുശേഷമാണ് സൈക്കിൾ ചവിട്ടുന്ന പെൺകുട്ടികളെ നമ്മുടെ നാട്ടിൽ കാണുന്നത്. ഇപ്പോഴാകട്ടെ മോട്ടോർ സൈക്കിളും കാറുകളും ഒക്കെ ഓട്ടിക്കുന്നു. കാലം എത്ര മുന്നോട്ടുപോയി?

അന്ന് പൂനായിൽ തങ്ങി. ബസ്സുവഴി അവിടെ നിന്ന് ദാദറിലേക്ക് പോയി. എന്റെ മുണ്ടും ഉടുപ്പും കിടക്കയും എല്ലാം തന്റെ ഉദരത്തിൽ വഹിക്കുന്ന ഹോൾഡ് ഓൾ ആയിട്ടായിരുന്നു എന്റെ യാത്ര. ബസ്സിറങ്ങിയ ഇടത്തുനിന്നും കുറച്ചു ദൂരമുണ്ടായിരുന്നു റയിൽവേസ്റ്റേഷനിലേക്ക്. കൂലിക്കു തർക്കിച്ച് വീരപുരുഷനായ ഞാൻ തന്നെ അതു ചുമന്നു. മുക്കാൽ ദൂരമായപ്പോൾ എന്റെ വീരസ്യം എല്ലാം പോയി. പിന്നെക്കണ്ട കൂലിക്കാരന്, ആദ്യത്തെ കൂലിക്കാരൻ ചോദിച്ചതിന്റെ ഇരട്ടി കൂലി കൊടുത്ത്. ഒരുവിധത്തിൽ റയിൽവേ സ്റ്റേഷനിൽ എത്തി. ദാദറിൽ ചെന്ന് മൂന്നാം ക്ലാസ്സ് മുറിയിൽ കയറിയത് ജനൽവഴിയായിരുന്നോ വാതിലിൽ കൂടിയാണോ എന്ന് ഓർമ്മയില്ല. ഏതായാലും മുറിയിൽ കയറി. ആ മുറിയിൽ രാജസ്ഥാനിലെ ഏതോ ഒരു സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണച്ചുമതലയുള്ള ഒരു ഡോക്ടർ ഉണ്ടായിരുന്നു. മുസ്ലിം ആയിരുന്നു അദ്ദേഹം. ഞാൻ തിരുവിതാംകൂറിൽ നിന്നു വരികയാണെന്നും, എം.എൽ.എ ആണെന്നും പറഞ്ഞപ്പോൾ വലിയ മതിപ്പും സ്നേഹവും തോന്നി. ഞങ്ങളുടെ വണ്ടി ഏതാണ്ട് ഉച്ചയോടടുത്ത് 'രത്ലം' എന്ന റയിൽവേസ്റ്റേഷനിൽ എത്തി. എനിക്ക് ഉദയ്പൂരിലേക്ക് പോകേണ്ട വണ്ടി അവിടെ കാത്തുകിടപ്പുണ്ടായിരുന്നു. ഡോക്ടർ അവിടെവച്ച് യാത്ര പറഞ്ഞ് പിരിയുകയായിരുന്നു. എന്നാൽ അതിനുമുമ്പ് അദ്ദേഹം എനിക്ക് പോകാനുള്ള വണ്ടിയിൽ കൊണ്ടുപോയി ഇരുത്തി. അതിനുശേഷം എന്റെ ഷാൾ വിരിച്ച് എനിക്കും അദ്ദേഹത്തിനും കഴിക്കാനുള്ള ചപ്പാത്തികൾ വാങ്ങി എന്റെ ഷാളിൽ വച്ച് ഞങ്ങൾ പ്രത്യേകം പ്രത്യേകം കഴിച്ചു. പൈസയും പ്രത്യേകം പ്രത്യേകം കൊടുത്തു. അതിനുശേഷം ഡോക്ടർ മുഹമ്മദ് എന്നോട് യാത്ര പറഞ്ഞുപോകുമ്പോൾ ഇതെല്ലാം കണ്ടുകൊണ്ടിരുന്ന രണ്ടുപേർ ഉണ്ടായിരുന്നു. ടർബൻ ധരിച്ച പ്രായമുള്ള ഒരാളും വട്ടത്തൊപ്പി ധരിച്ച ഒരു ചെറുപ്പക്കാരനും. ടർബൻ ധരിച്ച മനുഷ്യൻ എന്നോടു ചോദിച്ചു: ആ പോയത് ഡോ.മുഹമ്മദ് അല്ലേ! ഞാൻ പറഞ്ഞു: അതേ! എന്റെ ഉത്തരം കേട്ടപ്പോൾ വട്ടത്തൊപ്പിക്കാരൻ എന്റെ നേരെ ആക്രോശിച്ചു! "നിങ്ങൾ ഒരു ഹിന്ദുവല്ലേ; നിങ്ങൾ എങ്ങനെ ഒരു മുസൽമാന്റെ കൂടെ ഭക്ഷണം കഴിച്ചു." ക്രുദ്ധിച്ചുള്ള ഈ ചോദ്യം എന്നെ ചൊടിപ്പിച്ചു. ഞാൻ പറഞ്ഞു: എന്റെ നാട്ടിൽ ഇത് വളരെ അപരിഷ്കൃതമായ ചോദ്യമായേ ഗണിക്കൂ. മുസ്ലീങ്ങളും ക്രിസ്ത്യാനികളുമൊക്കെയായി ഒരുമിച്ചിരുന്നാണ് ഞങ്ങൾ ഭക്ഷണം കഴിക്കുന്നത്. എന്റെ ഉത്തരം കേട്ടപ്പോൾ വട്ടത്തൊപ്പിക്കാരൻ യുവാവ് തിളച്ചുമറിഞ്ഞ് ഇരുന്ന സീറ്റിൽ നിന്ന് ഒന്ന് ഇളകി. അപ്പോൾ ആ തലപ്പാവുകാരൻ അയാളെ പിടിച്ച് നിയന്ത്രിച്ച് ഇരുത്തി. പിന്നീട് ഞങ്ങൾ ഒന്നും സംസാരിച്ചതേയില്ല. ഇന്ന് വയസ്സുകാലത്ത് ആ രംഗത്തെപ്പറ്റി ഓർക്കുമ്പോൾ ഒരു ഭയം! അന്ന് ആ തലപ്പാവുകാരൻ തടഞ്ഞില്ലായിരുന്നെങ്കിൽ "മ്ലേച്ഛനെ തൊട്ടുതിന്നുകയും അതു ചോദ്യം ചെയ്യുന്നത് അപരിഷ്കൃതം എന്നു പറയുകയും ചെയ്ത മതദ്രോഹിയായ എന്നെ ഹിന്ദുത്വത്തിന്റെ പാവനത്വം രക്ഷിക്കാൻ വട്ടത്തൊപ്പിക്കാരൻ കുത്തിമലർത്തിയേനേ! ഇങ്ങനെയൊക്കെയല്ലേ മതലഹളകൾ ഉണ്ടാകുന്നത്. ഹിന്ദുപാനിയെന്നും മുസ്ലിം പാനിയെന്നും വെള്ളത്തെപ്പോലും വിഭജിച്ച നമ്മുടെ രാജ്യം വിഭജിച്ചുപോയതിൽ എന്താണ് അദ്ഭുതം! വിഭജിച്ചിട്ടും പ്രശ്നം തീർന്നോ? പുണ്യഭൂമി നോക്കി പാകിസ്ഥാനിലേക്കു പോയ ഇന്ത്യാക്കാരായ മുസ്ലീങ്ങൾ പാകിസ്ഥാനിലും ബംഗ്ലാദേശിലും അകറ്റിനിറുത്തപ്പെടുകയാണ്. വിദ്വേഷവും വെറുപ്പും ഇളക്കിവിട്ടാൽ അത് ആദ്യന്തമായി നിങ്ങളെത്തന്നെ ദഹിപ്പിക്കും.



പി.ടി. ചാക്കോ

(തുടരും)



എം. കൃഷ്ണൻനായർ

സാഹിത്യവാരഫലം

ഏകോയുടെ പുതിയ നോവൽ

പാരീസിലേക്കു 1975-ൽ പലായനം ചെയ്ത ചെക്കസ്‌ലൊവാക് നോവലിസ്റ്റ് മീലാൻ കൂന്ദേരയുടെ പുതിയ പുസ്തകമാണു "Testaments Betrayed-An Essay in Nine Parts" എന്നത്. (Faber and Faber London-Translated by Linda Asher-UK 16=99. Spl. Price 5=95-Pages 280) മൗലികങ്ങളായ ചിന്താരത്നങ്ങളുടെ കാന്തി പ്രസരിപ്പിക്കുന്ന ഈ പ്രബന്ധത്തിൽ കൂന്ദേര ഒരു മഹാനായ സംഗീത ശാസ്ത്രജ്ഞന്റെ സിദ്ധാന്തങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അവയെ അവലംബിച്ച് ബഹിർഭാഗസ്ഥം (Superficial) ഗഹനം (profound) ഇവ എന്താണെന്ന് വിശദീകരിക്കുന്നു അദ്ദേഹം. ചിത്രങ്ങൾ ലേഖനം ചെയ്യാനുള്ള കഴിവും വർണ്ണനകൾ നിർവഹിക്കാനുള്ള സാമർത്ഥ്യവും ബഹിർഭാഗസ്ഥമാണ് ആ സംഗീതശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ. സംവേദനങ്ങളെ ആവിഷ്കരിക്കുമ്പോൾ ഉണ്ടാകുന്നതും തുളച്ചുകയറുന്നതുമായ ആസക്തിയാണ് ഗഹനത (Penetrating ardour in the expression of feelings. [arder എന്നാണ് പുസ്തകത്തിൽ]) സംവേദനങ്ങളെ (feelings) സ്പർശിക്കുന്നതാണു ഗഹനമായത്. സംവേദനം സാരഭൂതമാണ്. (essential) അതുകൊണ്ട് സാരഭൂതമായതിനെ സ്പർശിക്കുന്നതിനെ ഗഹനമായി കരുതാം. ഈ വിധത്തിൽ ഗഹനത പ്രദർശിപ്പിക്കുന്ന ഒരു മാസ്റ്റർ പീസാണ് ഇറ്റലിയിലെ ഊംബർതോ ഏകോയുടെ (Umberto Eco 1929) "The Island of the Day Before" എന്ന നോവൽ. ഇതിനു മുൻപ് അദ്ദേഹം രചിച്ച രണ്ടു നോവലുകളും വിശ്വവിഖ്യാതങ്ങളായി. ധൈഷണിക സ്വഭാവമുള്ള ഡിറ്റക്ടീവ് കഥയാണ് The Name of the Rose. (1981) രണ്ടാമത്തെ നോവലായ Foucault's Pendulum (1989) എന്നതിനും ധൈഷണികത്വമേറും.

നോവൽ സാഹിത്യം പരിശോധിക്കുമ്പോൾ രണ്ടു സമാന്തര പ്രവാഹങ്ങൾ കാണാറാകും. ഒന്ന് ധിഷണാപരമായ ഭാവനയുടെ സന്തതികളായ നോവലുകൾ.

ധിഷണകൊണ്ട് ആസ്വദിക്കപ്പെടുന്ന നോവലുകൾ അവ ആവിർഭവിക്കുന്ന കാലയളവിലും തൊട്ടടുത്തുള്ള കാലയളവിലും ബഹുജന സമ്മതി നേടും. പിന്നീടു ക്രമേണ വിസ്മരിക്കപ്പെടും. കാവ്യാത്മകങ്ങളായ നോവലുകൾ അവയുടെ ആവിർഭാവകാലത്ത് ബഹുജനത്തിന്റെ അംഗീകാരം നേടുകില്ല. പക്ഷേ കാലം ചെല്ലുന്തോറും അവയുടെ പ്രശസ്തിയും പ്രചാരവും കൂടിക്കൂടിവരും.

രണ്ട് കാവ്യാത്മക ഭാവനയാൽ രൂപംകൊള്ളുന്ന നോവലുകൾ. സംവേദനങ്ങളെ സ്പർശിച്ചുകൊണ്ട് ഗഹനതയിലേക്കു ചെല്ലുന്ന കൃതികളെക്കുറിച്ച് മുകളിൽ പറഞ്ഞല്ലോ. ധിഷണാപരത്വത്തെ പ്രധാനമാക്കിക്കൊണ്ട് സംവേദനങ്ങളെ പിറകിലേക്ക് ആക്കുന്ന നോവലാണ് ഏകോയുടെ ഈ കലാസൃഷ്ടി. റ്റോമസ്മാന്റെ 'മാജിക് മൗണ്ടൻ', 'ഡോക്ടർ ഫൗസ്റ്റസ്', ഹെസ്സെയുടെ 'ഗ്ലാസ് ബീഡ് ഗെയിം' ഈതാലോ കാൽവീനോയുടെ 'ഇൻവിസ്ബിൾ സിറ്റീസ്' ഇവയെല്ലാം ധൈഷണികത്വത്തിന്റെ മുദ്രയുള്ള നോവലുകളാണ്. ഇവയ്ക്കു സമാന്തരമായി കാവ്യാത്മകങ്ങളായ നോവലുകൾ പരിലസിക്കുന്നു. ക്നൂട്ട് ഹാംസൂണിന്റെ 'വിക്റ്റോറിയ'. ബാഷേവിയസ് സിങ്ങറുടെ 'ദ് ഫാമിലി മൊസ്കറ്റ്' ഇവ നമ്മൾ ആസ്വദിക്കുന്നത് ധിഷണകൊണ്ടല്ല; സംവേദനങ്ങളും വികാരങ്ങളും കൊണ്ടാണ്. ധിഷണകൊണ്ട് ആസ്വദിക്കപ്പെടുന്ന നോവലുകൾ അവ ആവിർഭവിക്കുന്ന കാലയളവിലും തൊട്ടടുത്തുള്ള കാലയളവിലും ബഹുജന സമ്മതി നേടും. പിന്നീടു ക്രമേണ വിസ്മരിക്കപ്പെടും. കാവ്യാത്മകങ്ങളായ നോവലുകൾ അവയുടെ ആവിർഭാവകാലത്ത് ബഹുജനത്തിന്റെ അംഗീകാരം നേടുകില്ല. പക്ഷേ കാലം ചെല്ലുന്തോറും അവയുടെ പ്രശസ്തിയും പ്രചാരവും കൂടിക്കൂടിവരും. അതിനാലാണ് 'വതറിങ് ഹൈറ്റ്സ്' ഇപ്പോഴും നിലനില്ക്കുന്നത്. അതു സാഹിത്യലോകത്തു പ്രത്യക്ഷമായ കാലത്ത് ഉണ്ടായ ധിഷണാപരങ്ങളായ നോവലുകൾ വിസ്മരിക്കപ്പെട്ടതും അതിനാൽത്തന്നെ. ഇതാണു സത്യമെങ്കിലും "The Island of the Day Before" എന്ന നോവലിന്റെ ആവിർഭാവം ഒരു പ്രധാനപ്പെട്ട സംഭവമാണ്. അതിനെക്കുറിച്ചു പറയാതിരിക്കുന്നതു ശരിയാവുകയുമില്ല.

നോവലിലെ ഒരു കഥാപാത്രം പറയുന്നു:- "ചിലപ്പോൾ ഞാൻ ചന്ദ്രനെ നോക്കുമ്പോൾ അതിലെ കൂടുതൽ ഇരുണ്ട ഭാഗങ്ങൾ വലിയ ഗുഹകളും പട്ടണങ്ങളും ദ്വീപുകളും ആണെന്നു സങ്കല്പിക്കുന്നു. അതിലെ തിളങ്ങുന്ന ഭാഗങ്ങൾ പ്രകാശം പിടിച്ചെടുക്കുന്ന ദർപ്പണമെന്നപോലെ സൂര്യരശ്മികൾ പിടിച്ചെടുക്കുന്ന സമുദ്രമാണെന്നും സങ്കല്പിക്കുന്നു. അവരുടെ രാജാക്കന്മാരുടെയും യുദ്ധങ്ങളുടെയും വിപ്ളവങ്ങളുടെയും കഥകൾ


പറയാൻ എനിക്കിഷ്ടമാണ്. അല്ലെങ്കിൽ അങ്ങു മുകളിലുള്ള കാമുകരുടെ സന്തോഷരാഹിത്യത്തെക്കുറിച്ചുള്ള കഥകൾ പറയാൻ എനിക്കു താത്പര്യമാണ്. അവർ രാത്രികാലങ്ങളിൽ ഭൂമിയിലേക്കു നോക്കുമ്പോൾ തേങ്ങുന്നുണ്ടാ[illegible] ശരീരത്തിന്റെ വിഭിന്ന ഭാഗങ്ങൾ തമ്മിലുള്ള [illegible]ലട്ടനങ്ങൾ. സൗഹൃദങ്ങൾ ഇവയെക്കുറിച്ചു പറയാ[illegible] എനിക്കിഷ്ടമാണ്: കാലുകളോടു യുദ്ധം ചെയ്യുന്ന കൈകൾ. ശുദ്ധരക്തവാഹിനികളോടു പ്രേമബന്ധം നടത്തുന്ന സിരകൾ. അല്ലെങ്കിൽ മജ്ജയോടു സ്നേഹബന്ധത്തിൽ ഏർപ്പെടുന്ന അസ്ഥികൾ ഇവയെക്കുറിച്ചും എനിക്കു പറയാൻ ഇഷ്ടമുണ്ട്."

ഇതിന്റെ ഒരു വിപൃതിയാണ് ഈ നോവൽ.... റോബർടോ എന്ന യുവാവ് അച്ഛനോടൊരുമിച്ച് തന്റെ നാട്ടിനുവേണ്ടി യുദ്ധത്തിലേർപ്പെടുന്നു. വടക്കൻ ഇറ്റലിയിലെ മൊൺഫേറാറ്റോ (Montferrato) പ്രദേശത്തെ ശത്രുക്കൾ ആക്രമിച്ചപ്പോൾ സ്പെയിനും ഫ്രാൻസും അതിൽ ഇടപെട്ടു. ആ യുദ്ധത്തിലാണ് റോബർടോയുടെ അച്ഛൻ മരിക്കുന്നത്. മരണത്തിനുശേഷം മകൻ അമറില്ലിസ് എന്ന പേരുള്ള കപ്പലിൽ കയറി സഞ്ചരിക്കുന്നു. ഒരു കൊടുങ്കാറ്റ് അയാളെ വീശിയടിച്ച് കപ്പലിൽനിന്ന് സമുദ്രത്തിലേക്കു തള്ളി. ഒരു പലകയിൽ കയറി വളരെദൂരം സഞ്ചരിച്ച റോബർടോ 'ഡഫ്നെ' എന്ന യാനപാത്രത്തിൽ ചെന്നിടിക്കുന്നു. അതിൽ അയാൾ താമസമാക്കി. വേറൊരു മനുഷ്യനും അതിലില്ല. പക്ഷേ അതിൽ കോഴികളുണ്ട്, മറ്റു പക്ഷികളുണ്ട്, ഭക്ഷണസാധനങ്ങൾ ഉണ്ട്. ആ യാനപാത്രത്തിലിരുന്നുകൊണ്ട് അയാൾ പ്രേമഭാജനമായ ലില്ലിയയ്ക്കു കത്തുകൾ എഴുതുന്നു. മറുപടി കിട്ടാത്ത കത്തുകൾ. ഡഫ്നയിൽ ഇരുന്നുനോക്[illegible]യാൽ ഒരു ദ്വീപു കാണാം. ആ ദ്വീപിനെയാണ് the is[illegible]d of the day before എന്നു വിളിക്കുന്നത്. നീന്താനറിയാത്ത റോബർടോക്ക് ഈ ദ്വീപിൽ ചെല്ലാനുള്ള ആഗ്രഹത്തെ ആവിഷ്കരിക്കുന്നതിനിടയിൽ എന്തെല്ലാം കാര്യങ്ങളാണ് ഏകോ വർണ്ണിക്കുന്നത്! മറ്റു മനുഷ്യരില്ലാത്ത ആ യാനപാത്രത്തിൽ അദൃശ്യനായ ഒരു കടന്നുകയറ്റക്കാരന്റെ സാന്നിദ്ധ്യം; ഭീതിദമായ സാന്നിദ്ധ്യം. ധ്രുവരേഖ, രേഖാംശം ഇവയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ, സംസ്കാര ചരിത്രം അങ്ങനെ പലതും. ഓരോന്നും ഏകോയുടെ പാണ്ഡിത്യത്തിനു നിദർശകമാണ്. അവയെല്ലാം അനുവാചകനു ധൈഷണികമായ ആഹ്ലാദം പ്രദാനം ചെയ്യുന്നു. ഒടുവിൽ ലില്ലിയ അന്തർദ്ധാനം ചെയ്തു. റോബർടോയുടെ അന്ത്യമെങ്ങനെയെന്ന് ആർക്കുമറിഞ്ഞുകൂടാ. ഗ്രന്ഥകാരന് അതിനെക്കുറിച്ച് അറിവില്ല. ഏതെങ്കിലും കാലത്ത് അതറിയുമോയെന്നതും സംശയം.

പ്രതിരൂപാത്മക സ്വഭാവമാർന്ന നോവലാണിത്. ആരുമില്ലാത്ത ഡഫ്നെ യാനപാത്രവും അതിലെ റോബർടോയും ഈ അബ്സേഡായ ലോകത്തിനും ഏകാന്തതയുടെ ദുഃഖമനുഭവിക്കുന്ന മനുഷ്യനും പ്രതിനിധീഭവിക്കുന്നു. അകലെക്കാണുന്ന ദ്വീപ് പരമസത്യത്തിന്റെ പ്രതിരൂപം. അവിടെച്ചെല്ലാൻ-അതിനെ സാക്ഷാത്കരിക്കാൻ-ആർക്കുമാവില്ല. ഈശ്വരനുണ്ടോ? അറിഞ്ഞുകൂടാ. "ഈശ്വരൻ ചിരിക്കുമോ" എന്നാണ് ഒരു കഥാപാത്രത്തിന്റെ ചോദ്യം. "ഇല്ല, ഈ ലോകത്ത് ആരും ചിരിക്കുന്നില്ല. ആരും സ്വയം പ്രദർശിപ്പിക്കുന്നില്ല. ഈശ്വരൻ ഇവിടെയില്ല. ഇവിടെ ലക്ഷ്യമില്ലാത്ത പ്രതീക്ഷ മാത്രം." ലക്ഷ്യത്തിലെത്താൻ പ്രതീക്ഷിക്കുകയും ആ പ്രതീക്ഷയെ സാക്ഷാത്കരിക്കാനാവാതെ തകർന്നടിയുകയും ചെയ്യുന്ന മനുഷ്യന്റെ ഉജ്ജ്വലമായ ചിത്രമാണ് ഈ നോവൽ പ്രദാനം ചെയ്യുന്നത്.



ഗഹനത പ്രദർശിപ്പിക്കുന്ന ഒരു മാസ്റ്റർ പീസാണ് ഇറ്റലിയിലെ ഊംബർതോ ഏകോയുടെ (Umberto Eco 1929) "The Island of the Day Before" എന്ന നോവൽ. ഇതിനു മുൻപ് അദ്ദേഹം രചിച്ച രണ്ടു നോവലുകളും വിശ്വവിഖ്യാതങ്ങളായി.



ഊംബർതോ ഏകോ

ചോദ്യം, ഉത്തരം

"**ഞാ**ൻ ഈ ഇരുട്ടിൽ ഇറുന്നുതന്നെ മരിച്ചുപോകും സാറേ. എന്നെ രക്ഷിക്കുമോ?"

"ഞാൻ എങ്ങനെ രക്ഷിക്കും സുഹൃത്തേ. ഇരുട്ടിനു മുൻപ് സന്ധ്യാവേളയിലെ അർദ്ധപ്രകാശമില്ലായിരുന്നോ? അതിനു മുൻപ് ഉജ്ജ്വലതയില്ലായിരുന്നോ? തീക്ഷ്ണപ്രകാശത്തിൽനിന്ന് അർദ്ധപ്രകാശത്തിലേക്കും അവിടെനിന്ന് ഇരുട്ടിലേക്കും വന്നയാളാണു താങ്കൾ. അല്പം കൂടി ക്ഷമിക്കൂ. ഇരുട്ടുമാറി പ്രഭാതത്തിന്റെ അർദ്ധപ്രകാശം വരും. അതിനുശേഷം ഉജ്ജ്വലതയും."

"നമ്മുടെ റീയലിസ്റ്റിക് നോവലുകളെക്കുറിച്ച് എന്തു പറയുന്നു?"

"അവയിലെ റീയലിസം മേൽപ്പുറത്തുള്ളത്. അവയിലെ സമൂഹ ചിത്രീകരണം ഉപരിതലത്തിലുള്ളത്."

"തിരുവനന്തപുരം കൊള്ളുകില്ലെങ്കിൽ എന്റെ നാടായ കോഴിക്കോട്ടേക്കു വരുന്നോ?"

"താമിസ്രത്തിൽ കിടക്കുന്നവൻ തലാതലത്തിലേക്കു പോരുമോ?"

"നിങ്ങളാര്?"

"ഞാൻ കൃഷ്ണൻനായരാണ്. കോളേജ് അധ്യാപകനായിരുന്നു. ആവശ്യകതയിൽക്കവിഞ്ഞ് ഈ ലോകത്തു ജീവിച്ചുകൊണ്ടിരിക്കുന്നു എന്നൊക്കെപ്പറഞ്ഞാൽ നിങ്ങൾക്കു പ്രയോജനമൊന്നുമില്ല. എന്നെക്കുറിച്ച് നിങ്ങൾക്കു ഒരു സങ്കല്പമുണ്ടല്ലോ. അതിനു എന്റെ പേരിനോടും ജോലിയോടും ബന്ധമില്ല. ആ സങ്കല്പം പുലർത്തിക്കൊണ്ടാണു ഞാൻ ആരെന്നു നിങ്ങൾ ചോദിക്കുന്നത്. നിങ്ങൾക്ക് നല്ലപോലെ അറിയാം ഞാൻ ആരെന്ന്."

"ഫെമിനിസ്റ്റുകൾ?"

"സ്ത്രീസമത്വവാദത്തിനുവേണ്ടി എഴുതുന്നവരും പ്രസംഗിക്കുന്നവരും. പക്ഷേ കൂടെയുള്ള ഓരോ സ്ത്രീയെയും അവർ അസൂയയോടു നോക്കുന്നു. ഫെമിനിസവുമായി നടക്കുന്ന സ്ത്രീകൾക്കു തമ്മിൽത്തമ്മിൽ സ്നേഹമില്ല, ചേർച്ചയില്ല. വിരോധമുണ്ടുതാനും."

"ബോറന്മാർ ആരെല്ലാം?"

"തലേദിവസം കണ്ട സ്വപ്നത്തെക്കുറിച്ചു നമ്മോടു പറയുന്നവർ. തങ്ങൾ കണ്ട സിനിമയുടെ കഥ നമുക്കു വിവരിച്ചുതരുന്നവർ. അന്യദേശത്തു പോയിട്ട് അവിടത്തെ കാര്യങ്ങൾ വർണ്ണിക്കുന്നവൻ."

"ഇപ്പോൾ ഓക്കാനിക്കാറില്ലേ?"

"ഉണ്ട്. സൗന്ദര്യമുള്ള യുവതികളെ വൃദ്ധകളുടെ പാർട് കൊടുത്തു സംവിധായകർ സിനിമയിലും റ്റെലിവിഷനിലും അവതരിപ്പിക്കുന്നതു കാണുമ്പോൾ എനിക്കു ഓക്കാനം വരും. ഒരിക്കലും യുവതികൾ ഈ വേഷം കെട്ടലിനു സമ്മതിക്കരുത്."

* * * * * * *

"എല്ലാം നശിപ്പിക്കുന്ന രാജാവ് ശക്തനാണ്. എല്ലാം നേടുന്ന സ്ത്രീ അദ്ദേഹത്തെക്കാൾ ശക്തിയുള്ളവളാണ്. യുക്തിയെ മുക്കിക്കളയുന്ന മദ്യം ഏറ്റവും ശക്തം." (The Island of the Day Before-Page 60)

ചോരയോട്ടം ഇല്ല.

പ്രിയപ്പെട്ട വായനക്കാരാ, താങ്കളുടെ വീട്ടിനടുത്ത് ആരെങ്കിലും വീടുണ്ടാക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ജോലി ചെയ്യുന്നവരിൽ ആരെയും താങ്കൾ കാണുന്നില്ല. പക്ഷേ ക്രമേണ വീട് ഉയർന്നുയർന്നുവരും. ഒരുദിവസം കാലത്ത് സൗധം ആകർഷകത്വത്തോടുകൂടി നില്ക്കുന്നതു കാണാറാകും താങ്കൾക്ക്. 'ഭവനം നിർമ്മിക്കുന്നതിൽ ഏർപ്പെട്ട ആരെയും ഞാൻ കണ്ടില്ലല്ലോ. ഇത് എന്തൊരു മറിമായം' എന്ന് താങ്കൾ അദ്ഭുതപ്പെടും. സൗധത്തിനു രൂപം നല്കാൻ അന്തർജ്ജാതങ്ങളായ ശക്തിവിശേഷങ്ങൾ ആറുമാസത്തേക്കു നിരന്തരം പ്രവർത്തിച്ചത് താങ്കൾ അറിയുന്നില്ല.

എന്റെ വീട്ടിന്റെ മുറ്റത്ത് റോസാപ്പൂ വിടർന്നുനില്ക്കുന്നു. പൂവിന്റെ പ്രഫുല്ലാവസ്ഥയുണ്ടാകുമെന്ന് ഒരു സൂചനയുമുണ്ടായിരുന്നില്ല ഇന്നുകാലത്തുവരെ. അദ്ഭുതമുണ്ടാകുമെങ്കിലും അദ്ഭുതപ്പെടേണ്ട കാര്യമില്ല. ഇവിടെയും ചെടിയുടെ അന്തർഭാഗത്ത് ശക്തിവിശേഷങ്ങൾ നിരന്തരം പ്രവർത്തിക്കുകയായിരുന്നു. അദൃശ്യങ്ങളായ അവ ഒരുമിച്ചുകൂടി പൂവിനെ വിടർത്തുകയാണ്.

നീലാന്തരീക്ഷത്തിൽ പരുന്തു വട്ടമിട്ടു പറക്കുകയാണ്. ചിലപ്പോൾ അതു ചിറകുകൾ ചലിപ്പിക്കും. മറ്റു ചിലപ്പോൾ ചിറകുകൾ നിശ്ചലങ്ങളാക്കിക്കൊണ്ട് അത് ഭ്രമണപഥത്തിലൂടെ ഒഴുകുകയായിരിക്കും. ചിറകുകൾ ചലനം കൊള്ളിക്കുന്നതിനും അവയെ ചലനരഹിതങ്ങളാക്കുന്നതിനും കാരണമുണ്ട്. ഭൂമിയിൽ മെല്ലെ നടക്കുന്ന കോഴിക്കുഞ്ഞിനെ റാഞ്ചിക്കൊണ്ടു പോകാനാണ് അങ്ങനെ ചിറകു വീശുന്നതും വീശാതിരിക്കുന്നതും. പരമലക്ഷ്യത്തെക്കരുതിയുള്ള പ്രക്രിയകളാണ് അവ. നമുക്കു അതിനെക്കുറിച്ച് ഒന്നുമറിഞ്ഞുകൂടാ.

ചെറുകഥയ്ക്കും ഇതു യോജിക്കും. കഥാകാരന്റെ ഓരോ സംഭവനിവേശനം മാത്രമല്ല ഓരോ വാക്കും പരമലക്ഷ്യത്തിൽ ചെല്ലാൻ സാഹായ്യമരുളേണ്ടതാണ്. ദൗർഭാഗ്യംകൊണ്ട് ശ്രീ.എം.മുകുന്ദന്റെ 'അപനിർമ്മാണം' എന്ന ചെറുകഥയിൽ ഇതുണ്ടാകുന്നില്ല. (കലാകൗമുദി) കമ്പനിയുടെ നിർദ്ദേശമനുസരിച്ച് ഒരുദ്യോഗസ്ഥൻ വെയർ ഹൗസ് നിർമ്മിക്കാൻ ദൂരെ ഒരു സ്ഥലത്തു ചെല്ലുന്നു.



എം. മുകുന്ദൻ

"ഫെമിനിസ്റ്റുകൾ?"
"സ്ത്രീസമത്വവാദത്തിനു വേണ്ടി എഴുതുന്നവരും പ്രസംഗിക്കുന്നവരും. പക്ഷേ കൂടെയുള്ള ഓരോ സ്ത്രീയെയും അവർ അസൂയയോടു നോക്കുന്നു. ഫെമിനിസവുമായി നടക്കുന്ന സ്ത്രീകൾക്കു തമ്മിൽത്തമ്മിൽ സ്നേഹമില്ല, ചേർച്ചയില്ല. വിരോധമുണ്ടുതാനും."

അവിടെവച്ച് ആഹാരം കഴിക്കാൻപോലും മാർഗ്ഗമില്ലാത്ത ഒരുത്തനെ പരിചയപ്പെടുന്നു. ഒരുദിവസം പത്തുരൂപയും അയാൾക്കു ഉദ്യോഗസ്ഥൻ കൊടുക്കുന്നു. ചെലവിനു കൊടുക്കാത്ത പാവത്തിനെ അയാളുടെ ഭാര്യ വീട്ടിൽനിന്ന് അടിച്ചുപുറത്താക്കുന്നു. കാലംകഴിഞ്ഞ് ഉദ്യോഗസ്ഥൻ വീണ്ടും അവിടെച്ചെല്ലുമ്പോൾ ആ പാവം സമ്പന്നനായി മാറിയിരിക്കുന്നു. അയാൾ ഉദ്യോഗസ്ഥനു കാപ്പിവാങ്ങിക്കൊടുത്തിട്ട് പത്തുരൂപ കാപ്പിക്കടക്കാരന്റെ മുൻപിലെടുത്തുവയ്ക്കുന്നു. എങ്ങനെ സമ്പന്നനായി എന്ന ഉദ്യോഗസ്ഥന്റെ ചോദ്യത്തിന് മറുപടിയായി 'പള്ളിപൊളിക്കലാ'ണ് തന്റെ അപ്പോഴത്തെ ജോലിയെന്ന് അയാൾ പറയുന്നു. കഥാകാരൻ നിവേശിപ്പിക്കുന്ന സംഭവങ്ങളും കഥാപാത്രങ്ങളുടെ പ്രവർത്തനങ്ങളും സാകല്യാവസ്ഥയിലുള്ള ഫലപ്രാപ്തിക്കു പ്രയോജകീഭവിക്കുന്നില്ല എന്നതാണ് ഈ രചനയുടെ ദോഷം. കഥ നന്നായി പറഞ്ഞിട്ടുണ്ട് മുകുന്ദൻ. എന്നാൽ കഥ പരകോടിയിൽ എത്തുമ്പോൾ ജനിക്കേണ്ട ഹർഷാതിശയമോ വിസ്മയാനുഭൂതിയോ ഇതുളവാക്കുന്നില്ല. ചെക്കോവ് പറഞ്ഞിട്ടുണ്ട് കഥയുടെ ഏതു ഭാഗത്തും കത്തികൊണ്ടു മുറിച്ചാൽ രക്തമൊലിക്കണമെന്ന്. കഥാകാരന്റെ രചനയ്ക്കു ചോരയേയില്ല. പിന്നെങ്ങനെയാണ് ചോരയൊലിക്കുക?

* * * * * * * *

വിദ്വാൻ വാളുകൊണ്ടു മാത്രമല്ല അസത്യത്തെ ആക്രമിക്കേണ്ടത്. നാക്കുകൊണ്ടും വേണമത്. (The Island..... Page 61)

കാവ്യങ്ങൾ

നവീന കവിതയിൽ പ്രതിപാദനങ്ങൾക്കു സ്ഥാനമില്ല. അതു വിവരണാത്മകവുമല്ല. ശ്രീ.വിഷ്ണുനാരായണൻ നമ്പൂതിരി ആ നിലയിൽ നവീന കവിയല്ല. നവീന കവിയല്ലെങ്കിലും, പാരമ്പര്യത്തെ ആദരിക്കുന്ന കവിയാണെങ്കിലും അദ്ദേഹത്തിന്റെ 'പേരില്ല' എന്ന കാവ്യം (മാതൃഭൂമി ആഴ്ചപ്പതിപ്പ്) അനുഭൂതിയുളവാക്കുന്നില്ല.

ശ്രീ.കാര്യാവിൽ രാധാകൃഷ്ണൻ ദേശാഭിമാനി വാരികയിലെഴുതിയ 'സാക്ഷി' എന്ന 'കാവ്യം' വായിച്ചപ്പോൾ ഓസ്കർ വൈൽഡ് പറഞ്ഞത് ഞാൻ ഓർമ്മിച്ചുപോയി. There are two ways of disliking poetry. One is to dislike it. The other is to read Pope. വൈൽഡ് ഇക്കാലത്ത് ജീവിച്ചിരുന്നെങ്കിൽ, അദ്ദേഹത്തിനു മലയാളം അറിയാമായിരുന്നെങ്കിൽ പോപ്പിന്റെ കൂടെ ഒരു പേരുകൂടി പറഞ്ഞേനെ.

ഉജ്ജ്വല ചിന്തകൾ

മീലാൻ കുന്ദേരയുടെ Testaments Betrayed എന്ന ഗ്രന്ഥത്തിൽ നിന്നൊരു ഭാഗം.

"ആനന്ദനിർവൃതിയുടെ ശ്രേഷ്ഠമായ ഉദാഹരണം രതിമൂർച്ഛയുടെ നിമിഷമാണ്. ഗുളികയുടെ സഹായം സ്ത്രീകൾക്കില്ലാത്ത കാലത്തെക്കുറിച്ചു പിറകോട്ടുചെന്ന് ആലോചിച്ചുനോക്കുക. മൂർദ്ധന്യാവസ്ഥയുടെ നിമിഷത്തിൽ കാമുകിയുടെ ശരീരത്തിൽ നിന്നു വഴുതിയിറങ്ങണമെന്നു കാമുകൻ തീരുമാനിച്ചിരുന്നെങ്കിലും അതു

മറന്ന് അവളെ അമ്മയാക്കുന്ന സംഭവം പലപ്പോഴും ഉണ്ടാകാറുണ്ട്: വളരെ സൂക്ഷിക്കണമെന്ന് ഏതാനും നിമിഷങ്ങൾക്കു മുൻപ് അയാൾ ദൃഢനിശ്ചയം ചെയ്തിരുന്നെങ്കിലും അത് അങ്ങനെതന്നെ സംഭവിക്കുന്നു. ആനന്ദനിർവൃതിയുടെ നിമിഷം അയാളുടെ ദൃഢനിശ്ചയത്തെയും (അയാളുടെ, തൊട്ടടുത്തുള്ള ഭൂതകാലം) താത്പര്യത്തെയും (അയാളുടെ ഭാവി) വിസ്മരിപ്പിക്കുന്നു.

ആനന്ദ നിർവൃതിയുടെ നിമിഷത്തിന്, വേണ്ടാത്ത ശിശുവിനെക്കാൾ ഭാരക്കൂടുതലുണ്ട് ത്രാസിൽ വച്ചുതൂക്കുമ്പോൾ. വേണ്ടാത്ത ശിശു അതിന്റെ വേണ്ടാത്ത സാന്നിദ്ധ്യംകൊണ്ട് കാമുകന്റെ ജീവിതത്തിലാകെ നിറഞ്ഞുനിന്നേക്കുമെന്നതുകൊണ്ട് ആനന്ദനിർവൃതിയുടെ ഒരു നിമിഷത്തിന് ആകെയുള്ള ജീവിതത്തെക്കാൾ ഭാരക്കൂടുതലുണ്ടെന്നു പറയാം..................

എന്റെ ചെറുപ്പകാലത്തെ ഒരു ദിവസം ഓർമ്മയിലെത്തുന്നു. ഞാൻ സ്നേഹിതനോടൊരുമിച്ച് കാറിലായിരുന്നു. എനിക്കിഷ്ടമില്ലാത്ത ഒരുത്തനെ കണ്ടയുടനെ ഞാൻ അയാളെ ചൂണ്ടിക്കാണിച്ച് സ്നേഹിതനോടു പറഞ്ഞു: "അവന്റെ പുറത്തു കാറ് കയറ്റു." തീർച്ചയായും അതൊരു വാചിക നേരമ്പോക്കായിരുന്നു. പക്ഷേ എന്റെ സ്നേഹിതൻ വലിയ ഒരു സുഖക്ഷേമാനുഭൂതിയിലായിരുന്നു. അദ്ദേഹം ആക്സിലെറേറ്റർ ചവിട്ടിത്താഴ്ത്തി. അയാൾ പേടിച്ചു, വഴുതിവീണു. സമയത്തു

"നമ്മുടെ റിയലിസ്റ്റിക് നോവലുകളെക്കുറിച്ച് എന്തു പറയുന്നു?"
"അവയിലെ റിയലിസം മേൽപ്പുറത്തുള്ളത്. അവയിലെ സമൂഹ ചിത്രീകരണം ഉപരിതലത്തിലുള്ളത്."

തന്നെ സ്നേഹിതൻ കാറ് നിറുത്തി. അയാൾക്കു മുറിവു പറ്റിയില്ല. എങ്കിലും ആളുകൾ ചുറ്റുംകൂടി ഞങ്ങളെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തി. (മനസ്സിലാക്കാവുന്ന കാര്യം) എന്റെ സ്നേഹിതൻ കൊലപാതകി ആയിരുന്നില്ല സ്വഭാവം കൊണ്ട്. എന്റെ വാക്കുകൾ അദ്ദേഹത്തെ താൽകാലികമായ ആനന്ദനിർവൃതിയിലേക്കു കൊണ്ടുചെന്നു എന്നേയുള്ളു (യഥാർത്ഥത്തിൽ ഏറ്റവും അസാധാരണം നേരമ്പോക്കിന്റെ ആനന്ദനിർവൃതി)

മഹനീയങ്ങളായ മിസ്റ്റിക്കൽ നിമിഷങ്ങളിലേക്കു നമ്മൾ ആനന്ദനിർവൃതിയുടെ ഈ സങ്കല്പത്തെ ബന്ധപ്പെടുത്താറുണ്ട്. പക്ഷേ ദിനംപ്രതിയുള്ളതും സാധാരണവും ആഭാസമായതും ആയ ആനന്ദനിർവൃതികളുണ്ട്. കോപത്തിന്റെ ആനന്ദനിർവൃതി. സ്റ്റീയറിങ് വീലി നടുത്തിരിക്കുമ്പോഴുള്ള വേഗത്തിന്റെ ആനന്ദനിർവൃതി. കാതുപിളർക്കുന്ന ശബ്ദത്തിന്റെ ആനന്ദനിർവൃതി. ഫുട്ബോൾ കളി നടക്കുന്ന സ്റ്റേഡിയത്തിലെ ആനന്ദനിർവൃതി. നമ്മളെത്തന്നെ മറക്കാതെ ജീവിക്കാൻ. നമ്മളിൽത്തന്നെ ഉറച്ചുനില്ക്കാൻ ശ്രമിക്കുമ്പോൾ ജീവിതം ശാശ്വതമായ മഹാഭാരമായിത്തീരുന്നു. വെറുമൊരു നിമിഷത്തിൽ നമ്മൾ നമ്മളിൽനിന്നു പുറത്തുപോരു. "മരണത്തിന്റെ മണ്ഡലത്തിനുള്ള അരികിലാവും നമ്മൾ കാലുവയ്ക്കുക." മാന്യവായനക്കാരേ ഇങ്ങനെയൊക്കെയാണ് പടിഞ്ഞാറൻ ദിക്കിലുള്ളവർ എഴുതുന്നത്.

(13-ാം പേജിൽനിന്നും തുടർച്ച)

വനിതാ വിമോചന പ്രസ്ഥാനമെന്നാൽ എന്തോ അരുതായ്മയാണെന്നാണ് പലരുടേയും ധാരണ. പക്ഷേ ലോകത്തെവിടെയും പ്രകടമായി കാണുന്ന ഉണർവ് ഇനി ആർക്കും അവഗണിക്കാൻ കഴിയുകയില്ല. നൂറുകണക്കിനു പുസ്തകങ്ങൾ സ്ത്രീമോചനവുമായി ബന്ധപ്പെട്ട് പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നു. ചൈനയിലും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും ഉണ്ടായിട്ടുള്ള ചലനങ്ങൾ ആ പുസ്തകങ്ങളിൽ നിന്ന് വായിച്ചെടുക്കാം. ബേക്കണും തോമസ് മൂറും സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങളിലേക്ക് ശ്രദ്ധ തിരിച്ച ആദ്യ ഗ്രന്ഥകാരന്മാരാണ്. ആനിബെസന്റ്, മേരി ഷെല്ലി, മേരി ഓസ്റ്റാർ സാക്ക. എലിസബത്ത് സ്റ്റാൻഡൻ, സീമോൻ ബുവ്വ അങ്ങനെ എത്രയോപേർ.

സ്ത്രീവിമോചനമെന്നാൽ മനുഷ്യസമൂഹത്തിന്റെ സാക്ഷാത്കാരത്തിന്റെ ഭാഗംതന്നെയാണ്: മനുഷ്യാവകാശത്തിന്റെ പ്രശ്നമാണ്. നീണ്ടുനിന്ന പോരാട്ടങ്ങളിലൂടെയാണ് സ്ത്രീകൾ വോട്ടവകാശവും സ്വത്തവകാശവും മറ്റുപല ആനുകൂല്യങ്ങളും നേടിയെടുത്തിട്ടുള്ളത്. 'ന സ്ത്രീസ്വാതന്ത്ര്യമർഹതി' എന്ന തത്ത്വസംഹിത ഇവിടെ മാത്രമല്ല നിലനിന്നത്. കേംബ്രിഡ്ജ് സർവകലാശാലയിൽ 1935 വരെ ബിരുദാനന്തര ബിരുദത്തിന് സ്ത്രീകൾക്ക് പ്രവേശനംപോലും നിഷേധിക്കപ്പെട്ടിരുന്നു. സ്ത്രീവർഗ്ഗത്തെ സൂചിപ്പിക്കുന്ന 'Female' എന്ന പദം ജൈവശാസ്ത്രപരമാണ്. 'Feminine' എന്നത് സ്ത്രൈണതയുമായി ബന്ധപ്പെട്ട സാമൂഹ്യ സങ്കല്പമാണ്. എന്നാൽ 'Feminist' എന്ന പദം സ്ത്രീവിമോചനത്തിന്റെ രാഷ്ട്രീയ മാനങ്ങൾ നേടിയിരിക്കുന്നു.

സംസ്കാരം, ആചാരം, അനുഷ്ഠാനം ഇവയൊക്കെ ആവശ്യമാണ്. അറിവില്ലായ്മ പ്രചരിപ്പിക്കുന്ന മാധ്യമങ്ങളുള്ള ഇക്കാലത്ത് സാംസ്കാരികമായ മേല്ക്കോയ്മയും എതിർക്കപ്പെടണം. പ്രത്യയശാസ്ത്രത്തെ ഇതിന് സഹായകമായി ഉപയോഗപ്പെടുത്താം. പ്രതിബിംബങ്ങളെ മാനിക്കുന്ന ഇക്കാലത്ത് യഥാർത്ഥ പ്രശ്നങ്ങളിലേക്കുള്ള തിരിച്ചുപോക്കിലൂടെ മാത്രമേ സ്ത്രീവിമോചനം സാധ്യമാകൂ-അദ്ദേഹം പറഞ്ഞു.

കുടുംബത്തിൽ സ്ത്രീയുടെ സ്ഥാനം നിർണ്ണയിക്കുന്നത് സ്ത്രീയുടെ സാമ്പത്തിക സ്വാതന്ത്ര്യമാണെന്ന് സാംസ്കാരിക സമ്മേളനത്തിൽ ആധ്യക്ഷം വഹിച്ച ശ്രീ.നീലമ്പേരൂർ മധുസൂദനൻ നായർ അഭിപ്രായപ്പെട്ടു. "എന്റെ അനുഭവത്തിൽ കേരളത്തിൽ ഏറ്റവും കൂടുതൽ സ്വാതന്ത്ര്യമനുഭവിക്കുന്നവർ കുട്ടനാട്ടിലെ സ്ത്രീത്തൊഴിലാളികളാണ്." സ്ത്രീത്തൊഴിലാളികളാണ് അവിടത്തെ കാർഷികരംഗത്ത് അധീശത്വം സ്ഥാപിച്ചിട്ടുള്ളത്. കുടുംബത്തിന്റെ നിലനില്പും അവരുടെ വരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ സ്ത്രീസമത്വം കൂടുതലുള്ളതും അവർക്കിടയിൽത്തന്നെയാണ്. സ്ത്രീകളുടെ മുന്നേറ്റത്തിന് സഹായകമായ കൂട്ടായ പ്രവർത്തനങ്ങളാണ് ഇന്നാവശ്യമായിട്ടുള്ളത്. വനിതാ സാഹിതി ഇക്കാര്യത്തിൽ തുടങ്ങിവച്ച ശ്രമങ്ങൾ അഭിനന്ദനീയമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേരളത്തിലുടനീളം വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുകാട്ടി.

സാംസ്കാരിക സമ്മേളനത്തിൽ ആശംസാപ്രസംഗം നടത്തിയ ഡോ.ജാൻസി ജയിംസ് 'സ്ത്രീയും സംസ്കാരവും' തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്തു സംസാരിച്ചു. ഇന്നത്തെ സ്ത്രീ നേരിടുന്ന വെല്ലുവിളികളെ സമർത്ഥമായി നേരിടാൻ അവർ ആഹ്വാനം ചെയ്തു. നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന് യോജിച്ച സ്ത്രീവിമോചന പ്രവർത്തനങ്ങൾക്കേ ഇവിടെ വിജയിക്കാൻ കഴിയുകയുള്ളു. കുടുംബത്തിന്റെ സുസ്ഥിരത തകരുന്നത് സമൂഹത്തിന്റെ കെട്ടുറപ്പിനെയാണു ബാധിക്കുക. അതിനാൽ കുടുംബബന്ധങ്ങൾ തകർക്കുന്ന തരത്തിലുള്ള സ്ത്രീസ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ഇവിടെ വേരുറപ്പിക്കാൻ കഴിയുകയില്ല. ഓരോ സ്ത്രീയുടെ മനസ്സിലും ഒരു ചിത എരിയുന്നുണ്ട്. എണ്ണമറ്റ അനുഭവങ്ങൾ നല്കിയ താപവും വഹിച്ചുകൊണ്ടാണ് ഓരോ സ്ത്രീയും ജീവിതത്തെ നേരിടുന്നത്. ആ ചിതയിൽ നിന്ന് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയർന്നുവരാൻ സ്ത്രീകൾക്കു കഴിയണം. സ്ത്രീകൾക്കിടയിൽ ഉയർന്നുവരുന്ന ആത്മഹത്യാ പ്രവണത ഒരുതരത്തിൽ കീഴടങ്ങലാണ്. അത്തരത്തിൽ ജീവിതം ഹോമിച്ച് തോറ്റുകൊടുക്കുകയല്ല വേണ്ടത്. പ്രതികൂല ജീവിത സാഹചര്യങ്ങളെ നേരിട്ട് ശക്തിദുർഗ്ഗങ്ങളായി മാറണം. നന്നായി ജോലി ചെയ്യാൻ കഴിയുന്നതും, നന്നായി വീടലങ്കരിക്കാൻ കഴിയുന്നതും നന്നായി പാചകം ചെയ്യാൻ കഴിയുന്നതും സ്ത്രീയുടെ ശക്തിതന്നെയാണ്. അത്തരത്തിൽ ശക്തി സംഭരിച്ച് അതിലൂടെ തന്റെ അസ്തിത്വം ഉറപ്പിക്കാനാണ് സ്ത്രീകൾ ശ്രമിക്കേണ്ടത്. അവർ ഉദ്ബോധിപ്പിച്ചു.

സമ്മേളനത്തിൽ ആർ.പർവ്വതീദേവി രേഖ അവതരിപ്പിച്ചു. വനിതാസാഹിതി അധ്യക്ഷ പി. ഉഷാദേവി, സെക്രട്ടറി വി.സീതമ്മാൾ, പ്രൊഫ.എം.പി. ലളിതാബായി, ഡോ.ആർ.ബി. രാജലക്ഷ്മി എന്നിവരും പ്രസംഗിച്ചു.

(11-ാം പേജിൽ നിന്നു തുടർച്ച)

പൊതു വിദ്യാഭ്യാസത്തിന്റെ സ്ഥിതി ഇതാണെങ്കിൽ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളുടെ സ്ഥിതി ഇതിലും ഭയാനകമാണ്. കണ്ണൂരിലെ പരിയാരത്തു സ്ഥാപിച്ച സ്വകാര്യ സ്വാശ്രയ മെഡിക്കൽ.കോളേജിലേക്കു വാങ്ങുന്ന കോഴപ്പട്ടിക കാണുമ്പോൾ, വിദ്യാഭ്യാസം മൗലികാവകാശമായ ഒരു ജനാധിപത്യ രാജ്യത്തിലെ ഭരണഘടനാലംഘനവും പൗരനോടുള്ള അവഹേളനവും മാത്രമാണെന്ന്മനസ്സിലാകും. പരിയാരം മെഡിക്കൽ കോളേജിലെ പതിനഞ്ചു ശതമാനം സീറ്റുകൾ ഇരുപത്തിമൂന്നുലക്ഷം രൂപയ്ക്കും എൻ.ആർ.ഐക്കാർക്കായി റിസർവ്വു ചെയ്തിരിക്കുന്നു. 35 ശതമാനം സീറ്റുകൾ 3,75,000 രൂപയ്ക്കും 50 ശതമാനം സീറ്റുകൾ ഒരുലക്ഷം രൂപയ്ക്കുമാണ് ലേലം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഫീസു നിൽകി പഠിക്കാൻ കഴിയുന്നവർ കേരളത്തിൽ 5 ശതമാനത്തിൽ കൂടാൻ ഇടയില്ല. ജനസംഖ്യയിൽ 95 ശതമാനത്തിനും യാതൊരുവിധ പ്രയോജനവുമില്ലാത്ത ഈ സ്ഥാപനം കെട്ടിപ്പൊക്കുന്നതാകട്ടെ എല്ലുമുറിഞ്ഞു പണിചെയ്തു തളർന്നുപോയവന്റെ കീശയിലെ അവസാനത്തെ തുണ്ടുനാണയം കൊണ്ടു കൂടിയാണെന്ന് അറിയുമ്പോൾ ഈ ഉപരിവർഗ്ഗ ധിക്കാരത്തിന്റെ തേറ്റപ്പല്ല് തല്ലിക്കൊഴിക്കുവാൻ കേരള ജനത ഇനിയും എന്തിന് സംശയിച്ചുനിൽക്കണം?

കോഴ നൽകാൻ ബാങ്കുവായ്പ?!

കോഴയും കൈക്കൂലിയും ഭരണഘടനാപരമായ അവകാശമായി ഗവൺമെന്റ് അംഗീകരിച്ചതായി വേണം കരുതാൻ. സ്വകാര്യ മെഡിക്കൽ കോളേജിലേക്ക് കോഴ നൽകാൻ; സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങൾക്ക് വായ്പ നൽകാവുന്നതാണെന്ന് സാമ്പത്തിക സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും ഗവൺമെന്റ് നിർദ്ദേശം നൽകിയിരിക്കുന്നു. മാത്രമല്ല, വായ്പയിൽ പ്രതിവർഷം 5000-രൂപ സബ്സിഡിയായി ഗവൺമെന്റ് നൽകുമെന്നും പ്രഖ്യാപിച്ചിരിക്കുന്നു. ഒരു സാധാരണക്കാരന് തലചായ്ക്കാൻ കൂര പണിയുന്നതിന് ഒരു വായ്പ കിട്ടണമെങ്കിൽ അവൻ എത്രമാത്രം കഷ്ടപ്പെടണമെന്ന് നമുക്കറിയാം. എന്നാൽ കോഴ നൽകാനാണ് ബാങ്കുവായ്പയെങ്കിൽ യാതൊരുവിധ തടസ്സവാദങ്ങളും കൂടാതെതന്നെ വായ്പ ലഭിക്കുവാനുള്ള സംവിധാനമാണ് ഉണ്ടാക്കിയിരിക്കുന്നത്. അന്യ സംസ്ഥാനങ്ങളിലേക്കൊഴുകുന്ന പണം തടഞ്ഞുനിർത്താൻവേണ്ടി ചെയ്യുന്നതായി പറയപ്പെടുന്ന ഇത്തരം അസംബന്ധങ്ങൾ തടയാനിനിയും വൈകിക്കൂട. അന്യ സംസ്ഥാനങ്ങളിലേക്കൊഴുകുന്ന 'എല്ലാതരം' പണവും കേരളത്തിൽത്തന്നെ ചെലവഴിക്കപ്പെടുന്നതിനുള്ള സംവിധാനം ;കൊണ്ടുവരികയും അതിന്റെയൊക്കെ ചെയർമാനും വൈസ് ചെയർമാനുമായി സ്വന്തം ഭാര്യമാരെത്തന്നെ നിയമിക്കുന്നതിനും ഇക്കൂട്ടർ തയാറാകുകയില്ലെന്ന് ആരു കണ്ടു? ഇതൊരു സാംസ്കാരിക പ്രശ്നമാണ്. അസംസ്കൃത മനോവ്യാപാരികൾ ചെയ്യുന്ന ഇത്തരം വ്യാപാരങ്ങളെ നിസ്സംഗരായി നോക്കിനിൽക്കാൻ കേരളീയർ തയാറാവുന്നത് കഷ്ടമാണ്.

കോഴഡോക്ടരുടെ സാമൂഹ്യബാധ്യത

ഒരുലക്ഷം മുതൽ 23 ലക്ഷംവരെ കോഴകൊടുത്ത് സമ്പാദിക്കുന്ന മെഡിക്കൽ ബിരുദം ഇത്തരം കോഴഡോക്ടർമാർ എങ്ങനെ വിനിയോഗിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. മുടക്കുന്ന മുതൽ ലക്ഷങ്ങൾ ലാഭത്തിന് തിരിച്ചുപിടിക്കാൻ അവൻ തയാറാകും. ഫലമോ കൈയിലകപ്പെടുന്ന രോഗിയുടെ കിടപ്പാടം പോലും ഒരുപക്ഷെ ഡോക്ടരിലേക്കോ തത്തുല്യമായ നീരാളിക്കൈകളിലേക്കോ ചെന്നെത്തുമെന്ന് തീർച്ചയാണ്. പരിശോധനാ ഫീസായിത്തന്നെ ഒരു കനത്ത സംഖ്യ ഡോക്ടർ വാങ്ങുമെന്നതിനു പുറമേ വിവിധ ഏജൻസികൾ വഴി കനത്ത പിഴിച്ചിൽ നടത്താൻ ഡോക്ടർ ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. അവരുടെ ഭാരമേറിയ കമ്മിഷൻ സഞ്ചിയാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ ഏറ്റു വാങ്ങാനും ഇക്കൂട്ടർ തയാറാകുന്നു. ഇന്നുള്ളതിന്റെ എത്രയോ മടങ്ങ് അധികമായിരിക്കും ഈ പ്രവണതയെന്നത് ഒരു യാഥാർത്ഥ്യമാണ്. കോഴ ഡോക്ടർമാർ ബിരുദം നേടി പുറത്തിറങ്ങിയാൽ അത്രയും തുകകൂടി മുടക്കി ഒരാശുപത്രി തുടങ്ങും. എല്ലാവിധ പരിശോധനകളും നടത്താനുള്ള സൗകര്യം അവിടെയുണ്ടാകും. ഒരു ചെറിയ പനിയോ നെഞ്ചുവേദനയോ മറ്റോ വന്നാൽ, ഡോക്ടറുടെ അടുത്തെത്തുന്ന രോഗിയെ അവിടെയുള്ള ടെസ്റ്റുകൾക്കു മുഴുവൻ വിധേയമാക്കുകയും പോരാത്തതിന് നഗരത്തിൽ പ്രവർത്തിക്കുന്ന ഒട്ടുമിക്ക ലാബറട്ടറികളിലേക്കും രോഗിയെ അയച്ച് ചോരയും നീരും ഊറ്റിയെടുക്കുന്ന ഒരു ഭീകര രക്തരക്ഷസ്സായി ഈ സ്ഥാപനങ്ങൾ മാറിയേക്കും. ജീവിത പ്രാരബ്ധങ്ങൾക്കിടയിൽ ചോരയും നീരും വറ്റിയ രോഗികളെ പുറംകാലുകൾ കൊണ്ടു തട്ടിയകറ്റുവാൻ ഇക്കൂട്ടർക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമുണ്ടാകില്ല. രോഗിയുടെ ജീവിക്കാനുള്ള അവകാശത്തെത്തന്നെ ചോദ്യം ചെയ്യുന്ന തരത്തിലേക്ക് വിപണിവൽകൃത ആരോഗ്യമേഖല മാറുമ്പോൾ ഭരണഘടന ഉറപ്പുതരുന്ന ജീവിത സുരക്ഷിതത്ത്വമാണ് അപകടത്തിലാവുന്നത്. ഇതൊരു പരസ്യമായ ഭരണഘടനാലംഘനമായി പരമോന്നത നീതിപീഠവും നിയമ നിർമ്മാതാക്കളും മനസ്സിലാക്കുവാൻ വൈകുന്നതന്തേ? 1993-ൽ ഉണ്ണികൃഷ്ണൻ കേസിലെ വിധിന്യായം ഒന്നുകൂടി സ്ഥിരപ്പെടുത്തുകയും പഴുതുകളടച്ച ഒരു വിധിന്യായം സുപ്രീംകോടതി പുറപ്പെടുവിക്കുകയും വേണം. ജാതിയുടെയും മതത്തിന്റെയും ന്യൂനപക്ഷാവകാശത്തിന്റെയും പേരിൽ മൗലികാവകാശസംരക്ഷണത്തിനുവേണ്ടി വാദിക്കുന്ന ഈ വിദ്യാഭ്യാസ ചൂതാട്ടക്കാരോട് പാവപ്പെട്ടവന്റെ ജീവിക്കാനുള്ള മൗലികാവകാശത്തിനാണ് ഒരു പടികൂടി മുൻതൂക്കം നൽകുന്നതെന്ന്പറയാനുള്ള ആർജ്ജവമെങ്കിലും ഭരണഘടനാ തത്ത്വങ്ങൾ സംരക്ഷിക്കുവാൻ ബാധ്യതയുള്ളവർ കാണിക്കണം.

നൽകുന്ന കോഴയുടെ തൂക്കമനുസരിച്ച് പ്രവേശനം നൽകുന്ന ഇത്തരം സ്ഥാപനങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യത ഒരു മാനദണ്ഡമാക്കുന്നതേയില്ല. അതുകൊണ്ടുതന്നെ കോഴമാനദണ്ഡക്കോളേജുകളിൽ പഠിച്ച് പുറത്തുവരുന്ന ഡോക്ടർമാർ ഈ രംഗത്ത് അപ്രഗല്ഭരാകുമെന്നതിൽ രണ്ടഭിപ്രായമില്ല. അവർക്ക് ചികിത്സിക്കാനാരംഭിക്കുന്ന സമൂഹത്തെക്കുറിച്ച് ചിന്തിക്കാൻ പോലുമാവില്ല. ഭാവിയിൽ എത്രമാത്രം രോഗികൾക്ക് കണ്ണുകൾക്കു പകരം വൃക്ക നഷ്ടപ്പെടുമെന്ന് കണ്ടുകാണേണ്ടിയിരിക്കുന്നു. സാമൂഹ്യബാധ്യത തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരു മനസ്സുമായായിരിക്കും ഇത്തരം സ്ഥാപനങ്ങളിൽനിന്നും ഓരോ ഡോക്ടറും പുറത്തുവരുന്നത്. മുടക്കുമുതൽ ലക്ഷങ്ങൾ ലാഭത്തിനു തിരിച്ചുപിടിക്കാനുള്ള വ്യഗ്രതയിൽ മെഡിക്കൽ എത്തിക്സ് പരിഹാസ്യമായ ഒരു ആദർശമായി മാറും. കഴിഞ്ഞ വർഷം രാജ്യത്താകമാനം പൊട്ടിപ്പുറപ്പെട്ട പ്ളേഗുബാധയിൽനിന്നും നാമൊരു പാഠം പഠിക്കേണ്ടതാണ്. ലോകമാകമാനം ദുരിതാശ്വാസവുമായി ഉസ്മാനാബാദിലേക്കും ലാത്തൂരിലേക്കും കുതിച്ചെത്തിയപ്പോൾ പരിസര നഗരങ്ങളിലെ മെട്രോപോളിറ്റൻ ആശുപത്രികൾ അടച്ചുപൂട്ടി രംഗത്തുനിന്നും പലായനം ചെയ്യാനാണവർ തയാറായത്. രംഗത്ത് ഉറച്ചുനിന്ന് നിസ്വാർത്ഥ സേവനം നടത്തിയവർ സർക്കാർ മേഖലയിലെ ആരോഗ്യപ്രവർത്തകരായിരുന്നുതാനും.

ഇതോടൊപ്പം മറ്റൊരു പ്രധാന പ്രശ്നം, സാധാരണക്കാരന് ചികിത്സാസൗകര്യം ലഭിച്ചിരുന്ന സർക്കാരാശുപത്രികൾ കാലക്രമത്തിൽ അടച്ചുപൂട്ടുവാനുള്ള സാധ്യതയും മുന്നിലുണ്ട്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി ഗവൺമെന്റ് നിക്ഷേപങ്ങൾ എല്ലാ രംഗങ്ങളിൽനിന്നും ക്രമത്തിൽ കുറച്ചുകൊണ്ടുവരുവാനുള്ള നയപരമായ തീരുമാനത്തിൽ ഗവൺമെന്റ് ഉറച്ചുനിൽക്കുകയാണ്. സേവനമേഖല ഉൾപ്പെടെ വിദ്യാഭ്യാസ-ആരോഗ്യമേഖലകളിൽ നിക്ഷേപം ഭീമമായ തോതിൽ കുറച്ചുകൊണ്ടുവരുന്ന സമീപനമാണ് ഭരണാധികാരികൾ കൈക്കൊണ്ടിരിക്കുന്നത്. ഇതുമൂലം സാധാരണക്കാർക്ക് സൗജന്യമായി ലഭിച്ചിരുന്ന ചികിത്സ നിഷേധിക്കപ്പെടുന്നു. ഫലത്തിൽ ലാഭക്കൊതിയന്മാരായ ഒരു വിഭാഗത്തിനു മുമ്പിലേക്ക് രോഗികളെ വലിച്ചെറിയുന്ന ഒരവസ്ഥ സംജാതമാകുന്നു. ആത്യന്തികമായി കേരളം നേടിയ പ്രശംസിക്കപ്പെട്ട ആരോഗ്യമേഖല നിശ്ശേഷം തകരുക എന്നതായിരിക്കും ഫലം. ഒരു പകർച്ചവ്യാധിക്കുപോലും തകർത്തെറിയാവുന്ന ഒരു സമൂഹമായി വഴിതിരിയണമോ കേരളമെന്ന് കേരളീയർ നിശ്ചയിക്കേണ്ടിയിരിക്കുന്നു.

Edited, Printed and Published by, S. Jayachandran Nair on behalf of Kala Kaumudi Publications (P) Ltd., at Kala Kaumudi Press, Thiruvananthapuram
Managing Editor : M. Sukumaran